291
OCTOBER 2021

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association




# സാഭിമാനം

സമ്മേളന പതിപ്പ്

KERALA PRIVATE
COLLEGE TEACHER
OCT 2021 291

EDITORIAL BOARD

Editor
**Dr. A.S. Sumesh**

Managing Editor
**Dr. K.R. Kavitha**

Assistant Editors
**Dr. Shyla Hameed**
**Dr. Vidhu Narayan**

**Members**
Jogy Alex
Dr. C. Padmanabhan
Dr. C.L. Joshy
Dr. Nisha V
Pramod Vellachal
Dr. Sony John
Dr. M.R. Rajesh
Harinarayanan S.
Dr. Santhosh Kumar
V.H. Nishad
Dr. Sunil Kumar NK
Lijo Sebastian
Dr. Sindhu K.V.
Milon Franz
Dr. Jibin Baby
Dr. Preethakrishna
Dr. Devi K Varma
Kishore Ram

Design : Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**



# 63-ാം സംസ്ഥാന സമ്മേളന പതിപ്പ്

■ *എഡിറ്റോറിയൽ* 3

■ *നവകേരള നിർമ്മാണവും ഉന്നതവിദ്യാഭ്യാസവും*
**ഡോ. സി. പത്മനാഭൻ** 4

■ *സംസ്ഥാന സമ്മേളന റിപ്പോർട്ട്* 6

■ *പ്രമേയങ്ങൾ* 18

■ *സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരങ്ങളിൽ സമ്മാനാർഹമായ രചനകൾ*

■ *ചാവുമണം*
**ആര്യവിശ്വനാഥ്** 22

■ *ഞാൻ നനഞ്ഞ കടൽ*
**റഹീമ തസ്നീം ഒ** 26

■ *ഭരണഘടനാമൂല്യങ്ങളുടെ സമകാലിക പ്രസക്തി വിലയിരുത്തുമ്പോൾ*
**അശ്വതി കെ.** 27

**അഥീന യു.പി.** 36

**അഷ്ടമി ശങ്കർ** 41

■ *കൊതി*
**തേജസ്വിനി പി.** 43

■ *പെണ്ണുടലുകൾ*
**ഐശ്വര്യവിജയൻ** 44

■ *പല്ലിരാഷ്ട്രം*
**അഭിരാമി ഇ.** 45

■ *ഒഴിഞ്ഞ കവിതകൾ*
**ശ്രീപ്രിയ കെ.** 46

■ *ദുരൂഹമായ ഒരു രാത്രിയുടെ മരണം*
**സുബിൻ അയ്യമ്പുഴ** 47

■ *നാബോത്തിന്റെ ആത്മാവ് സ്വർഗ്ഗം നിരാകരിക്കുന്നു*
**ലിബൂസ് ജേക്കബ് അബ്രഹാം** 49

■ *ഇറച്ചിനിബദ്ധമല്ല രാഗം*
**രാഹുൽ രാധാകൃഷ്ണൻ** 53

# എഡിറ്റോറിയൽ



ഉന്നത വിദ്യാഭ്യാസ രംഗത്തെ തിളക്കമാർന്ന അറുപത്തിമൂന്ന് വർഷങ്ങൾ. അവകാശപ്പോരാട്ടങ്ങളുടെ കനൽവഴികൾ താണ്ടിയ ചരിത്രം ഓരോ സമ്മേളന മുദ്രാവാക്യങ്ങളിലും മുഴങ്ങുന്നുണ്ട്. ഒപ്പം ഒട്ടനേകം സുപ്രധാന നേട്ടങ്ങളുടെ പിന്നിലെ ചാലക ശക്തിയായി പ്രവർത്തിച്ചതിന്റെ അഭിമാനവും. എ കെ പി സി ടി എ യുടെ അറുപത്തിമൂന്ന് വർഷങ്ങൾ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ വികാസ പരിണാമങ്ങളുടെ ചരിത്രം കൂടിയാണ്. വലതുപക്ഷ ഭരണകൂടങ്ങൾ അധികാരത്തിൽ വന്ന സമയത്തെല്ലാം സ്വീകരിച്ച അധ്യാപക വിരുദ്ധ സമീപനങ്ങൾ മൂലം  സർക്കാരുകളോടും സർവകലാശാലകളോടും നിരന്തരം കലഹിക്കുകയും ഒപ്പം കാലഭേദമില്ലാതെ മാനേജ്മെന്റുകൾ പുലർത്തിപ്പോന്ന ധാർഷ്ട്യങ്ങളെ ചെറുത്ത് തോൽപ്പിക്കുകയും ചെയ്ത ത്യാഗപൂർണമായ ഇന്നലകളെ അത്ര പെട്ടെന്നൊന്നും മറക്കാൻ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ ചരിത്രത്തിന് സാധിക്കില്ല. ആർ.ആർ.സി, മുണ്ടശ്ശേരി,  എം.പി. പോൾ തുടങ്ങി പേരുകൾ അനവധിയാണ്. ഇവർക്കൊപ്പം കേരളത്തിലെ സാധാരണക്കാരായ ഒട്ടനേകം ആളുകളുടെ പിന്തുണയും കരുതലും ഈ പ്രസ്ഥാനത്തിന്റെ കരുത്താണ്. കേവലം ഒരു സർവീസ് സംഘടനയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് പരിമിതമായ വിഭവ ശേഷിയുടെ ബലത്തിൽ അവകാശങ്ങൾ നേടിയെടുക്കുക എന്നതിൽ ചുരുങ്ങുന്ന സംഘടനാ ആദർശമല്ല എ കെ പി സി ടി എ മുന്നോട്ട് വയ്ക്കുന്നത്. പുരോഗമന പ്രസ്ഥാനങ്ങളുടെ ഓരോ ജനകീയ സമരമുഖത്തും സജീവ സാന്നിധ്യമാവുകയും സാമൂഹിക സാംസ്കാരിക മേഖലകളിൽ നിലപാടുകൾ സധൈര്യം പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ടാണ് നാം നിലകൊള്ളുന്നത്.  സാഭിമാനം അണിചേരുക എന്നത് കേവലം ഒരാഹ്വാനമല്ല, ഉന്നത വിദ്യാഭ്യാസ രംഗത്ത് കരുത്ത് ചോർന്നുപോവാതെ നിലകൊള്ളുന്ന ഈ സംഘടനയുടെ ഹൃദയാഭിവാദ്യം കൂടിയാണത്.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522



ഡോ. സി. പത്മനാഭൻ

# നവകേരളനിർമ്മാണവും ഉന്നതവിദ്യാഭ്യാസവും

രാഷ്ട്രനിർമ്മാണവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള പാരസ്പര്യത്തിൽ വിശകലനവിധേയമാക്കേണ്ട ഒട്ടേറെ സങ്കീർണമായ ഘടകങ്ങളുണ്ട് എന്നത് ഉന്നതവിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്ന നമ്മൾ നിത്യജീവിതത്തിന്റെ ഭാഗമായി വീണ്ടും വീണ്ടും തിരിച്ചറിയുന്ന ഒരു കാര്യമാണ്. രാഷ്ട്രം എന്ന വാക്കിൽ ഒരു നൈരന്തര്യം ഉണ്ട്. നമ്മൾ പലപ്പോഴും കരുതുന്നത് പോലെ അത് പണ്ടെന്നോ നിർമിക്കപ്പെട്ടതും പണിക്കുറ തീർത്തതുമായ ഒരു വസ്തുവല്ല. മറിച്ച് ജനത അവരുടെ ദൈനംദിന ജീവിതത്തിലൂടെ നിരന്തരം സൃഷ്ടിക്കുകയും പരിഷ്കരിക്കുകയും ചെയ്യുന്ന ഒന്നാണ് രാഷ്ട്രം. ഇത് ഒരു സാധാരണ കാര്യമാണ്. എന്നാൽ രാഷ്ട്രം എന്നത് പണ്ടെന്നോ സൃഷ്ടിക്കപ്പെട്ട ഒന്നാണ് എന്നും വിദ്യാഭ്യാസമടക്കമുള്ള ജനതയുടെ നിത്യജീവിതവൃത്തികൾ ഇപ്രകാരം ചരിത്രബാഹ്യമായ സ്ഥലകാലരാശിയിൽ സൃഷ്ടിക്കപ്പെട്ട രാഷ്ട്രത്തിന് ഉള്ള നിത്യപൂജ മാത്രമാണ് എന്നും കരുതുന്ന ഒരു കക്ഷി കേന്ദ്രഭരണം കയ്യാളുന്ന ഈ ഘട്ടത്തിൽ ഈ സാധാരണ സത്യം വീണ്ടും വീണ്ടും ഓർത്തെടുക്കാൻ നമ്മൾ ബാധ്യസ്ഥരാണ്.

സംഘപരിവാർശക്തികളുടെ രാഷ്ട്രസങ്കല്പത്തിന്റെ പരിമിതി തന്നെയാണ് അവരുടെ വിദ്യാഭ്യാസ സങ്കല്പത്തിന്റെയും പരിമിതി. വിദ്യാഭ്യാസത്തെ കേവലം അനുഷ്ഠാനമായി കാണുന്നവർക്ക് അതിലടങ്ങിയ സാമൂഹ്യപരിവർത്തനപ്രക്രിയ കാണാൻ സാധിക്കില്ല. അധികാരമില്ലാത്ത ജനവിഭാഗങ്ങൾക്ക് സ്വയം ശാക്തീകരിക്കാൻ അവശ്യം വേണ്ട ഒന്നാണ് സൗജന്യവും സാർവത്രികവും ആയ വിദ്യാഭ്യാസം എന്ന് ഉല്പതിഷ്ണുക്കൾ പറയുമ്പോൾ അതിന്റെ അർത്ഥം തിരിച്ചറിയാൻ പോലും സാധിക്കാത്ത കേന്ദ്ര ഭരണാധികാരികൾ അതുകൊണ്ടുതന്നെ സ്വകാര്യവല്ക്കരണത്തെയും ഗുണമേന്മയേയും ചേർത്തുനിർത്തുന്ന സമവാക്യങ്ങളിൽ അഭിരമിക്കും.

അവരെ സംബന്ധിച്ചിടത്തോളം അധികാരം ഉള്ളവർക്ക്അധികാരത്തിൽ സുഗമമായി തുടരാൻ ഉള്ള നിരവധി ഉപാധികളിൽ ഒന്നുമാത്രമാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തെ സാമൂഹ്യ ഉന്നമനത്തിനുള്ള ഒരേ ഒരു ഉപാധിയായി കാണുന്ന മഹാഭൂരിപക്ഷത്തിന്റെ ആശയാഭിലാഷങ്ങളോട് നിലവിലുള്ള കേന്ദ്രഭരണാധികാരികൾക്ക് ഒരിക്കലും താദാത്മ്യം പ്രാപിക്കാൻ കഴിയില്ല. അത് അവരുടെ വർഗപരമായ പരിമിതിയാണ്. അതോടൊപ്പം അവരുടെ പ്രത്യയശാസ്ത്രപരമായ പരിമിതി കൂടിയാണ്. ഈ കാഴ്ചപ്പാടിന് അനുസൃതമായാണ് 2020ൽ പ്രഖ്യാപിക്കപ്പെട്ട ദേശീയവിദ്യാഭ്യാസനയം അതിന്റെ കാര്യപരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. തുടർന്നിങ്ങോട്ട്പ്രഖ്യാപിക്കപ്പെട്ട വിവിധ പദ്ധതികളിലും കാണുന്നത് ഇതേ നയസമീപനം തന്നെയാണ്. നവലിബറൽ എന്ന് പേരിട്ട് വിളിക്കാവുന്ന ഈ നയസമീപനങ്ങൾക്ക് ആവശ്യമായ ഗതികോർജം നല്കുന്ന ഘടകമായാണ് കേന്ദ്രഭരണാധികാരികൾ വർഗീയതയെ ഉപയോഗിക്കുന്നത്. ഇതെല്ലാം കണക്കിലെടുത്താണ് എകെപിസിടിഎ യുടെ 63-)ം സംസ്ഥാന സമ്മേളനം "നവലിബറൽ നയവൈകല്യങ്ങൾ ക്കെതിരെ" ശക്തമായി നിലയുറപ്പിച്ച് നില്ക്കാൻ കേരളത്തിലെ കോളജ് അദ്ധ്യാപകരോട് ആഹ്വാനം ചെയ്തത്.

എന്നാൽ ചരിത്രപരമായി തന്നെ ഇതിൽ നിന്നും വളരെയേറെ വ്യത്യസ്തമായ വഴിയിലൂടെയാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം മുന്നേറിക്കൊണ്ടിരിക്കുന്നത്. ഈ മുന്നേറ്റത്തിന് തുടക്കം കുറിച്ചത് കേരളം അഭിമാനപൂർവം നെഞ്ചേറ്റുന്ന നവോത്ഥാനസമരങ്ങളും അതിനെ തുടർന്ന് കേരളത്തിൽ ശക്തമായ ദേശീയപ്രസ്ഥാനത്തിന്റെയും അതിന്റെ മുഖ്യധാരയായ കർഷക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും കൈവഴികളാണ്. വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന ആഹ്വാനം നവോത്ഥാനത്തിന്റെ തന്നെ ആപ്തവാക്യമായി മാറിയതിന് നിരവധി ഉദാഹരണങ്ങൾ കേരളചരിത്രത്തിൽ ലഭ്യമാണ്. സാമൂഹ്യനീതി, അവസരസമത്വം, പ്രാപ്യത എന്നീ ലക്ഷ്യങ്ങൾ വലിയതോതിൽ കൈവരിക്കാൻ കേരളത്തിന് സാധിച്ചത് ഈ ചരിത്രപശ്ചാത്തലത്തിന്റെ പിൻബലത്തോട് കൂടിയാണ്. ചരിത്രപരമായി ലഭിച്ച ഈ നേട്ടങ്ങളുടെ കൂടെ ഗുണനിലവാരം കൂടി എഴുതിചേർത്തുകൊണ്ട് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക്എത്തിക്കാനുതകുന്ന പദ്ധതികളാണ് കേരളസർക്കാർ ഇപ്പോൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുനത്. കേന്ദ്രം പിന്തുടരുന്ന നയങ്ങൾക്ക് നേരെ വിരുദ്ധമായി ഈ മേഖലയിലേക്കുള്ള സാമ്പത്തിക നിക്ഷേപം വർദ്ധിപ്പിച്ചും സർവകലാശാലകൾക്കും കോളജുകൾക്കും കൂടുതൽ പ്രോഗ്രാമുകൾ അനുവദിച്ചും അദ്ധ്യാപകതസ്തികകൾ സൃഷ്ടിച്ചും മുന്നേറുകയാണ് കേരളം. താളം തെറ്റി കിടന്ന സർവകലാശാല പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്ന സാഹചര്യം ഉണ്ടായി എന്ന് മാത്രമല്ല കോവിഡ് കാലത്ത് പോലും പരീക്ഷകളും ഫലപ്രഖ്യാപനവും കൃത്യനിഷ്ഠതയോടെ നടത്താൻ സാധിച്ചു. പുതുതായി അധികാരത്തിൽ വന്ന രണ്ടാം പിണറായി സർക്കാർ ഉന്നതവിദ്യാഭ്യാസമേഖലയെ നവകേരളനിർമിതിയുടെ ചാലകശക്തിയായി കാണുന്നു എന്നതിന്റെ തെളിവാണ് സമീപകാല ബജറ്റുകളിൽ ഈ മേഖലയ്ക്ക് ലഭിച്ച വർദ്ധിത പരിഗണന. അതോടൊപ്പം വിവിധ മേഖലകൾ തിരിച്ച് നയവും പരിപാടിയും രൂപീകരിക്കാൻ ആവശ്യമായ മൂന്നു വ്യത്യസ്ത കമ്മീഷനുകളും ഈ സർക്കാർരൂപീകരിച്ചു കഴിഞ്ഞു.

**ഈ മുന്നേറ്റത്തിന് തുടക്കം കുറിച്ചത് കേരളം അഭിമാനപൂർവം നെഞ്ചേറ്റുന്ന നവോത്ഥാന സമരങ്ങളും അതിനെ തുടർന്ന് കേരളത്തിൽ ശക്തമായ ദേശീയപ്രസ്ഥാനത്തിന്റെയും അതിന്റെ മുഖ്യധാരയായ കർഷക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും കൈവഴികളാണ്.**

ഉന്നതവിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് കേരളസർക്കാർ നയസമീപനങ്ങളോടുള്ള സംഘടനയുടെ പ്രതികരണം എന്ന നിലയിലാണ് "വിദ്യാഭ്യാസ പുരോഗതിക്കായി സാഭിമാനം അണിചേരുക" എന്ന മുദ്രാവാക്യം എകെപിസിടിഎ ഈ സമ്മേളനത്തിന്റെ മറ്റൊരു പ്രധാന ആഹ്വാനമായി തെരഞ്ഞെടുത്തത്. നിലവിലുള്ള ഇന്ത്യൻ സാഹചര്യം ആകെ പരിശോധിച്ചാൽ ജനാധിപത്യവും മതനിരപേക്ഷതയും അവസരസമത്വവും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ മാതൃകാപരമായ സ്ഥാനമാണ് ഇന്ന് കേരളം അലങ്കരിക്കുന്നത്. അതുകൊണ്ടുതന്നെ ലോകത്തിന് ആകെ മാതൃകയായ ഇതര മേഖലകളോടൊപ്പം കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖലയെ കൈപിടിച്ചുയർത്തുന്ന നാനാതരം പ്രവർത്തനങ്ങളിൽ കോളജ് അദ്ധ്യാപകർ വ്യാപൃതരാവേണ്ടതുണ്ട്. അതിനായി നയപരവും ഘടനാപരവും ഗുണപരവുമായ മാറ്റങ്ങളെ വിഭാവനം ചെയ്തു അതിനനുസൃതമായ പ്രായോഗികപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. നവോത്ഥാനകാലം മുതൽ കേരളം ആർജിച്ച സാമൂഹിക മികവുകൾ നിലനിർത്തിക്കൊണ്ട് ഉന്നതവിദ്യാഭ്യാസമേഖലയെ സമഗ്രമായി ആധുനികവല്കരിക്കുക എന്നതാണ് കാലഘട്ടത്തിന്റെ ആവശ്യം. ഇതിനായി കേന്ദ്രസർക്കാർ അക്രമോൽസുകമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന നവലിബറൽ ആധുനികവല്കരണത്തിന് ബദലായി ജനകീയവും മതനിരപേക്ഷവും നവോത്ഥാനമൂല്യങ്ങളിൽ അടിയുറച്ച് നില്ക്കുന്നതുമായ ഒരു കേരളാ മോഡൽ ആധുനികവല്കരണം ഉന്നതവിദ്യാഭ്യാസരംഗത്ത് നടപ്പിൽ വരുത്തേണ്ടതും ഉണ്ട്.




# എ കെ പി സി ടി എ അറുപത്തിമൂന്നാമത് സംസ്ഥാന സമ്മേളന റിപ്പോർട്ട്

## 2021 ഒക്ടോബർ 14

അറുപത്തിമൂന്നാമത് സംസ്ഥാന സമ്മേളനം ഒക്ടോബർ പതിന്നാലാം തീയതി രാവിലെ പത്ത് മണിക്ക് തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ ആരംഭിച്ചു.കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടുള്ള ഒറ്റദിവസത്തെ സമ്മേളനം വൈകുന്നേരം ഏഴ് മണിക്ക് സമാപിച്ചു. രാവിലെ ഒൻപത് മണിമുതൽ വിവിധ കൗണ്ടറുകളിലായി രജിസ്ട്രേഷൻ ആരംഭിച്ചു.രജിസ്റ്റേഡ് അംഗങ്ങൾക്ക് മാത്രമാണ് സമ്മേനഹാളിൽ പ്രവേശനം അനുവദിച്ചിരുന്നത്.9.15 ന് പതാകയുയർത്തി.

പത്ത് മണിക്ക് കാര്യപരിപാടി ആരംഭിച്ചു. എകെപിസിടിഎ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. എകെപിസിടിഎ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.സി.പത്മനാഭൻ സ്വാഗതപ്രഭാഷണം നടത്തി.സംസ്ഥാന സമ്മേളനത്തിന്റെ ഉദ്ഘാടനം ബഹു.കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമ്മേളനസ്ഥലത്ത് എത്തി നിർവ്വഹിക്കേണ്ടതായിരുന്നുവെങ്കിലും അവിചാരിതമായ പ്രതിസന്ധികൾ മൂലം മുഖ്യമന്ത്രി ഓൺലൈൻ ആയി സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ഒരു മണിക്കൂറോളം ദൈർഘ്യമുള്ള ഉദ്ഘാടന പ്രസംഗം നടത്തുകയും ചെയ്തു. ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ്-സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് എകെപിസിടിഎ നൽകിയ സംഭാവനയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന സിഡി എകെപിസിടിഎ മുൻ സംസ്ഥാന പ്രസിഡൻറായ എ.ജി. ഒലീന മുഖ്യമന്ത്രിയുടെ അഭാവത്തിൽ ബഹു. ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ.ബിന്ദുവിന് കൈമാറി. എകെപിസിടിഎ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനം ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു നിർവ്വഹിച്ചു. എകെപിസിടിഎ സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് കോളേജ് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ടി നടത്തിയ സാഹിത്യ രചനാമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം നടന്നു. എഫ് എസ് ഇ ടി ഒ ജനറൽ സെക്രട്ടറി എം.എ. അജിത്ത് കുമാർ സമ്മേളനത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് വിവിധ പ്രഖ്യാപനങ്ങൾ നടന്നു.2021-22 വർഷത്തെ മെമ്പർഷിപ്പ് ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ പ്രഖ്യാപനം എകെപിസിടിഎ വൈസ് പ്രസിഡന്റ് ഡോ. എം.ശ്രീകുമാർ നടത്തി. ഏറ്റവും മികച്ച കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്കുള്ള



അഭിമന്യു അവാർഡ് പ്രഖ്യാപനം എകെപിസിടിഎ വൈസ് പ്രസിഡന്റ് ഷീല എം. ജോസഫ് നടത്തി. എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ. ടി.ആർ. മനോജ് നന്ദി രേഖപ്പെടുത്തി.ഉച്ചയ്ക്ക് ഒരു മണിക്ക് ഉദ്ഘാടന സെഷൻ അവസാനിച്ചു.

ഉച്ചഭക്ഷണം കഴിഞ്ഞ് രണ്ട് മണിക്ക് പ്രതിനിധി സമ്മേളനം ആരംഭിച്ചു.എകെപിസിടിഎ സംസ്ഥാന സെക്രട്ടറി പി.ഹരിദാസ് രക്തസാക്ഷി പ്രമേയവും അനുശോചന പ്രമേയവും അവതരിപ്പിച്ചു.എകെപിസിടിഎ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എകെപിസിടിഎ സംസ്ഥാന സെക്രട്ടറി എ.നിശാന്ത് സ്വാഗതവും എകെപിസിടിഎ തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ.കെ. ബിജുകുമാർ കൃതജ്ഞതയും പറഞ്ഞു.എകെപിസിടിഎ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. സി.പത്മനാഭൻ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.എകെപിസിടിഎ സംസ്ഥാന തലത്തിൽ കോപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കാനുള്ള അപേക്ഷ നൽകിയിട്ടുള്ള വിവരവും സംസ്ഥാന തലത്തിൽ സാംസ്കാരിക വേദി രൂപീകരിക്കാനുള്ള അനുവാദവും ജനറൽ സെക്രട്ടറി സമ്മേളനത്തിൽ ആവശ്യപ്പെട്ടു.എകെപിസിടിഎ സംസ്ഥാന ട്രഷറർ ഡോ.കെ.ആർ.കവിത വരവ്-ചിലവ് കണക്കും അടുത്ത വർഷത്തെ ബജറ്റും അവതരിപ്പിച്ചു.ഉടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്മേൽ 11 ജില്ലകളെ പ്രതിനിധീകരിച്ച് ഓരോരുത്തരായി ചർച്ചയുടെ സംക്ഷിപ്ത രൂപം അവതരിപ്പിച്ചു.വയനാട് ജില്ലയിൽ നിന്ന് ആരുംതന്നെ ചർച്ചയിൽ പങ്കെടുത്തില്ല.ജനറൽ സെക്രട്ടറിയുടെ മറുപടിയ്ക്ക് ശേഷം എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ. വി.പി. മാർക്കോസ് സമ്മേളന പ്രമേയങ്ങൾ അവതരിപ്പിച്ചു. ഉടർന്ന് റിട്ടേണിംഗ് ഓഫീസർ ആയ എ.ജി. ഒലീന തെരഞ്ഞെടുപ്പ് കാര്യങ്ങൾ പ്രഖ്യാപിച്ചു. ഉടർന്ന് തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികളുടെ പേരുകൾ പ്രഖ്യാപിച്ചു.

## 2021–22 വർഷത്തെഎ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി

**പ്രസിഡന്റ് :**
ജോജി അലക്സ്, സെന്റ് തോമസ് കോളജ്, പാല, കോട്ടയം

**വൈസ് പ്രസിഡന്റുമാർ:**
ഡോ സി എൽ ജോഷി, സെന്റ് തോമസ് കോളജ്, തൃശ്ശൂർ

ഡോ നിഷാ വി, എസ് എൻ കോളജ് ഫോർ വിമൺ, കൊല്ലം

**ജനറൽ സെക്രട്ടറി**
ഡോ. സി. പത്മനാഭൻ, പി ആർ എൻ എസ് എസ് കോളജ്, മട്ടന്നൂർ, കണ്ണൂർ

**സംസ്ഥാന സെക്രട്ടറിമാർ:**
എ നിശാന്ത്, പയ്യന്നൂർ കോളജ്, പയ്യന്നൂർ, കണ്ണൂർ

പി. ഹരിദാസ്, വി ടി ബി കോളജ്, ശ്രീകൃഷ്ണപുരം, പാലക്കാട്

ഡോ.വി.പി. മാർക്കോസ്, യു.സി. കോളജ്, ആലുവ, എറണാകുളം

ഡോ. മനോജ് ടി ആർ, എം എസ് എം കോളജ്, കായംകുളം, ആലപ്പുഴ

**ട്രഷറർ:**
ഡോ.കെ. ആർ. കവിത, എസ് എൻ കോളജ്, ചെമ്പഴന്തി, തിരുവനന്തപുരം

തുടർന്ന് അംഗങ്ങൾ മുദ്രാവാക്യം വിളിച്ചു കൊണ്ട് പതാക താഴ്ത്തി. സമ്മേളനം ഔദ്യോഗികമായി അവസാനിച്ചതായി സംസ്ഥാന പ്രസിഡന്റ് പ്രഖ്യാപിച്ചു.

പരമാവധി 125 അംഗങ്ങളെ ഉൾപ്പെടുത്തി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഒറ്റദിവസത്തെ നേരിട്ടുള്ള പരിപാടിയായി നടന്ന സംസ്ഥാന സമ്മേളനം ഓൺലൈൻ ആയും കാണാനുള്ള സൗകര്യം ഒരുക്കിയിരുന്നു. ചിട്ടയായും സമയബന്ധിതമായും സംഘടിപ്പിക്കപ്പെട്ട സമ്മേളനത്തെക്കുറിച്ച് അംഗങ്ങൾക്കിടയിൽ വലിയ മതിപ്പാണ് ഉള്ളത്. മുഖ്യമന്ത്രിയ്ക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയാത്തതിൽ അംഗങ്ങൾ നിരാശ പ്രകടിപ്പിച്ചു. പ്രതികൂല സാഹചര്യങ്ങളെ ഉൾക്കൊണ്ടുള്ള പ്രതികരണങ്ങളാണ് പൊതുവെ ലഭിച്ചത്.

### സംഘാടനം:

എകെപിസിടിഎയുടെ അറുപത്തിമൂന്നാം സംസ്ഥാനസമ്മേളനം ഒക്ടോബർ പതിനാലാം തീയതി തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ വെച്ച് നടത്തുവാൻ പ്രവർത്തകസമിതി  തീരുമാനിച്ചു. സമ്മേളനവുമായി ബന്ധപ്പെട്ട സംഘാടകസമിതി സെപ്റ്റംബർ 23 ന് ചേർന്നു.അതിൽ സംഘാടകസമിതി രൂപീകരിക്കുകയും വിവിധ സബ്കമ്മികളുടെ ചെയർപെഴ്സൺ, ജനറൽ കൺവീനർ എന്നിവരെ നിശ്ചയിക്കുകയും ചെയ്തു. സമ്മേളനവുമായി ബന്ധപ്പെട്ട അടിയന്തര കാര്യങ്ങൾ അലോചിക്കുന്നതിനായി സംസ്ഥാന ഭാരവാഹികൾ, കേരള സർവകലാശാല മേഖല കമ്മിറ്റി അംഗങ്ങൾ, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്ന സംഘാടക സമിതി,സമ്മേളനത്തിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള സബ്കമ്മികളുടെ ചെയർപെഴ്സൺ, ജനറൽ കൺവീനർ എന്നിവരുടെ യോഗം സെപ്റ്റംബർ 27 തിങ്കളാഴ്ച വൈകുന്നേരം അഞ്ച് മണിക്ക് ഓൺലൈൻ ആയി ചേർന്നു.

### സംസ്ഥാന സമ്മേളന സംഘാടക സമിതി

സംഘാടകസമിതി ചെയർമാൻ : ഡോ. ശ്രീകുമാർ
ജനറൽ കൺവീനർ :
ഡോ. മനോജ് ടി. ആർ
**ഫിനാൻസ് കമ്മിറ്റി**
ചെയർപേഴ്സൺ :
ഡോ. കെ ആർ കവിത
കൺവീനർ: ഡോ. ബിജുകുമാർ. കെ
**ഫുഡ് കമ്മറ്റി**
ചെയർ പേഴ്സൺ:
ഡോ. വിജയൻ പിള്ള
കൺവീനർ: ഡോ. പ്രമോദ്. എൻ
**അക്കോമഡേഷൻ**
ചേർ പേഴ്സൺ: ഡോ. സോജു എസ്
**രജിസ്ട്രേഷൻ**
ചെയർ പേഴ്സൺ:
ഡോ. വി. കെ. ഷൈനി
കൺവീനർ :
ഡോ. രഞ്ജു. ആർ. കൃഷ്ണൻ






**സ്റ്റേജ് & ഡെക്കറേഷൻസ്**
ചെയർപേഴ്സൺ: ഡോ. ജിജി കുര്യൻ
കൺവീനർ:
ഡോ: വിനോദ് സി സുഗതൻ

**ട്രാൻസ്പോർട്ട്**
ചെയർപേഴ്സൺ: ഡോ.ആരണ്യ
കൺവീനർ: ഡോ. രമേശ് ചന്ദ്രൻ

**കോവിഡ് പ്രോട്ടോകോൾ**
ചെയർപേഴ്സൺ:
ഡോ.സുരേഷ് കുമാർ
കൺവീനർ : ഡോ. ലത

**മീഡിയ കമ്മിറ്റി**
ചെയർപേഴ്സൺ: ഡോ.വിജയകുമാരി
കൺവീനർ: ഡോ. അനിൽ കുമാർ

**പ്രോഗ്രാം കമ്മിറ്റി**
ചെയർപേഴ്സൺ:
ഡോ. വിദ്യ പണിക്കർ
കൺവീനർ: ഡോശ്രീജിത്ത് പി വി

**മെഡിക്കൽ കമ്മിറ്റി**
ചേർപേഴ്സൺ: ഡോ. നിഷ
കൺവീനർ: ഡോ. രഞ്ജിത്ത്

**റിസപ്ഷൻ കമ്മിറ്റി**
ചെയർ പേഴ്സൺ:
ഡോ. ആശാ പ്രഭാകർ
കൺവീനർ : ഡോ. ഹരി വി ജി

## സംഘാടകസമിതി പ്രവർത്തനങ്ങൾ

സംസ്ഥാന സമ്മേളനത്തിൽ നേരിട്ട് പങ്കെടുക്കുന്ന സംസ്ഥാന കൗൺസിൽ അംഗങ്ങൾക്കുള്ള ഗൂഗിൾ ഫോം നൽകി.കോവിഡ് പ്രതിസന്ധിയെ അതിജീവിച്ചുകൊണ്ട് ഒറ്റ ദിവസത്തെ സമ്മേളനം വിഭാവനം ചെയ്യാൻ സാധിച്ചത് സംഘടനാപരമായ നേട്ടം തന്നെയാണ്. എന്നിരിക്കിലും മുഖ്യമന്ത്രി പങ്കെടുക്കുന്ന സമ്മേളനം ആയതിനാൽ കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതുകൊണ്ട് നേരിട്ട് പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്തേണ്ട സാഹചര്യമുള്ളതിനാൽ ഏതെങ്കിലും തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന കൗൺസിൽ അംഗങ്ങൾ ഉണ്ടെങ്കിൽ അവർ ഓൺലൈൻ ആയി മാത്രം സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു.സംസ്ഥാന സമ്മേളനത്തിന്റെ ആവേശകരമായ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഓൺലൈൻ സംവിധാനത്തിലൂടെ തത്സമയ സംപ്രേഷണം ഉണ്ടാകുമെന്ന് അറിയിച്ചു.സമ്മേളനത്തിൽ പങ്കെടുക്കുന്ന സംസ്ഥാന കൗൺസിൽ അംഗങ്ങൾ ഗൂഗിൾ ഫോം കൃത്യമായും സമയബന്ധിതമായും പൂരിപ്പിച്ച് ഒക്ടോബർ എട്ടാം തീയതിയ്ക്കകം അയയ്ക്കേണ്ടതാണ് എന്ന് റജിസ്ട്രേഷൻ കമ്മിറ്റി ആവശ്യപ്പെട്ടു. അത് ഫലപ്രദമായിരുന്നു.

2021 ഒക്ടോബർ 14 ന് നടന്ന സംസ്ഥാന സമ്മേളനത്തിന്റെ പ്രചാരണ പ്രവർത്തനങ്ങൾക്ക് നല്ല രീതിയിലുള്ള മുന്നൊരുക്കങ്ങളാണ് നടത്തിയത്. സംഘാടക സമിതിയുടെ നിർദേശാനുസരണം ജില്ലയിലെ വിവിധകോളേജുകളിൽ നിന്നായി 12 സംഘടനാ പ്രവർത്തകരായ അധ്യാപകരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റിയുടെ പേരിൽ ഒരു വാട്ട്സാപ്പ് കൂട്ടായ്മക്ക് രൂപം നൽകി.ഒക്ടോബർ 5 ചൊവ്വാഴ്ച വൈകീട്ട് 7 മണിക്ക് കമ്മിറ്റിയുടെ യോഗം ഓൺ ലൈൻ ആയി ചേരുകയുണ്ടായി.അംഗങ്ങളുടെ നിർദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചു കൊണ്ട് പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ബോർഡുകൾ, ബാനറുകൾ, ചുവരെഴുത്തുകൾ, ഓൺലൈൻ പ്രചാരണങ്ങൾ, വിവിധ മാതൃകകളിലുള്ള ഫ്ലയർ- പോസ്റ്ററുകൾ എന്നിവയിലൂടെയുള്ള വിവിധങ്ങളായ പ്രചാരണ പ്രവർത്തനങ്ങൾക്ക് യോഗം രൂപം നൽകുകയും ചെയ്തു..കമ്മിറ്റി അംഗങ്ങൾ നഗരത്തിലെയും അനുബന്ധ പ്രദേശങ്ങളിലെയും 15ഓളം പ്രധാന സ്ഥലങ്ങൾ ബോർഡുകൾ, ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിക്കുന്നതിനായി കണ്ടെത്തി ആവശ്യമായ നിർദേശങ്ങൾ നൽകുകയും, അവ യഥാവിധി സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്തു. കേരള സർവകലാ ശാലാ ആസ്ഥാനം, കാര്യവട്ടം, സെക്രട്ടേറിയറ്റ്, പാളയം, തമ്പാനൂർ തുടങ്ങി പലപ്രധാന കേന്ദ്രങ്ങളിലും പ്രചാരണം നൽകുകയുണ്ടായി. സംസ്ഥാന കമ്മിറ്റി ഓഫീസ് കെട്ടിടത്തിൽ സമ്മേളന തീയതിയ്ക്ക് മുൻപേ തന്നെ വൈദ്യുതാലങ്കാരം ഏർപ്പെടുത്തി. ഒക്ടോബർ 7ന് സമ്മേളന വേദിയായ അയ്യങ്കാളി ഹാളിന് പുറത്ത് സ്ഥാപിച്ച സമ്മേളന സ്തൂപം മുൻ



ജനറൽ സെക്രട്ടറി പ്രൊഫ: കെ പി ദിവാകരൻ നായർസാർ അനാച്ഛാദനം ചെയ്തു. സംഘാടക സമിതി നേതാക്കൾ അക്കാഡമിക് കൗൺസിൽ അംഗങ്ങൾ ഉൾപ്പെടെയുള്ള അധ്യാപക നേതാക്കൾഎന്നിവർ സന്നിഹിതരായിരുന്നു. മുൻകാല നേതാക്കളായ അധ്യാപകരെ നേരിൽ കണ്ട് സമ്മേളനത്തിന് അഭിവാദ്യങ്ങൾ സ്വീകരിക്കുന്ന പരിപാടിയും ജില്ലയിൽ നടന്നിരുന്നു. പ്രൊഫ: ടി എൻ രാമൻ പിള്ള സാർ, പ്രൊഫ: എ പ്രതാപചന്ദ്രൻ നായർ സാർ, ഡോ: വി രാജേന്ദ്രൻ നായർ സാർ, ഡോ: കെ എൽ വിവേകാനന്ദൻ സാർ എന്നിവരെ ചെന്ന് കാണുകയുണ്ടായി. എല്ലാ ബ്രാഞ്ച് മേഖലകളിലും സമ്മേളനത്തിന് അഭിവാദ്യങ്ങൾ നേർന്നു കൊണ്ടുള്ള ബോർഡുകൾ വെക്കാനുള്ള നിർദേശം നൽകുകയും ആയത് ഉറപ്പ് വരുത്തുകയും ചെയ്തു. ജില്ലാ ആസ്ഥാനങ്ങളിലും അതാത് ജില്ലാ കമ്മിറ്റികൾ ബോർഡുകൾ സ്ഥാപിച്ചിരുന്നു. സമ്മേളന നഗർ, നഗരത്തിലെ പ്രധാന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കൊടി തോരണങ്ങൾ കൊണ്ട് അലങ്കരിക്കുകയും ചെയ്തു. ആശാൻ സ്ക്വയർ, രക്തസാക്ഷി മണ്ഡപം, യൂണി: ലൈബ്രറി എന്നിവിടങ്ങളിൽ കൊടികൾ കൊണ്ട് മനോഹരമായി അലങ്കരിച്ചിരുന്നു.വിവിധ സമയങ്ങളിലായി വ്യത്യസ്ത ഡിസൈനിലുള്ള ഫ്ലയർ-പോസ്റ്ററുകൾ രൂപ കല്പ്പന ചെയ്ത് സംസ്ഥാന -ജില്ലാ ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. എല്ലാ കമ്മിറ്റി അംഗങ്ങളും പബ്ലിസിറ്റി കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളായി.

K G O A യുടെ സഹായത്തോടെ General hospital ലെ RMO യുമായി ബന്ധപ്പെട്ട് സമ്മേളനവുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ സാധ്യതയുള്ള അടിയന്തര വൈദ്യ സഹായങ്ങൾക്ക് സഹകരണം ഉറപ്പാക്കി.

KMARA  യുടെ സഹകരണത്തോടെ സമ്മേളന ദിവസം ആവശ്യ മരുന്നുകൾ ഉൾക്കൊള്ളിച്ച് കൊണ്ട് medical desk ഉണ്ടായിരുന്നു. പ്രതിനിധികൾക്ക് ഹോമിയോ പ്രതിരോധ മരുന്ന് നൽകി.SVR ഹോമിയോ കോളേജിലെ ഹൗസ് സർജൻ മാരുടെയും ഡോക്ടർമാരുടെയും സേവനം ലഭ്യമാക്കി.

കോവിഡ് 19 മഹാമാരി നിലനിൽക്കുന്ന സാഹചര്യത്തിൽ 63-ആം സംസ്ഥാന സമ്മേളനവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ സെക്രട്ടറി ഡോ. സുരേഷ് എസ് ചെയർപേഴ്സണും, ശ്രീ വിദ്യാധിരാജ ഹോമിയോ മെഡിക്കൽ കോളേജിലെ ഡോക്ടർ ലത കൺവീനറും, ശ്രീ വിദ്യാധിരാജ ഹോമിയോ മെഡിക്കൽ കോളേജിലെ ഡോ. ഗോപിനാഥ്, ഡോ. സരീഷ് എസ് എന്നിവർ അംഗങ്ങളുമായി കമ്മിറ്റി രൂപീകരിച്ച സമ്മേളനത്തിന് മുന്നോടിയായി രണ്ടുതവണ കമ്മിറ്റി ചേർന്നു വിശദമായ പ്രോട്ടോകോൾ തയ്യാറാക്കി. കോവിഡ് 19 സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ രജിസ്റ്റേഡ് ഡെലിഗേറ്റുകളെയും മുൻകൂട്ടി അറിയിച്ചിരുന്നു. കർശനമായ സാമൂഹിക അകലം പാലിക്കുന്നതിന്റെ ഭാഗമായി സമ്മേളന ഹാളിന് ഉൾക്കൊള്ളാവുന്നതിന്റെ പകുതി സീറ്റുകൾ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. എല്ലാ കൗണ്ടറുകളിലും മതിയായ സാനിറ്റൈസറും പ്രവേശനകവാടത്തിൽ തെർമൽ സ്കാനറും സ്ഥാപിച്ചിരുന്നു. പടിയാർ ഹോമിയോ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിനികളായ റന്ന ഷെറിൻ, അർഷിദ, അഫീഫ മുജീബ് എന്നീ വോളണ്ടിയേഴ്സിന്റെ സേവനവും ലഭിച്ചിരുന്നു.

അറുപത്തിമൂന്നാമത് സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ഈ വർഷം പുതിയതായി രൂപീകരിച്ച



കമ്മിറ്റിയാണ് മീഡിയ ന്യൂമീഡിയ കമ്മിറ്റി.പ്രധാനമായും പത്രമാധ്യമങ്ങളിലൂടെയും ദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെയും സമ്മേളനത്തിന്റെ വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുക എന്നതായിരുന്ന ലക്ഷ്യം.അതോടൊപ്പം നവമാധ്യമങ്ങളായ വാട്സാപ്പ്, ഫേസ്ബുക്ക്, യൂട്യൂബ് എന്നിവയിലൂടെ സമ്മേളനപരിപാടികളുടെ പ്രചരാണപ്രവർത്തനങ്ങളുടെ ഭാഗമായി എത്തിക്കുക എന്നതും കമ്മിറ്റിയുടെ ഭാഗമായിരുന്നു.കൃത്യമായി സമ്മേളന മുദ്രാവാക്യം,ലോഗോ പ്രകാശനം എന്നിവയെല്ലാം എല്ലാ പത്രമാധ്യമങ്ങളിലും വരുന്ന എന്ന് ഉറപ്പുവരുത്താൻ മീഡിയ ന്യൂമീഡിയ കമ്മിറ്റിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.അതുകൂടാതെ ഓരോ ജില്ലയിലും നടന്ന അനുബന്ധ പരിപാടികളുടെയും ഒപ്പം തന്നെ മുൻകാല നേതാക്കളുടെ നേരിൽ കണ്ട് അവരുടെ ആശംസകൾ, പോസ്റ്റർ പ്രകാശനം എന്നിവയെല്ലാം ന്യൂമീഡിയയിലൂടെ പരമാവധി പബ്ലിസിറ്റി കൊടുക്കുന്ന രീതിയിൽ ചെയ്യാൻ സാധിച്ചു. സമ്മേളന ദിവസം യൂട്യൂബ് എന്ന നവമാധ്യമത്തിലൂടെ രാവിലെ മുതൽ ഉച്ചവരെ നടന്ന ഉദ്ഘാടന സമ്മേളനത്തിന്റെ തനിമ ഒട്ടും ചോരാതെ ലൈവ് ടെലികാസ്റ്റ് നടത്താൻ സാധിച്ചു. ഏകദേശം രണ്ടായിരത്തിലധികം ആളുകൾ ഈ പരിപാടി വീക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

## അനുബന്ധ സെമിനാറുകൾ

### ആലപ്പുഴ ജില്ല

ഒക്ടോബർ പതിനാലാം തീയതി, തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ വെച്ച് നടക്കുന്ന ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ (എകെപിസിടിഎ) അറുപത്തിമൂന്നാമത് സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലാക്കമ്മിറ്റി സംഘടിപ്പിച്ച സാംസ്കാരിക സമ്മേളനം സിപിഐഎം സംസ്ഥാന സമിതിയംഗം സ. സി.ബി. ചന്ദ്രബാബു ഉദ്ഘാടനം ചെയ്തു. മലബാർ കലാപം: ചരിത്രവും വർത്തമാനവും എന്ന വിഷയത്തെ ആസ്പദമാക്കി കേരള ചരിത്രഗവേഷണ കൗൺസിൽ അംഗം ഡോ. പി.പി. അബ്ദുൾ റസാഖ് മുഖ്യപ്രഭാഷണം നടത്തി.നിരവധി അക്കാദമിക ഗവേഷണങ്ങളും പഠനങ്ങളും വന്നിട്ടുള്ള ചരിത്രപ്രസിദ്ധമായ മലബാർ കലാപത്തെ വർഗ്ഗീയകലാപമായി വ്യാഖ്യാനിക്കുന്ന വികലമായ ചരിത്രവീക്ഷണമാണ് സംഘപരിവാർ ശക്തികൾ ദേശീയതലത്തിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ജന്മിവ്യവസ്ഥയ്ക്കും ബ്രിട്ടീഷ് ഭരണത്തിനും എതിരായി ദക്ഷിണ മലബാറിൽ നടന്ന കാർഷിക പ്രക്ഷോഭം കൂടിയായിരുന്നു അത്. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ഉൾപ്പെടെയുള്ള പോരാളികളുടെ ദൈനംദിന ജീവിതത്തിന്റെ സ്വഭാവം പ്രതിഫലിക്കുന്ന കത്തുകളും പാട്ടുകളും വാമൊഴി രൂപങ്ങളും എല്ലാം വർഗ്ഗപരമായി വിശകലനം ചെയ്യപ്പെട്ട ചരിത്രസന്ദർഭങ്ങളെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. ദാരിദ്ര്യം, ജന്മിവിരുദ്ധത, നാട്ടുകടത്തൽ, സവർണ്ണജന്മിത്തം, രാജ്യസ്നേഹം, നിസ്സഹായത, അഭിമാനം, ബ്രിട്ടീഷ് ക്രൂരതകളോടുള്ള ധീരമായ ചെറുത്തുനിൽപ്പ് എന്നിങ്ങനെ അനേകം അടരുകളുള്ള മതാതീത സ്വഭാവത്തോടുകൂടിയ അധിനിവേശവിരുദ്ധ സമരം തന്നെയാണ് മലബാർ കലാപം എന്ന് ഡോ. അബ്ദുൾ റസാഖ് അഭിപ്രായപ്പെട്ടു. എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ. ടി.ആർ. മനോജ് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. എകെപിസിടിഎ ആലപ്പുഴ ജില്ലാ പ്രസിഡന്റ് ഡോ. എസ്. ആർ. രാജീവ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ജില്ലാ സെക്രട്ടറി ഡോ.എസ്. സുരേഷ് സ്വാഗതവും




അക്കാദമിക് കമ്മിറ്റി ആലപ്പുഴ ജില്ലാ കൺവീനർ ഡോ. അരുൺ എസ്. പ്രസാദ് നന്ദിയും പറഞ്ഞു.

**2. പാലക്കാട്**

എ. കെ. പി. സി. ടി. എ. അറുപത്തിമൂന്നാം സംസ്ഥാന സമ്മേളനത്തോടനത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ രണ്ട് അനുബന്ധ വെബിനാറുകൾ നടത്തുകയുണ്ടായി. 11/10/21 ന് " പ്രാപ്യത തകർക്കുന്ന ദേശീയവിദ്യാഭ്യാസ നയം " എന്ന വെബിനാറും 12/10/21 ന്  "കലാലയം സാംസ്കാരിക വേദിയുടെ ഉദ്ഘാടനവും സംസ്ഥാന സമ്മേളന അനുബന്ധ വെബിനാറും" ആണ് സംഘടിപ്പിച്ചത്.  വിദ്യാഭ്യാസ നയത്തെ സംബന്ധിച്ച വെബിനാർ മുൻ ലോകസഭ അംഗം ഡോ. പി. കെ. ബിജു ഉദ്ഘാടനം ചെയ്തു. കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയത്തിലെ പൊള്ളത്തരങ്ങളും അപകടങ്ങളും ചൂണ്ടി കാണിക്കുന്നതിനോടൊപ്പം  സമകാലീന ദേശീയ വിഷയങ്ങളും അദ്ദേഹം പ്രതിപാദിക്കികയുണ്ടായി. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റങ്ങൾ വരുത്താൻ പോകുന്ന പുതിയ വിദ്യാഭ്യസ നയം ജനാധിപത്യ സ്വഭവത്തോട് കൂടിയതല്ല എന്നും സാധാരണ ജനങ്ങൾക്ക് വിദ്യാഭ്യാസം അപ്രാപ്യമാക്കുന്നതാണെന്നും അദ്ദേഹം വിമർശിച്ചു. എ. കെ. പി. സി. ടി. എ. സംസ്ഥാന സെക്രട്ടറി പ്രൊ. പി. ഹരിദാസ് ആയിരുന്നു  പരിപാടിയുടെ മുഖ്യപ്രഭാഷകൻ. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഘടനയും നിലനിൽപ്പും അനിശ്ചിതത്വത്തിൽ ആക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ എല്ലാ അധ്യാപകരും ഒറ്റക്കെട്ടായി അണിചേരണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. എ. കെ. പി. സി. ടി. എ. ജില്ല പ്രസിഡന്റ് ഡോ. ആർ. രാജേഷ് അധ്യക്ഷത വഹിച്ച വെബിനാർ ജില്ല സെക്രട്ടറി ഡോ. ജി. സഞ്ജീവ് സ്വാഗതവും സംസ്ഥാന സമിതി അംഗം പ്രൊ. നയന നന്ദിയും പറഞ്ഞു.

12/10/21 ന് നടന്ന സംസ്കാരിക വേദിയുടെ വെബിനാർ എ. കെ. പി. സി. ടി. എ. സംസ്ഥാന ജനറൽ സെക്രട്ടറി  ഡോ. സി. പത്മനാഭൻ ഉദ്ഘാടനം ചെയ്തു. സാംസ്കാരിക പ്രവർത്തനങ്ങളിൽ ഊന്നിയ സംഘടനാ പ്രവർത്തനങ്ങൾ നമുക്ക് പുതിയ ഉണർവ്വും സ്വീകാര്യതയും നൽകുമെന്ന് അദ്ദേഹം വ്യക്തമാക്കി. കോളേജ് അധ്യാപകരുടെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കും ചർച്ചകൾക്കും വേണ്ടി സംഘടിപ്പിക്കപ്പെട്ട സാംസ്കാരിക വേദിക്ക് പ്രശസ്ത കവി ശ്രീ കുരീപ്പുഴ ശ്രീകുമാർ സന്ദേശം കൈമാറി.

അന്നം തരുന്ന കർഷകരോടുള്ള കേന്ദ്രസർക്കാരിന്റെ നയസമീപനങ്ങൾ നമ്മളിൽ എത്ര മാത്രം ഭയാശങ്കകൾ വിതക്കുന്നതാണെന്നും സാമൂഹിക സാംസ്കാരിക രംഗത്ത് അധ്യാപകരുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകണമെന്നും തന്റെ സന്ദേശത്തിൽ അദ്ദേഹം ഓർമിപ്പിക്കുകയുണ്ടായി.

പു. ക. സ. സംസ്ഥാന ട്രഷറർ ശ്രീ ടി. ആർ. അജയൻ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തി. നമ്മുടെ സാംസ്കാരിക ബോധത്തിൽ നുഴഞ്ഞ് കയറിയ മൂല്യച്യുതികൾ എടുത്തു പറഞ്ഞ അദ്ദേഹം, വിസ്മരിച്ചുകൂടാനാകാത്ത കേരളത്തിന്റെ കഴിഞ്ഞ കാലം നമുക്ക് ഭാവിയിലേക്ക് വഴികാട്ടുമെന്ന പ്രതീക്ഷയും പങ്കുവച്ചു.

കേന്ദ്ര സർക്കാരിന്റെ നയവൈകല്യങ്ങളാൽ ഇരുൾ വീണ തുടങ്ങിയ കലാ സാംസ്കാരിക രംഗങ്ങളിൽ ജാഗ്രതയോടെ ഇടപെട്ട് ശരിയായ ദിശാബോധം കൊടുക്കുവാനുള്ള ശ്രമങ്ങളിൽ പങ്കാളികളാവണം എന്നദ്ദേഹം അവശ്യപ്പെടുകയുണ്ടായി. പാലക്കാട് മുൻ ജില്ല സെക്രട്ടറി ഡോ. വാസുദേവൻ പിള്ള, സംസ്ഥാന സെക്രട്ടറി പ്രൊ. പി. ഹരിദാസ്, ജില്ല സെക്രട്ടറി ഡോ. ജി. സഞ്ജീവ് എന്നിവർ ആശംസ അർപ്പിച്ച ചടങ്ങിൽ സംസ്ഥാന സമിതി അംഗം  പ്രൊ. കെ. നയന സ്വാഗതവും, ജില്ല പ്രസിഡന്റ് ഡോ. ആർ. രാജേഷ് അധ്യക്ഷതയും, സംസ്ഥാന കൗൺസിൽ അംഗം ഡോ. എം. എസ്. ബിജു നന്ദിയും രേഖപ്പെടുത്തി.

**3.പത്തനംതിട്ട**

എ കെ പി സി ടി എയുടെ




അറുപ്പത്തി മൂന്നാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ല കമ്മറ്റി നവ ലിബറൽ നയവൈകല്യങ്ങൾ എന്ന വിഷയത്തിൽ അനു ബന്ധ വെബ്ബിനാർ സംഘടിപ്പിച്ചു. സി.പി.എം (എം) ജില്ല സെക്രട്ടറിയേറ്റ് അംഗം പ്രൊഫ. ടി.കെ. ജി നായർ ഉദ്ഘാടനം ചെയ്തു. എൽ.ജെ.ഡീ ദേശീയ ജനറൽ സെക്രട്ടറി പ്രൊഫ. വറുഗ്ഗീസ് ജോർജ്ജ് മുഖ്യ പ്രഭാഷണം നടത്തി. ഒക്ടോബർ പതിനാലിന് തിരുവനന്തപുരം വി.ജെ.ടി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യും. ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.ആർ ബിന്ദു മുഖ്യപ്രഭാഷണം നടത്തും. ഡോ. റെന്നി പി ജോർജ്ജ്, ഡോ. അഭിലാഷ് എൻ, ഡോ. ലിബൂസ് ജേക്കബ്ബ് എബ്രഹാം എന്നിവർ പ്രസംഗിച്ചു.

**4. കൊല്ലം**

അനുബന്ധ സെമിനാർ-കൊല്ലം എകെപിസിടിഎ യുടെ അറുപത്തി മൂന്നാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കൊല്ലം ജില്ലയിൽ നടത്തിയ അനുബന്ധ സെമിനാർ 'ദേശീയ വിദ്യാഭ്യാസ നയത്തിലെ വൈകല്യങ്ങളും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയും' 2021 ഒക്ടോബർ 14 ആം തീയതി ഓൺലൈനായി പുരോഗമന കലാസാഹിത്യസംഘം കൊല്ലം ജില്ലാ സെക്രട്ടറി ഡോ.സി ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പൊതു മേഖലകൾ സ്വകാര്യ കുത്തകകൾക്ക് കൈമാറുന്നത് ഇതിലൂടെ കുത്തകകകൾക്ക് ലാഭം കൊയ്യാൻ അവസരം ഒരുക്കുകയാണ് കേന്ദ്ര സർക്കാറിന്റെ നയം.

എല്ലാ ജനാധിപത്യ മര്യാദകളെയും ലംഘിച്ചുകൊണ്ട് ലോക്ക്ഡൗണിലെ മറവിൽ പാർലമെന്റ് പാസാക്കിയ കാർഷിക ബിൽ ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയെ തന്നെ കോർപറേറ്റ് കൾക്ക് കൈമാറുന്നതാണ്.ഈ നിയമം പിൻവലിക്കണം എന്നാവശ്യപ്പെട്ടു കൊണ്ടാണ് ഇന്നും നടക്കുന്ന കർഷക സമരം. ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഈ നയം ഉണ്ടാക്കുന്ന ആഘാതങ്ങൾ, പുതിയ തൊഴിൽ നിയമങ്ങൾ, തൊഴിലാളി വിരുദ്ധമായ ഈ നിയമങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ, ഓർഡിനൻസ് ഫാക്ടറികൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നതിലൂടെ കേന്ദ്ര ഗവൺമെന്റ് നടത്തുന്ന ജനവിരുദ്ധ നയങ്ങളുടെ വൈകല്യങ്ങളും അത് കേരളത്തിൽ ഉണ്ടാക്കുന്നപ്രത്യാഘാതങ്ങളും വിശദമായി അവതരിപ്പിച്ചു.കേരളത്തിന്റെ ബദൽ വികസന നയങ്ങളുടെ വിവിധ വശങ്ങളും ദേശീയ വിദ്യാഭ്യാസ നയത്തിലെ വൈകല്യങ്ങൾ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ എങ്ങനെയാണ് ബാധിക്കുന്നതെന്നും അദ്ദേഹം വളരെ വിശദമായി സംസാരിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ആമുഖ പ്രഭാഷണം നടത്തിയത് എകെപിസിടിഎ യുടെ സംസ്ഥാന വൈസ് പ്രസിഡണ്ട് ആയ ഡോ എം.ശ്രീകുമാർ ആണ് അദ്ദേഹം ദേശീയ നയങ്ങൾ എല്ലാം തന്നെ വൈകല്യങ്ങൾ നിറഞ്ഞതാണ് അതുകൊണ്ട് ഈ ഓരോ




ദേശീയ നയങ്ങളും എങ്ങനെയാണ് കേരളം പോലൊരു സംസ്ഥാനത്ത് ബാധിക്കുന്നത് എന്ന് വിശദമായി പ്രഭാഷണത്തിൽ പറയുകയുണ്ടായി. ഓൺലൈനായി സംഘടിപ്പിച്ച യോഗത്തിൽ ഏതാണ്ട് നൂറോളം അംഗങ്ങൾ പങ്കെടുത്തു കൊല്ലം ജില്ലാ പ്രസിഡന്റ് ഡോ.എസ് മനോജിനെ അധ്യക്ഷതയിൽ നടന്ന പ്രസ്തുത സെമിനാർ ൽ കൊല്ലം ജില്ലാ സെക്രട്ടറി ഡോ. വി.നിഷ സ്വാഗതവും കേരള സർവ കലാശാല സിൻഡിക്കേറ്റ് അംഗം ഡോ. എം.വിജയൻ പിള്ള, സെനറ്റ് അംഗം ഡോ. എസ് ശേഖരൻ തുടങ്ങിയവർ ആശംസപ്രസംഗം വും നടത്തി ജില്ലാ ട്രഷറർ ഡോ. കിഷോർ റാം കൃതജ്ഞത പ്രകാശി പ്പിച്ചു.88 പേർ ഇതിൽ പങ്കെടുത്തു. പരിപാടി വളരെ നല്ല വിജയമായി രുന്നു.

### 5. കോഴിക്കോട്

**സ്വകാര്യവൽക്കരണവും പൊതുമേഖലയുടെ തകർച്ചയും – സംസ്ഥാന സമ്മേളന അനുബന്ധ സെമിനാർ – കോഴിക്കോട് ജില്ല**

2021 ഒക്ടോബർ 14 ആം തീയതി തിരുവനന്തപുരം മഹാത്മാ അയ്യങ്കാ ളി ഹാളിൽ വെച്ച് നടക്കുന്ന ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ (എകെപി സിടിഎ) അറുപത്തിമൂന്നാമത് സംസ്ഥാന സമ്മേളനത്തിന്റെ ഭാഗ മായി കോഴിക്കോട് ജില്ലാക്കമ്മിറ്റി സംഘടിപ്പിച്ച അനുബന്ധ സെമി നാർ പുരോഗമന കലാസാഹിത്യ സംഘം കോഴിക്കോട് ജില്ലാ സെക്രട്ടറി ഡോ. യു.ഹേമന്ത്കുമാർ ഉദ്ഘാടനം ചെയ്തു.

'സ്വകാര്യവൽക്കരണവും പൊതുമേ ഖലയുടെ തകർച്ചയും' എന്ന വിഷയ ത്തെ ആസ്പദമാക്കി ബാങ്ക് എംപ്ലോ യീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ബെഫി) സംസ്ഥാന പ്രസിഡന്റ് ശ്രീ. ടി. നരേന്ദ്രൻ പ്രഭാഷണം നടത്തി. ഇന്ത്യയുടെ സമകാലിക രാഷ്ട്രീയ-സാമ്പത്തിക സ്ഥിതിയി ലേക്കെത്തിച്ച ഭരണകൂട ചരിതം വസ്തുനിഷ്ഠമായി അദ്ദേഹം അവത രിപ്പിച്ചു. ഓരോ പൊതുമേഖലയും തകർന്നതിനു പിന്നിൽ നേരത്തെ കോൺഗ്രസ് ഗവൺമെന്റും 2014 മുതൽ മോഡി ഗവൺമെന്റും വഹി ക്കുന്ന പങ്കെന്ത് എന്ന് കണക്കുകൾ വെച്ച് അദ്ദേഹം വിശകലനം ചെയ്തു. ബിഎസ്എൻഎൽ എന്ന ഒറ്റ സ്ഥാ പനത്തിലൂടെ കുറഞ്ഞത് അൻപതി നായിരം കോടി രൂപ പൊതു ഖജ നാവിലേക്കെത്തുന്നതാണ് സ്വകാ ര്യകമ്പനികളെ കയറഴിച്ചുവിട്ട് നശി പ്പിച്ചത്. ഖനികളും റെയിൽവേയും പെട്രോ-കെമിക്കൽ മേഖലകളും തീവ്രമായ വേഗത്തിൽ വിറ്റഴിക്ക ന്നു. അതിന്റെ പരിണിതഫലമാണ് ഇപ്പോൾ കാണുന്ന ഊർജ്ജ പ്രതി സന്ധി. വർഗ്ഗീയതയെ പെരുപ്പിച്ച് ജനങ്ങളുടെ ശ്രദ്ധ തിരിച്ചു വിടുകയും അവരെ തമ്മിലടിപ്പിക്കുകയും ചെ യ്യുന്നു. കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഇതിന് ബദൽ തീർത്ത് പൊതുമേഖലകളെ ശക്തമാക്കുക യും ലാഭകരമാക്കുകയും ചെയ്യുന്നു. ഇന്ത്യയിലിന്ന് കേരളത്തെയാണ് ലോകജനത ശ്രദ്ധിക്കുന്നതും മാതൃ കയാക്കുന്നതും.

വിഷയാവതരണത്തിന് ശേഷം പ്രവർത്തകർ വിശദമായ ചർച്ച യിൽ പങ്കെടുത്തു. ഏറെ ഊർജ്ജ്വ സ്വലമായ സെമിനാറായിരുന്നുവെ ന്ന് ആശംസകൾ നേർന്നുകൊണ്ട് ഡോ. ഗോഡ് വിൻ സാമ്രാജ് പറഞ്ഞു. എകെപിസിടിഎ ജില്ലാ സെക്രട്ടറി ഡോ. സുജേഷ് സി പി സ്വാഗതവും ആമുഖഭാഷണവും നിർവ്വഹിച്ചു. ജില്ലാ പ്രസിഡന്റ് ഡോ. സി എ അനസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി മിഥുൻ ഷാ നന്ദിയും പറഞ്ഞു.

### 6. തിരുവനന്തപുരം

ഒക്ടോബർ പതിനാലാം തീയതി തിരുവനന്തപുരത്ത് വച്ച് നടന്ന എകെപിസിറ്റിഎ യുടെ അറുപത്തി മൂന്നാം സംസ്ഥാന സമ്മേളനത്തോ ടനുബന്ധിച്ച് തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഒക്ടോബർ 9, ശനി യാഴ്ച " ഉന്നത വിദ്യാഭ്യാസ രംഗം നേരിടുന്ന വെല്ലുവിളികൾ " എന്ന വിഷയത്തെ ആസ്പദമാക്കി ഒരു വെബിനാർ സംഘടിപ്പിച്ചു . വിഷയ അവതരണം നടത്തിയത് പ്രസിദ്ധ ചരിത്രകാരനായ ഡോക്ടർ കെ എൻ ഗണേശ് ആണ്. ശനിയാഴ്ച വൈകുന്നേരം ഏഴുമണിക്ക് ഓൺ ലൈനായി സംഘടിപ്പിച്ച വെബി നാറിൽ 150 ഓളം പ്രവർത്തകർ പങ്കെടുത്തു.

### 7. തൃശ്ശൂർ

ഉന്നതവിദ്യാഭ്യാസത്തിന്റെ ദിശ എന്ന വിഷയത്തിൽ ഒക്ടോബർ 9 രാത്രി എട്ട് മണിക്ക് പുരോഗ മന കലാ സാഹിത്യ സംഘം സംസ്ഥാന സെക്രട്ടറി പ്രൊഫ. എം.എം. നാരായണൻ പ്രഭാഷണം നടത്തി. എകെപിസിടിഎ സം സ്ഥാന സമ്മേളനത്തിന് അനുബ ന്ധമായി തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഉന്നതവിദ്യാഭ്യാ സത്തിന്റെ ദിശ എന്ന വിഷയത്തെ

അധികരിച്ചുകൊണ്ട് വെബിനാർ സംഘടിപ്പിച്ചു. കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റ് അംഗവും പുരോഗമനകലാസാഹിത്യസംഘം സംസ്ഥാന സെക്രട്ടറിയുമായ പ്രൊഫ. എം എം നാരായണൻ ഉദ്ഘാടനം ചെയ്തു. എകെപിസിടിഎ കാലിക്കറ്റ് ഏരിയാ സെക്രട്ടറി പി ഹരിദാസ് പ്രതികരിച്ചുകൊണ്ട് സംസാരിച്ചു. ഡോക്ടർ കെ സുധീന്ദ്രൻ അധ്യക്ഷത വഹിച്ചു. ഡോ കെ. പ്രദീപ് കുമാർ സ്വാഗതവും സംസ്ഥാന കമ്മിറ്റി അംഗം ശ്രീ. ലത സി നന്ദിയും പറഞ്ഞു. 78 പേർ പങ്കെടുത്തു.

**8. കോട്ടയം–ഇടുക്കി**

ഇന്ത്യൻ മതനിരപേക്ഷത–വർത്തമാനകാല വെല്ലുവിളികൾ എന്ന വിഷയത്തിൽ ഒക്ടോബർ 9 വൈകുന്നേരം 5.30യ്ക്ക് സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം അഡ്വ .കെ.അനിൽകുമാർ പ്രഭാഷണം നടത്തി.മേഖലാ സെക്രട്ടറി ഡോ. വി.പി. മാർക്കോസ് ആശംസകൾ അർപ്പിച്ചു.ജില്ലാപ്രസിഡന്റ് ടി. ജയരാജ്, ജില്ലാ സെക്രട്ടറി ഡോ. ടോമി ജോസ് ശ്രീമതി ജീജാ മോൾ എന്നിവർ സംസാരിച്ചു.

**9. കണ്ണൂർ – കാസർകോട്**

എകെപിസിടിഎ അറുപത്തിമൂന്നാമത് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് 2021 ഒക്ടോബർ 10 ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് "മതനിരപേക്ഷത വർത്തമാനകാല വിദ്യാഭ്യാസം" എന്ന വിഷയത്തിൽ കണ്ണൂർ ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെമിനാർ നടത്തി.എകെപിസിടിഎ മുൻസംസ്ഥാന പ്രസിഡന്റും സമഗ്രശിക്ഷ കേരള സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടറുമായ ഡോ.എ.പി. കുട്ടികൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്തു. കേരള സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല മുഖ്യപ്രഭാഷണം നടത്തി. മുൻകാല സംഘടനാ നേതാക്കൾ സമ്മേളന സന്ദേശം നൽകി.

**10. എറണാകുളം**

എ.കെ.പി.സി.ടി.എ. അറുപത്തിമൂന്നാമത്സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ച്എറണാകുളംജില്ലാ കമ്മിറ്റിഅനുബന്ധസെമിനാർ സംഘടിപ്പിച്ചു. 2021 ഒക്ടോബർ 8 ന വൈകീട്ട്എഴ് മണിക്ക് ഓൺലൈനായി സൂമിൽ സംഘടിപ്പിച്ചസെമിനാർ സംഘടനാംഗങ്ങളുടെ പൂർണ്ണമായപങ്കാളിത്തം കൊണ്ട് ഏറെ ശ്രദ്ധേയമായി. എറണാകുളം ജില്ലാ സെക്രട്ടറി എ.യു അരുൺസ്വാഗതം ആശംസിച്ച യോഗത്തിൽജില്ലാ പ്രസിഡന്റ്ഡോ.വിനോദ് കുമാർ ജേക്കബ് അധ്യക്ഷനായിരുന്നു. പ്രസ്തുത സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ആലപ്പുഴഎം.പി. എ.എം ആരിഫ് സംസാരിച്ചു. നവലിബറൽ മേഖലയിലെ നയവൈകല്യങ്ങളും സമകാലിക വിദ്യാഭ്യാസമേഖല നേരിടുന്ന വെല്ലുവിളികളും ഭാരതത്തിന്റെ സമകാലിക സാമൂഹികാവസ്ഥയിലെ പുതുപ്രവണതകളുമെല്ലാം വിശദമായിതന്നെ വിലയിരുത്തികൊണ്ടുള്ള പ്രഭാഷണം സെമിനാറിലെ മുഖ്യപ്രഭാഷണത്തിന് നല്ലൊരു ആമുഖമായിരുന്നു. അതേത്തുടർന്ന് പ്രശസ്ത സാസ്കാരിക പ്രവർത്തകനും വാഗ്മിയുമായ ഡോ. രാജാഹരിപ്രസാദ് ' ഇന്ത്യ സവർണ്ണ ഹിന്ദുരാഷ്ട്ര പദവിയിലേക്ക് – പൗരന്റെ ആശങ്കകൾ' എന്നവിഷയത്തിൽ മുഖ്യ പ്രഭാഷണംനടത്തി. ഇന്ത്യ ഇന്നു നേരിടുന്നമതാധിഷ്ഠിത അധികാര കേന്ദ്രീകൃതസ്വഭാവത്തിന്റെ അടിയടരുകൾ ചരിത്രപരമായ വിശകലനം ചെയ്തുകൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. ഭരണാഘടനാപരവും അടിസ്ഥാനപരവുമായ എല്ലാ അവകാശങ്ങളും തട്ടിയുടയ്ക്കപ്പെടുന്ന ഈ കെട്ടകാലത്ത് ഭാവിതലമുറയെ കെട്ടിപ്പെടുക്കേണ്ട വിദ്യാഭ്യാസ പ്രവർത്തകർ എന്ന നിലയിൽ നാം ജാഗരൂകരാകേണ്ടതിനെപ്പറ്റി ഓർമ്മപ്പെടുത്തിയാണ് പ്രഭാഷണം അവസാനിപ്പിച്ചത്. സംഘടനാംഗങ്ങളുടെ സജീവപങ്കാളിത്തം കൊണ്ടും ചർച്ചകൾകൊണ്ടും സെമിനാർ വൻവിജയമായിരുന്നു.

## പോസ്റ്റർ പ്രകാശനം

എ കെ പി സി ടി എ 63–ാം സംസ്ഥാന സമ്മേളനത്തിന്റെ ആദ്യ പോസ്റ്റർ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ.വി. നാരായണൻ കുട്ടി കോഴിക്കോട് അദ്ദേഹത്തിന്റെ വസതിയിൽ വെച്ച് പ്രകാശനം ചെയ്തു.

കോഴിക്കോട് ജില്ലാ സെക്രട്ടറി ഡോ. സി.പി. സുജേഷ്, സംസ്ഥാന സർവ്വീസ് സെൽ ചെയർ പേഴ്സൺ ഡോ. ടി.മുഹമ്മദ് സലിം, കോഴിക്കോട് ജില്ലാ പ്രസിഡന്റ് ഡോ.





ശ്രീജിത്ത് എം നായർ എന്നിവർ പങ്കെടുത്തു.

## ലോഗോ തെരഞ്ഞെടുപ്പ്

ഒക്ടോബർ പതിനാലാം തീയതി നടക്കുന്ന എകെപിസിടിഎ അറുപത്തിമൂന്നാമത് സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി "നവലിബറൽ നയവൈകല്യങ്ങളെ ചെറുക്കുക – വിദ്യാഭ്യാസ പുരോഗതിക്കായി സാഭിമാനം അണിചേരുക" എന്ന മുദ്രാവാക്യത്തെ ആസ്പദമാക്കി ലോഗോ ക്ഷണിക്കുകയും സെപ്റ്റംബർ മുപ്പതാം തീയതിയ്ക്കുള്ളിൽ ലോഗോ തയ്യാറാക്കി അയയ്ക്കാൻ പത്രങ്ങളിൽ പരസ്യം നൽകി. സമയക്കുറവു മൂലം ലോഗോ ലഭിക്കാനുള്ള തീയതി നീട്ടി.

സംഘാടക സമിതിക്ക് ലഭിച്ച അഞ്ച് ലോഗോകളിൽ നിന്ന് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ സ്വദേശി വേണു ഹൈലൈറ്റ് രൂപകൽപ്പന ചെയ്ത ലോഗോ ആണ് തിരഞ്ഞെടുത്തത്.

## ലോഗോ പ്രകാശനം

എ കെ പി സി ടി എ 63-ാമത് സംസ്ഥാന സമ്മേളന ലോഗോ ആദരണീയനായ പ്രൊഫ. എം. കെ സാനു എറണാകുളത്ത് അദ്ദേഹത്തിന്റെ വസതിയിൽ വെച്ച് പ്രകാശനം ചെയ്തു.

എ കെ പി സി ടി എ സംസ്ഥാന ഐ.ടി സെൽ കൺവീനർ ഡോ. കെ എം .അനിൽകുമാർ, എറണാകുളം ജില്ലാ സെക്രട്ടറി ഡോ. എ യു അരുൺ, ജില്ലാ പ്രസിഡന്റ് ഡോ. വിനോദ് കുമാർ ജേക്കബ്, ആലപ്പുഴ ജില്ലാ വനിതാ സെൽ കൺവീനർ ഡോ. എൻ രേണുക, ഡോ. കെ.പി ജയകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## എ കെ പി സി ടി എ സംസ്ഥാന സമ്മേളനം – മുദ്രാവാക്യം പ്രകാശനം

എ കെ പി സി ടി എ അറുപത്തിമൂന്നാം സംസ്ഥാന സമ്മേളനത്തിന്റെ മുദ്രാവാക്യം മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും , മുൻ സംസ്ഥാന വനംവകുപ്പ് മന്ത്രിയുമായ പ്രൊഫ.എൻ.എം. ജോസഫ് കോട്ടയം ജില്ലയിൽ പാലയിൽ അദ്ദേഹത്തിന്റെ വസതിയിൽ വെച്ച് പ്രകാശനം ചെയ്തു.

നവലിബറൽ നയ വൈകല്യങ്ങളെ ചെറുക്കുക - വിദ്യാഭ്യാസ പുരോഗതിക്കായി സാഭിമാനം അണിചേരുക എന്നതാണ് മുദ്രാവാക്യം.

എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ്ജോജി അലക്സ്, ജേർണൽ ചീഫ് എഡിറ്റർ ഡോ എ എസ് സുമേഷ് എന്നിവർ പങ്കെടുത്തു.

## സമ്മേളന പ്രചാരണ സ്തൂപം അനാച്ഛാദനം

AKPCTA അറുപത്തിമൂന്നാം സംസ്ഥാന സമ്മേളനനഗരിയ്ക്ക് മുന്നിൽ സ്ഥാപിച്ച പ്രചാരണ സ്തൂപം മുൻ ജനറൽ സെക്രട്ടറി ഡോ: കെ.പി. ദിവാകരൻനായർഅനാച്ഛാദനംചെയ്തു. സംസ്ഥാന ട്രഷററും ഫിനാൻസ് കമ്മിറ്റി കൺവീനറുമായ ഡോ: കവിത കെ.ആർ, സംഘാടക സമിതി ജനറൽ കൺവീനർ ഡോ: മനോജ്. ടി.ആർ, സിൻഡിക്കേറ്റംഗം ഡോ: വിജയൻ പിള്ള, ഫിനാൻസ് കമ്മിറ്റി കൺവീനറും ജില്ലാ സെക്രട്ടറിയുമായ ഡോ: കെ. ബിജുകുമാർ, മുൻ ഏരിയാ സെക്രട്ടറി ഡോ: ബി. ശ്രീകുമാർ എന്നിവർ സംസാരിച്ചു. എൻ.കെ സുനിൽകുമാർ സ്വാഗതവും ഡോ: സുബോജ് ബേബിക്കുട്ടി നന്ദിയും പറഞ്ഞു. കേരള സർവ്വകലാശാലാ അക്കാഡമിക് കൗൺസിൽ അംഗങ്ങളുൾപ്പെടെയുള്ള സംഘടനാ നേതാക്കൾ പരിപാടിയിൽ പങ്കെടുത്തു.

## പ്രചാരണ പരിപാടികൾ: മുൻകാല നേതാക്കൾ

എ.കെ. പി.സി.ടി.എ സംസ്ഥാന




സമ്മേളനത്തിന്റെ തൃശ്ശൂർ ജില്ലാതല പ്രചാരണ പരിപാടികളുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും മുൻ കാല നേതാക്കൾ നിർവഹിച്ചു : മുൻ സംസ്ഥാന ട്രഷറർ ഡോ. കുശലകുമാരി, മുൻ സംസ്ഥാനവൈസ് പ്രസിഡന്റ് ടി.എ. ഉഷാകുമാരി, മുൻ സംസ്ഥാന സർവീസ് സെൽ കൺവീനർ ഡോ ഫിറോസ്, മുൻ ജില്ലാ സെക്രട്ടറി ഡോ. എം.എൻ സുധാകരൻ എന്നിവർ പങ്കെടുത്തു.

2. അറുപത്തിമൂന്നാം സംസ്ഥാന സമ്മേളനത്തിന് മുൻ ജനറൽ സെക്രട്ടറി ആർ. ഇന്ദുലാൽ അഭിവാദ്യങ്ങൾ അർപ്പിച്ചു. ആലപ്പുഴ ജില്ലാ സെക്രട്ടറി ഡോ. എസ്. സുരേഷ്, ജില്ലാ വൈസ് പ്രസിഡന്റ്. ഡോ. ഫറൂഖ് എന്നിവർ പങ്കെടുത്തു.

3. അറുപത്തിമൂന്നാമത് സംസ്ഥാന സമ്മേളനത്തിന് മുൻ ജനറൽ സെക്രട്ടറി ശ്രീവത്സൻ സാർ അഭിവാദ്യങ്ങൾ അർപ്പിച്ചു.

4.സമ്മേളന പ്രചരണത്തിന്റെ ഭാഗമായി AKPCTA സംസ്ഥാന വൈസ് പ്രസിഡന്റ്ഡോ. M. ശ്രീകുമാറിന്റെ നേതൃത്വത്തിൽ പ്രവർത്തകർ ഫാത്തിമ മാതാ നാഷണൽ കോളേജിൽ നിന്നും വിരമിച്ച ആന്റണി സാറിനെ സന്ദർശിച്ചു. 1963ൽ ഇംഗ്ലീഷ് അധ്യാപകനായി സർവീസിൽ ജോയിൻ ചെയ്തു. 1969 ൽ അവിടെ പ്രൊബേഷനിൽ ഉണ്ടായിരുന്ന നാല് അധ്യാപകരേ സർവീസിൽ നിന്ന് പിരിച്ചുവിട്ടതിനെതിരെ 1969-70 കാലഘട്ടത്തിൽ സംഘടന നടത്തിയ സമരത്തിന് നേതൃത്വം നൽകിയവരിൽ ജീവിച്ചിരിക്കുന്നവരിൽ ഒരാളാണ് ആന്റണി സർ.

AKPCTA യുടെ ഒന്നാം സംസ്ഥാന സമ്മേളനത്തിൽ RRC യോടൊപ്പം പങ്കെടുത്തിട്ടുണ്ട്. കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം ആയിരുന്നിട്ടുണ്ട്. 1993 ൽ സർവീസ് ൽ നിന്നും വിരമിച്ചു.

**അവലോകനം**

റജിസ്ട്രേഷൻ കമ്മിറ്റി, പബ്ലിസിറ്റി കമ്മിറ്റി, ഫുഡ്കമ്മിറ്റി, അക്കൊമഡേഷൻ കമ്മിറ്റി, സ്റ്റേജ്കമ്മിറ്റി ആൻഡ് ഡെക്കറേഷൻസ്, മീഡിയ ആൻഡ് ന്യൂ മീഡിയ എന്നീ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ അത്യന്തം സൂക്ഷ്മവും അസാധാരണവുമായിരുന്നു. ദീർഘദർശനത്തോടുംചിട്ടയോടും ഔചിത്യത്തോടും കൂടിയുള്ള സബ്കമ്മറ്റിപ്രവർത്തനങ്ങൾ കൊണ്ടാണ് പലവിധത്തിലുള്ള പ്രതിസന്ധികൾ ഉണ്ടായിട്ടും സമ്മേളനം വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചത്.മൂന്ന്മാസക്കാലം ദൈർഘ്യമുള്ളകാലയളവിലാണ് ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്പൂർത്തീകരിച്ചത്.അത്രകണ്ട് വിശദവും സ്വയംവിമർശനപരവുമായ റിപ്പോർട്ട്ആയിട്ടും ജില്ലകളിൽനിന്നുള്ള ചർച്ചയിൽ അർഹിക്കുന്ന തരത്തിലുള്ള റിപ്പോർട്ട് വായനയോ വിമർശനമോ വന്നില്ല. സർവീസ് കേന്ദ്രിതമായവിഷയങ്ങളിൽ മാത്രം ഊന്നൽകൊടുത്തുള്ള ചർച്ചയാണ്പൊതുവെ വന്നത്എന്ന അഭിപ്രായം ഉണ്ട്. അന്തർദ്ദേശീയ പശ്ചാത്തലത്തിൽ ചരിത്രപരമായി കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയെ വിലയിരുത്തുന്ന തരത്തിലുള്ള ചർച്ചകൾ ഇനിയും നടക്കേണ്ടതുണ്ട്.



# പ്രമേയങ്ങൾ

**തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ ഒക്ടോബർ പതിനാലാം തീയതി സംഘടിപ്പിച്ച എകെപിസിടിഎ യുടെ അറുപത്തിമൂന്നാം സംസ്ഥാനസമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയങ്ങൾ.**

1. ഇന്ത്യയുടെ കാർഷികമേഖലയെ തകർക്കുന്ന കർഷകവിരുദ്ധ കാർഷിക നിയമങ്ങൾക്കെതിരെ ഡൽഹിയിലും മറ്റു സംസ്ഥാനങ്ങളിലും ഒരുവർഷത്തോളമായി നടന്നുവരുന്ന ശക്തമായ പോരാട്ടത്തിന് ഈ സമ്മേളനം ഐക്യദാർഢ്യവും പിന്തുണയും പ്രഖ്യാപിക്കുന്നു. അതോടൊപ്പം കാർഷിക വിരുദ്ധമായ നിയമങ്ങളും ഭേദഗതികളും നിരുപാധികം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെടുകയും ചെയ്യുന്നു.

2. ലോകത്തെ പിടിച്ചു കുലുക്കിയ കോവിഡ് 19 മഹാമാരിയെ ശാസ്ത്രീയമായി നേരിടുന്നതിനു പകരം രാജ്യത്തിനെ അന്ധവിശ്വാസത്തിലേക്ക് തള്ളിവിടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാരിന്റെയും സ്തുതിപാഠകരുടെയും ശ്രമങ്ങൾക്കെതിരെ ഈ സമ്മേളനം ശക്തമായി പ്രതിഷേധിക്കുന്നു.

3. ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര പുരോഗതിക്കായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, സർവ്വകലാശാല പരീക്ഷ പരിഷ്കരണ കമ്മീഷൻ, സർവകലാശാല നിയമഭേദഗതി കമ്മീഷൻ എന്നീ മൂന്നു കമ്മീഷനുകളെ നിയമിച്ചുകൊണ്ട് അക്കാദമിക പ്രതിബദ്ധത തെളിയിച്ച സംസ്ഥാന സർക്കാരിനെ ഈ സമ്മേളനം അഭിനന്ദിക്കുന്നു.

4. സ്ത്രീധനപീഡനം ലൈംഗിക അതിക്രമം എന്നിങ്ങനെയുള്ള ലിംഗ വിവേചനങ്ങൾക്കെതിരെ തക്കസമയത്ത് കൃത്യമായി ഇടപെട്ടു ലിംഗസമത്വം ഉയർത്തിപ്പിടിക്കുന്ന കേരള സംസ്ഥാന വനിതാ കമ്മീഷനെയും വനിത ശിശുക്ഷേമ വകുപ്പിനെയും ഈ സമ്മേളനം അഭിനന്ദിക്കുന്നു.

5. സർവ്വരാജ്യ തൊഴിലാളി വർഗ്ഗം ഐതിഹാസികമായ സമര പോരാട്ടങ്ങളിലൂടെ നേടിയെടുത്ത എട്ടുമണിക്കൂർ തൊഴിൽ സമയവും തൊഴിൽ സൗഹൃദ നിയമങ്ങളും മഹാമാരിയുടെ മറവിൽ ഭേദഗതി ചെയ്തു കൊണ്ട് തൊഴിലാളി വിരുദ്ധ നിയമങ്ങൾ അടിച്ചേൽപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെയും ബിജെപി സംസ്ഥാന സർക്കാരുകളുടെയും നടപടികൾക്കെതിരെ ഈ സമ്മേളനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

6. കോവിഡിന്റെ ശക്തമായ വ്യാപനത്തിലും ഉന്നതവിദ്യാഭ്യാസമേഖലയിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ട് വിദ്യാർത്ഥികളുടെ പ്രവേശനവും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സമയബന്ധിതമായി നടത്തിക്കൊണ്ടിരിക്കുന്ന സർക്കാർ സംവിധാനങ്ങളെയും സർവ്വകലാശാല സംവിധാനങ്ങളെയും ഈ സമ്മേളനം അഭിനന്ദിക്കുന്നു.

7. കോവിഡിന്റെ മറവിൽ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ മുഴുവൻ സ്വകാര്യ മേഖലയ്ക്ക് വിറ്റ് ജനതയെ കുത്തകകളുടെ അടിമകളാക്കി മാറ്റാനുള്ള ശ്രമങ്ങൾ വ്യാപകമായി നടക്കുക

യാണ്. റെയിൽവേയും റോഡുകളും വിമാന കമ്പനിയുമടക്കം ജനതയുടെ പൊതു സൗകര്യങ്ങൾ മുഴുവൻ കോർപ്പറേറ്റുകൾക്ക് തീറെഴുതി കൊടുത്ത് അവർക്ക് വേണ്ടി വിടുപണി നടത്തിക്കൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാറിന്റെ ജനവിരുദ്ധ നയങ്ങൾ ക്കെതിരെ ഈ സമ്മേളനം ശക്തമായി പ്രതിഷേധിക്കുന്നു.

8. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളുമായി ആലോചിക്കാതെയും സർവ്വകലാശാലകളുടെ അധികാരത്തെ കവർന്നെടുത്തും തികച്ചും ഏകപക്ഷീയമായി ഔട്ട്കം ബേസ്ഡ് കരിക്കുലം ഫ്രെയിം വർക്ക് സർവകലാശാലകൾക്ക് മേൽ അടിച്ചേൽപ്പിക്കുന്ന നയത്തിൽ നിന്നും യുജിസി പിൻമാറണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

9. കേന്ദ്ര സർക്കാരിൻറെ നവലിബറൽ നയ വൈകല്യങ്ങൾ ഏറ്റെടുത്തുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന നടപടികളാണ് ഇപ്പോൾ യുജിസി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എഫ്ഡിപി പ്രോഗ്രാമുകൾ നിർത്തലാക്കിയും മേജർ, മൈനർ റിസർച്ച് പ്രോജക്റ്റുകൾ അവസാനിപ്പിച്ചുകൊണ്ടും ഉന്നതവിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം തകർക്കാനും ഈ മേഖലയെ സ്വകാര്യ കുത്തകകൾക്ക് യഥേഷ്ടം വിഹരിക്കാൻ അവസരമൊരുക്കാനുമുള്ള യുജിസി നയങ്ങൾ അടിയന്തരമായി തിരുത്തണം എന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

10. മാന്യമായി ജീവിക്കാനുള്ള ജനതയുടെ അവകാശത്തെ തകർത്തുകൊണ്ട് കോർപ്പറേറ്റുകൾക്ക് അമിത ലാഭം കൊയ്യാനായി മാത്രം ഇന്ധന വില നിരന്തരം വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാറിന്റെ ജനവിരുദ്ധ നയം അടിയന്തരമായി തിരുത്തണമെന്ന് ഈ സമ്മേളനം ശക്തമായി ആവശ്യപ്പെടുന്നു.

11. കോവിഡ്-19 ന്റെ ശക്തമായ തരംഗങ്ങൾക്ക് മുന്നിൽ ലോകത്തെ വൻകിട രാഷ്ട്രങ്ങൾ പോലും പകച്ചു നിന്നപ്പോൾ വളരെ പക്വതയോടെ മഹാമാരിയെ നേരിടുകയും ജനതയുടെ ആത്മവിശ്വാസത്തെയും ആരോഗ്യത്തെയും സംരക്ഷിക്കാൻ വേണ്ട നടപടികൾ ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്ത കേരള സർക്കാരിനെ ഈ സമ്മേളനം അഭിനന്ദിക്കുന്നു.

12. സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നതിനും കോളേജുകളുടെ പ്രവർത്തനങ്ങൾക്കും കൃത്യമായ നിയമങ്ങളും ചട്ടങ്ങളും രൂപീകരിച്ചുകൊണ്ട് സ്വയംഭരണ കോളേജ് ഓർഡിനൻസ് പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിനെ ഈ സമ്മേളനം അഭിനന്ദിക്കുന്നു.

13. കേരളത്തിലെ സ്വാശ്രയ കോളേജുകളുടെ നടത്തിപ്പിന് കൃത്യമായ നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കാനുള്ള സംസ്ഥാന സർക്കാരിൻറെ തീരുമാനത്തെയും ഇച്ഛാശക്തിയെയും ഈ സമ്മേളനം അഭിനന്ദിക്കുന്നു.

14. ഉന്നതവിദ്യാഭ്യാസ രംഗത്തിനെ കുത്തകവൽക്കരിക്കുന്നതിന് ഇടയാക്കുന്ന ബ്ലെൻഡഡ് ലേണിംഗ് എന്ന പദ്ധതി ഉപേക്ഷിക്കണം എന്നും പകരം ബ്ലെൻഡഡ് ടീച്ചിങ് എന്ന ആശയം പ്രാവർത്തികമാക്കാൻ മുൻകൈയെടുക്കണമെന്നും യുജിസിയോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

15. വിദ്യാഭ്യാസ മേഖലയെ അപ്പാടെ കച്ചവടവൽക്കരിക്കാനും വർഗീയ വൽക്കരിക്കാനും ഉദ്ദേശിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020 പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

16. ഉന്നത വിദ്യാഭ്യാസമേഖലയുടെ കെട്ടുറപ്പിനെയും ഘടനയെയും നശിപ്പിക്കുന്ന അക്കാദമിക്ക് ബാങ്ക് ഓഫ് ക്രെഡിറ്റ് എന്ന സങ്കൽപത്തെ തള്ളിക്കളയണമെന്ന് യുജിസിയോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

17. 2021 ഫെബ്രുവരിയിൽ അവതരിപ്പിച്ച കേരള ബജറ്റിലും 2020 ജൂണിൽ അവതരിപ്പിച്ച പരിഷ്കരിച്ച ബജറ്റിലും ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകുന്ന പദ്ധതികളും പ്രഖ്യാപനങ്ങളും നടത്തിയ സംസ്ഥാന സർക്കാരിനെ ഈ സമ്മേളനം അഭിനന്ദിക്കുന്നു.

18. ഹിന്ദു തീവ്രവാദികളുടെ ജീവചരിത്രം പ്രൊഫഷണൽ കോഴ്സുകളിൽ അടക്കം ഉൾപ്പെടുത്താനുള്ള തീരുമാനത്തിൽനിന്ന് കേന്ദ്രസർക്കാർ പിൻമാറണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

19. സ്ത്രീധന പീഡനവും പ്രണയ നിരാകരണത്തിൽ നടക്കുന്ന കൊലപാതകങ്ങളും ശിശു ലൈംഗികാതിക്രമങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ലിംഗസമത്വവും, ലൈംഗികവിദ്യാഭ്യാസവും ഉൾക്കൊള്ളുന്ന വിധത്തിൽ കരിക്കുലം പരിഷ്കരിക്കണമെന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോടും സർവകലാശാലകളോടും ആവശ്യപ്പെടുന്നു.

20. എകെപിസിടിഎ യുടെ അറുപത്തിരണ്ടാം സംസ്ഥാന സമ്മേളനത്തിലെ ഇരുപത്തിയഞ്ചാം നമ്പർ പ്രമേയത്തിൽ ആവശ്യപ്പെട്ടതുപോലെ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർക്ക് സെൽഫ് ഡ്രോയിങ് പദവി അനുവദിച്ച സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുന്നതോടൊപ്പം ഗസ്റ്റ് അധ്യാപകരുടെ ശമ്പളം എഴുതിയെടുക്കാനുള്ള അധികാരം കോളേജ് പ്രിൻസിപ്പൽമാർക്ക് നൽകണമെന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

21. എകെപിസിടിഎ യുടെ അറുപത്തിരണ്ടാം സംസ്ഥാന സമ്മേളനത്തിലെ ഇരുപത്തിനാലാം പ്രമേയത്തിലൂടെ ഉന്നയിച്ച കോളേജ് അധ്യാപകർക്ക് പ്രൊഫസർ പദവി അനുവദിക്കണമെന്ന ആവശ്യത്തെ അംഗീകരിച്ച് കോളേജുകളിൽ പ്രൊഫസർ പദവി അനുവദിച്ച സംസ്ഥാന സർക്കാരിനെ ഈ സമ്മേളനം അഭിനന്ദിക്കുന്നു.

22. അധ്യാപക പ്രമോഷന് വേണ്ടിയുള്ള ഓറിയെൻറേഷൻ, റിഫ്രഷർ

കോഴ്സുകൾ പൂർത്തീകരിക്കാനുള്ള സമയപരിധി 2021 ഡിസംബർ 31 വരെ ദീർഘിപ്പിക്കണം എന്ന് യുജിസിയോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

23. ഏഴാം യു ജി സി ശമ്പള പരിഷ്കരണം അനുസരിച്ചുള്ള ഫിക്സേഷൻ നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട് എങ്കിലും ഇപ്പോഴും ഭൂരിപക്ഷം അധ്യാപകർക്കും ഫിക്സേഷൻ ലഭിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. കേരളത്തിലെ മുഴുവൻ അധ്യാപകർക്കും ഏഴാം ശമ്പള പരിഷ്കരണം ലഭ്യമാകാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

24. യുജിസി റെഗുലേഷൻ 2018 പ്രകാരം അസോസിയേറ്റ് പ്രൊഫസർ ക്ക് നിശ്ചയിച്ചിട്ടുള്ള 14 മണിക്കൂർ ജോലിഭാരം അനുവദിച്ചു തരണമെന്ന് കേരള സർക്കാരിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

25. 2020 21 കാലയളവിൽ കോവിഡ് മൂലം അധ്യയന ദിവസങ്ങൾ നഷ്ടപ്പെട്ടതിനാൽ ഏപ്രിൽ മെയ് ജൂൺ മാസങ്ങൾ കൂടി അധ്യയനവർഷത്തിൽ കണക്കാക്കുകയുണ്ടായി. അതനുസരിച്ച് അധിക ജോലി നിർവഹിച്ച അതിഥി അധ്യാപകരുടെ ഏപ്രിൽ മെയ് ജൂൺ മാസ കാലയളവിലെ ശമ്പളം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഈ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെടുന്നു.

26. കേരളത്തിലെ കോളേജ് അധ്യാപകരുടെ തടഞ്ഞുവെച്ച രണ്ടു ഗഡു ക്ഷാമബത്ത പുനസ്ഥാപിച്ചു കൊണ്ട് അർഹതപ്പെട്ട ക്ഷാമബത്ത വിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

27. അധ്യാപകരുടേയും ജീവനക്കാരുടേയും ശമ്പളം വിതരണം നടപ്പിലാക്കുന്ന സ്പാർക്ക് സോഫ്റ്റ്‌വെയറിൽ ഉണ്ടായിട്ടുള്ള സാങ്കേതിക തകരാറുകൾ ശാശ്വതമായി പരിഹരിച്ച് ശമ്പള വിതരണത്തിൽ ഉണ്ടാകുന്ന കാലവിളംബം ഒഴിവാക്കണമെന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

28. കോളേജുകളിൽ ഇന്റേണൽ കംപ്ലൈൻറ് കമ്മിറ്റി സ്ഥാപിക്കണമെന്ന സംസ്ഥാന സർക്കാരിൻറെ ഉത്തരവ് സർവകലാശാല ചട്ടങ്ങളുടെ ഭാഗമായി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേരളത്തിലെ സർവകലാശാലകളോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

29. ഹോമിയോ കോളേജ് അധ്യാപകരുടെ യുജിസി ശമ്പളപരിഷ്കരണം സർക്കാർ കോളേജ് അധ്യാപകർക്ക് മാത്രമായി പരിമിതപ്പെടുത്തിയ നടപടി തിരുത്തി എയ്ഡഡ് കോളേജ് അധ്യാപകരെ കൂടി യുജിസി ശമ്പള പരിഷ്കരണത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

30. ഓൺലൈൻ പഠന സമ്പ്രദായത്തിൽ അധ്യാപകരും വിദ്യാർത്ഥികളും സ്ഥാപനങ്ങളും അനുഭവിക്കുന്ന പരിമിതികൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോടും സർവകലാശാലകളോടും ഈ സമ്മേളനം ആവശ്യപ്പെടുന്നു.

31. കേരളത്തിലെ എയ്ഡഡ് കോളേജ് അധ്യാപകരുടെ സർവീസുമായി ബന്ധപ്പെട്ട് നിരവധി ഫയലുകൾ കോളേജ് വിദ്യാഭ്യാസ ഉപ മേധാവികളുടെ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നുണ്ട്. അധ്യാപകരുടെ ഇത്തരം സർവീസ് പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനായി ഓരോ ഓഫീസിലും സർവീസ് പരാതിപരിഹാര അദാലത്ത് സംഘടിപ്പിക്കണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

32. കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കോളേജ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് വികേന്ദ്രീകരിച്ച് അടിയന്തരമായി കണ്ണൂർ ആസ്ഥാനമായി ഒരു ഡിഡി ഓഫീസ് തുടങ്ങണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

33. പ്രിൻസിപ്പൽമാരുടെ ജോലി ഭാരം മൂന്നു മുതൽ അഞ്ചു മണിക്കൂർ വരെ ആണ് എന്നതിനാൽ മുഴുവൻ സമയം അഡ്മിനിസ്ട്രേറ്റീവ് ചുമതലകൾ നിർവ്വഹിക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യം നിലവിലുണ്ട്. അതിനാൽ പ്രിൻസിപ്പൽമാരെ മുഴുവൻസമയ അഡ്മിനിസ്ട്രേറ്റീവ് ചുമതലകൾ നിർവഹിക്കുന്നതിനായി അധ്യാപന ജോലിയിൽ നിന്ന് ഒഴിവാക്കണമെന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

34. പ്ലസ് ടു പരീക്ഷയിൽ വിജയിച്ച് ഉന്നത വിദ്യാഭ്യാസത്തിനുള്ള യോഗ്യത നേടുന്ന വിദ്യാർത്ഥികൾക്ക് എല്ലാവർക്കും തുടർന്നു പഠിക്കാനുള്ള സാഹചര്യം ഇപ്പോഴില്ല എന്നത് പരിഗണിച്ച് കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങളും സീറ്റും വർധിപ്പിക്കണമെന്നും ആവശ്യമായ ഇടങ്ങളിൽ പുതിയ കോളജുകൾ ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഈ സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

35. ഉന്നതവിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിന് സംസ്ഥാന സർക്കാർ ശക്തമായി ഇടപെടുന്ന പശ്ചാത്തലത്തിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കമ്മീഷനെ ശാക്തീകരിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

36. ഓൺലൈൻ വിദ്യാഭ്യാസത്തിൻറ സാധ്യതകളെ ഫലപ്രദമായി പ്രയോഗിക്കുന്നതിന് അധ്യാപകരെ പ്രാപ്തമാക്കുന്നതിനായി ലേണിങ് മാനേജ്മെൻറ് സിസ്റ്റത്തെ സംബന്ധിക്കുന്ന പരിശീലന ക്ലാസുകൾ അധ്യാപകർക്ക് നൽകണമെന്ന് ഈ സമ്മേളനം സർവകലാശാലകളോട് ആവശ്യപ്പെടുന്നു.

37. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള

സ്കോളർഷിപ്പുകൾ ജനറൽ മെറിറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമായി നിശ്ചയിച്ചത് അടിയന്തരമായി തിരുത്തണമെന്നും മാനേജ്മെൻറ് , സ്പോർട്സ്, കമ്മ്യൂണിറ്റി , വിഭാഗങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് കൂടി ലഭിക്കത്തക്കവിധം തീരുമാനമെടുത്ത് നടപ്പിലാക്കണമെന്നും സംസ്ഥാന സർക്കാരിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

38. കേരള സർവ്വകലാശാല മേഖലയിലെ കോളേജ് അധ്യാപകരുടെ പ്രമോഷൻ സമയത്ത് സർവകലാശാല അധ്യാപകരുടെ പേ ഫിക്സേഷൻ നടത്തുവാൻ ശ്രമിക്കുന്നത് അനാവശ്യവും കാലതാമസം ഉണ്ടാക്കുന്നതുമാണ്. ആയതിനാൽ എയ്ഡഡ് കോളേജ് അധ്യാപകരുടെ പ്രമോഷൻ അംഗീകരിക്കുന്നതിനായി സർവകലാശാലാ തലത്തിൽ അധ്യാപകരുടെ പേ ഫിക്സേഷൻ നടത്തുന്ന നടപടികൾ ഒഴിവാക്കണമെന്ന് ഈ സമ്മേളനം കേരളസർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

39. വൈജ്ഞാനിക സമ്പത്ത് വ്യവസ്ഥയായി മാറാനുള്ള കേരളത്തിൻ്റെ നീക്കത്തിന് ചാലകശക്തിയായി പ്രവർത്തിക്കാൻ സർവ്വകലാശാലകൾ തയ്യാറാകണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

40. ഏഴാം യുജിസി ശമ്പള പരിഷ്കരണ ഉത്തരവിൽ പറഞ്ഞിട്ടുള്ളതും ഓപ്ഷൻ ഫോമിൽ നൽകിയിട്ടുള്ളതുമായ ഓപ്ഷൻ സൗകര്യം എത്രയും പെട്ടെന്ന് സംസ്ഥാനത്തെ കോളേജുകളിൽ നടപ്പിലാക്കണമെന്ന് ഈ സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

41. പ്രൊഫസർ തസ്തികയിലേക്കുള്ള സി എ എസ് പ്രമോഷന് റിസർച്ച് സ്കോർ ക്യുമിലേറ്റിവ് രീതിയിൽ നേടാമെന്ന വ്യവസ്ഥ സർക്കാർ കോളേജുകളിൽ നടപ്പിലാക്കിയ സാഹചര്യത്തിൽ ഇതേ വ്യവസ്ഥ കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ കൂടി നടപ്പിലാക്കണമെന്ന് ഈ സമ്മേളനം സർവകലാശാലകളോട് ആവശ്യപ്പെടുന്നു.

42. അഫിലിയേറ്റഡ് കോളേജുകളിൽ വകുപ്പ് മേധാവി സ്ഥാനം റോട്ടേഷൻ വ്യവസ്ഥയിൽ ക്രമീകരിക്കുന്നതിന് ആവശ്യമായ വിധത്തിൽ യൂണിവേഴ്സിറ്റി സ്റ്റാ ട്യൂ ട്ട് ഭേദഗതി ചെയ്യണമെന്ന് സർവകലാശാലകളോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

43. പ്രൊഫസർ തസ്തികയിലേക്ക് സി എ എസ് പ്രകാരം പ്രമോഷന് അപേക്ഷിക്കുവാൻ ആവശ്യമായ ടെംപ്ലേറ്റുകൾ ഉൾപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് കണ്ണൂർ സർവകലാശാലയോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

44. ബിരുദാന്തരബിരുദ പ്രോഗ്രാമുകളുടെ സിലബസുകൾ അടിയന്തരമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കണ്ണൂർ സർവകലാശാലയോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

45. ബിരുദ പ്രോഗ്രാമുകളുടെ സിലബസുകൾ അടിയന്തരമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

46. ആരോഗ്യ സർവകലാശാല ആക്ട് നിലവിൽ വന്നിട്ട് 11 വർഷത്തോളമായി എങ്കിലും നിലവിലുള്ള ആക്ടിൽ ജനാധിപത്യ സ്വഭാവം ഇല്ലാത്ത പല വ്യവസ്ഥകളും നിലനിൽക്കുന്നു. ആയതിനാൽ കേരള ആരോഗ്യ സർവ്വകലാശാല ആക്ട് അടിയന്തരമായി ഭേദഗതി ചെയ്യണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

47. 2014 ലെ യും 2019 ലെ യും സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നേമം ശ്രീ വിദ്യാധിരാജ ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ അധ്യാപകർക്കും ജീവനക്കാർക്കും മാത്രം ലഭ്യമാകാത്ത അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കോളേജിലെ അധ്യാപകർക്കും ജീവനക്കാർക്കും 2014 ലെ യും 2019 ലെ യും ശമ്പള പരിഷ്കരണം അനുവദിക്കണമെന്ന് സംസ്ഥാന സർക്കാറിനോട് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

48. ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന കലാലയങ്ങളിലെ കായിക വിഭാഗത്തിൽ ഓർഡിനൻസ് പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ള രണ്ടാമത്തെ അധ്യാപക തസ്തിക ഇപ്പോൾ അനുവദിക്കുന്നില്ല. ഇത്തരം തസ്തികകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെടുന്നു.

49. നേമം ശ്രീവിദ്യാധിരാജ ഹോമിയോ മെഡിക്കൽ കോളേജിലെ അധ്യാപകരുടെ അപ്രൂവലുമായി ബന്ധപ്പെട്ട് 4 /8/ 2018 ൽ ആരോഗ്യ സർവകലാശാല അംഗീകരിച്ച അപ്രൂവൽ ഉത്തരവ് സംസ്ഥാന സർക്കാർ അംഗീകരിച്ച് ഉത്തരവ് ഇറക്കണമെന്നും പ്രസ്തുത കോളേജിലെ എല്ലാ അധ്യാപകരുടെയും ജോയിനിങ് തീയതി മുതലുള്ള സർവീസ് സംരക്ഷിച്ചു നൽകണമെന്നും ഈ പ്രമേയം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

50. സർവ്വകലാശാലകളുടെയോ സർക്കാരിന്റെയോ അനുമതിയില്ലാതെ കേരളത്തിലെ കോളേജുകളിൽ ഒളി അജൻഡയുമായി നുഴഞ്ഞുകയറി അക്കാദമിക് പരിപാടികൾ എന്ന പേരിൽ പരിപാടികൾ സംഘടിപ്പിച്ച് സങ്കുചിത വർഗ്ഗീയ ആശയങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന, വിദ്യാഭ്യാസത്തിന്റെ പേരിലുള്ള വർഗ്ഗീയ സംഘടനകൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് സർവ്വകലാശാലകളോടും കോളേജുകളോടും ഈ സമ്മേളനം ആവശ്യപ്പെടുന്നു.

51. 2013 ഏപ്രിൽ മുതൽ നിർത്തലാക്കിയ സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്ന സാമൂഹിക സുരക്ഷാ പദ്ധതി അടിയന്തിരമായി പുന:സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാരിനോട്

**ആര്യ വിശ്വനാഥ്**
ശ്രീ നാരായണ കോളേജ്, നാട്ടിക

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ
സാഹിത്യമത്സരങ്ങളിൽ അധ്യാപക വിഭാഗത്തിൽ സമ്മാനാർഹമായ കഥ

# ചാവുമണം

തൊണ്ണൂറ് വയസ്സുള്ള ഒരു വൃദ്ധയെ ആണ് ജെന്നിക്ക് ആദ്യം ഒരുക്കാൻ കിട്ടിയത്. അവർ മരിച്ചിട്ട് അധികമായിരുന്നില്ല. എന്നു പറഞ്ഞാൽ അവരുടെ മുറി, കഴുത്തിലുണ്ടായിരുന്ന നാരു പോലുള്ള സ്വർണ്ണമാല, അവരിട്ടിരുന്ന വെളുത്ത ഉടുപ്പ്, കൈ വിരലുകളിൽ തൂക്കിയിട്ടിരുന്ന ഇളം നീല ജപമാല എല്ലാത്തിലും പറന്നു പോകാൻ മടിച്ച് നിൽക്കുന്ന ജീവന്റെ ചെറിയ ചൂട് ബാക്കിയായിരുന്നു.

മെറിലിന് വയ്യായ്കയായിരുന്നു അന്ന്.

അടിവയറ്റിൽ കയ്യമർത്തിപ്പിടിച്ച് അവളൊരു പുഴുവിനെപ്പോലെ ഞെരിഞ്ഞു പുളഞ്ഞു.

"എന്തൊരു വേദനയാ മമ്മീ... മമ്മി ഇന്ന് പോണ്ട. എനിക്ക് പേടിയാണ്..... "

വേദനക്കുള്ള ഗുളികകളുടെ സ്ട്രിപ്പ് മെറിലിന്റെ മേശപ്പുറത്തുള്ള ചെറിയ ട്രേയിൽ വെച്ച് കൊടുത്ത് ഓടിയിറങ്ങുമ്പോൾ ജെന്നിക്ക് ടോയ്ലറ്റിൽ പോകണമെന്ന് തോന്നി. അത് പണ്ടേ അങ്ങിനെയാണ്. ടെൻഷൻ വന്നാൽ പോണംന്ന് തോന്നും..... അതൊരു തോന്നൽ മാത്രമായിരുന്നെന്ന് തിരിച്ചറിയുമ്പോഴേക്കും സമയം കയ്യീന്നു പോയിട്ടുണ്ടാവും. അങ്ങിനെ വൈകിപ്പോയ എത്ര പരീക്ഷകൾ, ഇന്റർവ്യൂകൾ, പെണ്ണുകാണലുകൾ.... കുമ്പളങ്ങ പോലെ നരച്ച ആകാശം ഉണ്ടായിരുന്ന ഒരു ദിവസം ആൻഡ്രൂ പെണ്ണു കാണാൻ വന്നപ്പോൾ മാത്രം ജെന്നി സമയത്തിന് ഹാജരായി. അന്ന് ടെൻഷനില്ലായിരുന്നു... അപ്പൻ വിഷം കുടിച്ച് ചത്തിട്ട് വർഷമൊന്നു തികഞ്ഞിരുന്നില്ല. അമ്മച്ചീടെ കൂടെ മീൻകച്ചോടം ചെയ്തിരുന്ന ത്രേസ്യക്കുട്ടിയുടെ അയൽക്കാരനായിരുന്നു ആൻഡ്രൂ.

"അവനേ വണ്ടി മറച്ച് വിക്കണെ കച്ചോടണ്. ഒരു ദുസ്സ്വഭാവാം ഇല്ലാത്ത ചെക്കന്റേട്ടാ. മ്മടെ കുട്ടിനെ നോക്കും.പിന്നെ ലേശം കുടിക്കും. അതിപ്പൊ കാര്യക്കാന്റേണ്ടാ.... "

അതിൽ യാതൊരു കാര്യവുമില്ലെന്ന് അമ്മച്ചി തലയാട്ടിക്കാണിച്ചു. ഇനി കുടിക്കാൻ കരളു ബാക്കിയില്ലെന്ന സങ്കടം സഹിക്കാൻ മേലാഞ്ഞിട്ടാണ് ജവാൻ റമ്മിൽ പരാമർ കലക്കിക്കുടിച്ച് അപ്പൻ ചത്തതെന്ന് നാട്ടിലൊരു പാട്ടുണ്ട്. ചാവിന്റെ തലേന്ന് അപ്പൻ മൂത്ത ചേച്ചി ആൻസീനെ കാണാൻ നെല്ലിക്കുന്നത്ത് ചെന്ന കഥ ജെന്നി മമ്മിയോട്

പോലും പറഞ്ഞിട്ടില്ല. മീൻ വെട്ടി നല്ല ശീലമുള്ള കയ്യാണ്... അതോണ്ടാണ് മിണ്ടാത്തത്.

ചെറുപ്പത്തില് ആൻസിക്ക് മുഖക്കുരു നല്ലോണം വരായിരുന്നു. അവളൊരു പൊട്ടിപ്പിശാശാണെന്ന് അമ്മച്ചി എപ്പോഴും പറഞ്ഞു.

"ഒരു വെതോം, വെഷോം ഇല്ലാത്ത സാധനം. മന്ദലംമയങ്ങി..... "

അപ്പന്റെ മീശ കൊണ്ടിട്ടാണ് മുഖത്താകെ കുരു വന്നതെന്ന് കുളിമുറിയിലെ ഇരുട്ടിൽ വെച്ച് ആൻസി പറഞ്ഞ അന്നാണ് ജെന്നി വയസ്സറിയിച്ചത്. അവരൊരുമിച്ച് കുളിക്കുകയും മുറ്റത്തെ ഒട്ടുമാവിൽ ഒരു പിടിയും തരാതെ പാഞ്ഞ് വളരുന്ന ഇത്തിക്കണ്ണി പോലെ തിടംവെക്കുന്ന ശരീരഭാഗങ്ങൾ പരസ്പരം നോക്കി അതിശയപ്പെടുകയും ചെയ്തിരുന്ന കാലമായിരുന്നു അത്. അമ്മച്ചീരെ മുണ്ടു പെട്ടിക്ക് കുന്തിരിക്കത്തിന്റെ മണമായിരുന്നു. അതിനിടയിൽ നിന്നും പഴമുണ്ടെടുത്ത് കീറി ആൻസി ജെന്നിയെ ഉടുപ്പിച്ചു.

"നിന്റെ ജീവിതോം അങ്ങനെ നായ നക്കി " എന്നു പറഞ്ഞ് അന്നേരം ഒരു നെടുവീർപ്പിട്ടിരുന്നു ആൻസി.

അന്നു വൈകുന്നേരം മീൻ വിറ്റ കാശെണ്ണുമ്പോൾ അമ്മച്ചി നിർത്താതെ കരഞ്ഞു. വൈകിട്ട് പ്രാർത്ഥന എത്തിക്കുമ്പോൾ അമ്മച്ചിക്ക് ദെണ്ണമിളകി. രൂപക്കൂടിന് മുന്നിൽ വെച്ചിരുന്ന മെഴുകുതിരികളൊക്കെ തല്ലിക്കെടുത്തി. പഴയൊരു നിവ്യ ക്രീമിന്റെ ചെപ്പിനുള്ളിൽ ആൻസി ഇട്ടു വെച്ചിരുന്ന ചില്ലറത്തുട്ടുകളും പല നിറത്തിലുള്ള ബട്ടണുകളും അമ്മച്ചി വലിച്ചെറിഞ്ഞതും ആൻസി കരഞ്ഞു കൊണ്ട് മുറ്റത്തേക്കോടി. അമ്മച്ചിയെ ഒറ്റയ്ക്ക് താങ്ങാൻ ജെന്നിക്കു പറ്റിയില്ല. കുഴഞ്ഞു നിലത്തു വീണ അമ്മച്ചിയേയും താങ്ങി നിലത്തിരുന്ന് നെഞ്ചിടിപ്പാറ്റുമ്പോൾ നിവ്യച്ചെപ്പും കൊണ്ട് ആൻസി കയറി വന്നു.

പൊട്ടിപ്പിശാശേ എന്ന് വിളിക്കാൻ നാവുയർത്തുമ്പോഴേക്കും ആൻസി പാവാട കൊണ്ട് മോറ് തുടച്ച് പറയാൻ തുടങ്ങി,

"ബട്ടണം, പൈസയും പോയാല് പ്രശ്നല്യ. പക്ഷേ എന്റെ പാവേരെ രണ്ട് കണ്ണും ഇതിലാടീ..... നിനക്കോർമ്മേണ്ടാ കിടത്തുമ്പോ കണ്ണടച്ചിരുന്ന നമ്മുടെ പാവ. കർമ്മലാന്നായിരുന്നു അതിന്റെ പേര്.... "

തേടി വന്നൊരു എക്കിൾ അന്നേരം ജെന്നി യുടെ തൊണ്ടയിൽ കുടുങ്ങി. പിറ്റേന്ന് ചെന്തെങ്ങിന്റെ കുല കൊണ്ട് അമ്മച്ചിയുണ്ടാക്കിയ മധുരമുള്ള വട്ടേപ്പം തിന്നുമ്പോഴാണ് അത് പുറത്തേക്ക് ചാടിപ്പോയത്.

വിഭൂതി തിരുന്നാളിന് ഓല കരിച്ച് നെറ്റിയിൽ കുരിശ് വരച്ച അന്നാണ് ആൻസീനെ കാണാണ്ടായത്. അപ്പനന്ന് കുറെ കുടിച്ചിട്ടാ വന്നത്.

"കുത്തിച്ചി മക്കളേ.. കൊടുക്കാൻ നടക്കണ തള്ള... കൂടെ മക്കള്... എറങ്ങിപ്പൊക്കോണം എന്റെ കുടുമ്മത്ത്ന്ന് "

അമ്മച്ചിയപ്പോൾ ബാക്കി വന്ന ചോറും മീൻ കൂട്ടാനും കലത്തിലാക്കി മുകളിൽ ഉരുക്കുകയായിരുന്നു.

വറീതു മാപ്പയുടെ കൂടെ ശവക്കുഴി വെട്ടാനും, എല്ല കോരാനും പോണ ഈനാശൂനെ അപ്പൻ പിറ്റേ ദിവസം പള്ളി പിരിയണ നേരത്ത് തല്ലി.ഈനാശു കൈ ഞെരിച്ചു. പക്ഷേ അപ്പന്റെ തല്ല് മുഴുവനും നിന്ന് കൊണ്ടു. തിളങ്ങുന്ന ഗിൽറ്റ് നെറ്റിന്റെ വാലറ്റം വായിൽ കുത്തിത്തിരുകിയാണ് ജെന്നി ആതല്ല് കണ്ടു നിന്നത്. മാതാവിന്റെ രൂപത്തിനു മുന്നിലിട്ടിരുന്ന പഴയ ഗിൽറ്റ് മാല പൊട്ടി വീണപ്പോൾ ആൻസി അത് വെട്ടി തരികളാക്കി ജെന്നിയുടെ പള്ളിയിൽ പോകുമ്പോൾ തലയിലിടുന്ന നെറ്റിലാകെ പശ തേച്ച് ഒട്ടിച്ചിരുന്നു. അല്ലെങ്കിലേ മുഷിഞ്ഞ ആ നെറ്റ് തിളക്കം കൂടിയായപ്പോൾ ഒന്നു കൂടെ മങ്ങിപ്പോയതായാണ് ജെന്നിക്കു തോന്നിയത്. ആൻസി പക്ഷേ തുള്ളിച്ചാടി. പള്ളിയിലക്കൊല്ലം കളിച്ച 'സ്നാപകയോഹന്നാൻ നാടകത്തിലെ നടിക്ക് അത്തരം ഒരു തലേട്ടം ഉണ്ടായിരുന്നു. ആ നെറ്റ് കൊണ്ട് മേലാകെ പുതച്ച് ശലോമി ഞാൻ എന്ന നാടകപ്പാട്ട് പാടി ആൻസി ചുവട് വെച്ചു. അപ്പോൾ മാത്രമാണ് ജെന്നി ചിരിച്ചു മറിഞ്ഞത്. അപ്പൻ വരുവോളം അവരെന്നും ചിരിച്ചു. പകല് അമ്മച്ചിയില്ലാത്ത സമയങ്ങളിൽ അപ്പൻ വന്നു തുടങ്ങി എന്ന് ആൻസി പറഞ്ഞെപ്പിന്നെയാണ് സ്ലീപ്പോക്ക് നിർത്തിയത്. അങ്ങനൊരു ദിവസം അപ്പൻ കയറി വന്നപ്പോൾ ആൻസി പള്ളീലെ ജാഥയ്ക്കുള്ള കടലാസ് കൊടികൾ മൈദാമാവിൽ മുക്കി ഒട്ടിക്കുകയായിരുന്നു.. കടലാസ് ഞെരിഞ്ഞു ചുളിയുന്ന ശബ്ദം കേട്ട് തെന്നി ചെല്ലുമ്പോൾ മദ മുക്കിയ കൈകൾ കൊണ്ട് അപ്പന്റെ മോന്ത തള്ളിപ്പിടിക്കുകയായിരുന്നു ആൻസി.

അന്നേരം ജെന്നിക്ക് അമ്മച്ചീരെ ദെണ്ണളക്കം വന്നു. പുറത്തു കൂടെ ചാടി വീണ് പൊതിരെ തല്ലുമ്പോൾ അപ്പനാകെ അമ്പരന്നു പോയെന്റൊന്നിക്കു തോന്നി. അപ്പന്റെ മുഖത്താകെ നഖം കോറിയ പാടുകളിൽ ചോരയും, മൈദയും കുഴഞ്ഞ് കിടന്നു. ഇറങ്ങിപ്പോകണ പോക്കിൽ വെള്ളക്കൊടികളത്രയും ചറപറാ കീറി നുറുക്കുന്നതിനിടയിൽ ഏറ്റവും വികൃതമായി അപ്പൻ പുലമ്പി,

"നോക്കിപ്പേടിപ്പിക്കണ്ടെടീ മയിരേ... നിനക്ക് നിന്റെ തള്ള ക്കഴുവേറീടന്തി കാട്ടുപോത്തിന്റെ മുഷ്ക്ക് മണാ... ത്ഫ... എല്ലാത്തിനേം ഞാൻ കൊല്ലോടി. "

അന്നു മുഴുവൻ ആൻസി ജെന്നിയുടെ മുഖത്തു നോക്കാതെ നടന്നു. വൈകീട്ട് പരിശുദ്ധാത്മാവിന് സ്തുതി പറഞ്ഞ് വിയർപ്പു കൊണ്ട് പരസ്പരം തൊടാതെ കിടക്കുമ്പോൾ ആൻസി പതുക്കെ കൈ വിരലു കൊണ്ട് ജെന്നിയെ തൊട്ടു. ജെന്നി ആ കൈ വിരലുകളെ ഉള്ളിലാക്കി അനങ്ങാതെ കിടന്നു. അപ്പോഴൊക്കെ ചൂര മാന്തി നടക്കുന്നൊരു കാട്ടുപോത്ത് വീടിനു പുറത്ത് നിൽപ്പുണ്ടെന്ന് ജനിക്കു തോന്നി.

ആ ആൻസിയാണ് ഈനാശൂന്റെ കൂടെ പോയത്. ആ ഈനാശുവാണ് അപ്പന്റെ തല്ല് കൊണ്ടത്. അതേ ഈനാശു തന്നെയാണ് അപ്പന്റെ കാല് തല്ലി ഒടിച്ചത്. അത് ആൻസിയുടേയും, ഈനാശൂന്റേയും വിരുന്നു കൂടലിന്റെ പിറ്റേന്നായിരുന്നു. അമ്മച്ചിയാണ് ആൻസിയുടെ

വീട്ടിൽപ്പോയി വിരുന്നിന് ക്ഷണിച്ചത്. ബാക്കിയുണ്ടായിരുന്ന മീനൊക്കെയെടുത്ത് ഈനാശുന് കറിവെച്ചും, പൊരിച്ചും കൊടുത്തിട്ടാണ് അമ്മച്ചി മടങ്ങിയത്. ആൻസി കൊടുത്തയച്ച കുഴലപ്പം കട്ടൻ ചായയിൽ മുക്കിത്തിന്നുമ്പോൾ അമ്മച്ചി മൂക്കു ചീറ്റി ചട്ടയിൽ തുടച്ചു.

"ഞ്ഞുട്ടായാലും അവനും മാപ്ല ജാത്യല്ലേ?എന്താ പ്പൊ കൊഴപ്പം? പിന്നെ ആ തന്ത ഇള്ളാട്ത്ത് പുണ്യാളൻ കെട്ടിക്കേറി വരോ?"

ഈനാശു പുണ്യാളനല്ല. ശവക്കുഴി തോണ്ടുന്നവനാണ്.... എങ്കിലെന്ത്, വിരുന്നിനു വന്നപ്പോൾ ആൻസി പച്ച പൂക്കളും, മഞ്ഞ ഇലകളും ഉള്ള സാരി ഉടുത്തിരുന്നു. കമലവിലാസ് കൺമഷി കൊണ്ട് കണ്ണെഴുതീരുന്നു. അവൾക്ക് സൺലൈറ്റ് സോപ്പിന്റെ മണമായിരുന്നു. അമ്മച്ചിയുണ്ടാക്കിയ പന്നിയിറച്ചി വറ്റിച്ചതും, വെള്ളേപ്പവും ആൻസി ഈനാശുന് വിളമ്പുമ്പോഴാണ് അച്ഛൻ വന്നത്. കുപ്പായത്തിന്റെ കുടുക്കുകൾ മുഴുവനായും ഇട്ടിരുന്നത് കൊണ്ട് അന്നപ്പൻ കുടിച്ചിട്ടില്ലായിരുന്നുവെന്ന് ജെന്നിക്ക് മനസ്സിലായി. അമ്മച്ചി അപ്പന് മുന്നിലേക്ക് വെള്ള കവിടിപ്പിഞ്ഞാണം നീക്കി വെച്ചു.

പന്നിയിറച്ചി പാത്രത്തിലേക്ക് തട്ടിക്കൊണ്ട് അപ്പൻ ഈനാശുനെ നോക്കി ചിരിച്ചു. ശവക്കുഴി തോണ്ടുന്ന വൈദഗ്ധ്യത്തോടെ പിഞ്ഞാണത്തിലെ ഇറച്ചിക്കഷ്ണങ്ങൾക്കിടയിൽ എല്ലിൻ കഷ്ണങ്ങൾ മാറ്റിക്കൊണ്ടിരിക്കുന്ന ഈനാശു അത് കണ്ടില്ല.

"എങ്ങനാ എന്റെ മോള്? മിടുക്ക്യല്ലേന്ന് പറഞ്ഞാണ്ട് അപ്പൻ രണ്ടു വെള്ളപ്പമെടുത്ത് പിഞ്ഞാണത്തിലേക്കിട്ടു ഇറച്ചി വായിലിട്ട് കടിച്ച് ശബ്ദമുണ്ടാക്കി അപ്പൻ ആൻസിയെ നോക്കി. അവളന്നേരം പച്ച സാരിയെടുത്ത് തോളിലൂടെ പുതച്ചു.

"നീ ശവക്കുഴി വെട്ട്ണോനല്ലേ? നിനക്കെന്റെ മോള് ചേരും..... ദേ ഈ പന്നിയെറച്ചി പോലെ കടിച്ചു പറച്ചിട്ടുണ്ട് ഞാനവളെ..... ഇനി നീ തിന്നോടാ ബാക്കി..... എനിക്ക് ദേ ഇതാണ്" ന്നും പറഞ്ഞു കൊണ്ട് അപ്പൻ കൈത്തണ്ടയിൽ നിന്നും രണ്ട് രോമം പറിച്ച് ഈനാശുന്റെ കണ്ണിന് നേർക്കുയർത്തി. നിമിഷനേരം കൊണ്ടാണ് അപ്പനും കസേരയും മിറ്റത്തു ചെന്ന് വീണത്. കോഴിക്കൂട് പണിയാൻ വെച്ചിരുന്ന മരക്കറ്റി കൊണ്ടാണ് ഈനാശു അപ്പന്റെ എല്ലൊടിച്ചത്. അമ്മച്ചിക്ക് അന്നേരം ദെണ്ണമിളകുമെന്ന് ജെന്നി പേടിച്ചെങ്കിലും ചത്ത മീനിന്റെ കണ്ണു പോലെ നിർവികാരമായൊരു നിൽപ്പായിരുന്നു അമ്മച്ചി. അതു പിന്നെ കുറേക്കാലം തുടർന്നു.

അപ്പൻ ചത്തിട്ടാണ് ആൻസി പിന്നെ വീട്ടിൽ വന്നത്. തെമ്മാടിക്കുഴിയിൽ പോയി വന്നപ്പോൾ അമ്മച്ചി ഒരു കൂട് മെഴുകുതിരി വാങ്ങിച്ച് പുണ്യാളന് മുന്നിൽ കത്തിച്ചു. അന്ന് വൈകുന്നേരം പായ വിരിച്ച് കിടക്കുമ്പോൾ അമ്മച്ചി ജെന്നിയേയും, ആൻസിയേയും ഉടുമ്പടക്കം കെട്ടിപ്പിടിച്ചു. മീൻക്കൊട്ടത്തഴമ്പു കൊണ്ട് പരുപരുത്ത അമ്മച്ചീരെ കൈകളുടെ സ്നേഹമറിഞ്ഞപ്പോൾ ജെന്നി ഉറങ്ങാൻ മറന്നു പോയി. ആൻഡ്രൂവിന് വണ്ടിക്കച്ചവടം നടക്കുന്ന രാത്രികളിലും ജെന്നിയങ്ങനെ ഉറങ്ങാൻ മറക്കാറുണ്ട്. കെട്ടു കഴിഞ്ഞ് ഒന്നരമാസം കഴിഞ്ഞപ്പോഴാണ് ആൻഡ്രൂ ഒരു പഴയ പിക്കപ്പ് വാൻ മറിച്ച് വിറ്റത്. അന്നയാൾ ഉത്സാഹം കൊണ്ട് ജെന്നിയുടെ മേല് മുഴുവൻ മണത്തു നോക്കി.

"നെന്നെ നല്ലോണം വേർപ്പ് നാറ്ണ്ട് ട്ടാ... നീ സോപ്പ തേച്ചിട്ടല്ലേ കുളിക്കാ.. രാത്രി കെടക്കാൻ വരുമ്പോ ആ ശ്രൂപക്കൂടിന്റെ പിന്നിലിരിക്കണ സെന്റ് പൂശിക്കോട്ടാ.... "

അതിന്റെ രൂക്ഷമണമോർത്തപ്പോഴേക്കും ജെന്നിക്ക് മനം പുരട്ടി. അതിന് ശവത്തിന്റെ മണമാണ്. ശവപ്പെട്ടിക്കുള്ളിൽ അടിക്കുവാൻ ഈനാശു കൊണ്ടു പോവുന്ന ആ മഞ്ഞ ദ്രാവകം..... ആൻഡ്രൂ ചോദിച്ചുവാങ്ങിച്ചതാണത്. ജെന്നിയുടെ വായിൽ കൊഴപ്പ വെള്ളം നിറഞ്ഞു.

രാത്രിക്ക് ശവമണമായിരുന്നു. രാത്രി മുഴുവൻ താനൊരു ഇടിഞ്ഞു പൊളിഞ്ഞ വണ്ടിയാണെന്ന് ജെന്നിക്കു തോന്നി. ആൻഡ്രൂ ഓരോ ഭാഗങ്ങളും പരിശോധിക്കുന്നു.... ചുരുങ്ങുന്നു. ഞളക്കുന്നു.... ഞരങ്ങിക്കൊണ്ട് കിതയ്ക്കാനേ ജെന്നിയ്ക്കായുള്ളൂ. ഒരു കൊക്ക കണ്ടാൽ ഉരുണ്ടു ചെന്ന് ചാടി പൊട്ടിപ്പൊളിഞ്ഞതാഴെ വീഴാമായിരുന്നു.... ആൻഡ്രൂവിന്റെ വണ്ടിക്കമ്പം കഴിഞ്ഞപ്പോഴേക്കും ജെന്നി വീണ്ടും കൊഴപ്പവെള്ളം തുപ്പിക്കളയാനെഴുന്നേറ്റു. ഒരിക്കൽ അങ്ങിനെ തുപ്പിക്കളഞ്ഞപ്പോഴാണ് ത്രേസ്യക്കുട്ടി അമ്മച്ചിയോട് തേഞ്ഞ പല്ലുകാട്ടി ചിരിച്ചു പറഞ്ഞത്,

"മേറീ ജെന്നി പണി പറ്റിച്ചൂട്ടാ. മാതാവിനൊരു സാരി നേർന്നാ പേറെളുപ്പാവും"

മെറിലിന്റെ മാമോദീസക്ക് ഈനാശുവും,ആൻസിയും തലതൊട്ടപ്പനും അമ്മയുമായി. കമ്പിളി നൂലു കൊണ്ട് തുന്നിയ പതുപതുത്ത വെള്ളയുടുപ്പിൽ ആൻസി കൈതച്ചക്കക്കുടി തുന്നിച്ചേർത്തിരുന്നു.

"അമ്മച്ചീരെ കൈതച്ചക്കപ്പെണ്ണേ...." എന്നു വിളിച്ചു കൊണ്ട് ആൻസി അവളെ മാറോടടുക്കിപ്പിടിച്ചപ്പോൾ പെറ്റതിനു ശേഷം ആദ്യമായി ജെന്നിക്ക് ചിരി വന്നു.

ആൻഡ്രൂ കുട്ടിക്കൊരു സോപ്പുകട്ട പോലും കൊണ്ടു വന്നില്ലെന്ന് അമ്മച്ചി ത്രേസ്യാക്കുട്ടിയോട് പതം പറഞ്ഞു.

"അതെന്തു വർത്താനാ മേറീ.. അവന്റെ തന്തേം തള്ളേം ഒക്കെ ചത്തില്ലേ? അവനാര് പറഞ്ഞു കൊടുക്കാനാ..."

അമ്മച്ചി എന്നിട്ടും സമാധാനപ്പെട്ടില്ല.

എരുമ നെയ്യ് തേച്ച് അമ്മച്ചീരെ നീരു വന്ന് അപ്പം പോലെയായ കാലടികൾ തിരുമ്മുമ്പോൾ അമ്മച്ചി ജെന്നീരെ താടിക്കു പിടിച്ചുയർത്തി.

"ആൻഡ്രൂന് നിന്നോട് സ്നേഹണ്ടാ?"

ആ ചോദ്യം കേട്ടതും കുഞ്ഞിക്കാലിൽനിന്നും നിലത്തേക്കമൈർന്നിരുന്ന് ജെന്നി ചിരിച്ചു പുളഞ്ഞു. ചിരിച്ചു ചിരിച്ച് കുടൽപ്പണ്ടം പുറത്തോട്ട് മറിയുമെന്ന് ജെന്നിക്ക് തോന്നി. സാരിത്തൊട്ടിയിൽ നിന്നും മെറിൽ വാ കീറുന്നതു വരെ ജെന്നി ചിരിച്ചു.

അന്തം വിട്ടിരിക്കുന്ന അമ്മച്ചിയെ കണ്ടപ്പോൾ ചിരി നിർത്തണമെന്നുണ്ടായിരുന്നെങ്കിലും ഏതോ ചെകുത്താൻ വന്ന് ചിരി വള്ളി പൊട്ടിച്ചിട്ട് ഓടിപ്പോയ പോലായിപ്പോയി ആ ചിരി.

മെറിളിന്റെ ഒന്നാം പിറന്നാളിന് ഒരു മാസം ബാക്കിയുള്ളപ്പോഴാണ് അമ്മച്ചി അതിന് കരച്ചില് കൊണ്ട് പകരം വീട്ടിയത്...... കാര്യമായിട്ട് ഒരു കുഴപ്പോം ഇല്ലായിരുന്നു. വൈകീട്ട് ബാക്കി വന്ന ചാള വെട്ടി പനിത്തിൽ ഉപ്പും മുളകും തേച്ച് വറുക്കാൻ വെച്ച് എണീറ്റതായിരുന്നു. കണ്ണ് രണ്ടും മേൽപ്പോട്ടാക്കി മറിഞ്ഞു വീണു. തീ നിറമുള്ള ഒരു മാലാഖയെ കണ്ടാലെന്ന വണ്ണം അമ്മച്ചിയുടെ കണ്ണുകൾ സ്തംഭിച്ചു. രണ്ടു തുള്ളി വെള്ളം വായിലിറ്റിക്കുമ്പോഴേക്കും അമ്മച്ചി പോയി. ശവമടക്ക് കഴിഞ്ഞ് വന്ന് ചീഞ്ഞു തുടങ്ങിയ മത്തി കുഴി വെട്ടി മൂടുമ്പോൾ ആൻസി പിന്നിലൂടെ വന്ന് ജെന്നിയ കെട്ടിപ്പിടിച്ചു. അന്നേരം മാത്രമാണ് ജെന്നി കരഞ്ഞത്. അതു വരെ സങ്കടം മുഴുവനും അമ്മച്ചീരെ മീൻ കൊട്ട കൊണ്ട് മൂടി വെച്ചിരിക്കുകയായിരുന്നു ജെന്നി. അമ്മച്ചിയെ മാലാഖയെ പോലാരുക്കണമെന്ന് ആൻസിയാണ് പറഞ്ഞത്. കുട്ടിക്കൂറാ പൗഡർ തേച്ച്, പൂക്കിരീടം വെച്ച്, കവണി മുണ്ട് ഞൊറിഞ്ഞുടുത്ത്, കുരിശും, കൊന്തയും കയ്യിൽ പിടിച്ച് ജീവിതത്തിലാദ്യമായി അമ്മച്ചി ചമഞ്ഞു കിടന്നു.

ത്രേസ്യക്കുട്ടി വാ തോരാതെ കരഞ്ഞു.

"ത്രൂ ഭംഗീണ്ടാർന്നാടീ മേറീ നിനക്ക്? മീൻ വിക്കാൻ പോണോർക്ക് ന്തിനാ ഭംഗീലേടീ മേരീ? നിന്റെ ദുരിതപ്പാട് തീർന്നില്ലേടീ?"

ചത്തിട്ടും ചമഞ്ഞു കിടന്ന അമ്മച്ചിയെ കണ്ടിട്ടാവണം നാട്ടുകാർ ജെന്നിയെ ശവമൊരുക്കിന് വിളിക്കാൻ തുടങ്ങിയത്. ആദ്യമാദ്യം ജെന്നിക്ക് ഓക്കാനം വന്നു. കൊഴുപ്പു വെള്ളത്തിന്റെ കപ്പൽച്ചേതങ്ങളിൽ പ്പെട്ട് ജെന്നി തളർന്നു.പിന്നെപ്പിന്നെ മരിച്ചവരോട് പൊരുത്തപ്പെടാൻ എളുപ്പമാണെന്ന് ജെന്നിക്ക് മനസ്സിലായി. അവരുടെ ശരീരം കുട്ടികളെപ്പോലെ നൈർമല്യം പേറി.അടങ്ങാത്ത വിശുദ്ധിയിലേക്കാണ് അവർ ചമയുന്നത്. ബേബി പൗഡറിട്ട് ഒരു കുഞ്ഞിനെപ്പോലെ അവരെ ഒരുക്കുമ്പോഴും, സുഗന്ധ ദ്രവ്യങ്ങൾ പൂശി അവരുടെ യാത്രകളിൽ മണം ചേർക്കുമ്പോഴും ജെന്നി മാലാഖമാരുടെ ചിറകടിയൊച്ചകൾ കേട്ടു. ജീവിതത്തിന്റെ മുൾക്കിരീടം മാറ്റി മരണത്തിന്റെ പൂക്കിരീടവും വെച്ച് അവർ ചേലോടെ ചമഞ്ഞിറങ്ങുമ്പോൾ ജെന്നി സംതൃപ്തിയോടെ നെടുവീർപ്പിട്ടു.

അന്ന് ചാവുകളുടെ ദിവസമായിരുന്നു. ആദ്യത്തെ തൊണ്ണൂറ് വയസ്സുള്ള അമ്മാമ്മ ചില്ലു വണ്ടിയിൽ കയറി പരിവാരങ്ങളോടെ യാത്രയായ പ്പോൾ ജെന്നി ഓട്ടോ വിളിച്ച് പുറപ്പെട്ടു. ഉച്ച കഴിഞ്ഞപ്പോഴേക്കും പൗഡറിന്റേയും, പെർഫ്യൂമിന്റേയും നാറ്റം കൊണ്ട് ജെന്നിക്ക് തല പൊട്ടിപ്പിളർന്നു. ഒരു ശവപ്പെട്ടിയിൽ കയറിക്കിടന്ന് മതി വരുവോളം ഉറങ്ങണമെന്ന് ജെന്നി ആഗ്രഹിച്ചു. ഉച്ചയുടെ പൊള്ളലിൽ നിന്ന് കയറിച്ചെല്ലുമ്പോൾ, ഊണു മുറിയിലെ സോഫയിൽ ഉറങ്ങിക്കിടന്ന മെറിലിനെ കണ്ട് ജെന്നിയുടെ ഉള്ള് തണുത്തു. മേശ മേൽ മൂടി വെച്ച ചോറും, മുട്ട പൊരിച്ചതും തണുത്തുറഞ്ഞു പോയിരുന്നു. ഒരു മാസവേദന വന്നാൽ ഇങ്ങിനെ കാണിച്ചു കൂട്ടുന്ന പെൺകുട്ടികളെ എങ്ങിനെയാണ് ജീവൻ സൃഷ്ടിക്കാൻ പരുവപ്പെട്ടുത്തേണ്ടതെന്നോർത്ത് അന്നേരം ജെന്നി വ്യാകുലമാതാവായി. തണുത്തുറഞ്ഞ ചോറ് വാരിത്തിന്ന് മെറിലിനിത്തിരി ചൂടുവെള്ളം ഉണ്ടാക്കി വിളിക്കാൻ ചെല്ലുമ്പോൾ സോഫയിലാകെ ചോരച്ചോപ്പ് പടർന്നിരിക്കുന്നത് കണ്ട് ജെന്നി അസ്വസ്ഥതപ്പെട്ടു.

പുതപ്പ് വലിച്ചെടുത്തപ്പോൾ മെറിൽ ഞെട്ടി എഴുന്നേറ്റു.

"നിനക്കെന്താ ഇതൊക്കെ ശ്രദ്ധിച്ചാല്? ഇനി ഇത് നീ തിരുമ്പി വെളുപ്പിക്കോ?'

തൊണ്ടയിൽ നിന്നും പുളഞ്ഞു വന്ന കൊഴുപ്പും വാക്കുകളെ മുറിച്ചത് കൊണ്ട് ജെന്നി അടുക്കളപ്പുറത്തേക്കോടി. ഉള്ളിൽ നിന്നും കൊട്ടക്കാറ്റുയരുന്നു. മഞ്ഞത്തിരമാലകൾ ആഞ്ഞുയരുന്നു....

ചെമ്മീൻ വളയുമ്പോലെ വളഞ്ഞ് മുറ്റത്തേക്ക് കുനിയുമ്പോൾ മെറിൽ വന്ന് പുറത്തു തടവി. അന്നേരം അവളുടെ കാലിൽ പറ്റിയിരുന്ന ചുവപ്പുകറ കണ്ട് ജെന്നിക്ക് ഉള്ളു കിടുത്തു.

'എന്തൊരറപ്പാണ് മമ്മിക്ക്....ഡാഡി പാവാ....ഇന്നാള് ഡാഡി എന്റെ മേലൊക്കെ തുടച്ച് വൃത്തിയാക്കി തന്നു. ഡാഡിക്ക് അറപ്പില്ല...'

കാലങ്ങൾക്ക് ശേഷം അന്ന് ജെന്നിക്ക് ദെണ്ണമിളകി.അലറിപ്പൊളിച്ചു കൊണ്ട് ആ വീടാകെ കീഴ്മേൽ മറിച്ച ശേഷം താൻ മരിച്ചു പോയെന്ന് ജെന്നി സ്വയം വിശ്വസിപ്പിച്ചു. അമ്മച്ചി എപ്പോഴാണ് കൊണ്ടു പോകാൻ വരുന്നത്? എവിടെയാണ് പൂക്കിരീടവും, മരക്കുരിശും കൊന്തയും നീതിയുടെ കണക്കുപുസ്തകം സൂക്ഷിക്കുന്ന മാലാഖ എപ്പോഴാണ് തെളിയുന്നത്?

കണ്ണ് തുറക്കുമ്പോൾ ആൻസിയുടെ വിളർത്ത മുഖം കണ്ട് ജെന്നി സ്വസ്ഥപ്പെട്ടു. ആൻഡ്രൂ വന്നപ്പോളൊക്കെ ജെന്നി മഞ്ഞ തിരമാലയിൽ മുങ്ങി. അഴുകി ദ്രവിച്ച പോത്തുകൾ വലിക്കുന്ന വണ്ടിയാണ് ആൻഡ്രൂ എന്ന് ജെന്നിക്ക് അപ്പോൾ തോന്നാൻ തുടങ്ങിയിരുന്നു. റമ്മിൽ പരാമർ കലക്കിക്കുടിച്ച് ചത്തുപോയില്ലായിരുന്നു എങ്കിൽ ആൻഡ്രൂവിന്റെ പോത്തും വണ്ടിയെ ജെന്നി ഏതെങ്കിലും കൊക്കയിലേക്ക് തള്ളി മറിയ്ക്കുമായിരുന്നു.

തെമ്മാടിക്കുഴിയിൽ അടക്കപ്പെട്ടുവെങ്കിലും ആൻഡ്രൂ ചമഞ്ഞൊരുങ്ങിയാണ് കുഴിയിലടങ്ങിയത്. അന്നുരാത്രി മെറിലിനെ കെട്ടിപ്പിടിച്ചു കിടക്കുമ്പോൾ ജെന്നി മമ്മിയെ ഓർത്ത് കരഞ്ഞു. ഉള്ളിൽ നിന്നും കൊമ്പുകുലുക്കി ചുര മാന്തിയിറങ്ങിയൊരു കാട്ടുപോത്ത് മുറിയിൽ വട്ടം ചുറ്റുന്നുണ്ടെന്ന് ജെന്നിക്ക് തോന്നി. ഒരു മീൻകൊട്ട കൊണ്ട് അമ്മച്ചി അതിനെ മൂടുന്നത് ജെന്നി കണ്ടു. പോത്തു മണത്തേക്കാൾ കൂടുതൽ ജെന്നി ചാവുമണം ഇഷ്ടപ്പെടാൻ തുടങ്ങിയത് അന്നു മുതൽക്കാണ്.

**റഹീമ തസ്നീം ഒ**
ഗവേഷക, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, തിരുച്ചിറപ്പള്ളി

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരങ്ങളിൽ
വിദ്യാർഥി വിഭാഗത്തിൽ സമ്മാനാർഹമായ കവിത

# ഞാൻ നനഞ്ഞ കടല്

അപ്പനെന്നും രണ്ടടിച്ചേച്ച്
ആടിക്കിതച്ച് വരുന്നതും കാത്ത്
അമ്മ വേലിക്കലൊടിഞ്ഞ് നിൽക്കും.
ഞാനപ്പോഴെനിക്ക് കിട്ടിയ
ആദ്യ പ്രണയലേഖനത്തിലെ
മൂന്നാം വരിയുടെ കട്ടിക്കറുപ്പിൽ
എന്നത്തേയും പോലെ ചുണ്ടുരയ്ക്കയാവും.
നിന്നിലേക്ക് മാത്രം നിവരുന്ന വഴിയെന്ന്
നൂറ്റി രണ്ടാം വട്ടം വായിക്കുമ്പോൾ
നിറയെത്തുടിപ്പുള്ള പുഴയാകും ഞാൻ.
നിന്റപ്പനാടീ മുഴുക്കുടിയനെന്നമ്മേടെ
നാഭിക്ക് തൊഴിച്ചപ്പൻ മുറ്റത്ത് നിന്ന്
പൂമീൻപെടപ്പ് പെടക്കും.
ഞാനപ്പോഴും പ്രണയപൂർവ്വം
നെഞ്ചേ, യെന്റെ കണ്ണേന്ന്
അകത്തെ വെട്ടത്തിൽ മൂളിപ്പാടുകയാവും.
ഇന്നലെ, ചെകിള വിടർത്തി
മേലോട്ടാർത്തു മറിഞ്ഞപ്പൻ
അമ്മേടെ മുതുക പിളർത്തിക്കുതിച്ചു.
മതി, ഇനിയില്ലെന്ന് പിണങ്ങിയൊരു
മീൻതുടിപ്പ് കൊഞ്ഞനം കുത്തി
അന്തിയിരുട്ടത്ത് വഴുക്കിയകന്നു.
എന്ന് നിന്റെ പ്രിയപ്പെട്ടവനെന്ന
വരി വായിച്ചു തീരാതിരുന്നെങ്കിലെന്ന്
ഞാനപ്പോൾ മെല്ലെ മെല്ലെ കിനിഞ്ഞൊഴുകി.
എന്ത് വിധിയപ്പാന്ന് പ്രാകി
വേലിക്കൽ നിന്നൊരു കടൽ
കോലായിലേക്കിരച്ചു കേറി.
എന്റെ പൊന്നേയെന്ന നനഞ്ഞൊരുമ്മ
പുളിച്ചു തികട്ടി കടല് നാറി.
നിന്നിലേക്ക് മാത്രം നിവരുന്ന വഴിയെന്ന്
ആയിരത്തിപ്പത്താം വട്ടം വായിച്ച്
വിടർന്നൊഴുകവേ
കോലായിലെ
രണ്ടിറ്റ് നനവ് കണ്ടന്റെ വഴിമുറിഞ്ഞു.
പറയാതെ പൊയ്ക്കളയുന്ന
മീൻപെടപ്പുകളെച്ചൊല്ലി
തലതല്ലിയാർക്കുന്ന മുതുമുത്തിക്കടലുകൾ
വാതിൽപടിയ്ക്കലെന്നെ കാത്തു കിടപ്പുണ്ട്.
എന്ന് നിന്റെ പ്രിയപ്പെട്ടവനെന്ന
അവസാനവരിയ്ക്കു മുന്നേയീ
പുഴ കിതച്ച് രണ്ടിറ്റ്കടലിനെ തുറ്റി.



**അശ്വതി കെ.**
ഒന്നാം വർഷ ഇംഗ്ലീഷ് ബിരുദാനന്തരബിരുദം,
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് കോഴിക്കോട്

സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരങ്ങളിൽ
വിദ്യാർഥി വിഭാഗത്തിൽ സമ്മാനാർഹമായ ലേഖനം

# ഭരണഘടനാമൂല്യങ്ങളുടെ സമകാലിക പ്രസക്തി വിലയിരുത്തുമ്പോൾ

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. അതിബൃഹത്തായ സാംസ്കാരിക പാരമ്പര്യങ്ങൾ, ഭാഷകൾ, സാഹിത്യം, മതങ്ങൾ, വൈജാത്യങ്ങൾ എന്നിവ കൂടിച്ചേർന്നതാണ് ഇന്ത്യ. വൈവിധ്യമാണ് ഇന്ത്യൻ ദേശീയതയ്ക്ക് ഐക്യവും അഖണ്ഡതയും നൽകുന്നത്. നാനാത്വത്തിൽ ഏകത്വം ഉയർത്തിപ്പിടിക്കുന്ന ഇന്ത്യയുടെ ബഹുസ്വരപ്രകൃതി എല്ലാറ്റിനെയും സ്വീകരിക്കാനും ഉൾക്കൊള്ളാനുമുള്ള സൗമനസ്യം പ്രതിഫലിപ്പിക്കുന്നു. മതം, ഭാഷ, പ്രദേശം, ഭൂമിശാസ്ത്രം എന്നിവയ്ക്കതീതമായി ഐക്യമെന്ന അടിസ്ഥാനശിലയിലാണ് നമ്മുടെ സാംസ്കാരിക സത്ത. ഒരു ജനാധിപത്യരാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം ഭരണഘടന വളരെ പ്രധാനപ്പെട്ടതാണ്. ഒരു രാജ്യത്തിന്റെ അടിസ്ഥാന നിയമസംഹിതയായ ഭരണഘടന ജനങ്ങളുടെ അവകാശങ്ങളിലും, സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമാണ്. വ്യത്യസ്തവിഭാഗങ്ങളെ ഏകോപിപ്പിക്കുന്ന ഇന്ത്യൻ ഭരണഘടന, സ്വാതന്ത്ര്യവും, സമത്വപൂർണ്ണവുമായ ഒരു ജനാധിപത്യ, മതേതര, സോഷ്യലിസ്റ്റ്, പരമാധികാര, ക്ഷേമരാഷ്ട്രം രൂപീകരിക്കുന്നതിനായി നിലകൊള്ളുന്നു. 1950 ജനുവരി 26നായിരുന്നു ഇന്ത്യൻ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നത്. ഭരണഘടന മുന്നോട്ടുവെക്കുന്ന മൂല്യങ്ങളാണ് സമത്വവും, സ്വാതന്ത്ര്യവും, നീതിയും സഹവർത്തിത്വവും. ഈ മൂല്യങ്ങൾ ഭരണഘടനയിലുടനീളം നമുക്ക് നിരീക്ഷിക്കാൻ സാധിക്കും.

"മൂല്യം മൂല്യവത്താകുന്നത് അതിന്റെ മൂല്യം നാം മൂല്യവത്താക്കുമ്പോഴാണ്" - മഹാനായ സാമൂഹികപരിഷ്കർത്താവായ ദയാനന്ദ സരസ്വതിയുടെ വാക്കുകളാണിവ. ഭരണഘടനാമൂല്യങ്ങൾ, തീർച്ചയായും മൂല്യവത്തായിത്തീരുന്നത് അത് ഇന്ത്യയിലെ ഓരോ പൗരനും തന്റെ ജീവിതത്തിൽ പകർത്തുകയും, ഭരണനിർവ്വഹണവിഭാഗവും, നീതിന്യായവ്യവസ്ഥയും നീതിയുക്തം പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളുടെ സമകാലിക പ്രസക്തി യേറി വരികയാണ്. നിലവിലെ ഇന്ത്യൻ സാമൂഹികപശ്ചാത്തലത്തിൽ ഭരണഘടനയുടെ അന്തസ്സത്തയ്ക്ക് മങ്ങലേൽപിക്കുന്ന നിരവധി പ്രതിസന്ധികൾ ചൂണ്ടിക്കാണിക്കാൻ കഴിയും. മൂല്യശോഷണം സംഭവിക്കുമ്പോഴാണ് മൂല്യങ്ങൾ നാം ഉയർത്തിപ്പിടിക്കേണ്ടത്.

ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ നീതിന്യായവ്യവസ്ഥ സംരക്ഷിക്കുന്നു. മൗലികാവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ മൂന്നാംഭാഗത്ത് 12 മുതൽ 35 വരെയുള്ള വകുപ്പുകളിൽ പ്രതിപാദിക്കുന്നു. അടിമത്തത്തിന്റെ നീണ്ട വർഷങ്ങളിൽ ബ്രിട്ടീഷ് ഭരണകൂടത്തിന് കീഴിൽ കഴിഞ്ഞ ഇന്ത്യൻ ജനതയ്ക്ക് സ്വതന്ത്ര ഇന്ത്യയിൽ മൗലികാവകാശങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ടെന്ന നിർദ്ദേശത്തോടെയാണ് 6 മൗലികാവകാശങ്ങൾ നിലവിൽ വന്നത്. സമത്വാവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണത്തിനെതിരായ അവകാശം, മതസ്വാതന്ത്ര്യത്തിനുള്ള അവകാശം, സാംസ്കാരികപരവും വിദ്യാഭ്യാസപരവുമായ അവകാശം, ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം എന്നിവയാണവ. ഇത്തരം അവകാശങ്ങളിലൂടെ ഭരണഘടന അർത്ഥമാക്കുന്നത്, അതിന്റെ മൂല്യങ്ങളും, ആശയങ്ങളും, അന്തസ്സത്തയും തന്നെയാണ്. ഇന്നത്തെ വ്യവസ്ഥിതിയിൽ കലാസാംസ്കാരിക രാഷ്ട്രീയമേഖലകളിൽ നിരവധി പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഭരണഘടനാമൂല്യങ്ങളുടെ ശോഷണമാണ് സംഭവിക്കുന്നത്. ഇവിടെ ഇത്തരം മൂല്യങ്ങൾ മൂല്യബോധത്തോടെ ഉയർത്തിപ്പിടിക്കാൻ ഇന്ത്യൻ ജനതയ്ക്ക് കഴിയണം. ഭരണഘടനയുടെ ആമുഖത്തിൽ തന്നെ തുല്യതയുടെയും, നീതിയുടെയും, സ്വാതന്ത്ര്യത്തിന്റെയും, സാഹോദര്യത്തിന്റെയും മൂല്യങ്ങളുടെ ചിത്രീകരണം കാണാം.



ജനാധിപത്യ അവകാശങ്ങൾ നിയമനിർവ്വഹണ-ഭരണനിർവ്വഹണ, നീതിനിർവ്വഹണ മണ്ഡലങ്ങളുടെ പരസ്പരപൂരകമായ പ്രയാണത്തിലൂടെ സംരക്ഷിക്കപ്പെടുമ്പോഴേ രാജ്യപുരോഗതി സാധ്യമാകൂ.  ഭരണഘടനാമൂല്യങ്ങളുടെ കാലികപ്രസക്തി പരിശോധിക്കുമ്പോൾ നിലവിലെ ഇന്ത്യൻ സാമൂഹിക പശ്ചാത്തലം വിലയിരുത്തേണ്ടതുണ്ട്.

സ്വതന്ത്രവും നീതിയുക്തവുമായ ഒരു സമൂഹമായിരിക്കണം എന്ന ആശയത്തോട് കൂടിയാണ് ഭരഘടന വിഭാവനം ചെയ്തിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ രാഷ്ട്രീയ തത്വശാസ്ത്രം പരിശോധിക്കുമ്പോൾ വ്യക്തിസ്വാതന്ത്ര്യത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്.  ഭരണഘടന മുന്നോട്ടുവെക്കുന്ന മൂല്യങ്ങളിൽ ഇന്നത്തെ കാലത്ത് ഏറ്റവും കൂടുതൽ ചർച്ചകൾക്ക് വിധേയമാകുന്ന വിഷയമാണ് ആവിഷ്കാര സ്വാതന്ത്ര്യം.  ഭരണഘടനയിലെ 19 മുതൽ 22 വരെയുള്ള വകുപ്പുകൾ സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉറപ്പുനൽകുന്നു. മറ്റുള്ളവരുടെ സ്വാതന്ത്ര്യങ്ങൾ ഹനിക്കാനും, ചിന്തിക്കുന്നതിനും ആവിഷ്കരിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമാണ് ശരിയായ സ്വാതന്ത്ര്യത്തിന്റെ നിർവ്വചനം.  സ്വാതന്ത്ര്യത്തിനുള്ള അവകാശം ഒരു വ്യക്തിയുടെ മൗലികാവകാശവും ഭരണഘടനയുടെ നട്ടെല്ലുമായി കണക്കാക്കുന്നു.  അഭിപ്രായസ്വാതന്ത്ര്യവും ആവിഷ്കാരസ്വാതന്ത്ര്യവും ഇന്ത്യൻ ഭരണഘടന ഇന്ത്യയിലെ എല്ലാ പൗരന്മാർക്കുമായി വിവേചനമില്ലാതെ തുല്യമായി മുന്നോട്ടുവെക്കുന്നു. ഇന്നത്തെ ഇന്ത്യയുടെ അവസ്ഥ പരിഗണിക്കുമ്പോൾ സ്വതന്ത്രമായി ചിന്തിക്കുന്നവർക്ക് നിലനിൽപില്ലാത്ത അവസ്ഥയാണെന്ന് കാണാൻ കഴിയും.

അസഹിഷ്ണുത ഇന്നത്തെ ഇന്ത്യയിൽ ഒരു മതം പോലെ വളർന്നുകൊണ്ടിരിക്കുകയാണ്. എതിരഭിപ്രായങ്ങൾ, സ്വാതന്ത്ര്യ ചിന്തകൾ, ഭിന്നവിശ്വാസങ്ങൾ, നിഷ്പക്ഷ മാധ്യമങ്ങൾ, സാഹിത്യം, കലാവിഷ്കാരങ്ങൾ, മറ്റു മതങ്ങൾ തുടങ്ങിയവയോടുള്ള അസഹിഷ്ണുത ഭരണഘടന ഉയർത്തിപ്പിടിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തിന്റെ



മൂല്യങ്ങളുടെയും ജനാധിപത്യസംഹിതയുടെയും ശൈഥില്യമായി നിരിക്ഷിക്കാൻ സാധിക്കും. അക്രമങ്ങളിലൂടെയും നിരോധന നടപടികളിലൂടെയും എതിരഭിപ്രായങ്ങളെ അടിച്ചമർത്തുന്ന കറുത്ത കാലഘട്ടത്തിലൂടെയാണ് ഇന്ത്യൻ സമൂഹം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. തങ്ങളുടെ വിശ്വാസവും, അഭിപ്രായവും അല്ലാതെ മറ്റെന്തും തെറ്റാണെന്ന് ചില മതസമുദായ സംഘടനകൾ വാദിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ ഇത്തരം മതമൗലികവാദികളെ പ്രോത്സാഹിപ്പിക്കുമ്പോൾ നമ്മുടെ സമൂഹം എങ്ങോട്ടാണ് പോകുന്നതെന്ന ആശങ്കാകുലമായ ചോദ്യം ഉയരുന്നു.

ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയ്ക്ക് പലപ്പോഴും ഇരയായിത്തീരുന്നത് കലാസൃഷ്ടികളാണ്. കലയും, സാഹിത്യവും മനുഷ്യമനസ്സിനെ ശുദ്ധീകരിക്കാനും, സമൂഹത്തിലെ തിന്മകൾക്ക് നേരെയുള്ള ശക്തമായ പ്രതിരോധ കവചമായി ഉയർത്തിപ്പിടിക്കാനും, സാമൂഹ്യ പുരോഗതി ലക്ഷ്യമാക്കാനും നാം നമ്മുടെ ജീവിതത്തോട് ചേർത്ത് പിടിക്കുന്നവയാണ്. എഴുത്തും സിനിമയും നാടകവും മറ്റേതൊരു സർഗസൃഷ്ടിയും മനുഷ്യരാശിയുടെ നന്മയാണ് മുന്നോട്ടുവെക്കുന്നത്. സ്വതന്ത്രാഭിപ്രായങ്ങളോടും, വിശ്വാസങ്ങളോടും, ജീവിതരീതികളോടുമുള്ള കൊടിയ അസഹിഷ്ണുത നിലനിൽക്കുന്ന ഇന്നത്തെ കാലത്ത് ജാതിമതസംഘടനകളുടെ അക്രമഭീഷണിക്ക് വഴങ്ങി പ്രദർശനാനുമതി തുടക്കത്തിൽ ലഭിക്കാതെ പോയ സിനിമയായിരുന്നു പദ്മാവത്. 13-14 നൂറ്റാണ്ടുകളിലായി ജീവിച്ചിരുന്ന രജപുത്രറാണി റാണി പദ്മാവതി (റാണി പത്മിനി) യുടെ ജീവിതത്തെ ആധാരമാക്കി സഞ്ജയ് ലീല ബൻസാലി സംവിധാനം ചെയ്ത സിനിമയായിരുന്നു 'പദ്മാവത്'. രജപുത്ര സാമുദായിക സംഘടനകളുടെ നിരന്തരമായ എതിർപ്പിനെ തുടർന്ന് 'പദ്മാവതി' എന്ന പേരിൽ നിന്നും 'പദ്മാവത്' എന്ന് മാറ്റേണ്ടിവന്നു. 16-ാം നൂറ്റാണ്ടിലെ സൂഫികവി മാലിക് മുഹമ്മദ് ജായസിയുടെ പത്മാവത് എന്ന ഗ്രന്ഥമായിരുന്നു സിനിമയ്ക്ക് ആധാരമായിത്തീർന്നത്. സർഗാത്മക ആവിഷ്കാരത്തിനും, അഭിപ്രായ പ്രകടനത്തിനും ഭരണഘടന ഉറപ്പ് നൽകുന്ന അവകാശത്തിന്റെ ഭാഗത്ത് ചേർന്ന് നിന്നുകൊണ്ട് സുപ്രീംകോടതി സിനിമയ്ക്ക് പ്രദർശനാനുമതി നൽകുകയുണ്ടായി. തീർച്ചയായും ഒരു സിനിമയെന്നത് നിരവധി പേരുടെ വിയർപ്പിന്റെയും കഠിനാധ്വാനത്തിന്റെയും സ്വപ്നത്തിന്റെയും ഫലമാണ്. ഒരു ചലച്ചിത്രം നിരോധിക്കണമെന്നാവശ്യപ്പെട്ട് നൂറോ ഇരുനൂറോ പേർ തെരുവിലിറങ്ങുമ്പോൾ അവിടെ ഉരുത്തിരിയുന്ന നീതിനിഷേധം ഈ അവസരത്തിൽ സുപ്രീംകോടതി നിരീക്ഷിച്ചു. എന്തെന്നാൽ നീതി എന്നത് ഏവർക്കും തുല്യമായി ലഭിക്കേണ്ടതാണ്. അസഹിഷ്ണുതയുടെയും, വൈരത്തിന്റെയും രാഷ്ട്രീയത്തിലേക്ക് ഇത്തരം സിനിമകളെ വലിച്ചിഴയ്ക്കുമ്പോൾ ജനാധിപത്യം എന്നത് വാക്കുകളിൽ മാത്രമായി ചുരുങ്ങുന്ന അവസ്ഥയാണ് ഇന്ന് ഇന്ത്യയിൽ സംജാതമായിരിക്കുന്നത്. എതിർപ്പും, വിയോജിപ്പുമുള്ളവർ തങ്ങൾക്ക് ഇഷ്ടമില്ലാത്തതൊന്നും കാണുകയും കേൾക്കുകയും ചെയ്യാതിരുന്നാൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകില്ലെന്നും കോടതിവിധി വ്യക്തമാക്കുന്നു. ജനാധിപത്യത്തിന്റെ ബഹുസ്വരതയും, വൈവിധ്യവും തകർക്കുന്ന രീതിയിലുള്ള സമാന സംഭവങ്ങളും നമ്മുടെ സമൂഹത്തിൽ ഉണ്ടായിട്ടുണ്ട്.

പെരുമാൾ മുരുകന്റെ 'മാതൊരുഭാഗൻ' എന്ന നോവലിനെതിരെ തമിഴ്നാട്ടിലെ ജാതിമതസംഘടനകൾ രംഗത്തെത്തിയതോടെ സ്വതന്ത്രമായി എഴുതിയിരുന്ന അദ്ദേഹത്തിന് തന്റെ എഴുത്ത് തന്നെ അവസാനിപ്പിക്കേണ്ട സ്ഥിതിയുണ്ടായി. ഇവിടെ ഭരണഘടനാമൂല്യങ്ങൾ വെല്ലുവിളി നേരിടുകയാണെന്ന് നിസ്സംശയം ചൂണ്ടിക്കാണിക്കാൻ കഴിയും. മലയാളിയായ സനൽകുമാർ ശശിധരൻ സംവിധാനം ചെയ്ത എസ്. ദുർഗ എന്ന സിനിമയ്ക്ക് തുടക്കത്തിൽ നൽകിയിരുന്ന സെക്സി ദുർഗ എന്ന പേര് മാറ്റേണ്ടിവന്നു. ദുർഗയ്ക്ക് നേരെ വാളോങ്ങിയത് സെൻസർബോർഡായിരുന്നു. ചരിത്രത്തെ വളച്ചൊടിച്ചെന്നും, ഇതിഹാസങ്ങളെ അപകീർത്തിപ്പെടുത്തുന്നുവെന്നും ആരോപിച്ച് മതമൗലിക ഫാസിസ്റ്റ് തീവ്ര ദേശീയവാദികള രംഗത്ത് വരുമ്പോൾ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന സംഹിതകൾ പാടേ തകരുകയാണ്. മലയാളിയായ എസ്. ഹരീഷിന്റെ അഞ്ച് വർഷത്തെ പരിശ്രമമായിരുന്നു 'മീശ' എന്ന നോവൽ. മീശ എന്ന നോവലിൽ അമ്പലത്തിൽ പോകുന്ന സ്ത്രീകളെ അപമാനിച്ചുവെന്നാരോപിച്ച് സംഘപരിവാർ സംഘടനകൾ രംഗത്തെത്തിയതോടെ എഴുത്തുകാരന് നോവൽ പിൻവലിക്കേണ്ടിവന്നു. ഭരണഘടന പ്രദാനം ചെയ്യുന്ന അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ നിർവീര്യവത്കരണമായി, മലയാ

ളസാഹിത്യം നൂറ്റാണ്ടുകൾ കൊണ്ട് നേടിയ സ്വാതന്ത്ര്യപദവിക്ക് നേരെയുള്ള വെല്ലുവിളിയായി സംഘപരിവാറിന്റെ ആക്രമണമനോഭാവം കാണാൻ കഴിയും. മനുഷ്യഭാവന അതിരുകൾക്കപ്പുറമാണ്. എന്ത് എഴുതണം, എങ്ങനെ ചിന്തിക്കണം എന്ന് ഒരുപറ്റം ആയുധധാരികൾ തീരുമാനിക്കുമ്പോൾ എങ്ങനെയാണ് ഇന്ത്യയിൽ ജനാധിപത്യം പുലരുക?

ബീഫ് കഴിച്ചു എന്ന പേരിൽ മനുഷ്യരെ കത്തിക്കിരയാക്കുകയും, മനുഷ്യജീവന് യാതൊരു വിലയും കല്പിക്കാതെ ജനങ്ങൾ തന്നെ നിയമം കൈയ്യിലെടുത്ത് കൈയ്യേറ്റം നടത്തുകയും ചെയ്യുന്ന നിരവധി അവസരങ്ങൾ ഉത്തരേന്ത്യൻ സംഭവങ്ങൾ കാണിച്ചുതന്നു. ഭക്ഷണശീലത്തെയും, വസ്ത്രധാരണത്തെയും, ആരാധനാരീതികളെയുമൊക്കെ ആക്രമിക്കുന്ന രീതിയിലുള്ള ഹിംസാത്മക പ്രത്യയശാസ്ത്രം വെച്ചുപുലർത്തുന്ന രീതികളോട്, മനോഭാവത്തോട് ഒരിക്കലും യോജിക്കാൻ സാധിക്കില്ല. എന്ത് കഴിക്കണം, എന്ത് ധരിക്കണം എന്നതൊക്കെയും വ്യക്തികളുടെ തികച്ചും സ്വകാര്യമായ കാര്യങ്ങളാണ്. അതിൽ നുഴഞ്ഞുകയറാൻ ആർക്കും അധികാരമില്ല. 2018ൽ ത്രിപുരയിൽ ലെനിന്റെ പ്രതിമ തകർക്കുയും അതിനെത്തുടർന്ന് നിരവധി പേർ രംഗത്തെത്തുകയും ചെയ്തു. ലെനിൻ എന്ന വ്യക്തിയുടെ ആശയങ്ങളോട് യോജിക്കാം, വിയോജിക്കാം എന്നാൽ പ്രതിമ തകർക്കുന്നതിലൂടെ അക്രമവും അസഹിഷ്ണുതയുമാണ് പുറത്തുവരുന്നത്. ഇത്തരം അസഹിഷ്ണുതയുടെ പ്രത്യയശാസ്ത്രത്തെ ശക്തമായി എതിർത്ത നിരവധി പുരോഗമന പ്രവർത്തകർ, മാധ്യമ പ്രവർത്തകർ കൊല്ലപ്പെട്ട സാഹചര്യവും ഇന്ത്യയിൽ ഉണ്ടായി. യുക്തിചിന്തകളും, പുരോഗമന ആശയങ്ങളും മുന്നോട്ടുവെക്കുന്നവരെ ആയുധം കൊണ്ട് കീഴടക്കുമ്പോൾ, ആശയങ്ങൾക്ക് മരണമില്ല എന്ന വസ്തുത മതവർഗീയവാദികൾ വിസ്മരിക്കുന്നു. നരേന്ദ്ര ധബോൽക്കർ, എം.എം. കൽബുർഗി, ഗൗരി ലങ്കേഷ്, ഗോവിന്ദ പൻസാരെ തുടങ്ങിയവർ കൊല്ലപ്പെട്ടു. മൂർച്ചയേറിയ എഴുത്തിലൂടെ സമൂഹത്തോട് സംവദിച്ചുകൊണ്ടിരുന്ന ഇത്തരം വ്യക്തികളെ ഇല്ലാതാക്കുന്നതിലൂടെ ആശയങ്ങളോട് ആയുധം കൊണ്ട് പൊരുതുന്ന ഭീരുത്വമാണ് കാണുന്നത്. ഭരണഘടനാ മൂല്യങ്ങൾ ഇവിടെയാണ് പ്രസക്തമാകുന്നത്. എന്തെന്നാൽ ഭിന്നാഭിപ്രായങ്ങളെ തുറന്നമനസ്സോടെ സ്വീകരിക്കുവാനും, അന്യന്റെ സ്വരം സംഗീതമായി ആസ്വദിക്കുവാനും എന്ന് നമുക്ക് കഴിയുന്നുവോ അന്ന് മാത്രമേ മൂല്യവത്തായ ഒരു ജനാധിപത്യ ഇന്ത്യ ഉയർന്നുവരികയുള്ളൂ. വർഗീയവാദവും, വിഘടനവാദവും, ഇന്ത്യയുടെ മതേതര ബഹുസ്വരത പ്രകൃതിയ്ക്ക് കോട്ടം മാത്രമേ ഉണ്ടാക്കുകയുള്ളൂ. കലാ-സാംസ്കാരിക സൃഷ്ടികൾ സമൂഹത്തെ നവീകരിക്കാനും, പ്രബുദ്ധതയുടെ വിത്തുകൾ, ആശയങ്ങൾ പകരാനും ഉതകുന്നതാണ്. അവയ്ക്ക് കൂച്ചുവിലങ്ങിടാൻ പാടുള്ളതല്ല. വ്യത്യസ്തജനവിഭാഗങ്ങളും, ഭാഷകളും, സംസ്കാരങ്ങളും, ആചാര രീതികളും ചേർന്നതാണ് ഇന്ത്യൻ ദേശീയത. സ്നേഹത്തിന്റെയും, സഹവർത്തിത്വത്തിന്റെയും, സഹിഷ്ണുതയുടെയും മൂല്യങ്ങളാണ് ഭരണഘടന ഉയർത്തിപ്പിടിക്കുന്നത്. "എല്ലായ്പോഴും പ്രകാശത്തിനുനേരെ നടക്കൂ, നിഴലുകൾ പിന്നിലേക്ക് മാറും"- വാൾട്ട് വിറ്റ്മാന്റെ വാക്കുകളാണിവ. മതമൗലിക വർഗീയതയുടെ നിഴലുകൾ ചവിട്ടിമെതിച്ചുകൊണ്ട് പ്രകാശപൂരിതമായ ജനാധിപത്യത്തിന്റെ നല്ല നാളെകളെയാണ് ഇന്ത്യയിൽ നാം പ്രത്യാശിക്കേണ്ടത്.

ഭരണഘടനയുടെ 23, 24 വകുപ്പുകൾ ചൂഷണത്തിനെതിരെയുള്ള അവകാശത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. വ്യക്തികൾക്കെതിരെയുള്ള ഇത്തരം ചൂഷണങ്ങളിൽനിന്നും ഇന്ത്യൻ ഭരണഘടന സംരക്ഷണം നലകുന്നു. ജാതിയുടെ പേരിലുള്ള അക്രമങ്ങളും സംഘർഷങ്ങളും ഇന്നത്തെ കാലത്തും തുടർന്ന് പോരുകയാണ്. ഈ അവസരത്തിൽ ഭരണഘടനയുടെ മൂല്യസംഹിതകൾ പ്രസക്തമാവുകയാണ്. ജാതിവ്യവസ്ഥയെ കുഴിച്ചുമൂടാതെ സമകാലിക ഇന്ത്യയിൽ ദളിത് ആദിവാസി വിഭാഗങ്ങൾക്ക് ജീവിക്കാൻ കഴിയില്ലെന്ന സ്ഥിതി പലപ്പോഴും സംജാതമായി. ദളിതരെ അല്ലെങ്കിൽ താഴ്ന്ന ജാതിക്കാരെ മർദ്ദിക്കാനും, കൊല്ലാനും വരെ ഉയർന്ന ജാതിക്കാർക്ക് അധികാരമുണ്ടെന്ന മട്ടിൽ കാര്യങ്ങൾ നടക്കുമ്പോൾ ഈ അവസ്ഥ തീർച്ചയായും അപലപനീയമാണ്. 3000 വർഷങ്ങളുടെ പഴക്കമുള്ള ജാതിവ്യവസ്ഥ ഭരണഘടനാപരമായും നിയമപരമായും പുറന്തള്ളപ്പെട്ടിട്ട് ഏഴ് ദശാബ്ദം പിന്നിടുന്നു. ഭരണ-സാമൂഹ്യവ്യവസ്ഥാ സംവിധാനങ്ങളിൽ ജാതിവ്യവസ്ഥ ആഴത്തിൽ വേരൂന്നുമ്പോൾ ഈ വേരുകൾ അറുക്കുക തന്നെ വേണം. രാജ്യത്ത് ഒരു ദിവസം എട്ട് ദളിത് സ്ത്രീകൾ ബലാത്സംഗത്തിനിരയാകുന്നു. നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോ (National Crime Records Buroeu) യുടെ കണക്കുപ്രകാരം 2018ൽ 239 ദളിതരാണ് കൊല്ലപ്പെട്ടത്. ദളിത് വിഭാഗത്തിനെതിരെയുള്ള അതിക്രമം 2009ൽ നന്ന് 2018 ആയപ്പോഴേയ്ക്കും 6 ശതമാനം വർദ്ധിച്ചു. 2019ൽ 11,829 ദളിത് അതിക്രമ കേസുകൾ ഉത്തർപ്രദേശിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇത്തരം കണക്കുകൾ നമ്മെ ഞെട്ടിക്കുന്ന തരത്തിലുള്ളതാണ്. ഇന്തയിൽ സ്വതന്ത്രമായി ജീവിക്കുവാനും, തൊഴിൽ ചെയ്യാനും, സംഘടിക്കുവാനും ഭരണഘടന എല്ലാ പൗരന്മാർക്കും തുല്യാവകാശമാണ് നൽകിയിരിക്കുന്നത്. ഭരണഘടനയുടെ ആശയങ്ങളായ നീതിയും, സമത്വവും ന്യൂനപക്ഷങ്ങൾക്കും സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട വിഭാഗത്തിനും ലഭിച്ചാൽ മാത്രമേ ജനാധിപത്യം പൂർണ്ണമാവുകയുള്ളൂ. മാത്രമല്ല, ഇന്ന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മനുഷ്യത്വരഹിതമായ നിരവധി കൊലപാതകങ്ങൾ അരങ്ങേറുന്നത് ദുരഭിമാനത്തിന്റെ പേരിലാണ്. ദുരഭിമാനക്കൊലകൾ വർദ്ധിക്കുമ്പോൾ അവിടെ മനുഷ്യജീവന് യാതൊരുവിധ വിലയുമില്ലാതായിത്തീരുന്നു. ജാതിയുടെ അടിസ്ഥാനത്തിൽ മനുഷ്യരെ വിലയിരുത്തുമ്പോൾ സമൂഹം എത്ര വലിയ അധഃപതനത്തിലേക്കാണ് പോകുന്നതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പരസ്പരം സ്നേഹിച്ച് വിവാഹം കഴിക്കുവാനും ജീവി



ക്കുവാനും തീരുമാനിക്കുന്നവർ നിരവധി ജാതിക്കോമരങ്ങളുടെ കൊലക്കത്തിക്കിരയാകുന്നത് ഇന്നത്തെ കാലത്ത് നിത്യസംഭവങ്ങളാകുന്നു. ഇവിടെ നമുക്ക് വേണ്ടത് സഹവർത്തിത്വത്തിന്റെയും സ്നേഹത്തിന്റെയും മൂല്യങ്ങളാണ്. അവ ജാതിയുടെയോ, മതത്തിന്റെയോ, ദേശത്തിന്റെയോ, അതിരുകളില്ലാതെ നാമേവരും ഒരൊറ്റ രാജ്യത്താണെന്നുള്ള ബോധത്താലും, സഹോദരന്മാരാണെന്ന ചിന്തയാലും കെട്ടിപ്പടുക്കേണ്ടതാണ്. ദുരഭിമാനക്കൊല, ദളിത്-ആദിവാസി വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ എന്നിവ ശക്തമായി ശിക്ഷിക്കപ്പെടണം.

ഭരണഘടനയിൽ 25 മുതൽ 28 വരെയുള്ള വകുപ്പുകളാണ് മതസ്വാതന്ത്ര്യത്തിനുള്ള അവകാശം പ്രതിപാദിക്കുന്നത്. ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യത്തിനുള്ള അവകാശം, തുടങ്ങിയവ മതസ്വാതന്ത്ര്യത്തിൽ ഉൾപ്പെടുന്നു. മതേതരത്വരാജ്യമായ ഇന്ത്യയിൽ എല്ലാ മതങ്ങളെയും തുല്യസ്ഥാനം നൽകിയാണ് പരിഗണിക്കുന്നത്. വ്യക്തിയുടെ മതസ്വാതന്ത്ര്യത്തിൽ ആരും ഇടപെടുന്നില്ല. എന്നാൽ പൊതുനന്മ പരിഗണിക്കുമ്പോൾ സാമൂഹ്യമായ ചില ദുഷ്കൃതികൾ പിഴുതെറിയുന്നതിനും, വിലക്കുന്നതിനും ഗവൺമെന്റിന് ഇടപെടാവുന്നതാണ്. ഇവിടെ ഭരണഘടനാ മൂല്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഏറെ പ്രസക്തമായിട്ടുള്ളതാണ് ശബരിമലയിലെ സ്ത്രീപ്രവേശനം. ശബരിമലയിൽ പുരുഷന്മാരെപ്പോലെ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കും ആരാധനയ്ക്കായി പോകാമെന്നതാണ് 2018 സെപ്തംബർ 28ന് സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് വിധിച്ചത്. ഭരണഘടനയുടെ അനുച്ഛേദം 14 പ്രകാരം രാജ്യത്തെ എല്ലാ പൗരന്മാർക്കും നിയമത്തിനുമുന്നിൽ സമത്വം/തുല്യനിയമസംരക്ഷണം ഉറപ്പ് നൽകുന്നു. അനുച്ഛേദം 15 ആകട്ടെ, വർഗം, മതം, ജാതി, ലിംഗം, ജന്മസ്ഥലം തുടങ്ങിയ കാരണങ്ങളാൽ ഭരണകൂടം പൗരന്മാരോട് വിവേചനം കാണിക്കാൻ പാടില്ലെന്ന് ഈ അനുച്ഛേദം വ്യവസ്ഥ ചെയ്യുന്നു. നമ്മുടെ ഇന്ത്യയ്ക്ക് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും, ജാതീയമായ ഉച്ചനീചത്വങ്ങളും നിറഞ്ഞ ഒരു ഭൂതകാലമുണ്ടായിരുന്നു. അവിടെ നിന്ന് നവോത്ഥാനത്തിന്റെ വെളിച്ചംവീശി സാമൂഹിക പരിഷ്കരണത്തിന്റെ പ്രകാശം തെളിച്ചത് നിരവധി നവോത്ഥാനനായകന്മാരായിരുന്നു. എന്നാൽ ആർത്തവകാലം അശുദ്ധമാണ് എന്ന് ചൂണ്ടിക്കാട്ടിയാണ് സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശനം ലഭിക്കാതിരുന്നത്. ആചാരാനുഷ്ഠാനങ്ങൾ ഏതുമാകട്ടെ, അത് മറ്റൊരു വ്യക്തിയുടെ സ്വാതന്ത്ര്യത്തിനെ ഹനിക്കുന്ന രീതിയിലാകരുത്. സ്ത്രീയുടെ ആത്മാഭിമാനം ഉയർത്തിപ്പിടിക്കുന്ന രീതിയിലുള്ളതായിരുന്നു നേരത്തേ സൂചിപ്പിച്ച സുപ്രീംകോടതി വിധി. കേസിലെ റിവ്യൂ ഹരജികൾ വിശാലബെഞ്ചിന് വിട്ടെങ്കിലും ശബരിമലയിലെ യുവതീപ്രവേശനം വിവാദങ്ങൾക്ക് തിരിതെളിയിക്കുമ്പോൾ, ഭരണഘടന ഉയർത്തിക്കാണിക്കുന്ന സമത്വം എന്ന വസ്തുത പരിഗണിക്കേണ്ടതാണ്. സ്ത്രീപുരുഷ സമത്വം എന്നത് നാമെപ്പോഴും കൊട്ടിഘോഷിക്കുന്ന കാര്യമാണ്. എന്നാൽ പലപ്പോഴും ഈ സമത്വം പ്രകടമായി സമൂഹത്തിൽ കാണാൻ കഴിയുന്നില്ല എന്നതാണ്




സത്യം. ഇന്ത്യൻ ഭരണഘടനയുടെ ഉപജ്ഞാതാവ് ബി.ആർ. അംബേദ്കർ സൂചിപ്പിച്ചതിങ്ങനെ:

"ഈ രാജ്യത്തെ മതവിശ്വാസങ്ങളുടെയും നിർദ്ദേശങ്ങളുടെയും വ്യാപ്തി വളരെ വലുതാണ്. ജനനം മുതൽ മരണം വരേക്കുമുള്ള എല്ലാ ഇടങ്ങളിലും ഇത് വ്യാപിച്ചിരിക്കുന്നു. മതസംബന്ധിയല്ലാതെ ഒന്നും തന്നെ അവശേഷിക്കാത്ത ഈ സാഹചര്യത്തിൽ അവയെല്ലാം അതേപടി നിലനിർത്തുകയാണെങ്കിൽ സാമൂഹിക വിഷയങ്ങളിൽ നമ്മൾ മുന്നോട്ടുപോകാതെ സ്തംഭിച്ചുനിൽക്കേണ്ടിവരും എന്നെനിക്കുറപ്പുണ്ട്. അതുകൊണ്ട് തന്നെയാണ് മതത്തിന്റെ കാര്യത്തിൽ ഏത് മതം സ്വീകരിക്കാനും അതിൽ വിശ്വസിക്കാനും അനുവാദം നൽകുമ്പോൾ തന്നെ സാമൂഹിക നീതി ഉറപ്പാക്കാൻ ഉതകുന്ന വിധത്തിൽ നിയമത്തിന് വിശ്വാസത്തിന്റെ പേരിലുള്ള അനീതികളിൽ ഇടപെടാനുള്ള സ്വാതന്ത്ര്യവും നൽകിയിരിക്കുന്നത്."

ഇവിടെ മതസ്വാതന്ത്ര്യത്തെയും, വിശ്വാസത്തിന്റെ പേരിൽ അരങ്ങേറുന്ന അനീതികളെ ചോദ്യം ചെയ്യാനും നമുക്ക് സാധിക്കുന്നതാണ്. ആർത്തവം എന്നത് ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം തികച്ചും ജൈവികമായ പ്രകൃതി നൽകിയ പ്രത്യുല്പാദനശേഷി കൈവരിക്കുന്നതിലേക്കുള്ള ചവിട്ടുപടിയാണ്. വിശ്വാസങ്ങൾ ഒരിക്കലും അടിച്ചേൽപിക്കേണ്ടതല്ല. എന്നാൽ കാലഹരണപ്പെട്ട വിശ്വാസത്തിന്റെ പേരിലുള്ള ആചാരങ്ങൾ പൊളിച്ചടുക്കുക തന്നെ വേണം. ഇത്തരം സങ്കുചിതമായ കാഴ്ചപ്പാടിൽ നിന്നും മാറി വിശാലമായ വീക്ഷണത്തിലേക്ക് മാറുമ്പോഴേ വിശ്വാസസമൂഹത്തിന് ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുകയുള്ളൂ.

"ജാതിയോ ജാതിയില്ലായ്മോ, വർഗമോ വർഗമില്ലായ്മോ ഏതു മനുഷ്യനോ ഏത് തരമോ, ഏത് സ്ഥാപനമോ ഒരു വ്യക്തിയുടെ സ്വതന്ത്രചിന്തയെ ചങ്ങലക്കിടുന്ന അതിനെ പൈശാചികം" എന്നാണ് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത്. സ്ത്രീകളുടെ വിശ്വാസം മുറിപ്പെടുത്തുന്നതും ആത്മാഭിമാനവും അന്തസ്സും താഴ്ത്തിക്കെട്ടുന്നതുമായ ഇത്തരം വികലവിശ്വാസങ്ങൾ മാറേണ്ടതുണ്ട്. ശുചീന്ദ്രം കൈമുക്ക്, സ്മാർത്ത വിചാരം, താലികെട്ട് കല്ല്യാണം, തിരണ്ടുകുളി, പുളികുടി തുടങ്ങി നിരവധി സാമൂഹിക തിന്മകൾ കേരളീയ സമൂഹത്തിൽ മുൻപ് നിലനിന്നിരുന്നു. കാലോചിതമായ മാറ്റങ്ങളാണ് നമുക്ക് ആവശ്യം. നവോത്ഥാനത്തിന്റെ വെളിച്ചം കൂടിയാണ് ഭരണഘടന പരോക്ഷമായി വിഭാവനം ചെയ്യുന്നത്. എന്തെന്നാൽ മഹത്തായ മാനവികതയും, മാനവരാശിയുടെ പുരോഗതിയും ഭരണഘടന മുന്നോട്ടുവെക്കുമ്പോൾ ശബരിമലയിൽ യുവതീപ്രവേശനം സാധ്യമാകേണ്ടതുണ്ട്. ഇതുവഴി കാലങ്ങളായി നിലനിന്നിരുന്ന പൊള്ളയായ വിശ്വാസങ്ങളെയും തിരുത്തിക്കുറിക്കേണ്ടതുണ്ട്.

ഭരണഘടനാമൂല്യവിരുദ്ധമായ സാഹചര്യങ്ങൾ നമ്മുടെ സമൂഹത്തിൽ ഉടലെടുക്കുമ്പോൾ തീർച്ചയായും അത് ചോദ്യം ചെയ്യപ്പെടുക തന്നെ വേണം. ഇവിടെ ഇന്ത്യയിൽ കേന്ദ്ര സർക്കാറിന്റെ കർഷക വിരുദ്ധ നിയമങ്ങൾക്കെതിരെ നിരവധി കർഷകർ സംഘടിക്കുകയുണ്ടായി. 2020 സെപ്റ്റംബറിൽ പാസ്സാക്കിയ മൂന്ന് കർഷക നിയമങ്ങളെച്ചൊല്ലിയായിരുന്നു കാർഷികസമരം. കാർഷികോല്പാദനവ്യാപാര-വാണിജ്യ പ്രോത്സാഹന നിയമം 2020 കാർഷികസേവന വിലസ്ഥിരത സംബന്ധിച്ച് കർഷകരുടെ (ശാക്തീകരണം, സംരക്ഷണം) കരാർ നിയമം, അവശ്യവസ്തു (ഭേദഗതി) നിയമം 2020 എന്നിവയാണ് വിവാദമായ മൂന്ന് നിയമങ്ങൾ. നാല്പതോളം കർഷകസംഘടനകൾ ഈ നിയമങ്ങൾക്കെതിരെ രംഗത്ത് വരികയുണ്ടായി. കർഷകരുടെ വാദങ്ങൾ ഇങ്ങനെയാണ്- സംസ്ഥാനങ്ങളിലെ എ.പി.എം.സി. നിയമം (Agriculture Product Market Committee) ഇല്ലാതായതോടെ കോർപ്പറേറ്റുകൾക്ക് ഏകദേശം ഒന്നരമടങ്ങ് വില മാത്രം വാങ്ങി ഉല്പന്നങ്ങൾ വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്നു. ഭാവിയിൽ ഇത് വീണ്ടും കുറയാൻ ഇടയാകും. ലൈസൻസും രജിസ്ട്രേഷനുമില്ലാത്ത വ്യക്തികൾ വ്യാപാര രംഗത്തേക്ക് വരുമ്പോൾ കർഷകർ ചതിക്കപ്പെടാനുള്ള സാധ്യതയേറുന്നു. കോർപ്പറേറ്റുകൾക്കും വൻകിട കച്ചവടക്കാർക്കും ലാഭം നൽകുന്ന രീതിയിൽ ഇന്ത്യൻ സാമ്പത്തികഘടനയുടെ അടിസ്ഥാനമായ കാർഷിക മേഖലയെ വിൽക്കുന്ന കേന്ദ്രസർക്കാർ നയങ്ങൾക്കെതിരെ ഡൽഹിയിൽ പ്രക്ഷോഭം കെട്ടടങ്ങിയിട്ടില്ല. അതിര് കാക്കുന്ന ജവാനും കതിര് കാക്കുന്ന കർഷകനും നാം പ്രാധാന്യം നൽകിയില്ലെങ്കിൽ അത് സമീപഭാവിയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതായിരിക്കും. കർഷകർക്ക് നീതിലഭിക്കുന്ന രീതിയിൽ നിയമങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ നയങ്ങൾക്കും സാധിക്കണം. എങ്കിൽ മാത്രമേ ഭരണഘടന അനുശാസിക്കുന്ന തുല്യനീതി കർഷകർക്ക് ലഭിക്കുകയുള്ളൂ. കാർഷിക മേഖലയെ കൈപിടിച്ചുയർത്തുന്ന രീതിയിലുള്ള ആസൂത്രിത പ്രവർത്തനങ്ങളും ഉണ്ടാകേണ്ടതുണ്ട്.

ഭരണഘടനയുടെ 14 മുതൽ 18 വരെയുള്ള വകുപ്പുകളിൽ പ്രതിപാദിക്കുന്ന സമത്വത്തിനുള്ള അവകാശം ഏറെ മൂല്യവത്തായതാണ്. ഭരണഘടനയിലെ 14-ാം വകുപ്പ് ഇപ്രകാരം പറയുന്നു. "ഇന്ത്യയ്ക്കകത്ത് ഒരു വ്യക്തിക്കും നിയമത്തിനും മുന്നിൽ സമത്വവും നിയമം മുഖേനയുള്ള തുല്യസംരക്ഷണവും നിഷേധിക്കരുത്". വിവേചനത്തിൽ നിന്നും സംരക്ഷണം (15-ാം വകുപ്പ്), അവസര സമത്വം (16-ാം വകുപ്പ്), തുടങ്ങിയവയും സമത്വത്തിനുള്ള അവകാശത്തിൽ ഉൾപ്പെടുന്നു. ഭരണഘടനയുടെ ഇത്തരം മൂല്യവത്തായ സമത്വ ആശയങ്ങൾക്ക് ഇന്ന് പ്രസക്തിയേറുന്നുണ്ട്. എന്തെന്നാൽ ഡിസംബർ 9ന് ലോക്സഭയും 11ന് രാജ്യസഭയും പൗരത്വഭേദഗതി ബിൽ (CAB) പാസ്സാക്കുകയും, നിയമപരമാക്കുകയും ചെയ്തിരിക്കുന്നു. ഇന്ത്യയിൽ അഭയം തേടുന്ന ഹിന്ദു, ക്രിസ്ത്യൻ, സിഖ്, പാഴ്സി, ജൈന, ബുദ്ധ മതവിഭാഗങ്ങൾക്ക് പ്രാധാന്യം നൽകുന്ന നിയമം ഇന്ത്യയിലെ ഏറ്റവും വലിയ ന്യൂനപക്ഷമായ മുസ്ലീം വിഭാഗത്തിനെ നിർദ്ദിഷ്ട ദേശീയ പൗരത്വ രജിസ്റ്ററിൽ നിന്നും ഒഴിവാക്കി. ആരാണ് പൗരൻ എന്ന ചോദ്യത്തിന് നെഹ്റുവിന്റെ ഉത്തരം "ഇന്ത്യയിലെ പൗരൻ എന്ന് സ്വയം വിശേഷിപ്പിക്കുന്ന ആരെയും നാം പൗരന്മാരായി സ്വീകരിക്കുന്നു എന്നായിരുന്നു." ഇത്തരം വിശാലമായ അർത്ഥത്തിൽ പൗരനെ നിർവ്വചിച്ചിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. പുതിയ നിയമങ്ങൾ നല്ലത് തന്നെ. പക്ഷേ അത് ഇന്ത്യയിലെ എല്ലാ വിഭാഗക്കാരെയും വിവേചനമില്ലാതെ ചേർത്തുനിർത്തുന്ന രീതിയിലുള്ളതായിരിക്കണം.

ഇന്നത്തെ കാലത്ത് പൗരാവകാശം ഹനിക്കപ്പെടുന്ന സാഹചര്യത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഭരണഘടനയുടെ മൗലികാവകാശങ്ങളിൽ, സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളിൽ ഏറ്റവും പ്രധാനം 21-ാം വകുപ്പ് ഉറപ്പ് നൽകുന്ന ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള അവകാശമാണ്. മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്താൻ കഴിയാത്തതും എന്നാൽ ജനങ്ങൾക്ക് ലഭിക്കേണ്ടതുമായ അവകാശങ്ങൾ ഭരണഘടനയുടെ നാലാം ഭാഗം 36-മുതൽ 51 വരെയുള്ള വകുപ്പുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിർദ്ദേശകതത്വങ്ങൾ എന്നറിയപ്പെടുന്ന ഈ ഭാഗം സമൂഹം എന്ന നിലയിൽ നാം സ്വീകരിക്കേണ്ട ലക്ഷ്യങ്ങളും മാർഗങ്ങളും രേഖപ്പെടുത്തിയിരിക്കുകയും, ഗവൺമെന്റ് സ്വീകരിക്കേണ്ട നയങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയും ചെയ്യുന്നു. മൗലികാവകാശങ്ങൾ പൗരന്മാരുടെ അവകാശങ്ങളെ സംരക്ഷിക്കുകയും നിർദ്ദേശകതത്വങ്ങൾ മൊത്തം സമൂഹത്തിന്റെ ക്ഷേമം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇവിടെ പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കുന്നതിൽ ഭരണകൂടം പിറകോട്ട് നിലക്കുമ്പോഴോ, അലംഭാവം കാണിക്കുമ്പോഴോ ഭരണഘടനയുടെ അന്തഃസത്ത ചോദ്യം ചെയ്യപ്പെടുകയാണ്. കാരണം ജനങ്ങൾ തെരഞ്ഞെടുത്ത രാജ്യത്തിന്റെ തലവനും, രാഷ്ട്രീയ പ്രതിനിധികളും (ജനപ്രതിനിധികൾ) ജനക്ഷേമത്തിനായാണ് നിലകൊള്ളേണ്ടത്. കോവിഡിന്റെ രണ്ടാംതരംഗം രാജ്യത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കുമ്പോൾ കോവിഡ് വാക്സിൻ നയവും കോവിഡ് മുൻകരുതലുകളും വലിയ ആശങ്ക സൃഷ്ടിക്കുകയാണ്.

ശാസ്ത്രസാങ്കേതിക രംഗത്തും, വൈദ്യമേഖലയിലും മറ്റ് രാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന രാജ്യമായി മാറിയിരിക്കുന്നു ഇന്ത്യ. കോവിഡിന്റെ ഒന്നാം തരംഗത്തിൽ, രണ്ടാം തരംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് വിദഗ്ധർ ഇന്ത്യൻ ഭരണകൂടത്തിന് നൽകിയിരുന്നുവെങ്കിലും കേന്ദ്ര ഭരണകൂടം അത് ഗൗരവമായി എടുത്തില്ല. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെയും ഇന്ത്യൻ ഗ്യാസ് അസോസിയേഷന്റെയും സഹായത്തോടെ ഓക്സിജൻക്ഷാമം പരിഹരിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല എന്നതാണ് വസ്തുത. ദേശീയതലത്തിൽ പൊതുജനാരോഗ്യകേന്ദ്രങ്ങളിൽ പോലും സാധാരണക്കാരും പാവപ്പെട്ടവരും തഴയപ്പെടുന്ന അവസ്ഥ. മരണവുമായി മല്ലിട്ടുകൊണ്ടിരിക്കുന്നവർക്ക്

പ്രാണവായു തടസ്സപ്പെടുത്തുന്നവരെ തൂക്കിക്കൊല്ലുമെന്നാണ് ഹൈക്കോടതി ഈയിടെ പ്രഖ്യാപിച്ചിരിക്കുന്നത്. ഡൽഹി ഹൈക്കോടതിക്ക് പുറമേ ബോംബെ, ഗുജറാത്ത്, മധ്യപ്രദേശ് തുടങ്ങിയ ഹൈക്കോടതികളും കേന്ദ്രസർക്കാറിന്റെ കോവിഡ് കാലത്തെ ആസൂത്രണപ്പിഴവിനെതിരെ രംഗത്തെത്തിയിരിക്കുന്നു. കോവിഡ് സുനാമിയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും കേന്ദ്രസർക്കാറും, സംസ്ഥാന സർക്കാറുകളും ഒരുമിച്ച് പ്രവർത്തിച്ചാലേ ഈ അടിയന്തിര സാഹചര്യം നേരിടാൻ കഴിയൂ. ജൻ ആന്തോളൻ കോവിഡ് 19 പരിപാടിയുടെ ഭാഗമായി ഇന്ത്യൻ ജനതയ്ക്ക് ശാസ്ത്രീയമായി വിജയിച്ച സുരക്ഷിതമായ വാക്സിൻ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇങ്ങനെ പ്രഖ്യാപിച്ച പ്രധാനമന്ത്രിക്ക് പുറമേ തുല്യനീതി ഉറപ്പുവരുത്തിക്കൊണ്ടുള്ള വിതരണ സമ്പ്രദായം ആരോഗ്യമന്ത്രിയും മുന്നോട്ടുവെച്ചു.  ഇന്ത്യ 84 രാജ്യങ്ങളിലേക്കായി 65 ദശലക്ഷം ഡോസ് വാക്സിൻ കയറ്റുമതി ചെയ്തതായി പറയപ്പെടുന്നു. എന്നാൽ ഇന്ത്യയിൽ ഇനിയും വാക്സിനേഷൻ കാൽഭാഗം പോലും നടന്നിട്ടില്ല. കോവിഡിന്റെ തീവ്രവ്യാപനത്തോടൊപ്പം വാക്സിനേഷൻ ക്ഷാമം രൂക്ഷമായതോടെ ജനങ്ങൾ ആകെ ആശങ്കാകുലരായിരിക്കുന്നു.  ഏത് വാക്സിനായാലും സൗജന്യമായാണ് ഇതുവരെ നൽകിവന്നത്. എന്നാൽ വാക്സിൻ ഡോസുകൾക്ക് സ്വകാര്യ വാക്സിൻ കമ്പനികൾ വലിയ വില ഈടാക്കുമ്പോൾ സാധാരണക്കാർക്ക് അത് വലിയ തിരിച്ചടിയായി മാറിയിരിക്കുന്നു. കോവിഡ് പ്രതിരോധ സംവിധാനത്തിലെ പിഴവ് കാരണം ഓക്സിജൻ ശരിയായ രീതിയിൽ ലഭിക്കാതെ നിരവധി രോഗികൾ പിടഞ്ഞ് മരിക്കുന്നു.  രഭണഘടന ഉയർത്തിപ്പിടിക്കുന്ന ജനക്ഷേമം എന്ന വസ്തുത പാടേ മറന്നുകൊണ്ടുള്ള ഭരണകൂടത്തിന്റെ അലംഭാവം മാറേണ്ടതുണ്ട്.  കേന്ദ്രസർക്കാർ വാക്സിനേഷൻ പൂർണ്ണമായും സൗജന്യമാക്കുകയും ഭരണനേതൃത്വം ശരിയായ രീതിയിൽ കോവിഡ് പ്രതിരോധാസൂത്രണം നടപ്പിലാക്കുകയും വേണം. പ്രാണവായും ലഭിക്കാതെ മനുഷ്യർ മരിക്കുന്ന ഭീകരാവസ്ഥ ഭാവിയിലുണ്ടാകാൻ പാടില്ല. പൗരാവകാശഹത്യയാണ് അത്. ഓക്സിജൻ, വാക്സിൻ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി താൽക്കാലിക ആശുപത്രികൾ സജ്ജമാക്കാനും ആരോഗ്യപ്രവർത്തകരും കേന്ദ്ര-സംസ്ഥാന ഭരണകൂടവും ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. പൊതുജനാരോഗ്യകേന്ദ്രങ്ങൾ വ്യാപിപ്പിക്കുകയും ആതുരശുശ്രൂഷ പാവപ്പെട്ടവർക്ക് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. നിലവിലെ മഹാമാരിക്കാലത്ത് പൗരാവകാശം ഹനിക്കപ്പെടുമ്പോൾ ഇവിടെ ഭരണഘടനാമൂല്യങ്ങൾ പ്രസക്തമാകുന്നതായി കാണാം. ഭരണകൂടം കണ്ണുതുറന്ന് ശരിയായ രീതിയിൽ സന്നിദ്ധഘട്ടങ്ങളിൽ നടപടികൾ കൈക്കൊള്ളേണ്ടതും അനിവാര്യമാണ്.

സ്വതന്ത്ര മാധ്യമപ്രവർത്തകർ നേരിടുന്ന വെല്ലുവിളികൾ ഇന്നത്തെ കാലത്ത് നിരീക്ഷിക്കാൻ കഴിയും. ഇത് തികച്ചും ഭരണഘടനാ വിരുദ്ധമാണ്.  കാരണം ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകമാണ് മാധ്യമങ്ങൾ.  പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്ക് സർക്കാർ വിലക്കേർപ്പെടുത്തുന്നത് അത് ഭരണകൂട





ത്തെ വിമർശിച്ചു എന്ന പേരിലാണ്. ഈയിടെ കവി സച്ചിദാനന്ദന്റെ ഫെയ്സ്ബുക്ക് അക്കൗണ്ട് മരവിപ്പിച്ച നടപടി തീർത്തും അപലപനീയാമണ്. ഭരണകൂടത്തെ വിമർശിക്കാനും തന്റേതായ അഭിപ്രായം രേഖപ്പെടുത്താനും ഭരണഘടന പ്രകാരം ഓരോ പൗരനും അവകാശമുണ്ട്. അത് തടയിടാൻ ഭരണരംഗത്തുള്ളവർക്ക് കഴിയില്ല. അവർ ജനപ്രതിനിധികൾ മാത്രമാണ്. ജനങ്ങളുടെ അവകാശങ്ങൾക്ക് മേൽ വിലക്കേർപ്പെടുത്താൻ ഭരണാധികാരിവർഗത്തിന് കഴിയില്ല. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നിഷ്പക്ഷ മാധ്യമപ്രവർത്തകരെയും സമകാലിക ഇന്ത്യ ആവശ്യപ്പെടുന്നു.

ജനാധിപത്യവും മതേതരത്വവും അവസരസമത്വവുമാണ് ഭരണഘടനയുടെ അന്തഃസത്ത. അത് തന്നെയാണ് ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ. വിഭാഗീയതയും സങ്കുചിത ചിന്തകളും താണ്ടി നാം ഒരുപാട് ദൂരം മുന്നോട്ട് പോയിട്ടുണ്ട്. ശാസ്ത്ര-സാങ്കേതിക മേഖലയിൽ നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇന്ത്യൻ സമൂഹം നേരിടുന്ന പ്രതിസന്ധികളും, വെല്ലുവിളികളും പരിഗണിക്കുമ്പോൾ ഭരണഘടനാമൂല്യങ്ങൾ അതിന്റെ ശരിയായ രീതിയിൽ പ്രതിഫലിപ്പിക്കാൻ കഴിയുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഏകീകൃത ഹിന്ദുത്വദേശീയബോധം, മതവർഗീയവാദികളുടെ വിഘടനനയം, അഴിമതി, കെടുകാര്യസ്ഥത, അധികാരദുർവിനിയോഗം, ദാരിദ്ര്യം, തൊഴിലില്ലായ്മ, ബാലവിവാഹം, നിരക്ഷരത, ഭീകരവാദം, ജനാധിപത്യവിരുദ്ധ ശക്തികളുടെ പ്രവർത്തനം, തുടങ്ങിയവയൊക്കെയും ഇന്ത്യൻ ജനാധിപത്യത്തിന് മേൽ കരിനിഴൽ വീഴ്ത്തുന്നു. പലപ്പോഴും ഗാന്ധിയൻ ആദർശങ്ങളും സമകാലിക ഇന്ത്യയിൽ ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുന്നു. അഹിംസയുടെയും സത്യത്തിന്റെയും സഹനത്തിന്റെയും പാതയിൽ സഞ്ചരിച്ച അദ്ദേഹം സമത്വത്തിന്റെയും സംശുദ്ധരാഷ്ട്രീയത്തിന്റെയും പാഠങ്ങളായിരുന്നു പകർന്നുതന്നത്. ഹിന്ദുത്വത്തിന്റെ പേരിൽ ഇന്ത്യയുടെ ഫെഡറൽ മതനിരപേക്ഷ സംസ്കാരത്തെ തകർക്കുന്ന ഒരു വിഭാഗം ഉടലെടുക്കുമ്പോൾ അത് തലമുറകളായി ഊട്ടിവളർത്തിയ ഭരണഘടനയുടെ ഉന്നതസാമൂഹിക, സാംസ്കാരിക, ആത്മീയമൂല്യങ്ങളുടെ അന്ത്യമായിരിക്കും. പരസ്പര സഹിഷ്ണുതയിലൂടെ ശക്തിപ്രാപിക്കുന്ന ജനാധിപത്യമാണ് സമകാലിക ഇന്ത്യയ്ക്ക് വേണ്ടത്. രാഷ്ട്രീയം എന്നത് രാജ്യപുരോഗതിയ്ക്കും ജനസംരക്ഷണത്തിനും ജനക്ഷേമത്തിനും വേണ്ടിയുള്ളതായിരിക്കണം. ജനാധിപത്യവ്യവസ്ഥിതിയെ ഉന്മൂലനം ചെയ്യുന്ന തരത്തിലുള്ള സ്ഥിതിവിശേഷങ്ങൾ ഉണ്ടാകുമ്പോഴൊക്കെയും ഭരണഘടനാമൂല്യങ്ങൾക്ക് പ്രസക്തിയേറുകയാണ്. ഇവിടെ ശക്തിയും, ദിശാബോധവുമുള്ള നേതാക്കൾ ഉയർന്നുവരണം. തീർച്ചയായും യുവത്വം സമൂഹത്തിലും, ഭരണപഥത്തിലും ക്രിയാത്മകമായി ഇടപെടേണ്ടതുണ്ട്. ഭരണഘടന അനുസരിച്ചുകൊണ്ട്, ഭരണഘടനയുടെ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു സമൂഹം നാം വാർത്തെടുക്കേണ്ടതുണ്ട്. പൗരന്മാരുടെ സ്വാതന്ത്ര്യം, സമത്വം, ക്ഷേമം തുടങ്ങിയ ഇത്തരം മൂല്യങ്ങൾ എല്ലാ കാലത്തും പ്രസക്തമാണ്. ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളേണ്ടതുണ്ട്. ഇത് പ്രകാരം നിയമനിർമാണസഭ, കാര്യനിർവ്വഹണവിഭാഗം, നീതിന്യായ വിഭാഗം, തുടങ്ങിയ വിഭാഗങ്ങൾ ഇന്ത്യൻ ജനങ്ങളുടെ ക്ഷേമത്തിനും വളർച്ചയ്ക്കുമായി പ്രവർത്തിക്കേണ്ടതുണ്ട്. പൗരന്മാർ എന്ന നിലയിൽ അവകാശങ്ങൾ മാത്രമല്ല, ഭരണഘടന അനുശാസിക്കുന്ന കടമകൾ കൂടി നമ്മിൽ നിക്ഷിപ്തമാണ്. വിദ്യാഭ്യാസവും, അറിവും ആർജ്ജിച്ച് അത് സാമൂഹിക നന്മയ്ക്കായി പ്രയോഗിക്കുവാൻ പുതുതലമുറയ്ക്ക് കഴിയണം. ഭരണഘടനാ മൂല്യങ്ങളും, ധാർമികതയും ഉയർത്തിപ്പിടിച്ചുകൊണ്ട് ദേശീയ അഖണ്ഡതയും, ഐക്യവും നിലനിർത്തേണ്ടതുണ്ട്. സമീപഭാവിയിൽ ഭരണഘടനാ മൂല്യങ്ങളിൽ അധിഷ്ഠിതമായ പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ-ജനാധിപത്യ റിപ്പബ്ലിക് ഇന്ത്യയെ വാർത്തെടുക്കുന്നതിനായി ഏവർക്കും കൈകോർക്കാം, പ്രത്യാശയോടെ അണിചേരാം.

**അഥീന യു.പി.**
ഒന്നാം വർഷ എം.എസ്.സി. അഗ്രി. എക്സ്റ്റെൻഷൻ
കാർഷിക സർവ്വകലാശാല, മണ്ണുത്തി


സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരങ്ങളിൽ
വിദ്യാർഥി വിഭാഗത്തിൽ സമ്മാനാർഹമായ ലേഖനം

# ഭരണഘടനാമൂല്യങ്ങളുടെ സമകാലിക പ്രസക്തി

നമ്മൾ ഭാരതത്തിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര സ്ഥിതിസമത്വ-മതനിരപേക്ഷ -ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന ഭ്രാതൃഭാവം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട്, നമ്മുടെ ഭരണഘടനാസഭയിൽ വെച്ച് 1949 നവംബറിന്റെ ഈ 26-ാം ദിവസം, ഈ ഭരണഘടനയെ ഏതദ്വാരാ അംഗീകരിക്കുകയും അധിനിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു." - ഇന്ത്യൻ ഭരണഘടനയുടെ ആമുഖമാണിത്. ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ചും രാഷ്ട്രസംവിധാനത്തെക്കുറിച്ചുമുള്ള ഏറ്റവും പ്രൗഢമായ പ്രസ്താവനയായി ഈ ആമുഖം പരിഗണിക്കപ്പെടുന്നു.

ഇന്ത്യയിലെ പരമോന്നത നിയമമാണ് ഇന്ത്യൻ ഭരണഘടന. രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്വങ്ങളുടെ നിർവചനം, ഗവൺമെന്റ് സംവിധാനത്തിന്റെ ഘടന, അധികാരങ്ങൾ, നടപടിക്രമങ്ങൾ, കർത്തവ്യങ്ങൾ, പൗരന്റെ മൗലികാവകാശങ്ങൾ, കടമകൾ, രാഷ്ട്രഭരണത്തിനായുള്ള നിർദ്ദേശകതത്വങ്ങൾ മുതലായവ ഭരണഘടന മുന്നോട്ടുവെക്കുന്നു. രാജ്യത്തിന്റെ മൗലികനിയമമാണ് ഭരണഘടന. രാജ്യത്തെ മറ്റെല്ലാ നിയമങ്ങളും ഭരണഘടനയെ അടിസ്ഥാനപ്പെടുത്തിയും അതിന്റെ അടിത്തറയ്ക്കുള്ളിൽ നിന്നുള്ളതുമാണ്. ലോകത്തെ എഴുതപ്പെട്ട ഭരണഘടനകളിൽ ഏറ്റവും വലുതാണ് ഇന്ത്യയുടേത്. ഇന്ന് ഈ ഭരണഘടന അതിരൂക്ഷമായി ആക്രമിക്കപ്പെടുന്നു. ജനാധിപത്യ സമ്പ്രദായത്തിന്റെ ഘടനാപരമായ പ്രതിസന്ധിയും ഭരണഘടനാമൂല്യങ്ങൾ നേരിടുന്ന അപചയപ്രവണതകളും മറികടക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ അത്യന്താപേക്ഷിതമായിരിക്കുന്ന ചരിത്രസന്ദർഭമാണിത്. രാഷ്ട്രീയപരമായി, പ്രൊഫ. ആന്റണി കിംഗ് 'ദി തിയേറ്റർ ഓഫ് സെലിബ്രിറ്റി' എന്ന് വിശേഷിപ്പിച്ച അവസ്ഥയിലാണ് ഇന്ത്യ. പുതിയ ഭരണത്തിനും ഭരണഘടന നിർമിക്കുന്നതിനും ആവശ്യമായ വോട്ടുകൾ ഒറ്റയ്ക്ക് നേടി എന്ന് കരുതപ്പെടുന്ന ഒരാളിന്റെ ആജ്ഞകൾ കേൾക്കുന്നതിനായി മന്ത്രിമാരും ഉദ്യോഗസ്ഥമേധാവികളും കാത്തുകെട്ടിക്കിടക്കുന്ന സാഹചര്യമാണ് നമ്മുടെ രാജ്യത്ത് ഉരുത്തിരിഞ്ഞിരിക്കുന്നത്.

ഇന്ത്യൻ ഭരണഘടന ഇന്ന് നേരിടുന്ന ഭീഷണികൾ ജനാധിപത്യത്തെത്തന്നെ തത്വത്തിൽ എതിർക്കുകയും വെറുക്കുകയും ചെയ്യുന്ന വിഭാഗങ്ങളിൽ നിന്നാണ്. ഈ വെറുപ്പ് പ്രധാനമായും നാല് തരത്തിലാണ് ഇന്ത്യയിൽ ആവിഷ്കരിക്കപ്പെടുന്നത്. ഒന്ന്- ഇന്ത്യയുടെ മതപരവും വംശീയവും ഭാഷാപരവും ദാർശനികവും സാംസ്കാരികവുമായ ബഹുസ്വരതയോടുള്ള അസഹിഷ്ണുത, രണ്ട് - വൈജാത്യങ്ങളെ അടിച്ചമർത്തൽ, മുഖ്യധാരാ ധൈഷണിക പ്രതിപക്ഷങ്ങളെ നിശ്ശബ്ദമാക്കൽ, സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങളെ നിരന്തരം തടസ്സപ്പെടുത്തൽ എന്നിവ ഫെഡറൽ രാഷ്ട്രീയ തന്ത്രഘടനയെ ദുർബലമാക്കുകയും അതുവഴി വർദ്ധിച്ച തോതിൽ അധികാരകേന്ദ്രീകരണം നടത്തുകയുമാണ് മൂന്നാമത്തെ രീതി. നാലാമതായുള്ളത് ജനാധിപത്യത്തിന്റെ ആത്യന്തികലക്ഷ്യമായി കണക്കാക്കുന്ന ദുർബലവിഭാഗങ്ങളുടെ, സ്ത്രീകൾ, കർഷകർ, തൊഴിലാളികൾ, ദളിതർ, ആദിവാസികൾ,



മത-വംശീയ-ലൈംഗിക ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനു നേർക്കുള്ള അലക്ഷ്യഭാവം കൊള്ളലാണ്. ഇവിടെയാണ് ഭരണഘടനാമൂല്യങ്ങളുടെ പ്രസക്തി വർദ്ധിക്കുന്നതും. നിരന്തരമായ ആവർത്തനങ്ങളിലൂടെ ജനാധിപത്യ-ഉള്ളടക്കം നഷ്ടപ്പെട്ട് കേവലമൊരു യാന്ത്രികാനുഷ്ഠാനം മാത്രമായി ജനാധിപത്യം മാറുമ്പോൾ അതിനെ വിമോചിപ്പിക്കാനും ശാക്തീകരിക്കാനും ഭരണഘടനാമൂല്യങ്ങൾ ആവശ്യമാണ്.

ഒരു വ്യവസ്ഥയെന്ന നിലയിൽ പാർലമെന്ററി ജനാധിപത്യത്തെ ചലനാത്മകമാക്കുന്നത് അതിനെ താങ്ങിനിർത്തുന്ന നിയമനിർമാണ സഭകൾ, ഭരണനിർവ്വഹണസംവിധാനം, നീതിനിർവ്വഹണസംവിധാനം, മാധ്യമങ്ങൾ എന്നീ നാല് നെടുംതൂണുകൾ തമ്മിലുള്ള പ്രതിപ്രവർത്തനമാണ്. സമീപകാല ഇന്ത്യയിൽ ഈ നാല് തൂണുകളും അധികാരദുർവിനിയോഗം, അഴിമതി, കെടുകാര്യസ്ഥത എന്നിവ കാരണം ഗുരുതരമായ അപചയത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. ഇന്ത്യൻ പാർലമെന്റ് മുൻകാലങ്ങളിൽ ഏറ്റവുമധികം സമയം ചെലവഴിച്ചിരുന്ന 'നിയമനിർമാണ ചർച്ചകൾ' എന്ന പ്രവർത്തനം ഇന്ന് ഇല്ലാതായിത്തീർന്നിരിക്കുകയാണ്. സാമൂഹ്യ-സാമ്പത്തിക മണ്ഡലങ്ങളിൽ വലിയ പ്രശ്നങ്ങൾക്ക് വഴിതെളിച്ച നോട്ട് പിൻവലിക്കൽ നടപടി ഇത്തരം വ്യവസ്ഥാപിതമായ സമ്പ്രദായങ്ങളുടെ ലംഘനമായിരുന്നു. കറൻസി നോട്ടുകൾ അച്ചടിക്കുന്നതിനും പിൻവലിക്കുന്നതിനുമെല്ലാമുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കാണെന്നിരിക്കെ അവയെ പാടേ നിരാകരിച്ചുകൊണ്ട് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ 2016 നവംബർ 8ന് പ്രധാനമന്ത്രി നോട്ട് നിരോധനം പ്രഖ്യാപിച്ചത് ഭരണഘടനാപരമായ കീഴ്വഴക്കങ്ങളുടെയും നിയമവ്യവസ്ഥകളുടെയും ലംഘനമായിരുന്നു. ഭരണഘടനയുടെ അനുഛേദം 75 അനുസരിച്ച് മന്ത്രിസഭകൾ കൂട്ടായി പാർലമെന്റിനോട് ഉത്തരവാദിത്തം പ്രകടിപ്പിക്കേണ്ടവരാണ്. എന്നിട്ടും പല പ്രശ്നങ്ങളിലും സർക്കാറിന്റെ നയം പാർലമെന്റിൽ പ്രഖ്യാപിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും വേണമെന്നുള്ള ആവശ്യം നിരാകരിക്കപ്പെടുകയാണ്. ശബരിമല വിഷയത്തിൽ 2018 നവംബർ 18ന് പരമോന്നത നീതിപീഠം പ്രഖ്യാപിച്ച വിധി ലംഘിക്കാൻ കേരളത്തിൽ സൃഷ്ടിക്കപ്പെട്ട കലാപസമാനമായ അന്തരീക്ഷം രാജ്യം ഭരിക്കുന്ന ഭരണകക്ഷി തന്നെയായിരുന്നു വരുത്തിവെച്ചത്. ആഭ്യന്തര അടിയന്തിരാവസ്ഥ നടപ്പാക്കിയ 70കളിൽ പോലും ചോദ്യം ചെയ്യപ്പെടാതിരുന്ന ഭരണഘടനാ സ്ഥാപനങ്ങളുടെ അസ്തിത്വം ഇന്ന് നിരന്തരം ചോദ്യം ചെയ്യപ്പെടുന്നു. ഭരണഘടനയുടെ ന്യായീകരണങ്ങൾ കണ്ടെത്തുന്നതിനുപകരം ഭരണവർഗം ഭരണഘടനയുടെ ആവശ്യം തന്നെയില്ല എന്നു പറയുന്നു. മനുസ്മൃതി നിയമമാക്കണമെന്നുള്ള സംഘപരിവാർ രാഷ്ട്രീയത്തിന്റെ ആവശ്യം നമ്മുടെ രാജ്യത്തെ നയിക്കുന്നത് ഫാസിസ്റ്റ് ഭരണകൂടത്തിന്റെ നാളുകളിലേക്കാണ്.

സ്വേച്ഛാധിപത്യത്തിന്റെ, 'മുകളിൽ നിന്നുള്ള അധികാരപ്രയോഗ രീതി'യെക്കാൾ താഴെ നിന്ന് ജനങ്ങളെ ജനാധിപത്യത്തിനും ഭരണഘടനയ്ക്കുമെതിരെ പ്രവർത്തിപ്പിക്കുന്ന രീതിയാണ് ഫാസിസത്തിന്റേത്. സ്വേച്ഛാധിപത്യം ജനങ്ങളുടെ പൗരാവകാശങ്ങളും അധികാരങ്ങളും റദ്ദ് ചെയ്തുകൊണ്ട് അധികാരപ്രയോഗം മുകളിൽ നിന്ന് കേന്ദ്രീകരിക്കുമ്പോൾ അധികാര കേന്ദ്രങ്ങൾക്ക് അടിയറവ് പറയുന്ന ജനങ്ങളെ താഴെ നിന്ന് അണിനിരത്തി ജനകീയ പ്രതീതി സൃഷ്ടിക്കുകയാണ് ഫാസിസം ചെയ്യുന്നത്. ഈ അധികാര പ്രയോഗത്തിൽ യഥാർ

ത്ഥത്തിൽ സംഭവിക്കുന്നത് ജന ങ്ങളുടെ ജീവിതാധികാരത്തിന്റെ സ്ഥാനത്ത് ഭരണകൂടത്തിന്റെ പ്രവർത്തനമാണ്. അതിനാൽ ഫാസിസ്റ്റ് ഭരണകർത്താക്കൾക്ക് സ്വന്തം പിണിയാളരെ മുന്നിൽ നിർത്തി ജനകീയ മുഖംമൂടി ധരിച്ചുകൊണ്ട് ഏത് ജനാധിപത്യ ധ്വംസനത്തോടും നിസ്സംഗത പുലർത്താൻ കഴിയും, ഏത് ജനാധിപത്യവിരുദ്ധ പ്രവർത്തനത്തിനും മൗനാനുവാദം നൽകാനും കഴിയും. ജനാധിപത്യ വിശ്വാസികളെ ഇളക്കിറിക്കുന്ന പല പ്രശ്നങ്ങളിലും നരേന്ദ്രമോഡി അടക്കമുള്ള ബിജെപി ആർഎസ്എസ് ഭരണകർത്താക്കൾ പുലർത്തുന്ന നീണ്ട മൗനങ്ങൾ ഇതിന്റെ തെളിവാണ്. പൂനെ ഫിലിം-ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയരക്ടർ നിയമനത്തെ തുടർന്നുണ്ടായ വിദ്യാർത്ഥി പ്രക്ഷോഭത്തോട് 2015ൽ കാണിച്ച അവഗണന, 2016 ജനുവരിയിൽ രോഹിത് വെമുലയുടെ ആത്മഹത്യയെ തുടർന്ന് ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നടന്ന സമരങ്ങളോടും അതിനുശേഷം ഡൽഹി ജെ.എൻ.യു.വിൽ നടന്ന പ്രതിഷേധങ്ങളോടും ഭരണകൂടം തുടർന്നു. ഏത് ജനാധിപത്യ പ്രക്ഷോഭത്തോടും ജനാധിപത്യ സംവേദന ശക്തി നഷ്ടപ്പെട്ട ഒരു ഫാസിസ്റ്റ് ഭരണകൂടത്തിന്റെ നിർവികാര സമീപനം തന്നെയാണ് സംഘപരിവാർ രാഷ്ട്രീയം പ്രകടിപ്പിക്കുന്നത്. വർത്തമാന രാഷ്ട്രീയ യാഥാർത്ഥ്യമായി ഭരണഘടനയ്ക്ക് നേരെ വെല്ലുവിളി ഉയർത്തുന്ന ഈ രീതിയെ ഉന്മൂലനം ചെയ്യാൻ ജനാധിപത്യത്തിൽ വിശ്വസിക്കുകയും അതിന്റെ പ്രക്രിയകളിൽ കൃത്യമായി പങ്കെടുക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിന് മാത്രമേ സാധിക്കുകയുള്ളൂ.

ജനങ്ങൾക്ക് ജനാധിപത്യത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ് 2013ൽ ഡൽഹിയിലെ സെന്റർ ഫോർ ദി ഡെവലപ്പിങ് സൊസൈറ്റീസ് നടത്തിയ പഠനം വെളിപ്പെടുത്തുന്നത്. ജനാധിപത്യത്തിന്റെ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം 83-ാമതാണ് എന്ന് ഫ്രീഡം ഹൗസിന്റെ 2020ലെ കണക്കുകൾ സൂചിപ്പിക്കുന്നു. പ്രമുഖ എഴുത്തുകാരനും സാമൂഹ്യപ്രവർത്തകനുമായ ശ്രീ. രാമചന്ദ്ര ഗുഹ 2015ൽ തന്നെ പ്രവചിച്ചതും നമുക്ക് മുന്നറിയിപ്പ് നൽകിയതും തെരഞ്ഞെടുപ്പ് മാത്രമുള്ള ജനാധിപത്യം എന്ന അപകടത്തിലേക്കാണ് ഇന്ത്യ പോയ്ക്കൊണ്ടിരിക്കുന്നത് എന്നാണ്. 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന മോഡിയുടെ പ്രസ്താവന നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യത്തെ എത്രത്തോളം ദുർബലപ്പെടുത്തുന്നതാണ് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്ന വിദ്യാഭ്യാസത്തിലൂടെ സാർവ്വത്രികമായ ജനാധിപത്യ അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള പാഠ്യപദ്ധതികളാണ് ഇത്തരമൊരു സാഹചര്യത്തിൽ രാജ്യത്തിനാവശ്യം. ഭരണഘടന മുന്നോട്ടുവെക്കുന്ന മൂല്യങ്ങളിലൊന്നായ 'ജനാധിപത്യ റിപ്പബ്ലിക്' എന്ന ആശയം നിലനിർത്താൻ അതിലൂടെ നമുക്ക് സാധിക്കും.

ഇന്ത്യൻ ഭരണഘടനയുടെ 25 മുതൽ 28 വരെയുള്ള അനുഛേദങ്ങൾ രാജ്യത്ത് വ്യത്യസ്തമതങ്ങൾക്ക് വളരാനും വികസിക്കാനുമുള്ള സാഹചര്യം ഉറപ്പുവരുത്തുന്നതാണ്. ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ അടിസ്ഥാന തത്വങ്ങളായി കണക്കാക്കുന്നവയാണ് മതേതരത്വം, ബഹുത്വം എന്നിവ. ഏകതയുടെ പേരിൽ മതപരമോ വംശീയമോ സാംസ്കാരികമോ ആയ മേൽക്കോയ്മകൾ ബോധപൂർവ്വം അടിച്ചേൽപിക്കാൻ ശ്രമങ്ങൾ ഉണ്ടായപ്പോഴൊക്കെയും ഇവിടെ സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്. നൂറ്റാണ്ടുകളായി സമാധാനപരമായ സഹവർത്തിത്വത്തിലൂടെ ബഹുത്വം അനുവർത്തിച്ചുപോന്ന ഇന്ത്യൻ ജനതയെ സംബന്ധിച്ചിടത്തോളം അതേറ്റവും സ്വാഭാവികമായ ജൈവ സ്വരൂപം തന്നെയാണ്. അതിനാൽ തന്നെ 'ഏകീകൃത സിവിൽകോഡ്' പോലെയുള്ള ആശയങ്ങൾ മതനിരപേക്ഷ-ബഹുത്വം എന്നീ മൂല്യങ്ങൾക്ക് നേരിടേണ്ടിവരുന്ന പ്രതിസന്ധിയായി കണക്കാക്കപ്പെടുന്നു. 2019 ആഗസ്റ്റ് 5ന് ജമ്മുകാശ്മീരിന് ലഭ്യമായിരുന്ന പ്രത്യേകപദവി നൽകുന്ന 370-ാം വകുപ്പും ആർട്ടിക്കിൾ 35 എ-യും ജമ്മു കാശ്മീർ പുനഃസംഘടനാ നിയമത്തിലൂടെ റദ്ദ് ചെയ്തു ഭരണഘടനയ്ക്കും ജനാധിപത്യത്തിനും ഫെഡറലിസത്തിനുമൊപ്പം മതേതരത്വം കൂടി നേരിടേണ്ടിവന്ന മിന്നലാക്രമണമായിരുന്നു. കാശ്മീർ ജനതയുടെ ഇച്ഛാശക്തിയെ തകർക്കുന്നതും ജനസംഖ്യാ ക്രമത്തെ മാറ്റിമറിക്കുന്നതുമായിരുന്നു ഈ നടപടികളുടെ അനന്തരഫലങ്ങൾ. പ്രത്യേക വിഭാഗങ്ങളെ ലക്ഷ്യംവെച്ച് പൗരത്വനിയമവും വിവാഹമോചന നിയമവും ഭേദഗതി ചെയ്തതും സംവരണം എടുത്തുകളയാനുള്ള നീക്കമാരംഭിച്ചിരിക്കുന്നതും സംഘപരിവാർ ഫാസിസത്തിന്റെ ഹിന്ദുത്വരാഷ്ട്ര അജണ്ടയുടെ ഭാഗമായിട്ടാണ് എന്നതിൽ തർക്കമില്ല. ഹിന്ദിയെ ദേശീയഭാഷയാക്കി തെറ്റായി അടയാളപ്പെടുത്തിക്കൊണ്ടും സംസ്കൃതം സ്കൂൾ തലം മുതൽ നിർബന്ധിതമായി പഠിപ്പിക്കാൻ തീരുമാനിച്ചുകൊണ്ടും ഭാഷാപരമായ ബഹുത്വത്തെ അപകടപ്പെടുത്തുന്നു. ഏറ്റവും പുതുതായി ദേശീയ വിദ്യാഭ്യാസ നയപരിഷ്കരണത്തിലൂടെ അറബിക് ഭാഷയെ ഒഴിവാക്കിക്കൊണ്ട് പകരം ജർമൻ, ഫ്രഞ്ച് ഭാഷകളെ വിദ്യാഭ്യാസ പദ്ധതികളുടെ ഭാഗമാക്കുന്നതും ഇതിന്റെ തുടർച്ച തന്നെയാണ് എന്ന് വേണം കരുതാൻ.

ശാസ്ത്ര സ്ഥാപനങ്ങളേയും സാംസ്കാരിക സംഘടനകളേയും രാഷ്ട്രീയാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന ഒരവസരവും പാഴാക്കാത്ത ഭരണകൂടമാണ് ഇന്ന് നമുക്കുള്ളത്. നാഷണൽ കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിങ് (NCERT), ഇന്ത്യൻ കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (ICHR), ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ആർട്സ് (IGNCA), ഭാരത് ഭവൻ (ഭോപ്പാൽ) തുടങ്ങിയ പൊതുസാംസ്കാരിക സ്ഥാപനങ്ങളെയെല്ലാം തന്നെ കഴിഞ്ഞ ഭരണകാലത്ത് ഒട്ടും ലജ്ജയില്ലാതെ തങ്ങളുടെ സമുചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിച്ച രാഷ്ട്രീയപാർട്ടിയാണ് ബിജെപി. കോവിഡ് മഹാമാരിയുടെ കാലത്തു പോലും ശാസ്ത്രാവബോധം ഒട്ടും പ്രോത്സാഹിപ്പിക്കാതെ ശാസ്ത്രസ്ഥാപനങ്ങളെ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പാതയിലേ



ക്ക് രാജ്യത്തിന്റെ ഭരണകൂടം തന്നെ നയിക്കുകയാണ്.

പ്രത്യയശാസ്ത്ര സംവാദങ്ങളെയും ആശയപരമായ ബഹുസ്വരതയെയും ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ന്യൂനപക്ഷങ്ങളേയും അവരെ സംരക്ഷിക്കാൻ ശ്രമിക്കുന്ന മനുഷ്യാവകാശപ്രവർത്തകരെയും ഭരണകൂടം വേട്ടയാടുന്നു. ധബോൽകർ, പൻസാരെ, കൽബുർഗി, ഗൗരി ലങ്കേഷ് എന്നിവരുടെ വധങ്ങളും വരവരറാവു, ഗൗത് നവ്‌ലാഖ, സുധാഭരദ്വാജ്, അരുൺ ഫെറേയ്റ എന്നിവരുടെ അറസ്റ്റും ഇതിനുദാഹരണമാണ്. ന്യൂനപക്ഷങ്ങളെയും അവർക്കൊപ്പം നിൽക്കുന്നവരെയും ആക്രമിക്കുന്നതിനുള്ള സ്വകാര്യ സേനകളെ സർക്കാർ തന്നെയാണ് പ്രോത്സാഹിപ്പിക്കുന്നത് എന്ന് നമുക്കറിയാം. സാമൂഹികമായ സമത്വം, ആശയാവിഷ്കാരത്തിനുള്ള സ്വാതന്ത്ര്യം എന്നീ ഭരണഘടനാമൂല്യങ്ങളെ കാറ്റിൽപറത്തിയാണ് ഇത്തരം അടിച്ചമർത്തലുകൾ നടത്തുന്നത്. സാമൂഹികവും ജാതീയവുമായ അസമത്വങ്ങൾ സംഘപരിവാർ ഭരണത്തിന് കീഴിൽ കൂടുതൽ ശക്തമാകുന്നു. അതിനെതിരെ പ്രതികരിക്കുന്നവരെ അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശം നൽകാതെ ഇല്ലാതാക്കുകയും ചെയ്യുന്നു. ആരോഗ്യകരമായ സംവാദങ്ങൾ നടത്തിയും അതിനെ അക്രമത്തിലൂടെ നേരിടുന്ന ഫാസിസത്തിനെതിരെ കൂട്ടമായി പ്രവർത്തിച്ചും മാത്രമേ ഈ ഭരണഘടനാമൂല്യങ്ങളെ തിരിച്ചുകൊണ്ടുവരാൻ സാധിക്കുകയുള്ളൂ. എഴുത്തുകാർ, പൗരാവകാശ പ്രവർത്തകർ എന്നിവരുടെ ഒന്നിച്ചുള്ള മുന്നേറ്റങ്ങളാണ് നമ്മുടെ രാജ്യത്തിനാവശ്യം.

ഇന്ത്യൻ ഭരണഘടന അതിന്റെ ആമുഖത്തിൽ സൂചിപ്പിച്ചിരിക്കുന്ന മറ്റൊരു മൂല്യമാണ് സാമ്പത്തികമായ സമത്വം. നമ്മുടെ ജനാധിപത്യവ്യവസ്ഥയ്ക്ക് ഉടരാനാവുന്നത് അതിന്റെ ലിബറൽ ചട്ടക്കൂടിന്റെ ബലംകൊണ്ടല്ല, മറിച്ച് ദരിദ്രരും ഗ്രാമീണരുമായ ഇന്ത്യൻ ജനത വിവിധതരം സ്വാതന്ത്ര്യങ്ങൾക്ക് വേണ്ടി നടത്തിയ നൂറുകണക്കിന് സമരങ്ങളിലൂടെ ശക്തിയാർജ്ജിക്കുകയും പരിണമിക്കുകയും ചെയ്ത അതിന്റെ ഉള്ളടക്കത്തിന്റെ ശക്തികൾ മൂലമാണ്. ഈ ശക്തികളാണ് അകത്തും പുറത്തുമുള്ള രാഷ്ട്രീയനിരീക്ഷകരുടെയും വരേണ്യ രാഷ്ട്രീയക്കാരുടെയും ബുദ്ധിജീവികളുടെയും മാധ്യമക്കാരുടെയും ഒക്കെ കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഗതി പലപ്പോഴും തിരിച്ചുവിട്ടിട്ടുള്ളത്. എന്നാൽ അവരിപ്പോഴും അധികാരം സ്ഥാപിക്കാൻ കഴിയാത്ത ഒരു കീഴാള ശക്തിയാണ് എന്നതാണ് സത്യം. തൊഴിലാളികൾക്ക് ന്യായമായ സേവന വേതന വ്യവസ്ഥകൾ ഏർപ്പെടുത്താതിരിക്കുകയും ഉണ്ടായിരുന്ന പരിരക്ഷകൾ ഇല്ലാതാക്കുകയും ചെയ്തത്, ട്രേഡ് യൂണിയൻ നിയമങ്ങൾ ഭേദഗതി ചെയ്തത് എല്ലാം തൊഴിലാളി ദ്രോഹത്തിന് ഊന്നൽ നൽകിയാണ്. കാർഷികമേഖലയെ പൂർണ്ണമായി തകർത്തതിന് ശേഷം കർഷകരെ കൃഷിയിൽ നിന്ന് പിന്തിരിപ്പിക്കുകയും വൻകിട കമ്പനികൾക്ക് വേണ്ടി കരാർ കൃഷികളിൽ ഏർപ്പെടുത്തുകയും ചെയ്യുന്നതിന് അനുയോജ്യമായ രീതിയിലുള്ള കർഷക ബില്ലും ഇതിന്റെ ഭാഗം തന്നെയാണ്. കൃഷി ലാഭമല്ലെന്നു വരുത്തിത്തീർത്ത് കർഷകരുടെ ഭൂമി കമ്പനികൾക്ക് കൈമാറാനുള്ള ശ്രമങ്ങളും ഭാവിയിൽ നടന്നേക്കാം. ചെറുവാണിജ്യമേഖലകളിൽ പോലും കുത്തകകളെ കൊണ്ടുവരാനുള്ള തീരുമാനങ്ങൾ 'സാമ്പത്തിക സമത്വം' എന്ന ഭരണഘടനാ മൂല്യത്തെയാണ് പ്രതികൂലമായി ബാധിക്കുന്നത്. മുതലാളിത്തത്തിൽ അധിഷ്ഠിതമായ, ഉദാരവത്കരണ-ആഗോളവത്കരണ-സ്വകാര്യവത്കരണ നയങ്ങളെ സോഷ്യലിസ്റ്റ്

സങ്കല്പത്തിന്റെ വീക്ഷണത്തിൽ ഭര ണഘടനാനുസൃതമായി കാണുവാൻ സാധിക്കുകയില്ല. സമ്പത്ത് ഒരു കൂട്ടം ആളുകളിൽ മാത്രം അടിഞ്ഞു കൂടുന്ന അവസ്ഥയ്ക്ക് കാരണമാകുന്ന സാമ്പത്തിക നയങ്ങൾക്കെതിരെ സാമ്പത്തിക സമത്വം, സോഷ്യലി സം എന്നീ ഭരണഘടനാമൂല്യങ്ങൾ പ്രസക്തമാകുന്നതും അതിനാലാ ണ്. മുതലാളിത്ത കുത്തകകൾക്ക് അവിഹിതമായി നൽകപ്പെടുന്ന ആനുകൂല്യങ്ങൾ തടയാനും അവരു ടെ അധിക മൂലധനം സമൂഹത്തിന് ഗുണകരമാകുംവിധം പുനർവിന്യസി ക്കാൻ വ്യവസ്ഥ ചെയ്യുംവിധമുള്ള നിയമനിർമാണങ്ങൾ നടത്തുകയും വേണം. ആദിവാസികളുടെയും ദളിതുകളുടെയും ഭൂമി പിടിച്ചെടുത്ത് കുത്തക കമ്പനികൾക്ക് നൽകുന്ന നടപടികള് അവസാനിപ്പിക്കേണ്ട തുണ്ട്. 2020 ഓഗസ്റ്റ് മാസം ആരം ഭിച്ച കർഷക ബില്ലിനെതിരായുള്ള പ്രക്ഷോഭം ഭരണഘടനാമൂല്യങ്ങളും വൈവിധ്യങ്ങളും ഫെഡറൽ സംവി ധാനവും തകർത്ത് ഹിന്ദുത്വശക്തി കളും കോർപ്പറേറ്റുകളും നടപ്പാക്കുന്ന നയങ്ങൾക്കെതിരെയുള്ള ഐതി ഹാസികമായ ഒരു ചെറുത്തുനിൽപു തന്നെയായിത്തീർന്നത് നമുക്കറി യാവുന്ന കാര്യമാണ്. തൊഴിലാളി വർഗങ്ങളേയും ന്യൂനപക്ഷങ്ങളേയും കുടിയിറക്കിക്കൊണ്ട് ഉയർന്ന വളർച്ചാനിരക്ക് നേടിയെടുക്കാനുള്ള മുതലാളിത്ത മൂലധനത്തെ സഹായി ക്കുന്ന ഭരണകൂടത്തിന്റെ 'സോഷ്യൽ എൻജിനീയറിംഗ്' രീതികൾക്കെ തിരെ 'സോഷ്യലിസം' എന്ന ഭരണ ഘടനാമൂല്യം ഉയർത്തിപ്പിടിച്ചുകൊ ണ്ടുതന്നെ നാം പ്രതികരിക്കണം.

ഭരണസംവിധാനത്തെ നിലയ്ക്ക് നിർത്താൻ ഉത്തരവാദിത്തമുള്ള എല്ലാ സ്ഥാപനങ്ങളും സംവിധാന ങ്ങളും ആസൂത്രിതമായി തകർക്ക പ്പെടുന്ന പ്രവണത ഏറ്റവുമധികം ബാധിച്ചിട്ടുള്ളത് ഇന്ത്യയുടെ നീ തിന്യായവ്യവസ്ഥയെയാണ്. പര മോന്നത നീതിപീഠത്തിൽ നിന്ന് മുതിർന്ന ന്യായാധിപർ ഇറങ്ങിവ ന്ന് ലോകത്തോട് വിളിച്ചുപറഞ്ഞത് ഇന്ത്യൻ ഭരണഘടനയുടെ അടിത്ത റയ്ക്കും അതിന്റെ സ്വതന്ത്രമായ നീ തിന്യായ വ്യവസ്ഥയ്ക്കും ഏൽക്കുന്ന ആഘാതത്തെക്കുറിച്ചായിരുന്നുവെ ന്നത് ഞെട്ടിക്കുന്ന വാസ്തവമാണ്. ഉത്തർപ്രദേശിലെ ഹാഥ്റസിൽ ലൈംഗികാക്രമണത്തിനിരയായി കൊല്ലപ്പെട്ട ദളിത് പെൺകുട്ടിയു ടെ മൃതദേഹം അനാദരിക്കപ്പെട്ട സംഭവം സ്ത്രീകൾക്കും താഴ്ന്ന ജാതി ക്കാർക്കും ന്യൂനപക്ഷങ്ങൾക്കും നീതി ലഭിക്കാത്ത അവസ്ഥയാണ് ഇന്ത്യയിൽ ഇപ്പോൾ നിലനിൽക്കു ന്നത് എന്ന് വ്യക്തമാക്കിത്തരുന്നു. ഇത്തരം വിവേചനങ്ങളോട് പോരാ ടാനും നമ്മൾ പൗരസമൂഹം മുന്നിട്ടി റങ്ങേണ്ടതുണ്ട്.

മതത്തെയും അധികാരത്തെ യും വിദ്വേഷത്തെയും കൂട്ടിക്കലർ ത്തി കാലഹരണപ്പെട്ട ദുരാചാര ങ്ങളെ ഉണർത്തി, ഭിന്നതയുടെയും അസ്വസ്ഥതയുടെയും വിത്ത് വാരി യെറിഞ്ഞ് രാഷ്ട്രത്തെ കടന്നാക്ര മിക്കുന്ന ശക്തികൾക്ക്, ഭരണഘട നാമൂല്യങ്ങൾ ഉയർത്തി മറുപടി പറ യേണ്ട കാലമാണിത്. ആഭ്യന്തര വൈരുദ്ധ്യങ്ങൾ പരിഹരിക്കാൻ പൗരസമൂഹത്തിനെ സഹായിക്കു ന്ന തരത്തിലുള്ള ക്രമീകരണങ്ങളെ വളർത്തിയെടുക്കേണ്ടതുണ്ട്. ജനാ ധിപത്യവും മൗലികാവകാശങ്ങളും സംരക്ഷിക്കാനുള്ള സമരങ്ങൾക്ക് വിദ്യാർത്ഥികളടക്കമുള്ളവരെ സജ്ജരാക്കുക എന്നതാണ് ഇതിൽ പ്രധാനപ്പെട്ട ഒരു പ്രതിരോധ മാർഗം. സ്വേച്ഛാധികാരത്തിന്റെ യുക്തികൾക്കും അടിച്ചമർത്തലുകൾ ക്കും വഴങ്ങുന്ന ഒരു തലമുറയായിരി ക്കരുത് ഇന്നിന്റേത്.

യഥാർത്ഥ ജനാധിപത്യവാദി കൾ ഭരണഘടന അനുശാസിക്കുന്ന രീതിയിൽ ജനാധിപത്യത്തെ വിപുലപ്പെടുത്തുന്നതിനെക്കുറിച്ചും സാമൂഹിക നീതിക്കുവേണ്ടിയുള്ള ജനകീയ ഇടപെടലുകളിലൂടെ അതി ന്റെ നിലവിലുള്ള പരിമിതികളെയും തടസ്സങ്ങളെയും മറികടക്കുന്നതി നെക്കുറിച്ചും നിരന്തരം ആലോചിച്ചു കൊണ്ടിരിക്കണം. ഭരണഘടനാപ രമായിത്തന്നെ മതേതരരാജ്യമായ ഇന്ത്യയിൽ വർഗീയരാഷ്ട്രീയത്തി ന്റെ സാന്നിദ്ധ്യത്തിന് നൽകാവുന്ന ന്യായീകരണങ്ങളെല്ലാം യഥാർ ത്ഥത്തിൽ പൊള്ളയാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഭിന്നവിശ്വാസങ്ങളെയും സംസ്കാ രങ്ങളെയും ഉൾക്കൊള്ളുന്ന വികേ ന്ദ്രീകൃതമായ ഒരു ജനാധികാര സങ്ക ല്പത്തിനു മാത്രമേ അനീതികളെ ചെറുക്കാനാകൂ. ഭരണകൂടം വെച്ചുനീ ട്ടുന്ന പരിമിതമായ അധികാരങ്ങളി ലൂടെയല്ല, ജനങ്ങളുടെ പ്രബുദ്ധമായ രാഷ്ട്രീയ ഇടപെടലുകളിലൂടെയാണ് അത് വികസിതമാകേണ്ടത്. ഈ ദിശയിൽ വിവിധ രാഷ്ട്രീയ ബഹു ജന പ്രസ്ഥാനങ്ങളുടെ നേതൃത്വ ത്തിൽ നടത്തുന്ന സംവാദങ്ങളെയും ചെറുത്തുനിൽപുകളെയും പ്രതീക്ഷ യോടെ തന്നെ കാണേണ്ടതുണ്ട്. മതന്യൂനപക്ഷങ്ങളും, തൊഴിലാളി കളും, കർഷകരടക്കം സാമൂഹിക നീതിയിൽ വിശ്വസിക്കുന്ന മുഴുവൻ ജനങ്ങളും ഭരണഘടനയെ തകർ ക്കാൻ ശ്രമിക്കുന്ന ഫാസിസ്റ്റ് ശക്തി കൾക്കെതിരെ ഒരുമിക്കേണ്ടതുണ്ട്. ഭരണഘടനാപരമായ സദാചാരം ഒരു സ്വാഭാവികവികാരമല്ല എന്നും അത് ജനങ്ങൾക്കിടയിൽ വളർ ത്തിയെടുക്കേണ്ടതാണെന്നും ഡോ. ബി.ആർ. അംബേദ്കർ പറയുന്നു. വിമോചനാത്മകമായ ധാർമ്മിക മൂല്യങ്ങൾ തിരിച്ചെടുക്കാനുള്ള ശ്രമ ങ്ങളും നിർണ്ണായകമായ ഫലങ്ങൾ ഉളവാക്കുന്നതായിരിക്കും.

ഇന്ത്യയുടെ ഇന്നത്തെ ഭരണ ഘടനയ്ക്ക് പോരായ്മകൾ ഉണ്ടാകാ്. അത് നമ്മുടെ ജനാധിപത്യപ്രക്രിയ യുടെ ഭാഗമായി പരിഹരിക്കാവുന്ന തുമാണ്. ജനാധിപത്യത്തിന്റെയും സമത്വത്തിന്റെയും സാമൂഹികനീ തിയുടെയും മതേതരത്വത്തിന്റെയും മൂല്യങ്ങൾ ഉൾക്കൊള്ളുന്ന പുരോ ഗമന ജനാധിപത്യവാദികളായ പൗരസമൂഹം അതിന് പ്രാപ്തരായി കഴിയുകയാണെങ്കിൽ അത് വളരെ യധികം എളുപ്പമുള്ളതായിത്തീരും. ഭരണഘടനയെക്കുറിച്ചുള്ള സാർവ്വ ത്രിക അവബോധം സൃഷ്ടിക്കുന്ന തിലൂടെയും, അതിന്റെ മൂല്യങ്ങൾ സംരക്ഷിക്കുന്നതിലൂടെയും ഇന്ത്യൻ ജനാധിപത്യം നേരിടുന്ന പ്രതിസ ന്ധികൾ കൂടി മറികടക്കുവാൻ സാ ധിക്കുകയാണെങ്കിൽ, പാശ്ചാത്യമു ഖ്യധാരാ രാഷ്ട്രമീമാംസക്ക് പോലും പൂർണ്ണമായി നിർവ്വചിക്കാൻ കഴി യാത്ത ഒരു ജൈവരാഷ്ട്രീയ ശക്തി യായി ഇനിയും ഉടരാൻ ഭാരതത്തി ന് കഴിയുമെന്നതിൽ തർക്കമില്ല.

**അഷ്ടമി ശങ്കർ**
ബി.എ. ഇംഗ്ലീഷ്, എം.ജി. കോളേജ്, തിരുവനന്തപുരം

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരങ്ങളിൽ
വിദ്യാർഥി വിഭാഗത്തിൽ സമ്മാനാർഹമായ ലേഖനം

# ഭരണഘടനാമൂല്യങ്ങളുടെ സാമൂഹിക പ്രസക്തി

നാം ജീവിച്ചുവരുന്ന ഈ ഭൂമിയിൽ ഓരോ വ്യക്തിയും ഗഹനമായി അറിഞ്ഞിരിക്കേണ്ട ഒരു വിഷയമാണ് ഇന്ത്യൻ ഭരണഘടനയുടെ വിശദരൂപങ്ങൾ.

ഇന്ത്യൻ ഭരണഘടനയുടെ മുഖ്യശില്പിയായ ഡോ. ബി.ആർ. അംബേദ്കർ വളരെ ദീർഘവീക്ഷണത്തോടെയാണ് നമ്മുടെ ഭരണഘടന രൂപപ്പെടുത്തിയെടുത്തത്.

1949 നവംബർ 26ന് ഭരണഘടന രൂപപ്പെടുത്താൻ നിയോഗിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റി ഭരണഘടന തത്വത്തിൽ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഓർമയ്ക്കായി എല്ലാ വർഷവും ഇന്ത്യയിൽ നവംബർ 26-ാം തീയതി ഇന്ത്യൻ നിയമദിനമായി ആചരിച്ചു വരുന്നു.

"നമ്മൾ ഭാരതത്തിൽ ജനങ്ങൾ...." എന്ന വാക്കുകളോടെയാണ് ഭരണഘടന ആരംഭിക്കുന്നത്. ഭരണഘടനയ്ക്ക് ആമുഖം തയ്യാറാക്കിയത് ശ്രീ. ജവഹർലാൽ നെഹ്റുവാണ്.

ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും, ഭാരതത്തിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ, സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും, വ്യക്തിയുടെ അന്തസ്സും, രാഷ്ട്രത്തിന്റെ ഐക്യവും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്യുന്നതാണ് നമ്മുടെ ഭരണഘടനയുടെ അന്തഃസത്ത.

വ്യത്യസ്തമായ ഭാഷകളും, വേഷങ്ങളും, സംസ്കാരങ്ങളും, വിശ്വാസങ്ങളും കൊണ്ട് സമ്പന്നമായ നമ്മുടെ രാജ്യത്തെ ജനങ്ങളുടെ എല്ലാവിധ അവകാശങ്ങളെയും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് നമ്മുടെ ഭരണഘടന രൂപപ്പെടുത്തിയിരിക്കുന്നത്. പൗരന്റെ അവകാശങ്ങൾ ഏതെങ്കിലും തരത്തിൽ ലംഘിക്കപ്പെടുന്നുവോ, ആ അവസരങ്ങളിലെല്ലാം ഭരണഘടനയുടെ പിൻബലത്തിലാണ് അവർക്ക് നിയമപരിരക്ഷ ലഭിക്കുന്നത്.

ഈ കാലത്തായി കേരളത്തിൽ ഏറെ ചർച്ചചെയ്യപ്പെട്ടിരുന്ന ഒരു വിഷയമായിരുന്നു ശബരിമല സ്ത്രീപ്രവേശം. വിശ്വാസ, ആചാരങ്ങളുടെ പേരിൽ 10നും 50നും ഇടയിൽ പ്രായമുള്ളവർക്ക് ശബരിമല പ്രവേശനം നിരോധിക്കപ്പെട്ടിരുന്നു. കീഴ്ക്കോടതികളിൽ പലവിധ വിധികൾ വന്നെങ്കിലും ഒടുവിൽ ഹൈക്കോടതി സ്ത്രീപ്രവേശനമാകാമെന്ന് വിധി പ്രസ്താവിച്ചു. ആ വിധി പ്രഖ്യാപിക്കുന്നതിനായി ഹൈക്കോടതി അവലംബിച്ചത് ഭരണഘടനാ ഡിവിഷൻ ബെഞ്ചിനെയാണ്. അതിന് കാരണം ഭരണഘടനയിൽ സ്ത്രീപുരുഷ സമത്വമാണ് മുഖ്യമായും പ്രതിപാദിച്ചിട്ടുള്ളത്.

നമ്മുടെ ഭരണഘടന പ്രകാരം നിയമത്തിന്റെ മുന്നിൽ എല്ലാവരും സമന്മാരാണ്. മതം, ജാതി, വർഗം, ലിംഗം, ജന്മസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ വിവേചനപൂർവ്വം പരിഗണിക്കാൻ നമ്മുടെ ഭരണഘടന അനുവദിക്കുന്നില്ല.

ഒരു പൗരന്റെ വ്യക്തിസ്വാതന്ത്ര്യത്തിന് വളരെയേറെ ഊന്നൽ നൽകിയിരിക്കുന്ന നമ്മുടെ ഭരണഘടനയും, അവയുടെ അനുഛേദങ്ങളും ഇന്ന് വ്യവഹാര കോടതികളിൽ പലപ്പോഴും ചർച്ചചെയ്യപ്പെടുന്നുണ്ട്. അവയുടെയൊക്കെ അന്തിമവിധികളും നമ്മുടെ ഭരണഘടനയെ മുൻനിർത്തിത്തന്നെയാകും.

ഏതെങ്കിലും വിഭാഗത്തിലുള്ള ജനങ്ങളെ തൊട്ടുകൂടായ്മ അഥവാ അയിത്തം എന്ന പേരിൽ മാറ്റി നിർത്തപ്പെടുകയോ അല്ലെങ്കിൽ ചൂഷണം ചെയ്യപ്പെടുന്നതോ നമ്മുടെ ഭരണഘടന പൂർണ്ണമായും നിഷ്കാസനം ചെയ്യുന്നു. അതുപോലെ തന്നെ ഓരോരുത്തരുടെയും ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കുമനുസരിച്ച് ജീവിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഭരണഘടന വിഭാവനം ചെയ്യുന്നു. ഒരു മതനിരപേക്ഷ രാജ്യമായ ഇന്ത്യയിൽ എല്ലാ മതങ്ങളെയും വിശ്വാസങ്ങളെയും പരസ്പരം അംഗീകരിക്കുവാനും സ്നേഹിക്കുവാനും, ഭരണഘടന പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു. എല്ലാവരുടെയും വിശ്വാസങ്ങളെയും ആചാരങ്ങളെയും സംരക്ഷിക്കപ്പെടുന്നതിനും അതിനു




ള്ള നിയമസംരക്ഷണം ഉറപ്പുവരു ത്തുന്നതിനും നമ്മുടെ ഭരണഘടന പ്രതിജ്ഞാബദ്ധമാണ്.

നിരായുധരായി, സമാധാനപര മായി ഒത്തുചേരാനുള്ള സ്വാതന്ത്ര്യം, സംഘടനകളും പ്രസ്ഥാനങ്ങളും രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം, ഇന്ത്യയിൽ ഉടനീളം സഞ്ചരിക്കാ നുള്ള സ്വാതന്ത്ര്യം, രാജ്യത്തിന്റെ ഏത് ഭാഗത്തും താമസിക്കുവാനും, നിലകൊള്ളുവാനുമുള്ള സ്വാതന്ത്ര്യം, ഇഷ്ടമുള്ള ജോലി മാന്യമായി ചെയ്യു ന്നതിനുള്ള സ്വാതന്ത്ര്യം എന്നിവ നമ്മുടെ ഭരണഘടനയുടെ ഏറ്റവും വലിയ പ്രത്യേകതയായി നാം കാ ണേണ്ടതുണ്ട്.

പൗരന്മാർക്ക് മൗലിക അവകാ ശം മാത്രമല്ല, മൗലികമായ കടമക ളും ഇന്ത്യൻ ഭരണഘടന ഓർമപ്പെ ടുത്തുന്നു. അവ ഇപ്രകാരമാണ്: ഭര ണഘടന അനുസരിക്കുക, ഭരണഘ ടനയേയും ദേശീയ പതാകയെയും ദേശീയഗാനത്തെയും ആദരിക്കുക, സ്വാതന്ത്ര്യസമരത്തിന് ഉത്തേജനു പകർന്ന ഉന്നതങ്ങളായ ആദർശ ങ്ങൾ പിന്തുടരുക, രാജ്യത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുക, രാജ്യവേസനത്തിനും രാജ്യരക്ഷാ പ്രവർത്തനങ്ങൾക്കും തയ്യാറാ കുക, മത-ഭാഷാ-പ്രദേശ-വിഭാഗ വൈജാത്യങ്ങൾക്ക് അതീതമായി ജനങ്ങൾക്കിടയിൽ സാഹോദര്യം വളർത്താൻ ശ്രമിക്കുക, രാജ്യത്തി ന്റെ മഹത്തായ സാംസ്കാരിക പൈതൃകത്തെ ബഹുമാനിക്കുക, പരിസ്ഥിതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക, വനം, തടാകം, നദികൾ, വന്യജീവികൾ എന്നിവയെ കാത്തുസൂക്ഷിക്കുക, ജീവനുള്ളവയോടെല്ലാം അനുകമ്പ കാട്ടുക, ശാസ്ത്രീയവീക്ഷണവും മാന വികതയും അന്വേഷണാത്മകതയും പരിഷ്കരണ ത്വരയും വികസിപ്പി ച്ചെടുക്കുക, പൊതുസ്വത്ത് സംരക്ഷി ക്കുക, അക്രമങ്ങൾ ഉപേക്ഷിക്കുക, എല്ലാ മണ്ഡലങ്ങളിലും മികവുകാട്ടി രാഷ്ട്രത്തെ ഔന്നത്യത്തിന്റെ പാത യിൽ മുന്നേറാൻ സഹായിക്കുക.

മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങ ളും അനുസരിച്ച് ജീവിക്കുവാനും, മനസ്സിലാക്കി പെരുമാറാനും കഴി ഞ്ഞാൽ രാജ്യസ്നേഹികളായ, ഉത്തമപൗരന്മാരെ വാർത്തെടുക്കു വാൻ നമ്മുടെ ഭരണഘടന വഴികാട്ടു ന്നുവെന്ന് നാം മനസ്സിലാക്കണം.

ഭരണഘടനാപരമായ അവ ബോധം ജനങ്ങളിൽ വളർത്തി യെടുക്കേണ്ടുന്നതായ ആവശ്യം അനിവാര്യമായ ഒരു ഘടകമാണ്. ഇതിനായി വിദ്യാഭ്യാസകാലത്ത് തന്നെ പാഠ്യവിഷയമായി ഭരണഘ ടനയുടെ പൂർണ്ണരൂപം ഉൾപ്പെടുത്തേ ണ്ടതാണ്. അതിലൂടെ രാജ്യസ്നേ ഹവും സാഹോദര്യസ്നേഹവും ചെ റുപ്രായത്തിലേ രൂപപ്പെടുത്തുവാൻ ഒരളവ് വരെ സഹായിക്കും.

നമ്മുടെ ഭരണഘടനയെക്കു റിച്ചുള്ള പൂർണ്ണമായ അറിവില്ലായ്മ യാണ് രാജ്യത്ത് നടക്കുന്ന പല അക്രമസംഭവങ്ങൾക്കും കാരണം. ഒരു വിഭാഗത്തിന്റേയോ, ഒരു വ്യ ക്തിയുടെയോ ആചാരാനുഷ്ഠാനത്തേ യോ, വിശ്വാസത്തേയോ ചോദ്യം ചെയ്യാൻ മറ്റൊരാൾക്ക് അവകാ ശമില്ലായെന്നും അത് അയാളുടെ സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്നും ഭരണഘടനയിൽ പറയുമ്പോഴും പല സന്ദർഭങ്ങളിലും ഇതിന് വിരു ദ്ധമായ പല നിലപാടുകളും ഉയർന്നു വരികയും പലപ്പോഴും അത് വലിയ സംഘർഷങ്ങളിലേക്ക് വഴിമാറുക യും ചെയ്തിട്ടുണ്ട്. എവിടെയൊക്കെ ഭരണഘടനാനിലപാടുകൾ ചോദ്യം ചെയ്യപ്പെടുന്നുവോ അവിടെയൊ ക്കെ രാജ്യവിരുദ്ധമായ സംഭവങ്ങൾ അരങ്ങേറുന്നു.

സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന കേരളത്തിൽ പോലും ഭരണഘടനയുടെ അന്തഃസത്തയെ ക്കുറിച്ച് പലരും ബോധവാന്മാരല്ല എന്നതാണ് സത്യം. എവിടൊക്കെ പൗരാവകാശ നിഷേധം ഉണ്ടാകു ന്നുവോ അവിടെയൊക്കെ അതിനെ തിരെ പ്രതികരണങ്ങളും, ചെറുത്തു നിൽപ്പും ഉണ്ടാകണമെങ്കിൽ ഓരോ വ്യക്തിയും നമ്മുടെ ഭരണഘടനാ തത്വങ്ങളെപ്പറ്റി ബോധവാന്മാരാ കേണ്ടതുണ്ട്. രാജ്യത്ത് ഉത്തമ പൗരന്മാരെ സൃഷ്ടിച്ചെടുക്കാനായി രൂപപ്പെടുത്തിയിട്ടുള്ള നമ്മുടെ ഭര ണഘടന ഒട്ടേറെ സവിശേഷതകൾ നിറഞ്ഞതുതന്നെയാണ്.

പരമാധികാര രാഷ്ട്രങ്ങളിലെ ലിഖിത ഭരണഘടനകളിൽ വെച്ച് ഏറ്റവും വലുതാണ് ഇന്ത്യൻ ഭരണ ഘടന. അതിന്റെ ഉള്ളടക്കത്തിലുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചുമുള്ള ബോ ധവൽക്കരണവും ചർച്ചകളും ഈ ആധുനിക കാലത്തിൽ അനിവാര്യ മായ ഒരു ഘടകം തന്നെയാണ്.



**തേജസ്വിനി പി.**
രണ്ടാം വർഷ ബിരുദാനന്തരബിരുദ വിദ്യാർത്ഥിനി, നെഹ്റു ആട്സ് & സയൻസ് കോളജ്
പടന്നക്കാട്, കാസർഗോഡ് ജില്ല.

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരങ്ങളിൽ
വിദ്യാർഥി വിഭാഗത്തിൽ സമ്മാനാർഹമായ കവിത

# കൊതി

രാവിലത്തെ മഴക്കാറുകണ്ട്
ഞാനും വെറുതേ കൊതിക്കും
വരുന്നത് വെയിലായിരിക്കും,
പലപ്പോഴും!


പല്ലികളുടെ പതനവും കാത്ത്
പൂച്ചകൾ താഴെ വെറുതേ വാപൊളിക്കും-
പറന്നുവരുന്നത് ഈച്ചകളായിരിക്കും
പലപ്പോഴും!

നടക്കാത്ത ആഗ്രഹങ്ങളോട്
കാലം കലഹിക്കും
പ്രതീക്ഷകളസ്തമിക്കുന്നിടത്ത്
ചോദ്യങ്ങൾ ഉണർന്ന്
ഉത്തരങ്ങളെ വേട്ടയാടുന്നു
ഉത്തരത്തിൽ നിറയെ
പല്ലികൾ മുറിച്ചിട്ട
വാലുകളായിരുന്നു
ചോദ്യങ്ങളിലാകട്ടെ
ഇരുണ്ട മോണകളിൽ കിളിർത്ത
കൂർത്ത പല്ലുകളും.
പിന്നീട്,
കണ്ണീർക്കയത്തിലാഴുംമുമ്പ്
സൂര്യരശ്മികൾ ദൈന്യമായി
തലോടുമ്പോൾ മഴവരും,
'ഉത്തരം താങ്ങികൾ'
എന്നഹങ്കരിക്കുമ്പോൾ
പല്ലികൾ നിലതെറ്റിവീഴും
'കൊതി'യാണ്-
തുടക്കങ്ങളെ ഒടുക്കങ്ങളും
ഒടുക്കങ്ങളെ തുടക്കങ്ങളുമാക്കുന്നത്!

**ഐശ്വര്യ വിജയൻ**
തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരങ്ങളിൽ
വിദ്യാർഥി വിഭാഗത്തിൽ സമ്മാനാർഹമായ കവിത

# പെണ്ണുടലുകൾ



പെണ്ണിന്റെ ഉടൽ അവളുടേതല്ല,
മറിച്ച് മറ്റുള്ളവരുടേതാണ്
അതിന്റെ അഴകളവുകൾ
നിശ്ചയിക്കുന്നതോ,
കാന്തക്കണ്ണുകളാൽ നോക്കുന്നതോ
അവളേക്കാളുപരി മറ്റുള്ളവർ
അളവുകൾ ഒരിക്കലും
കൂടുകയോ കുറയുകയോ അരുത്
രണ്ടും ഒരുപോലെ പരിഹാസ്യം
സ്വന്തം ഉടലിൽ ഒരുവൾ
അഭിമാനം കൊള്ളേണ്ടത്
സമൂഹവിചാരണകളുടെ കെട്ടഴിഞ്ഞതിനുശേഷം മാത്രം
വസ്ത്രം കൊണ്ട് മൂടിപ്പൊതിഞ്ഞാലും
കഴുകൻ കണ്ണുകൾ പിന്നാലെ കാണും
ഉടലുകൾ സംരക്ഷിക്കാൻ
ജീവത്യാഗം ചെയ്യുന്ന ആത്മാക്കൾ
അതേ, ഉടലുകൾ സംരക്ഷിക്കാൻ
ജീവത്യാഗം ചെയ്യുന്ന ജീവികൾ - പെണ്ണുങ്ങൾ

**അഭിരാമി ഇ**
എം എസ് സി അപ്ലൈഡ് സൈക്കോളജി, ഇന്ദിരാഗാന്ധി നാഷണൽ
ട്രൈബൽ യൂണിവേഴ്സിറ്റി മധ്യപ്രദേശ്

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരങ്ങളിൽ
വിദ്യാർഥി വിഭാഗത്തിൽ സമ്മാനാർഹമായ കവിത

# പല്ലി രാഷ്ട്രം



പല്ലികളും ഉറുമ്പുകളും
ചുവരുകളും മേൽക്കൂരകളും
കൈയ്യടക്കാനുള്ള
മത്സരത്തിലാണ്.
ഒരു ദിനം
ചുവരുനിറയെ
ചുവചുവന്ന ചോണനുറുമ്പുകൾ
തമ്മിൽ സൊറ പറയുന്നു. മറ്റൊരു ദിനം
മേൽക്കൂര നിറയെ പല്ലികൾ
പാറ്റചിറകുകളെ അരിഞ്ഞിടുന്നു.
പെട്ടന്നൊരു ദിനം പ്രഖ്യാപനം വന്നു.
സൊറ പറയുന്നത് ശിക്ഷാർഹം
പാറ്റചിറകുകൾ അരിഞ്ഞിടുന്നത് സമ്മാനാർഹം.
പിന്നീട്
വീട്ടിൽ നിറയെ പല്ലികളായിരുന്നു.
അമ്മയുടെ
സാരിക്കുള്ളിലും
അച്ഛന്റെ
മുണ്ടിനുള്ളിലും.
ഞങ്ങൾ വീടുമാറി.
നാട് മാറി.
രാജ്യം തന്നെ മാറി.
ഇന്നത്
പല്ലി രാഷ്ട്രമാണ്.

**ശ്രീപ്രിയ കെ.**
മലയാള വിഭാഗം, ഗവ. കോളേജ് ചിറ്റൂർ, പാലക്കാട്

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ
സാഹിത്യമത്സരങ്ങളിൽ അധ്യാപക വിഭാഗത്തിൽ
സമ്മാനാർഹമായ കവിത

# ഒഴിഞ്ഞ കവിതകൾ

സ്വപ്നം കൊണ്ട്
മിന്നലേറ്റ ഒരുത്തി
കവിതകളുടെ
മലകൾ സൃഷ്ടിക്കാറുണ്ടായിരുന്നു
പച്ചച്ച ജീവിതത്തിന്റെ നടുക്ക്
കറുത്ത മിഴിവില്ലാത്ത
അക്ഷരങ്ങളെ
കോറിയിട്ട്
അത് ചിലപ്പോൾ
നീണ്ട കഞ്ഞി വെള്ളത്തിലെ
ചോറ്റിൻ വറ്റുപോലെയോ
പിഞ്ഞല് കൂട്ടിത്തുന്നിയ
പുള്ളിപ്പാവാട പോലെയോ
വീണ്ടും വീണ്ടും
പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു
അവളാകട്ടെ
ആകാശത്തിന്റെ തുമ്പിലിരുന്ന്
ആൾക്കൂട്ടത്തിന്റെ
നെറുകയിലേക്ക്
ചുവടുകൾ വെക്കുന്ന
കറുത്ത സ്വപ്നത്തിലേക്ക്
ഇടക്കിടെ
വഴുക്കലിച്ചു പോയപ്പോൾ
ആരൊക്കെയോ ചേർന്ന്
ഒളിവിലും തെളിവിലും വെച്ച്
ഇവർക്കൊക്കെ എന്തു സുഖമാ
എന്ന അടക്കം പറച്ചലിൽ
ഉറങ്ങു പോയ
കട്ടച്ച ഇരുട്ടിനെ
പുകമറകൾക്കിടയിൽ
ഛർദ്ദിച്ചു കൊണ്ടേയിരുന്നു
അപ്പോഴൊക്കെ
ഭൂമി രണ്ടാവുന്നതും
നിനവുകളിലേക്ക്
വീണ്ടുമരിച്ചെത്തുന്ന
കടും നിറങ്ങൾ
മാഞ്ഞു പോവുന്നതും
കാറ്ററിഞ്ഞു
സ്വപ്ന സഞ്ചാരത്തിന്റെ
ഏഴാം യാമങ്ങളിൽ
കറുപ്പുടുത്ത്
ഉറക്കുപാട്ടിന്റെ
കടുംതുടികളിൽ
പെറാൻ മറന്ന
ആയിരം കവിതക്കുഞ്ഞുങ്ങളെ
കശക്കിയുടച്ച്
ഉണർച്ചയിലേക്ക്
ഉന്തിയിട്ടത്
നീയല്ലേ
നീ മാത്രമല്ലേ

**സുബിൻ അയ്യമ്പുഴ**
എം എ. താരതമ്യ സാഹിത്യം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല കാലടി

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരങ്ങളിൽ
വിദ്യാർഥി വിഭാഗത്തിൽ സമ്മാനാർഹമായ കഥ

# ദുരൂഹമായ ഒരു രാത്രിയുടെ മരണം

ക്ഷീണം ഭാരമേറിയ കൺപോളകൾ, അതിനുമുകളിലായി നേരം ഇരുട്ടി കറുത്തപോയ മലനിരകളെപോലെ നീണ്ട പുരികങ്ങൾക്കിടയിൽ അസ്തമയ സൂര്യൻ ചുവന്നിരുന്നു. കലങ്ങി ഒഴുകുന്ന കണ്ണുകൾ പോലെ സൂര്യനും മുഖമാകെ ഒഴുകിയിരുന്നു. ആ ജലകണമേറ്റു നനഞ്ഞുമരവിച്ച മനസ്സും ശരീരവും ഇപ്പോൾ പൂർണ്ണമായും നഗ്നമായ സത്യം എഴുതികൊണ്ടിരുന്നു. 'മടുത്തു' എന്ന വാക്ക് പലയിടുത്തും അവൾ ആവർത്തിച്ചു. ഏറെ ആസ്വസ്ഥമായി തീർന്ന എഴുത്തിന് സാക്ഷിയായി അവൾക്കു പുറകിൽ സ്തംഭിച്ചു നിന്ന ഋക്കുകയർ വിധിയെ പഴിച്ചുകൊണ്ട് പതുക്കെയാടി. എത്രയെഴുതിയിട്ടും മന:ശാന്തി ലഭിക്കാതെ വീട്ടുമുറ്റത്ത് ഗതികിട്ടാതെ അലഞ്ഞിരുന്ന പ്രേതാത്മാവായ തന്റെ ഭർത്താവിനെ മനസിലോർത്തു. കലങ്ങിയ കണ്ണുകളിൽ വീണ്ടും ജലപ്രവാഹം. വിവാഹശേഷം സ്വപ്നങ്ങളിൽ പോലും ചായം പൂശിയ ചിത്രങ്ങൾ കാണുവാൻ കഴിഞ്ഞിട്ടില്ല. ദുസ്വപ്നങ്ങൾ ആയിരുന്നു സർവ്വത്രയും. ഒരിക്കൽ 'ഋ' എന്ന അക്ഷരത്തിനുള്ളിൽ അകപ്പെട്ട് നൂൽബന്ധമില്ലാതെ കിടന്നു നിലവിളിക്കുന്ന തന്റെ ഭർത്താവിനെ സ്വപ്നം കണ്ടു. ആ ദൃശ്യം യാതൊന്നും ഓർമ്മിച്ചെടുക്കാനാവാത്ത വിധം ബോധത്തെ ചിതറിത്തെറിപ്പിച്ചു. വിറകൊണ്ട കൈകൾ ഇപ്പോൾ തണുത്ത് മരവിച്ചിരിക്കുന്നു. കത്തിന്റെ അവസാനമെത്തി. ആ വാചകം ഇങ്ങനെ അവസാനിക്കുന്നു.......

"നിങ്ങൾ എനിക്കു അന്യമായി തീർന്നിട്ട് കാലങ്ങൾ ഏറെ കഴിഞ്ഞു. ഈ കാലമത്രയും ഞാൻ മരണത്തെ പറ്റി ചിന്തിച്ചിരുന്നു. എന്നാൽ മരുഭൂമിയിലെ മരുപച്ചയെന്ന പഴകിയ ആരുടെയൊക്കെയോ ഛർദ്ദിലേറ്റ വാചകം മനസ്സിലൊരു പ്രതീക്ഷ തന്നിരുന്നു. എന്നാൽ ആ പ്രതീക്ഷയാണ് ഇന്ന് എന്നെ നായാടി തളർത്തുന്നത്. മടുത്തു. അതുകൊണ്ട് വിടപറയുന്നു. ഇനിയൊരിക്കലും കാണാത്ത ലോകത്തേക്ക് ഞാൻ മടങ്ങുകയായി"

എന്ന്
ലക്ഷ്മി



പണ്ടെങ്ങോ ഒരു കാളരാത്രിയിൽ ശവരതിയിൽ ഏർപ്പെട്ട മലിനമായ മെത്തയുടെ മുകളിൽ അധികം വൈകാതെ തന്നെ ലക്ഷ്മിയുടെ കാലുകൾ പിടഞ്ഞുകൊണ്ടിരുന്നു. അവളുടെ പാദസ്വരങ്ങൾ അറ്റുവീണു. വലിയൊരു താളത്തിൽ അവ മെത്തയുടെ മാറിൽ വീണുയർന്നു പൊങ്ങി. കണ്ണുകൾ ചുവന്നു, കൃഷ്ണമണികൾ അപ്രത്യക്ഷമാവാൻ തുടങ്ങി, കൈകൾ വലിഞ്ഞുമുറുകി, രക്തവും ഉമിനീരും ഒഴുക്കി നാവ്പുറത്തേക്ക് ചാടി. അവളൊരു രക്തരക്ഷസായി മാറി. അവസാന പിടച്ചിലിൽ അറിയാതെ ഒഴുകിയ ജലം അവളുടെ തണുത്തകാലുകൾക്കിടയിലൂടെ ധാരയായി ഒഴുകി. ആ കണ്ണുനീർ കലർന്ന ജലധാര ശവരതിയേറ്റ് പാപിയായ മെത്തയെ മോചിതനാക്കുകയോ വ്രണപ്പെടുത്തുകയോ ചെയ്തു.

എഴുത്തുകാരുടെ കൂട്ടായ്മയായ ഭാഷാ സ്നേഹിയുടെ ദീർഘമായ ചർച്ച കഴിഞ്ഞ് ഏറെ വൈകിയാണ് അയാൾ വീട്ടിലെത്തിയത്. ക്ഷീണിച്ചു തളർന്നതും വളഞ്ഞതുമായ ശരീരം, കുഴിഞ്ഞ് അപ്രത്യക്ഷമായ കണ്ണ്, നിഗൂഢതയിൽ ഇരുൾ മൂടിയ മുഖം. അയാൾ കൈയ്യിൽ കൂട്ടിപ്പിടിച്ചിരുന്ന വലിയ പുസ്തകം മേശപ്പുറത്തേക്ക് വച്ചു. വലിയൊരു ദീർഘശ്വാസമെടുത്തു പോയി. വിയർത്തുനാറിയ ജുബ്ബ ഒട്ടി ചേർന്ന് കിടന്ന് മരണവെപ്രാളമെടുത്തു. നെറ്റിയിലെ വിയർപ്പ് മുഖമാകെ പടർന്നു. കറുത്തിരുണ്ട കാടുകൾക്കിടയിലൂടെ അതൊരു പുഴയായി ഒഴുകി ഒരു നേർരേഖയായി കഴുത്തിലൂടെ താഴേക്ക് നീങ്ങി. പാതിജീവൻ തുടിക്കുന്ന ആ ശരീരത്തെ നേർരേഖ രണ്ടായി ഭാഗിച്ചു. ജുബ്ബ ഏറെ കഷ്ടപ്പെട്ട് ഊരിയെടുത്ത് നനഞ്ഞ് ഒഴുകിയ മുഖം തുടച്ചുകൊണ്ടിരിക്കെയാണ് കത്ത് ശ്രദ്ധയിൽപെട്ടത്. അപ്പോഴേക്കും ലക്ഷ്മിയുടെ ഒടുവിലെ കണ്ണീരും വറ്റിപോയിരുന്നു. തൂങ്ങിയാടുന്ന അവളുടെ ജഡത്തിനു സാക്ഷിയായി നിന്നു കൊണ്ട് കത്തിലേക്ക് കണ്ണോടിച്ചു. പതിവുപോലെ കസേര വലിച്ചിട്ടിരുന്നു, അറിയാതെ താടിയിൽ തടവി. മേശവലിപ്പിൽ നിന്നും ഒരു ബീഡിയെടുത്തു കത്തിച്ചു, കത്തിൽ കാമ്പുള്ള ഭാഷ കണ്ട് കണ്ണ് നിറഞ്ഞു. ആ കണ്ണുനീരിൽ കലർന്ന പുഞ്ചിരിയുമായി അയാൾ കത്തിൽ പലതവണ മുങ്ങിനിവർന്നു. മതിയാവോളം നീന്തിതുടിച്ചു. കത്തിന്റെ ആഴത്തിൽ പലതവണ മുങ്ങിനിവർന്നതിനാലാവാം മങ്ങിയ ഉൾബനിയനിൽ പായലും വിയർപ്പും ജലവും ചളിയും ചേർന്ന് കറുത്ത ചോദ്യചിഹ്നങ്ങൾ വരച്ചു. അവ ശരീരമാകെ പടർന്നു. ഏകദേശം ഈ സമയത്താണ് ലക്ഷ്മിയുടെ ശരീരത്തിൽ നിന്നും മോചിതയായ ആത്മാവ് അല്ലെങ്കിൽ പ്രേതം അയാളുടെ മുൻപിലേക്ക് നിളപോലെ ഒഴുകി വന്നത്. ജീവിതത്തിൽ കണ്ണുനീർ കൊണ്ട് ശ്വാസം മുട്ടിയവർ ചിരിക്കുമ്പോഴുള്ള മഞ്ഞ വെളിച്ചം അവൾക്കുണ്ടായിരുന്നു. നീണ്ട നഖങ്ങളും മൂർച്ച യേറിയ ദംഷ്ട്രകളും ഉള്ള രക്ഷസ്സായി മാറിയെങ്കിലും നിലാവുദിച്ച ചന്ദ്രികപോലെ വെളുത്ത ആ കണ്ണുകളിൽ ഒരു വലിയ കടൽ തന്നെ ഭ്രാന്തമായി ഒഴുകുവാൻ തടം കെട്ടിനിന്നിരുന്നു. ആ വേദനയിൽ സ്വന്തം ശരീരത്തെ നിശബ്ദയാക്കി അയാൾക്കുമുമ്പിൽ അവളിരുന്നു. ഒരു രാത്രി പുലരുവരെ ആ നിശബ്ദത തുടർന്നു... അവളുടെ തൂങ്ങിയാടുന്ന കാലുകളിൽ പടർന്ന വേരുകൾക്കിടയിൽ കിടന്നു പിടയുവാനോ അവസാന നീരും വറ്റി ശൂന്യമായ കണ്ണുകളിൽ നോക്കി സ്വയം പഴിക്കുവാനോ അയാൾ തയ്യാറായില്ല. ആ രാത്രി പുലരുംവരെ അവളുടെ ഒടുവിലെ രക്തവും ഉപ്പലും ഛർദ്ദിലും വീണ് കടലായി മാറിയ ആ ആത്മഹത്യാകുറിപ്പിൽ അയാൾ നീന്തികൊണ്ടിരുന്നു. ആ കത്തിനെ ഒരർത്ഥമില്ലാത്ത കവിതയാക്കി അയാൾ മാറ്റികൊണ്ടിരുന്നു. 'ഋ' എന്ന അക്ഷരത്തിനുള്ളിൽ പരിപൂർണ്ണ നഗ്നനായി അലറിവിളിക്കുന്ന ആ ഭ്രാന്തനെ അവൾ വീണ്ടും കണ്ടു. ചുരുട്ടി വലിച്ചെറിഞ്ഞ കടലാസുകഷണങ്ങൾക്കിടയിൽ അവൾക്കും ആ രാത്രിക്കും ഒടുവിൽ മരണം സംഭവിച്ചു...

**ലിബൂസ് ജേക്കബ് ഏബ്രഹാം**
മലയാള വിഭാഗം, സെന്റ്. തോമസ് കോളേജ് കോഴഞ്ചേരി

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരങ്ങളിൽ
അധ്യാപക വിഭാഗത്തിൽ സമ്മാനാർഹമായ കഥ

# നാബോത്തിന്റെ ആത്മാവ് സ്വർഗ്ഗം നിരാകരിക്കുന്നു

മരണം ഒരു കൊടിയ യുദ്ധമായി ശമര്യയിൽ പടർന്നു പിടിച്ചതിന്റെ ആറാം ദിവസം മൂന്നാം മണി നേരത്താണ് പ്രവാചകൻ നാബോത്തിന്റെ പ്രേതത്തെ ഒരു വിളിപ്പാടകലെ നിന്നു കൊണ്ടുറക്കെ വിളിച്ചത്.യുദ്ധമുന്നണിയിലെ കാഴ്ചകൾ കണ്ടു നടക്കുകയായിരുന്ന പ്രേതം പിൻവിളിയോട് പ്രതികരിക്കണോ വേണ്ടയോ എന്നു ശങ്കിച്ചുപോയി. മരണഭയം കൊണ്ടു വിളറിപ്പോയ രാജാവ് അംഗരക്ഷകനുമായി പടച്ചട്ട വച്ചു മാറുന്നതു കണ്ട പ്രേതത്തിന്റെ മുഖത്ത് പുച്ഛം നിറഞ്ഞു.പ്രേതം അതു നോക്കി നിന്ന നൊടി നേരം കൊണ്ട് പ്രവാചകൻ കാലിനു ചിറകു മുളച്ച വേഗത്തിൽ അതിനരികിലെത്തി.

പ്രവാചകൻ കുറെ ദിവസങ്ങളായി തന്നെ പിന്തുടരുന്നത് പ്രേതം അറിയുന്നുണ്ടായിരുന്നു. കത്തുന്ന കണ്ണുകളുള്ള ആ മനുഷ്യനെക്കുറിച്ച് അതിനല്പം ഭയം തോന്നാതിരുന്നില്ല.അതു ലോകത്തിനു പുറത്തേക്കുള്ള വഴി തേടിയലഞ്ഞു കൊണ്ടിരിക്കുകയായിരുന്നു.പ്രേതം പോയ ഇടങ്ങളിലൊക്കെ അയാളതിനെ പിൻചെന്നു കൊണ്ടേയിരുന്നു. പലപ്പോളും അയാളതിനെ മാടിവിളിക്കാനാവുന്നത്ര അടുത്തെത്തിയിരുന്നു.എന്നിട്ടും അവർ തമ്മിൽ എണ്ണിയെടുക്കാവുന്ന ദിനരാത്രങ്ങളുടെ അകലം ബാക്കി നിന്നു.മൂന്നു ദിവസദൂരം പിന്നിൽ നിന്നു കൊണ്ടാണ് പ്രവാചകൻ വിളിച്ചത്.

‘നിൽക്കെടോ.., എനിക്കു തന്നോട് സംസാരിക്കാനുണ്ട്‘

‘എനിക്കാരോടും സംസാരിക്കാനില്ല.’പ്രേതം മറുപടി പറഞ്ഞു.‘പറയാനുള്ളതൊക്കെ കരഞ്ഞു പറഞ്ഞിട്ടും ഒരാളും കേട്ടില്ല.ഇനിയാര് കേട്ടാലെനിക്കെന്ത്? കേട്ടില്ലെങ്കിലെനിക്കെന്ത്?നിങ്ങളു നിങ്ങടെ പാടു നോക്ക്‘

‘ഒന്നു പതിയെ നടക്കെടോ ..ഇനി ഒരു മൂന്നു ദിവസം കൂടി നടന്നാലേ തന്റെ കൂടെയെത്തൂ,.’

പ്രേതത്തിന് കലി വന്നു.‘നിങ്ങളോട് ഞാനാവശ്യപ്പെട്ടോ നടക്കാൻ?പിന്നെന്നാത്തിനാ നിങ്ങൾ നാണമില്ലാതെ പുറകേ നടന്നു വിളിക്കുന്നത്?’

‘താൻ കല്ലേറേറ്റു വീണ സ്ഥലത്തു നിന്നാണ് ഞാൻ വരുന്നത്.തന്റെ ചോരയിൽ അറിയാതെ ചവിട്ടിപ്പോയി.അതെന്റെ കാലിൽ കെട്ടിപ്പിടിച്ചു നിലവിളിക്കുന്നതു സഹിക്കാൻ പറ്റാതെയാണ് ഈ നടത്തം തുടങ്ങിയത്.’

പ്രേതം മനസ്സില്ലാമനസ്സോടെ കാത്തുനിന്നു.പ്രവാചകൻ അടുത്തു വരുന്നത് പ്രേതം ഒട്ടൊരതിശയത്തോടെ നോക്കി.ജീവിച്ചിരിക്കുന്ന ഒരു മനുഷ്യന് പരേതാത്മാക്കളെ പിന്തുടരാൻ കഴിയുമെന്ന് അമ്പരപ്പോടെ അതു തിരിച്ചറിഞ്ഞു.പ്രേതം കരുതലോടെ ഒരു കൈയകലത്തിൽ മാറി നിന്നു.

പ്രവാചകൻ പ്രേതത്തെ സൂക്ഷിച്ചു നോക്കി.കഠിനമായ ചില ക്ഷതങ്ങൾ അവിടവിടെ പ്രതിഫലിക്കുന്നു

ണ്ട്.ഹൃദയത്തിനു കുറുകെ വാൾമുന കൊണ്ടു വരഞ്ഞതു പോലെ ഒരു മുറിവ് പൊറുക്കാതെ കിടക്കുന്നുണ്ട്.മരണാനന്തരം അങ്ങനെയാണ്. ശരീരത്തിന്റെ ക്ഷതങ്ങളല്ല മനസ്സിന്റെ നൊമ്പരങ്ങളും മുറിവുകളുമാണ് പ്രേതങ്ങളെ പിന്തുടരുക.മേഘങ്ങൾക്കപ്പുറത്ത് സെറാഫുകൾ* കൊഴിച്ചു കളയുന്ന തൂവലുകൾ കൊണ്ടു പുരട്ടുന്ന തൈലമാണ് അവയെ സുഖപ്പെടുത്തുന്നത്.എത്ര തൈലം പുരട്ടിയാലും ലോകാവസാനം വരെയും പൊറുത്തു പോവാതെ ശേഷിക്കുന്ന മുറിവിന്റെ ആഴം കണ്ടു പ്രവാചകന് പാവം തോന്നി.

പ്രേതത്തിന് ദാഹിക്കുന്നുണ്ടായിരുന്നു.പ്രവാചകൻ ആകാശത്തേക്കു കൈകൾ വിടർത്തി പ്രാർഥിച്ചു നിന്നു.കാറ്റ് മേഘങ്ങൾക്കപ്പുറത്തെ പൊയ്കയിൽ നിന്നും ജലകണങ്ങളെ പെറുക്കിക്കൊണ്ടു വന്നു അയാളുടെ നാവിലിറ്റിച്ചു.പൂർവികരുടെ പ്രാർത്ഥനകൾ പ്രേതത്തിന്റെ നാവിൽ തേൻ കലർന്ന മഞ്ഞുകട്ട പോലെ അലിഞ്ഞു.മന്നയെക്കുറിച്ചുള്ള പുരാവൃത്തങ്ങൾ നുണഞ്ഞ പ്രേതം കാണിനേരത്തേക്ക് നൊമ്പരങ്ങൾ മറന്നു.

'അങ്ങയ്ക്കെന്താ പറയാനുള്ളത്?'പ്രേതം കുറച്ചു ശാന്തനായി.

'താനീ പരലോകത്തേക്കുള്ള പരക്കംപാച്ചിലൊന്നു പതുക്കെയാക്കണമെന്നു പറയാനാണ് ഞാൻ വിളിച്ചത്.ഇയാളൊന്നു നിന്നാൽ എനിക്കും തന്റെ കൂടെയെത്താം. എനിക്ക് ഈ ലോകത്തു കുറച്ചു ജോലി കൂടി ബാക്കിയുണ്ട് 'പ്രവാചകൻ പറഞ്ഞു.

'എത്രയും വേഗം ഈ ലോകത്തു നിന്നും ഓടിപ്പോകാനാണ് ഞാനാഗ്രഹിച്ചത്.സ്വർഗ്ഗവും നരകവുമല്ലാത്ത ഒരിടത്തേക്ക്.'

'താനിങ്ങനെ നിരാശപ്പെടാതെടോ '

'ഞാനെങ്ങനെ നിരാശനാകാതിരിക്കും?പിറന്ന മണ്ണിനെക്കാളും വലിയ സ്വർഗ്ഗമുണ്ടോ? പൂർവികരുടെ കയ്യിൽ നിന്നും കിട്ടിയ അവകാശങ്ങളേക്കാൾ വലിയ സുകൃതമുണ്ടോ? ഇതൊക്കെ കൈവിട്ടു പോയ എനിക്ക് നിങ്ങൾ സ്വർഗത്തിന്റേതെന്നു പറയുന്ന പകിട്ടുകളൊക്കെ വലിയ ഭാരമായിരിക്കും. സ്വർഗ്ഗത്തിലിരിക്കുന്ന ദൈവത്തിന്റെ പേരു പറഞ്ഞു കൊണ്ടാണ് ഞാൻ കുറ്റം വിധിക്കപ്പെട്ടത്. അതേ ദൈവത്തിനെതിരെ ദൂഷണം നടത്തിയെന്ന് ആരോപിച്ചു കൊണ്ടാണ് എനിക്കു നേരെ കല്ലുകൾ വലിച്ചെറിയപ്പെട്ടത്. ഇതൊക്കെ കണ്ടിട്ടും കേട്ടിട്ടും അനങ്ങാതിരുന്ന ഒരു ദൈവമിരിക്കുന്ന ഒരിടത്തേക്ക് ഞാനെങ്ങനെ കയറിച്ചെല്ലും? അയാൾക്കു മുമ്പിൽ ദൂതവൃന്ദം പാടുന്ന പാട്ടുകൾ കേട്ട് എന്നിക്കെങ്ങനെ ആനന്ദിക്കാൻ കഴിയും?' പ്രേതത്തിന്റെ കിതപ്പ് കൊടുങ്കാറ്റു പോലെ ഇരമ്പി.

പ്രവാചകൻ പ്രേതത്തെ നോക്കി നിന്നു. പ്രായം തെറ്റി മരിച്ചു പോയ ഒരാളാണത്. പരലോകത്തിലെ നറുക്കെടുപ്പിൽ അയാളുടെ പേരുൾപ്പെടുത്താൻ നേരമായിട്ടുമില്ല. ഈ മനുഷ്യന്റെ രക്തത്തിന്റെ അലമുറ കേട്ടുകേട്ട് ദൈവത്തിന്റെ നെറ്റിത്തടം വിയർക്കുന്നത് ഹോരേബിന്** മുകളിലിരുന്നു കണ്ടതുകൊണ്ടും ആ നിലവിളിയുടെ മുഴക്കം തലച്ചോറിൽ തിങ്ങി നിറഞ്ഞതുകൊണ്ടുമാണ് താൻ കൊട്ടാരക്കെട്ടിലേക്ക് ക്ഷോഭത്തോടെ കടന്നു ചെന്നതെന്ന് പ്രവാചകർക്കു മാത്രം സാധ്യമായ നിർമ്മമതയോടെ അയാളോർത്തു.

രാജാവിനു മുമ്പിൽ നാബോത്ത് ഭൂമിയോളം താണുവെന്നു പറഞ്ഞു കേട്ടിരുന്നു.നാലു തലമുറകളായി കൈമാറി വന്ന ഒരു കൊച്ചു മുന്തിരിത്തോട്ടം മാത്രമാണ് അവനുണ്ടായിരുന്നത്. ഭൂമിക്കും വിളകൾക്കും മേൽ കണ്ണുനട്ട സിംഹാസനം ഒരു നാട്ടിൻപുറത്തുകാരന്റെ ജീവിതത്തെ ചവിട്ടിയരച്ചു കളയുന്നതിന് സ്വീകരിച്ച വഴികളെക്കുറിച്ചോർത്തുള്ള ക്രോധം കൊണ്ട് പ്രവാചകന്റെ കണ്ണുകൾ ചുവന്നു കലങ്ങി.

പ്രജകൾ വെള്ളിയും പൊന്നും സ്വന്തമാക്കരുതെന്ന എന്ന കല്പന കൊണ്ടാണ് രാജാവ് തന്റെ ജനങ്ങളെ ആദ്യം പരീക്ഷിച്ചത്. യഹൂദാഗോത്രക്കാർ ശമര്യയിൽ കൃഷിഭൂമി സ്വന്തമാക്കരുതെന്ന നിയമം കൊണ്ട് രണ്ടാമതും.പണ്ടകശാലകൾ സ്ഥാപിച്ച് അവയുടെ മേൽനോട്ടം തന്റെ ഇഷ്ടക്കാർക്ക് നൽകിയത് കൂടാതെ അവയിൽക്കൂടി മാത്രമേ വിപണനം ചെയ്യാൻ പാടുള്ളൂ എന്ന നിയമം നടപ്പിൽ വരുത്തിക്കൊണ്ടും ഭാര്യയിലൂടെ വിരുന്നു വന്ന പുതിയ ദൈവത്തെ ആരാധിക്കാൻ നിർബന്ധിച്ചു കൊണ്ടും മൂന്നാമതും നാലാമതും അയാൾ തന്റെ ജനത്തെ പരീക്ഷിച്ചു കൊണ്ടേയിരുന്നു. ജനം ഉള്ളിൽ തിങ്ങിയ അമർഷം അടക്കിപ്പിടിച്ചും പിറുപിറുത്തും കൊണ്ട് ഇതൊക്കെയും സഹിച്ചു വന്നു.

റാണി ഇസബെൽ നടത്തിയ ഇടപെടലുകളാണ് രാജാവിനെ ഇത്രയേറെ അനഭിമതനാക്കി മാറ്റിയത്.രാജാവറിഞ്ഞും അറിയാതെയും അവർ രാജമുദ്ര പല തവണ ഉപയോഗിച്ചതിനു രായസക്കാർ സാക്ഷികളാണ്.ഭയം കൊണ്ട് ആരും ഒന്നും വെളിപ്പെടുത്താറില്ലെന്നു മാത്രം .രാജാവിന്റെ ബുദ്ധിയിൽ വിഷം കണക്കെ പടർന്നു പന്തലിച്ച ആ സ്ത്രീയെക്കുറിച്ച് പ്രവാചകൻ വെറുപ്പോടെ ഓർമ്മിച്ചു.അവരെക്കുറിച്ചുള്ള ഭയം കൊണ്ടാണല്ലോ താൻ ചൂരൽക്കാടിന്റെ തണലിൽ ഇരവുപകലുകൾ ചെലവിട്ടതെന്നോർത്ത് അയാൾ തന്നെത്തന്നെ വെറുത്തു പോയി.പക്ഷേ ഒരാഴ്ച മുൻപ് തന്റെ വാക്കുകൾക്കു മുമ്പിൽ പതറി നിന്ന രാജാവിനെയും റാണിയെയും ഓർത്തപ്പോൾ പ്രവാചകനു ചിരി പൊട്ടി.

നഗരപ്രാന്തത്തിലുള്ള കുന്നു കയറുകയായിരുന്നു പ്രേതവും പ്രവാചകനും.

'അങ്ങെന്താ ചിരിക്കുന്നത് '?
പ്രേതം ചോദിച്ചു .

'ഒന്നുമില്ലെന്നേ' പ്രവാചകൻ ചുമൽ കൂച്ചി.'താനിരിക്കെടോ'

അത്തിമരത്തിന്റെ വേടിൽ ചാരി പ്രവാചകനിരുന്നു.പ്രേതം പുൽമേട്ടിൽ മലർന്നു കിടന്നു.

'കഴിഞ്ഞയാഴ്ച ഞാൻ കൊട്ടാരത്തിലൊന്നു പോയിരുന്നു.നിങ്ങളുടെ രാജാവിനെയും റാണിയെയും ഒന്നു കാണാൻ.'

'എന്നിട്ട്?'

'എന്നിട്ടെന്താ? രണ്ടും കൂടെ മുട്ടു കൂട്ടിയടിച്ചു നില്ക്കുന്നുണ്ടായിരുന്നു.'

'എനിക്കു പറയാനുള്ളതൊക്കെ നന്നായിട്ടങ്ങു വിളമ്പി. കൊറേ നാളായി അടക്കിപ്പിടിച്ചു നടക്കുവാരുന്നല്ലോ. എല്ലാം കൂടെയങ്ങു കുടഞ്ഞിട്ട്'.

താഴെ തെരുവിൽ പടയിളകുന്ന ആരവം കേൾക്കാം. കുതിരകളുടെയും ഒട്ടകങ്ങളുടെയും കുളമ്പടി ഉയരുന്നുണ്ട്. തേരൊലിയും ഞാണൊലിയും ഇടകലരുന്നുമുണ്ടായിരുന്നു.നേരം ചാഞ്ഞു തുടങ്ങിയിരുന്നു.

'ഇതു പോലൊരു ഉച്ചതിരിഞ്ഞ നേരത്താണ് രാജാവെന്നെ വിളിപ്പിച്ചത്.'

'തന്റെ മുന്തിരിത്തോട്ടം വേണമെന്നു പറയാനല്ലേ'

'അതേ'

'ശമര്യയുടെ രാജാവിന്റെ അരമനയ്ക്കരികിൽ ഒരു യഹൂദന് ഒരു തുണ്ടു ഭൂമിയുണ്ടാകുക എന്നത് ഒരു തെറ്റാണെന്ന് തനിക്കറിയാതെ പോയി, അല്ലേ ?'

'കഴിഞ്ഞ നാലു തലമുറകളായി ഞങ്ങളവിടെ ജീവിച്ചു വരുന്നവരാണ്.'

'യിസ്രായേലിന്റെ നിയമപുസ്തകം നിങ്ങളുടെ പുതിയ റാണി തിരുത്തിയെഴുതിത്തുടങ്ങിയത് താനറിഞ്ഞിരുന്നില്ലേ ? യഹൂദന് ശമര്യയിൽ വേണമെങ്കിൽ ജീവിക്കാം. അതു മുൻതലമുറകളുടെ പുരാവൃത്തം പറഞ്ഞുകൊണ്ടാകരുതെന്നു മാത്രം.അവിടെ ഈജിപ്തുകാർക്കും അരാംകാർക്കും സീദോൻകാർക്കുംപാളയങ്ങളുണ്ടാക്കാം.പക്ഷേ ഒരു യഹൂദൻ സ്ഥിരതാമസമാക്കണമെങ്കിൽ അവന്റെ പേര് രാജാവംഗീകരിച്ച പട്ടികയിലുൾപ്പെടണം പോലും .'

ആ കല്പന പുറപ്പെടുവിച്ച സമയത്ത് താൻ കൊട്ടാരത്തിലേക്ക് കടന്നു ചെന്നിരുവെന്നും ഇനി യഹോവയുടെ അരുളപ്പാടുണ്ടാകും വരെ ദേശത്ത് മഴയും മഞ്ഞുമുണ്ടാകയില്ല എന്നു വിളിച്ചു പറകയും ചെയ്തിരുന്നുവെന്നും പ്രവാചകനോർമ്മിച്ചു.അന്നു നേരം ചായും മുൻപു തന്നെ ജീവനും കൈയിലെടുത്ത് പരക്കം പാഞ്ഞു പോകേണ്ടി വന്നുവെന്നും.തന്റെ ഒന്നാം മരുഭൂവാസം. മരുപ്പച്ചയിലൊരിടത്തു ഊറി വന്നു കൊണ്ടിരുന്ന വെള്ളം ഇലക്കുമ്പിൾ കുത്തി കുടിച്ചും അവിടെ കൂട്ടു കൂട്ടിയിരുന്ന കാട്ടുകാക്കകൾ വേട്ടയാടിത്തിന്നതിന്റെ അവശിഷ്ടങ്ങൾ പെറുക്കിത്തിന്നും ജീവിച്ച ദിനങ്ങൾ!

'നമ്മുടെ പിതാക്കന്മാർ നൂറ്റാണ്ടുകൾ നീണ്ട അടിമജീവിതത്തിൽ നിന്നും മോചനം നേടിയതും പാലും തേനുമൊഴുകുന്ന നാട്ടിലേക്ക് നീണ്ട നാല്പതു വർഷങ്ങൾ മരുഭൂമിയിലൂടെ ചൂടും തണുപ്പും വകവെക്കാതെ ആഞ്ഞു നടന്നതും ഇതിനു വേണ്ടിയായിരുന്നോ?ഇത്രയേറെ സഹിച്ചതും പോരാടിയതും ഇതിനു വേണ്ടിയായിരുന്നോ?പരസ്പരം തലതല്ലിപ്പിരിഞ്ഞ ഗോത്രങ്ങളാകാൻ.., അധികാരം പിടിച്ചടക്കാനും ശക്തിയും ആൾബലവും കുറഞ്ഞവരെ അടിച്ചമർത്താനും വേണ്ടിയായിരുന്നോ?'

ഈ ചെറുപ്പക്കാരനായ ആത്മാവിന്റെ നെഞ്ചിൽ തൊട്ട ചോദ്യങ്ങൾ ശ്വാസം മുട്ടിക്കുന്നവയാണെന്ന് പ്രവാചകനറിഞ്ഞു.പിറന്നുവീഴുകയും തലമുറകളായി ജീവിച്ചു വരുകയും ചെയ്യുന്ന മണ്ണിൽ ഒരു ഗോത്രം അന്യരാക്കപ്പെടുന്നതിന്റെ വ്യഥ എത്രത്തോളമെന്ന് അവരറിയാനും പറയാനും തുടങ്ങിയിട്ട് നാളുകളേറെയായിരിക്കുന്നു.



രാജാവു തന്നോടെന്താ പറഞ്ഞത് ?

'ആദ്യം നല്ല വാക്കുകൾ. മുന്തിരിത്തോട്ടം രാജാവിന് കൊടുക്കണമെന്ന്.പകരം നല്ല വില തരാമെന്ന്.പോരെങ്കിൽ അതിലും കേമമായ ഒരു തോട്ടം തരാമെന്നും.'

'താനെന്തു പറഞ്ഞു'?

'ഞാനെന്തു പറയണം..?എന്റെ അപ്പനപ്പൂന്മാർ ഉറങ്ങുന്ന മണ്ണ് വിട്ടു കൊടുക്കാമെന്നു പറയണമായിരുന്നോ?തലമുറകളായി ഞങ്ങളുടെ വിയർപ്പു വീണ മണ്ണ് അയാൾ നിശ്ചയിച്ച വിലയ്ക്കു കൈമാറണമായിരുന്നോ?എന്റെ പിതൃഭവനത്തിന്റെ അവകാശത്തിൽ കൈ കടത്തരുതേ എന്നു കരഞ്ഞു പറയുകയല്ലാതെ എന്തു ചെയ്യാൻ ' ?

'എന്നിട്ടെന്തുണ്ടായി?'

'എന്തുണ്ടായിക്കാണും ? പിന്നെ ഞങ്ങളനുഭവിച്ചതൊക്കെ പറയാതിരിക്കുകയാണ് ഭേദം.'

അതു സത്യമാണെന്ന് പ്രവാചകനറിയാം.സീദോനിൽ നിന്നെത്തിയ കച്ചവടക്കാരുമായാണ് രാജാവ് കറാലെഴുതിയത്***.അവരിലൊരാൾ രാജ്ഞിയുടെ അടുത്ത ബന്ധുവാണ പോലും! രാജസദസ്സിൽ വിയോജിപ്പറിയിക്കാനിടയുള്ള മന്ത്രിമാർ വിദൂരദേശങ്ങളിലേക്ക് ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനെന്ന പേരിൽ അയക്കപ്പെട്ടു.ഊരുകൂട്ടങ്ങളോമൂപ്പന്മാരുടെയോഗങ്ങളോ മനപ്പൂർവം നടത്തിയുമില്ല.അങ്ങനെ പലതരത്തിലും നിശബ്ദമാക്കപ്പെട്ട രാജ്യസദസ്സാണ് കൃഷിഭൂമി രാജതാല്പര്യങ്ങൾക്കു വേണ്ടി ഉപാധികൾ കൂടാതെ ഏറ്റെടുക്കാമെന്ന തീരുമാനമെടുത്തത്.തീരുമാനം കൈക്കൊള്ളുന്നതിനു രണ്ടു ദിവസം മുൻപ് നഗരപ്രാന്തത്തിൽ സീദോൻകാരായ വ്യാപാരികളെത്തിയിരുന്നത്രേ!രാജാവ് പണികഴിപ്പിച്ചു കൊണ്ടിരിക്കുന്ന പുതിയ അരമനയ്ക്കു വേണ്ടിയുള്ള ആനക്കൊമ്പുകളും ചന്ദനത്തടികളും കിഴക്കൻ ദേശങ്ങളിൽ നിന്നുമെത്തിച്ചത് അവരുടെ വ്യാപാരക്കപ്പലുകളിലാണത്രെ. അതും പകുതി മാത്രം ചെലവിൽ!

'പിന്നീടവർ ദൈവത്തിന്റെ പേരു പറഞ്ഞു കൊണ്ടാണ് വന്നത് ,അല്ലേ ?' പ്രവാചകൻ ചോദിച്ചു .

'അതേ.. ദൈവത്തെ കൂട്ടു പിടിച്ചു കൊണ്ടായിരുന്നു അവസാന നീക്കം.രാജാവ് ഒരുപവാസം പ്രഖ്യാപിക്കുന്നു.ഈ ഞാനതിന്റെ അധ്യക്ഷനാകേണ്ടി വരുന്നു. ദേവാലയത്തിന്റെ ഏറ്റവും പിന്നിലെ വരിയിൽ ആരുമറിയാതെ ഒതുങ്ങി നിന്നു പ്രാർത്ഥിച്ചു മാത്രം ശീലമുള്ള എനിക്ക് അത്തരമൊരു സദസ്സ് തീരെയും പരിചയമില്ലല്ലോ.പരിഭ്രമത്തിനിടയ്ക്ക് നാക്കു പിഴച്ചോ എന്നെനിക്കോർമ്മയില്ല. ദൈവദൂഷണമെന്നാരോ അടക്കം പറയുന്നതു മാത്രം കേട്ടു.പിന്നെ, തടവ്,വിചാരണ,ശിക്ഷാവിധി. ഒരു രാത്രി കൊണ്ടെല്ലാം കഴിഞ്ഞു. പിറ്റേന്നു രാവിലെ കൈയും കണ്ണും കെട്ടി തെരുവിലെത്തിച്ചു.കല്ലേറ് വന്നെന്നെ പൊതിയുന്നത് മാത്രം എനിക്കോർമ്മയുണ്ട്.'

'പക പകർച്ചപ്പനി കണക്കെ പടർന്നുപിടിച്ചു.പ്രാർത്ഥനകളുരുവിടുന്നവരായി നടിച്ച രാജകിങ്കരന്മാരും വേഷം മാറിയ പടയാളികളും തിമിർത്താടുകയായിരുന്നു.ഒരു കലാപം പാകം ചെയ്യപ്പെടുകയായിരുന്നു.അതു മനസ്സിലായി വന്നപ്പോളേക്കും പ്രാണൻ ചങ്കിൽ നിന്നു പിടിവിട്ട് ആവിപോലെ പൊന്തിയിരുന്നു.നൂറോളം കർഷകരാണ് അന്നു കല്ലേറേറ്റു മരിച്ചത്.വെട്ടും കുത്തുമേറ്റവർ അതിലുമെത്രയോ വരും.അവരുടെ കുടുംബങ്ങളെപ്പോലും ബാക്കി വച്ചില്ല.വിശ്വാസവും സിംഹാസനവും ഒരുമിച്ചു നിന്നു കല്ലെറിയുകയും കൊല്ലുകയുമായിരുന്നു.ആരോടൊക്കെയോ ഉള്ള വാശി തീർക്കും പോലെ'

'ദൈവം ഇതൊന്നുമറിഞ്ഞിരുന്നില്ല.' പ്രവാചകന്റെയുള്ളിൽ ദുഖം ഘനീഭവിച്ചു.രാജാവു ദൈവവും രാഷ്ട്രം മതവും രാജഹിതം നിയമവുമായി വേഷം കെട്ടുമ്പോൾ വേട്ടയാടപ്പെടുന്നതും ഇരകളായി മാറുന്നതും ദുർബലരും അതിസാധാരണക്കാരും മാത്രമാണ്.

'ദാ അവിടെ വച്ചാണ് ഞങ്ങളെ കല്ലെറിഞ്ഞു കൊന്നത്. അവിടെ നിന്നാണ് നായപ്പറ്റം ഞങ്ങളുടെ ചോര മടുമടെക്കുടിച്ചത് ' നാബോത്തിന്റെ പ്രേതത്തിന്റെ കണ്ണിൽ പേടിയും അറപ്പും തിങ്ങി.

താഴെ യുദ്ധക്കളത്തിൽ വലിയൊരാരവമുയരുന്നു.പ്രേതവും പ്രവാചകനും കുന്നിൻമുകളിൽ നിന്നു താഴേക്കെത്തിനോക്കി.പടച്ചട്ടയ്ക്കും പതക്കത്തിനുമിടയിലായി അമ്പ് തറച്ചു കയറിയിട്ടും ഏറെ നേരം പോരടിച്ചു നിന്ന ഒരു യോദ്ധാവ് വീണതിന്റെ ആഘോഷമാണ്. രാജചിഹ്നങ്ങളണിഞ്ഞു സർവ്വപ്രതാപിയായി നാടുവാണവൻ പടനടുവിൽ കേവലമൊരു പടയാളിയുടെ കവചമണിഞ്ഞു പിടഞ്ഞു മരിക്കുകയാണ്.

മരണം ഒരേസമയത്തു വിലാപവും ആഘോഷവുമായി മാറുന്നതിന്റെ വൈരുദ്ധ്യത്തെക്കുറിച്ചാലോചിക്കുകയായിരുന്നു പ്രവാചകൻ. ചതിക്കപ്പെട്ടവനും ചതിച്ചവനും ഒരേ മണ്ണിൽ ദിവസങ്ങളുടെ ഇടവേളയിൽ വീണു പോകുന്നതിന്റെയും ഇരയുടെയും വേട്ടക്കാരന്റെയും രക്തം ഒരേ നിലത്തു നിന്നും ഒരേ കൂട്ടം നായ്ക്കൾ ഒരേ രുചിയോടെ പാനം ചെയ്യുന്നതിന്റെയും യാദൃശ്ചികതയെക്കുറിച്ചു പ്രേതവും ചിന്തിച്ചുകൊണ്ടിരുന്നു.

രാജാവിന്റെ ശരീരത്തിൽ നിന്നും വാർന്നൊഴുകിയ രക്തം കൊണ്ടു കനത്ത തേരിറക്കി കഴുകിയ കുളം ചോരകണക്കെ പശിമയാർന്നു കുറുകി.തെരുവു നായ്ക്കൾ ദാഹം തീരുവോളം അതു നക്കിക്കുടിക്കുന്നതു കണ്ട് അവശേഷിച്ച പടയാളികളിൽ ഭയം കനത്തു.ചോര കുടിച്ചു മത്തു പിടിച്ച നായ്ക്കളുടെ കൂട്ടം കോട്ടവാതിൽ താണ്ടി നഗരത്തിൽ കടന്നു കൂക്കിവിളിച്ചു നൃത്തം ചെയ്യാൻ തുടങ്ങി.ഇരുട്ടിന്റെ ദൂതന്മാർ തെരുവുകളിൽ നിന്നാർത്തു വിളിക്കുകയും കബന്ധങ്ങളും അറ്റു വീണ ശിരസുകളും കരചരണങ്ങളും കയ്യിലെടുത്ത് അമ്മാനമാടി രസിക്കുകയും ചെയ്തു കൊണ്ടിരുന്നു.

പ്രവാചകന്റെ നിരന്തരമായ പിൻവിളിയെ അവഗണിച്ചു കൊണ്ട് നാബോത്തിന്റെ പ്രേതം കോട്ടകവച്ചുകടന്നു വെളിമ്പുറങ്ങളിലേക്കിറങ്ങി സ്വർഗ്ഗമോ നരകമോ അല്ലാത്ത ലോകത്തിന്റെ കവാടം തേടി ഊടാടി നടക്കാനാരംഭിച്ചു.പ്രവാചകൻ ചെരിപ്പിന്റെ വാറു കെട്ടി വടി കയ്യിലെടുത്തപ്പോളേക്കും ഏതാനും നിമിഷം കടന്നു പോയി.പ്രേതം ഏതാനും ദിവസദൂരം പിന്നിട്ടിരുന്നു.

'തെല്ലു പതിയെ നടക്കെടോ.. '

പ്രവാചകൻ ഒരു വിളിപ്പാടുദൂരത്തിൽ പ്രേതത്തെ വീണ്ടും പിന്തുടരാൻ തുടങ്ങി .

*****************

കുറിപ്പുകൾ

ബൈബിൾ പഴയനിയമത്തിലെ 1 രാജാക്കന്മാർ അദ്ധ്യായം 21ൽ വിവരിക്കുന്ന സംഭവമാണ് കഥയ്ക്ക് അവലംബം

*ആറു ചിറകുകളുള്ള ദൂതന്മാർ

** ദൈവത്തിന്റെ പർവ്വതമെന്ന് യഹൂദവിശ്വാസം

***കരാർ എന്നർത്ഥം വരുന്ന നാടൻ പ്രയോഗം

**രാഹുൽ രാധാകൃഷ്ണൻ**
എം. എ. സാഹിത്യരചന, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല, തിരൂർ

സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് നടത്തിയ സാഹിത്യ രചനാ മത്സരങ്ങളിൽ വിദ്യാർത്ഥി വിഭാഗത്തിൽ സമ്മാനാർഹമായ കഥ

# ഭൈരവി നിഷിദ്ധമല്ല രാഗം

ഇരുട്ട് കോരിയടക്കപ്പെട്ട ഒരമാവാസി രാത്രിയിൽ പേടിച്ചുവിറച്ച് ഒരു വയസ്സൻമരത്തെ ചാരിനിന്നുകൊണ്ട് ആലീസ് കൂർപ്പിച്ച കണ്ണുകളോടെ ചുറ്റിലും നോക്കി. ഇരുട്ടിന്റെ കറുപ്പിൽ അവൾ അവളുടെ നിഴലുകളെ തിരഞ്ഞു. നിശബ്ദതയിൽ ഉറങ്ങിയെന്ന് തോന്നിയ വമ്പൻ മരങ്ങളുടെ ചില്ലകൾ കാറ്റുവീശിയപ്പോൾ പതിയെ ഇളകുന്നതായി തോന്നി.

കാറ്റിന് വേഗത കൂടിവരികയാണ്. പേടിച്ച് വിളറിയ മുഖം കാൽമുട്ടുകളിൽ അമർത്തി മരത്തിനു മറവിൽ അവൾ പതുങ്ങിയിരുന്നു.

ഏതുനിമിഷവും അവൻ തനിക്ക് മുന്നിലേക്ക് ചാടിവീഴും. കണ്ണിൽപ്പെട്ടാൽ കഥ കഴിഞ്ഞതുതന്നെ. പള്ളിയിൽ അടക്കാൻ പോലും ബാക്കി വെച്ചേക്കില്ലാ.

അവൾ കാൽമുട്ടുകളിൽ നിന്നും മുഖമുയർത്തി ചുറ്റിലും നോക്കി.

വന്റെ ഇരകളൊക്കെ അങ്ങനെയാണല്ലോ ഒടുങ്ങിയത്. കൈകാലുകൾ കഷണങ്ങളായി വേർപെട്ട്, മാംസശൂന്യമായി അച്ചടക്കമില്ലാതെ പുറത്തേക്കുന്തി നിൽക്കുന്ന

വാരിയെല്ലുകൾ, രണ്ടായി പിളർക്കപ്പെട്ട തലയോട്ടികൾ. അങ്ങനെ എത്ര പേരെയാണ് അവൻ...

ചാടി വീഴുമ്പോൾ അവന്റെ കൈകൾ മാറിടങ്ങളിലാണ് ആദ്യം പതിയുക. പല്ലുകൾ തൊണ്ടക്കുഴിക്ക് ഇരുവശമായി അമരും. ഒറ്റക്കടിക്ക് തന്നെ കഴുത്തു വേർപ്പെടും.

അങ്ങനെയെങ്ങാനും സംഭവിച്ചാൽ!

അരയ്ക്കു താഴേക്ക് തളർന്ന് ചക്രശ്വാസം വലിച്ചു കിടക്കുന്ന അമ്മച്ചി, വലക്കാവ് ചന്തയിൽ ടൈപ്പ് റൈറ്റിംഗ് പഠിക്കുന്ന നേരേ ഇളയത്; കൊച്ചന്നം.

അത്ങ്ങക്ക് ഇനി ആരാണുണ്ടാവുക!

മാത്രമല്ല എപ്പോഴും മുറിബീഡി കടിച്ചു പിടിച്ചു നടക്കുന്ന വരത്തനായ ഒരുത്തനില്ലേ...

ആ ഇറച്ചിവെട്ടുകാരൻ; അവന്റെ കാര്യമോ?

'അവനൊരു വെട്ടുപോത്താണ്'

കുശലം പറയുന്നതിനിടയിൽ നാട്ടുകാർ ഇടയ്ക്കൊക്കെ അയാളെപ്പറ്റി അങ്ങനെ പറയാറുണ്ട്.

ബലിഷ്ഠമായ കൈകാലുകളും രോമാവൃതമായ ശരീരവുമുള്ള അയാളെ സ്ത്രീകളാരും അടുപ്പിക്കാറില്ല. എന്നിട്ടും ആലീസിനയാൾ ഏറെ പ്രിയപ്പെട്ടവനാണ്.

പോത്തുകളുമായി എപ്പോഴും ഇടപഴകുന്നത് കൊണ്ടായിരിക്കണം നാട്ടുകാർ അയാളെ പോത്തച്ചനെന്ന് വിളിച്ചുപോന്നു. വലക്കാവ് ചന്തയിൽ എല്ലാ ഞായറാഴ്ചകളിലും പുലർച്ചെ ഇറച്ചി പോത്തുകൾ വണ്ടിയിൽ വന്നിറങ്ങും. അതിനെയെല്ലാം അറുത്ത് വെട്ടി കഷണങ്ങളാക്കി നാട്ടുകാർക്ക് കൊടുക്കുന്നതും ഈ പോത്തച്ചൻ തന്നെയാണ്. അന്തിയുറങ്ങാൻ സ്വന്തമായി ഒരു വീടോ സ്ഥലമോ പോത്തച്ചനില്ല. അയാൾക്കുള്ള ഏക ആശ്രയം ആലീസ് തന്നെയാണ്.

ചില രാത്രികളിൽ പാത്തും പതുങ്ങിയുമെത്തി വാതിലിൽ മുട്ടും.

അമ്മച്ചി അറിയാതെ ആലിസ് അയാളെ കയറ്റി കൂടെ കിടത്തുക യും ചെയ്യും. അങ്ങനെ, നിലാവ് പെ യ്യുന്ന ഓരോ കരിനീല രാത്രിയിലും അയാൾ അവൾക്കുമുന്നിൽ ശരിക്ക മൊരു കാട്ടുപോത്തായി മാറും.

പച്ചയിറച്ചിയുടെ മണമുള്ള അയാളുടെ ചൂടുള്ള ശരീരത്തോട് അവൾക്കും ഒടുങ്ങാത്ത കമ്പമായി രുന്നു.

എല്ലാം ആലോചിച്ചപ്പോൾ അവളുടെ കണ്ണുകളിൽ നിന്നും മര ണത്തിന്റെ മണിമുഴക്കം ജലകണ ങ്ങളായി പരിണമിച്ചു. അത് കവിളി ലൂടെ താഴേക്ക് ഊർന്നിറങ്ങി.

കാറ്റിന്റെ വേഗത കൂടിവരുന്നതാ യി തോന്നി. കരിയിലകൾ കലഹം വെച്ച് പറക്കുകയാണ്. രാത്രി, കറു പ്പിനെ അതിന്റെ മൂർദ്ധന്യത്തിൽ കൊണ്ടുവെച്ചിരിക്കുന്നു. ഇരുട്ടിൽ ചിവീടുകളുടെ വായ ചീറി. കാലൻ ക്കോഴികളുടെ തൊണ്ടക്കുഴിയിൽ നിന്നും മരണത്തിന്റെ ഓരിയിടലു കൾ പാഞ്ഞുവന്നു. ഇതിനിടയിൽ വേട്ടക്കാരന് ഇരയോടുള്ള സ്നേ ഹത്തിന്റെ ഗർജ്ജനം അവളുടെ കാതുകളിൽ മുഴങ്ങി.

കരിയിലകളിൽ ആരോ കാൽ പ്പാദങ്ങൾ അമർത്തി വയ്ക്കുന്നുണ്ട്.

ഒച്ച കേട്ടിട്ട് അത് മനുഷ്യന്റെ തല്ലാ...

അവൾ തിരിഞ്ഞു നോക്കി...

കിണറ്റിൻ കരയിലെ കുറ്റിച്ചെ ടികളെ വകഞ്ഞുമാറ്റി വെള്ളം കോരുമ്പോഴാണ് ആലിസ് അതു കേൾക്കുന്നത്. പുലർച്ചെക്കുറുബാ നയ്ക്ക് പള്ളിയിൽ പോയപ്പോഴും, പലവ്യഞ്ജനം വാങ്ങാൻ ചന്തയിൽ പോയപ്പോഴും അവളതറിഞ്ഞിരു ന്നില്ല.

അറിഞ്ഞിരുന്നേൽ തൊട്ടിയും പാട്ടയുമായി ഒറ്റയ്ക്ക് ഇത്ര ദൂരം വരി ല്ലല്ലോ. വീടിന്റെ തെക്കേ മൂലയോട് ചേർന്നുള്ള ഇടവഴി നടന്നു കയറി യാൽ ആൾമറയില്ലാത്ത കിണറ്റിൻ കരയിലെത്താം. കഷ്ടിച്ച് അരനാഴി കയെങ്കിലും നടക്കണം.

ഒരാൾപ്പൊക്കത്തിൽ വളർന്നു നിൽക്കുന്ന കുറ്റിച്ചെടികളുടെയും കാട്ടുവള്ളികളുടെയും ഒത്തമധ്യ ത്തിലാണ് കിണറുള്ളത്. സ്ഥല കാലബോധമില്ലാത്ത ആരെങ്കിലും അതുവഴി വന്നാൽ നിശ്ചയമായും വീണതുതന്നെ. അതിനപ്പുറത്ത് റബർതോട്ടമാണ്. അതുവഴി വന്യ മൃഗങ്ങൾ കാടിറങ്ങുന്നു. കുരങ്ങനും മാനും മുങ്ങയും മയിലും മ്ലാവും വവ്വാലുമെല്ലാം ഇവിടെ സ്ഥിരം സന്ദർശകരാണ്. കൂടാതെ ആനയും പുലിയും കുറുക്കനും കാട്ടുപോത്തും. ചുരുക്കത്തിൽ ചെറുതും വലുതുമായ ഒട്ടനവധി ജന്തുവിഭാഗങ്ങൾ ഇതുവ ഴി കാടിറങ്ങുന്നുണ്ട്.

കൈയിലുള്ള രണ്ടു പാട്ടയും നിലത്തുവെച്ച് ഞൊടിയിടയിൽ തൊട്ടി കിണറ്റിലേക്കിട്ടു.

പാളത്തൊട്ടി വെള്ളത്തിൽ വന്നടിച്ചതിന്റെ ശബ്ദം അവളുടെ കാതുകളെ പ്രകമ്പനം കൊള്ളിച്ചു.

അങ്ങേയറ്റത്തുള്ള റോഡിനു കുറുകെ ഒച്ചപ്പാടും ബഹളവുമായി വലിയൊരു സംഘം നടന്നു നീങ്ങു ന്നുണ്ട്.

കിണറ്റിൻകരയിൽ നിന്ന് നോ ക്കിയാൽ ആലീസിനത് കാണാം. തലനരച്ച കിഴവന്മാർ മുതൽ നടക്കാൻ പ്രായമായ ചെറുകുട്ടിക ളടക്കം പത്തമ്പത് പേരെങ്കിലും അക്കൂട്ടത്തിലുണ്ട്.

ആളിക്കത്തുന്ന പന്തങ്ങളും ഇരുമ്പുവടികളും വാരിക്കുന്തങ്ങളും അവർ കൈയിൽ കരുതിയിട്ടുണ്ട്.

കുട്ടികളും മുതിർന്നവരും പ്രായ മായവരും അവരവർക്ക് ചേർന്ന മാരകായുധങ്ങൾ തിരഞ്ഞെടുക്കുന്ന തിൽ മികവ് പുലർത്തിയിരിക്കുന്നു. ഇരുമ്പുപാട്ടകൾ കൊട്ടി ഒച്ചയുണ്ടാ ക്കിയാണ് അവർ മുന്നേറുന്നത്.

എന്തോ ആപത്തു വരാനി രിക്കുന്നു. അല്ലെങ്കിൽ വന്നെത്തിയി രിക്കുന്നു .

അതുകൊണ്ടായിരിക്കണം എല്ലാവരും ഇങ്ങനെ കൂടിച്ചേരു ന്നത്. അല്ലാതെ ഇങ്ങനെയൊന്ന് പതിവുള്ളതല്ല.

'വല്ല ആനയോ പുലിയോ കാ ടിറങ്ങിക്കാണും! കർത്താവേ കാ ത്തോളണേ...'

പാട്ടയും തൊട്ടിയും നിലത്തു വെച്ച് ആലീസ് അവരെ നോക്കി നിന്നു.

'എന്നതാ ആലീസേ ഈ വെളു പ്പാൻകാലത്ത്.'

തലനരച്ച കാർന്നോരെപ്പോലെ തോന്നിക്കുന്ന ഒരാൾ ഉറക്കെ വിളി ച്ചുചോദിച്ചു.

വാരിക്കുന്തങ്ങളും മുളവടികളും കൈയിലേന്തിയ അവർ തന്നെയാ ണ് ലക്ഷ്യം വച്ചിരിക്കുന്നതെന്ന് ആലീസിന് ഒരു നിമിഷം തോന്നി. തോന്നലല്ല, അവർ തനിക്കു നേരെ തന്നെയാണ് നീങ്ങുന്നത്. ആലീസ് അവരെ മിഴിച്ചുനോക്കി.

'ഇവൾക്കിതെന്നാത്തിന്റെ കേടാ...?'

'അടങ്ങിയൊതുങ്ങി വീട്ടിൽലെ ങ്ങാനും ഇരുന്നാപ്പോരേ!'

'ഒരു പെണ്ണല്ലേ... അതും ഒറ്റയ്ക്ക്, ഈ വെളുപ്പാൻകാലത്ത്'

അവർ നടക്കുന്നതിനിടയിൽ പിറുപിറുത്തു.

ആലീസിനടുത്തെത്തിയതും ഒരാൾ ചോദിച്ചു:

'നീ ഇതെന്നാത്തിനുള്ള പുറപ്പാ ടാ പെണ്ണേ?'

അവളൊന്നും മിണ്ടിയില്ല. എന്തെന്നറിയാത്തപോലെ പകച്ചു നിന്നു.

'എന്നതാടീ നീയൊന്നും മിണ്ടാ ത്തെ? നാവ് അണ്ണാക്കിനുള്ളിൽ പോയോ?'

'ഇവൾ ഇവളുടെ മറ്റവനെപോ ലെ നായാട്ടിനിറങ്ങിയതാവും. പുലിയെ പിടിക്കാൻ'

അവളുടെ സമപ്രായമുള്ള യുവാവ് കളിയാക്കിപ്പറഞ്ഞു.

'അതെ; ചീറിപാഞ്ഞുവരുന്ന പുലിയെ വാരിക്കുന്തമെറിഞ്ഞ് വീഴ്ത്തുന്നവനല്ലേ ഇവൾടെ മറ്റവൻ. കൂടെക്കിടന്ന് പെണ്ണിന് നല്ല ഉശി രായിക്കാണും.'

അതും പറഞ്ഞ് എല്ലാവരുമൊ ന്ന് കുലുങ്ങിച്ചിരിച്ചു.

ആലീസിന് തൊലിയുരിയുന്ന



തായി തോന്നി.

അവളുടെ നിസ്സഹായതയിൽ അവരുടെ മുഖത്ത് ഉച്ചസൂര്യൻ ഉദിച്ചുനിന്നു.

പാതിരാകുർബാനക്ക് പള്ളിയിൽ പോകുമ്പോഴും പലവ്യഞ്ജനം വാങ്ങാൻ ചന്തയിൽ പോകുമ്പോഴും പുഴക്കരയിൽ തുണിയലക്കാൻ ചെല്ലുമ്പോഴും ഈ മുഖങ്ങളെയെല്ലാം

ആലീസ് പലതവണ കണ്ടിട്ടുണ്ട്.

പീടികത്തിണ്ണകളിലും ആളുകൂടുന്ന ആഴ്ചചന്തകളിലും അവർ ആലീസിന്റെ ശരീരവടിവിനെക്കുറിച്ച് സംസാരിക്കും. പൊതുമധ്യത്തിൽ അവളെ പരിഹസിക്കും. തങ്ങളിലാരെങ്കിലും ഒറ്റയ്ക്ക് അവളെ കണ്ടുമുട്ടിയാൽ വാ തോരാതെ സ്നേഹം പറയും. ഇതവരുടെ ഒരു ശീലമാണ്. കിട്ടാത്ത മുന്തിരിയ്ക്ക് പുളിയാണെന്ന് മനസ്സിലുറപ്പിച്ച് ആകാശത്തേക്ക് നോക്കി ഓരിയിടാൻ തുടങ്ങുന്ന കള്ളക്കുറുക്കന്മാരെപോലെ.

ഒരിക്കൽ പുഴക്കരയിൽ മുട്ടോളം വെള്ളത്തിൽ തുണിയലക്കുകയായിരുന്നു അവൾ.

കളിമൺ പാത്രമുണ്ടാക്കി വിൽക്കുന്ന കൊഴിഞ്ഞാട്ടിലെ തങ്കമായിരുന്നു ആലീസിന്റെ അന്നത്തെ കൂട്ട്. പുഴക്കരയോട് ചേർന്ന് അരയ്ക്കൊപ്പം വളർന്നുനിൽക്കുന്ന കുറ്റിച്ചെടികൾക്കിടയിൽ നിന്നും

ഒരനക്കം കേട്ടു.

'അവിടെ പതുങ്ങിയിരിക്കുന്നുണ്ടാകും... കള്ളജന്തുക്കള്...'

മുണ്ടിന്റെ തല കയറ്റിക്കുത്തി തങ്കം പറഞ്ഞു.

അവിടെ പതുങ്ങിയിരുന്ന കള്ളക്കുറുക്കന്മാർക്ക് തങ്കം അന്ന് നല്ല ആട്ടും വെച്ചുകൊടുത്തു.

അവരുടെ നോട്ടവും ചിരിയും സംസാര വുമെല്ലാം ഈ തുണിയേക്കാൾ മുഷിഞ്ഞു നാറിയ ഒന്നാണെന്ന് പലപ്പോഴും തോന്നാറുണ്ട്.

തങ്കം നല്ല ഉശിരുള്ള പെണ്ണാണ്...

തങ്കത്തിനെപ്പോലെയാവാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന് ആലീസിന് പലതവണ തോന്നിയിട്ടുണ്ട്.

ആലീസ് മാത്രമല്ല, എല്ലാ പെണ്ണുങ്ങളും തങ്കത്തിനെപ്പോലെയാവാൻ കൊതിക്കുന്നുണ്ടാകും.

ബന്ധിക്കപ്പെട്ട ചരടുകൾ പൊട്ടിത്തകരാതിരിക്കാൻ എല്ലാവരും ആ കൊതിയങ്ങ് ഉപേക്ഷിക്കുകയാണെന്ന് മാത്രം.

തങ്കം ഒറ്റയ്ക്കാണ്. ആറ് വർഷം മുമ്പ് കാടിറങ്ങിയ പുലി തങ്കത്തിന്റെ കുടുംബത്തെ കൊണ്ടുപോയി. കൂട്ടത്തിലന്ന് ആലീസിന്റെ അപ്പനുമുണ്ടായിരുന്നു.

അപ്പന്റെ മരണം ആലീസിന് നല്ല ഓർമ്മയുണ്ട്. വൈദ്യുതി വെളിച്ചത്തിന്റേയും പെട്രോമാക്സ് വിളക്കിന്റേയും വെള്ളിവെളിച്ചം മിന്നിതിളങ്ങുന്ന ഒരു ക്രിസ്തുമസ് രാത്രി. കള്ളും കുടിച്ചേച്ച് നാല് കാലേലാണ് അപ്പൻ വീട്ടിലേക്ക് കേറിവന്നത്. അമ്മച്ചിയുമായി പോരടിച്ച് വീടിന്റെ കോലായിലാണ് അപ്പനന്ന് കിടന്നത്. അപ്പൻ പുറത്തുകിടക്കുന്നതുകൊണ്ടാവണം അമ്മച്ചി വാതിലിന് താഴിട്ടില്ല. ചാരിയിട്ടതേയുള്ളൂ. പിറ്റേന്ന് രാവിലെ ആലീസ് തന്നെയാണ് കോലായിൽ കിടന്ന അപ്പനെ തിരക്കിയിറങ്ങിയത്. അപ്പോഴേക്കും അപ്പൻ പരലോകം പൂകിയിരുന്നു. പല്ലും നഖവും ബാക്കിവെച്ച് കാടിറങ്ങിവന്ന പുലി അപ്പനെ കൊണ്ടുപോയി.

തലേന്ന് രാത്രി അപ്പൻ ആഹാരം കഴിച്ചിരുന്നില്ല. കാലി വയറുമായിട്ടാണ് ഉറങ്ങിയത്. ഉരിയരി വേവിച്ച് നാല് ഭാഗങ്ങളാക്കി കാത്തിരിക്കാറുള്ള അമ്മച്ചി അന്ന് അപ്പനെ പിടിച്ചിരുത്തി ഊട്ടിയില്ല. കുരുമുളകിട്ട് വേവിച്ച പോത്തിറച്ചിയും പോർക്കിറച്ചിയും അടുക്കളവാതിൽ തുറന്ന് പുറത്തേക്കെറിഞ്ഞു. അലഞ്ഞ് തിരിയുന്ന പട്ടികൾ അത് തിന്ന് വിശപ്പടക്കി. വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രം ഇറച്ചി വേവുന്ന വീടാണത്. തീർച്ചയായും അപ്പനോടുള്ള വാശിക്ക് അമ്മച്ചി കടുംകൈ പ്രവർത്തിച്ചതാണെന്ന് ആലീസ് മനസ്സിൽ പറഞ്ഞു.

കോലായിൽ നാല് കാലേൽ ഇഴയുന്ന അപ്പന്റെ അടുത്ത് ആലീസ് ചെന്നിരുന്നു.

'എന്നതാടി നിന്റെ മുഖത്തിനൊരു വാട്ടം'

ആലീസ് ഒന്നും മിണ്ടിയില്ല.

'അപ്പൻ സന്തോഷം കൊണ്ട് കുടിച്ചതല്ലേടി.'

അവളെ ചേർത്തുപിടിച്ച് പറഞ്ഞു.

'അടുത്ത ക്രിസ്തുമസിന് അപ്പന്റെ കൂടെ നീ ഇണ്ടായില്ലെങ്കിലോ.'

'ഞാൻ പിന്നെ എവിടെ പോവാനാ.'

ആലീസ് മുഖമുയർത്തി

'ന്റെ മോള് വല്ല്യേ പെണ്ണായി. നാടും നാട്ടാരുമറിഞ്ഞ്, കൊട്ടും പാട്ടും ബാന്റ് മേളവുമായി നീയൊരു മാലാഖയെപോലെ....'

അയാളുടെ മുഖം പൂർണ്ണചന്ദ്രനെപോലെ മിന്നിത്തിളങ്ങി.

കട്ടപ്പല്ല് പുറത്തുകാട്ടി ചിരിച്ചുകൊണ്ട് ആലീസ് പറഞ്ഞു.

'ഈ അപ്പന് പ്രാന്താ.. നല്ല മുഴുത്ത പ്രാന്ത്!'

'നീ കണ്ടോടീ

ഒക്കെ ശരിയാകും. ചെല വഴ്യാളൊക്കെ അപ്പൻ കണ്ടിട്ടുണ്ട്!'

വെളിച്ചമെത്താത്ത ഇരുട്ടുമൂടിയ അപ്പന്റെ ലോകത്ത്, അപ്പൻ ഒരു മിന്നാമിനുങ്ങിനെ പോലെ മിന്നിത്തിളങ്ങുന്നത് ആലീസ് കണ്ടു.

നിലയുറയ്ക്കാത്ത തല അൽപം മുകളിലേക്കുയർത്തി. അപ്പൻ അവളുടെ നെറ്റിയിൽ ഉമ്മവെച്ചു.

'വിവാഹം, ബാൻഡ് മേളം, മാലാഖ...'

അയാൾ പിറുപിറുത്തുകൊണ്ടിരുന്നു. ബോധം പൂർണ്ണമായി വിട്ടൊഴിഞ്ഞപ്പോൾ തറയിൽ കിടന്നുറങ്ങി.

വരുന്ന ക്രിസ്തുമസിന് അപ്പന്റെ കൂടെ ആലിസ് ഉണ്ടാവില്ല എന്ന അപ്പന്റെ വാക്കുകൾ അങ്ങനെ അറംപറ്റി. അവളിൽ നിന്നു മാത്രമല്ല, എല്ലാവരിൽ നിന്നും അപ്പൻ എന്നെന്നേക്കുമായി പോയി.

ആറു വർഷങ്ങൾക്കിപ്പുറം കരഞ്ഞുകൊണ്ട് പുരുഷകേസരികളുടെ മധ്യത്തിൽ നിൽക്കുന്ന വേളയിൽ, അപ്പനെ ഓർക്കേണ്ടി വന്നപ്പോൾ ആലീസിന് നെഞ്ചിൽ ഒരു കരിങ്കൽ ചീള് കുത്തിയിറക്കുന്നപോലെ തോന്നി. ആരും ഗൗനിക്കില്ല എന്നറിഞ്ഞിട്ടും അവളവളുടെ മനസ്സിന്റെ അകത്തളത്തിൽ അലമുറയിട്ട് കരഞ്ഞു. പ്രായമെത്താത്ത പിഞ്ചുകുഞ്ഞിനെപ്പോലെ...

കലങ്ങിയ കണ്ണുമായാണ് അവൾ വീട്ടിലേക്ക് തിരിച്ചു ചെന്നത്. അമ്മച്ചി കാര്യം തിരക്കി.

ആലീസ് ഒന്നും മിണ്ടിയില്ല.

തൊട്ടിയും പാട്ടയും നിലത്തേക്കെറിഞ്ഞ് അവൾ അടുക്കളയിലെ പാത്രങ്ങളോട് കലഹിച്ചു. അമ്മച്ചിക്ക് കാര്യം ഏകദേശം പിടികിട്ടി.

'കാലം കുറേയായില്ലേ പാത്തും പതുങ്ങീം വാതില് മുട്ടണ്. ആരും ഒന്നും അറീണില്ലെന്നാണാ നീ വിചാരിച്ചേക്കണേ. ആൾക്കാരൊക്കെ കാണണിണ്ട്.

ആരും പൊട്ടന്മാരൊന്നുമല്ലാ.'

അമ്മച്ചി ഒച്ച വെച്ചു.

'ഇതൊക്കെ കാണാനും കേൾക്കാനും എന്നെ എന്തിനാ കർത്താവേ പാതി ജീവനായി ഇട്ടേക്കണേ. അങ്ങോട്ട് വിളിച്ചൂടെ.'

ആലീസ് ഒന്നും കേൾക്കാത്ത മട്ടിൽ നിന്നു.

അമ്മച്ചിക്ക് ആലീസിനെ വഴക്കു പറയാനേ കഴിയൂ, മറ്റൊന്നിനും അവർക്ക് സാധിക്കില്ല. അപ്പന്റെ മരണശേഷം അമ്മച്ചി കിടപ്പിലായതാണ്. പിന്നെ എഴുന്നേറ്റ് നടന്നിട്ടില്ല.

ഉണ്ണലും, ഉറങ്ങലും, തൂറലും എല്ലാം കിടന്നകിടപ്പിൽ തന്നെ.

'പാതി ചത്തിട്ടും തള്ളേടെ നാവിന് നല്ല നീട്ടാ'

അമ്മച്ചിയുമായി വഴക്കിടുമ്പോൾ ആലിസ് മനസ്സിൽ പറയും. എന്നിരുന്നാലും ആലീസിനമ്മച്ചിയോട് വല്ല്യ സ്നേഹാണ്. അമ്മച്ചിയോടെന്നല്ലാ എല്ലാവരോടും. തന്നെ സ്നേഹിക്കുന്നവർക്ക് സ്വന്തം ജീവൻ കൊടുക്കാനും ആലീസിന് മടിയില്ല.

പോത്തച്ചന്റെ പേരും പറഞ്ഞ് അവർ ഇടയ്ക്ക് വഴക്കിടും. അപ്പോൾ അമ്മച്ചി പറയും..

'ഇടവകക്കാരേം പള്ളിക്കാരേം അറീച്ച് ഇവൾടെ കഴുത്തിൽ അയാൾക്കൊരു മിന്ന്കെട്ടിയാലെന്നാ. അപ്പൊ ഈ നാട്ടാര്ടെ വായിലിരിക്കണ പുകിലോള് കേൾക്കല്ലോ.'

എന്നിട്ട് തയ്യൽമെഷീൻ ചവിട്ടുന്ന ആലീസിന് താഴെയുള്ള കൊച്ചന്നത്തെ അമ്മച്ചി കിടന്നകിടപ്പിൽ തല ചെരിച്ചൊന്ന് നോക്കും.

'നിനക്ക് താഴെ ഒന്നൂടെ ഉള്ളത് മറക്ക. നിന്റെ കയ്യിലിരിപ്പിന് അതും കൂടി അനുഭവിക്കേിവരും ഇനി.'

കൊച്ചന്നം തല താഴ്ത്തി ഇരുന്ന തയ്യൽമെഷീൻ വേഗത്തിൽ ചവിട്ടും.

ആലീസ് പലപ്പോഴായി അയാളോടത് പറഞ്ഞിട്ടുണ്ട്.

മിന്നുകെട്ടെന്ന് കേട്ടാൽ അയാളോരോ ന്യായങ്ങൾ പറയും. സമയം ആയിട്ടില്ലെന്ന് പറഞ്ഞൊഴിഞ്ഞു മാറും. അല്ലെങ്കിൽ ഇല്ലാത്ത കാരണങ്ങളുണ്ടാക്കി വഴക്കടിക്കും. പിന്നെ കുറച്ചുനാളത്തേക്ക് അവൾ അതിനെപ്പറ്റി മിണ്ടില്ല.

പുലർച്ചെ പാട്ടുകുർബാനക്ക് പള്ളിയിൽ പോകുമ്പോഴാണ് അവളാദ്യമായി അയാളെ കാണുന്നത്. കണ്ടമാത്രയിൽ ഒരപരിചിതനിൽ കവിഞ്ഞ ബന്ധമൊന്നും അവൾക്കയാളോട് തോന്നിയില്ല. എങ്ങനെ തോന്നാനാണ് ആ നാട്ടുകാർക്കും അയാൾ അപരിചിതനാണല്ലോ.

അവറാച്ചൻ മുതലാളിയുടെ ഇറച്ചിക്കടയിൽ അയാളെ കാണാം. ഒരുപരിധിവരെ ഉള്ളവനും ഇല്ലാത്തവനും ഞായറാഴ്ചകളിൽ ഇറച്ചി വാങ്ങാനെത്തുന്ന ഇറച്ചിക്കടയാണത്.

അവിടുത്തെ പുതിയ പണിക്കാരനായിരുന്നു അയാൾ. ഉരുക്കിന്റെ ശരീരമുള്ള പണിയറിയുന്ന ഇറച്ചിവെട്ടുകാരൻ. പിന്നീട് എല്ലാ ദിവസങ്ങളിലും ആലീസിന്റെ കണ്ണിൽ അയാൾ പതിവായി.

ചിലപ്പോളയാൾ കത്തുന്ന റാന്തൽ വിളക്കിന്റെ വെട്ടത്തിൽ വാക്കത്തിക്ക് മൂർച്ച കൂട്ടുകയായിരിക്കും, അല്ലെങ്കിൽ അറക്കാൻ പാകമായ പോത്തിന്റെ കുളമ്പുകൾ കൂട്ടിക്കെട്ടുകയാവും.

ഇറച്ചി വാങ്ങാൻ വരി നിൽക്കുമ്പോൾ ആളുകൾ പരസ്പരം പറയും.

'ഇതിപ്പോ അവറാച്ചന് കോളടിച്ച മട്ടാ. ഇനി ചെക്കനേം വെച്ച് അയാളൊരു കളി കളിക്കും.'

'അവറാച്ചന്റെ കടയിലെ പുതിയ ഇറച്ചിവെട്ടുകാരൻ ആള് നിസ്സാരനല്ല' എന്ന് നാട്ടുകാർ പറയാൻ തുടങ്ങിയപ്പോൾ തൊട്ടേ ആലീസിന്റെ ശ്രദ്ധയിൽ അയാൾ ഇടംപിടിച്ചിട്ടുണ്ട്.

അതെ; അയാളൊരു സാധാരണ മനുഷ്യനല്ല. ഒൻപത് പേരെ കൊന്ന പുലിയെ വകവരുത്തിയാണ് അയാളീ നാട്ടിൽ വരവറിയിച്ചത്.

'ഒരു ഭയങ്കര ജന്മം തന്നെ. എത്ര നിസ്സാരമായാണ് ആ ചെക്കൻ പുലിയേ...'

നാട്ടുകാർ പുഴക്കരയിലും തോട്ടിൻ വരമ്പത്തും കുന്തിച്ചിരുന്ന് ചർച്ച തുടങ്ങി.

'അവറാച്ചന് എവിടുന്ന് കിട്ടിയാവോ ഈ ചെക്കനെ?'

കുന്തിച്ചിരിക്കുന്ന കാർന്നോര് താടിക്ക് കൈ കൊടുക്കും

'ചെലപ്പോ കാട്ടിന്ന് കെണിവെച്ച് പിടിച്ചതാവും'

'ഹ..ഹ..ഹ...'

അതും പറഞ്ഞ് അവരൊന്നുകൂടി ചിരിക്കും...

'അതു നേരാ... ആ ചെക്കന്റെ മൊഖം തന്നെ ഒരു മൃഗത്തിനെ പോലീണ്ട്...

ഓ..

വല്ലാത്തൊരു ജാതി തന്നെ...'

അവരുടെ മുഖത്ത് അത്ഭുതവും അതിശയവും കൂടികലർന്നു.

'കാട്ടിന്ന് തന്നെയാവും. അല്ലാതെ മ്മക്ക് മനുഷ്യന്മാർക്കാർക്കേലും ഈ പുലിനൊക്കേ പിടിക്കാൻ പറ്റോ. അതും ഒറ്റയ്ക്ക്.'

'ഏതായാലും ഇമ്മക്കിനി ധൈര്യായിട്ട് നെഞ്ചുവിരിച്ച് നടക്കാ. ഇനി ഒരു പുലീം നാട്ടിലിറങ്ങി മ്മളെ തൊടൂലാ.'

'അതെ; പിടിക്കാൻ വരണ പുലിയോട് മ്മള് പറയും. നി പൊയ്ക്കോ പുലിയേന്ന്..'

അതും പറഞ്ഞ് അവര് ചിരിച്ചു മണ്ണ് തപ്പും...

വർഷത്തിൽ ഒന്നോ രണ്ടോ തവണ അവിടെ പുലിയിറങ്ങും. ഒരു പത്തുപന്ത്രണ്ട് പേരെയെങ്കിലും കൊണ്ടുപോകും. ആട്, മാട്, കോഴി, താറാവ് എന്നിവ വേറെ. സർക്കാരും വനംവകുപ്പും ഏതാണ്ട്

കൈയ്യൊഴിഞ്ഞ മട്ടാണ്. അഞ്ച് സ്ത്രീകളടക്കം എട്ടുപേരെ കഴിഞ്ഞ വർഷം കാടിറങ്ങിയ പുലി കൊണ്ടുപോയി. സർക്കാരിന്റെ കടലാസിൽ അങ്ങനെ എഴുതിയിട്ടുണ്ട്.

കണക്കിൽപ്പെടാത്തത് ഇനിയുമുണ്ട് താനും.

ആറ് വർഷം മുമ്പത്തെ ക്രിസ്തുമസിന് പുലിയിറങ്ങിയതാണ്. അന്ന് പതിനൊന്ന് പേര് മരിച്ചു. അതിൽ ആലീസിന്റെ അപ്പനും തങ്കത്തിന്റെ കുടുംബവുമുണ്ടായിരുന്നു. അപ്പൻ

മരിച്ചതിന്റെ ഏഴാം നാൾ അപ്പന്റെ കൊലപാതകിയെ മറ്റൊരാൾ വകവരുത്തി എന്നറിഞ്ഞപ്പോൾ ആലീസിന്റെയുള്ളിൽ സന്തോഷത്തിന്റെയും, സങ്കടത്തിന്റെയും കൊടുംകാറ്റ് വീശി. അതൊരു പേമാരിയായി ഇറച്ചിവെട്ടുക്കാരനിലേക്ക് ആഞ്ഞടിച്ചു. അവൾക്ക് ഉൾക്കിടിലമുണ്ടായി.

പിന്നീട് പള്ളിയിലേക്കുള്ള വഴികളിൽ അവളുടെ കണ്ണുകൾ അയാളെ തിരഞ്ഞു. നാളുകൾ കഴിഞ്ഞു.

അവളുടെ ശരീരത്തിലെ വിയർപ്പു തുള്ളികളാൽ അയാളുടെ കാടത്തത്തെ അലിയിച്ചു കളയാനും അവൾ പഠിച്ചു . അവന്റെ മൃഗീയ വാസനകളെല്ലാം ഇക്കിളിപ്പെടുത്തലുകളായി അവൾക്കനുഭവപ്പെട്ടു.

ചില രാത്രികളിൽ പോത്തിന്റെ പുറത്തു കയറി സ്വപ്നത്തിലയാൾ അവൾക്കു മുന്നിലെത്തും. അപ്പോൾ അവൾ നാണിച്ച് തലയിണയിൽ മുഖമമർത്തി അയാളെ ഓർത്തുചിരിക്കും. അന്നുതൊട്ട് ഇന്നുവരെ ഒരു മൃഗത്തിന്റെ പേരും, മറ്റൊരു മൃഗത്തിന്റെ മുഖച്ഛായയുമുള്ള ആ പുരുഷനോട് അവൾക്കൊടുങ്ങാത്ത സ്നേഹമാണ്. ഇപ്പോഴും ഇറച്ചി മണക്കുന്ന ഉടലുമായി രാത്രികളിൽ അയാൾ അവൾക്കരികിലെത്തും. കൈവെള്ളകളിൽ പോത്തിൻ ചോരയുടെ മണം ഒളിപ്പിച്ചുവെച്ച്,



ക്രൂർത്ത നഖങ്ങൾക്കിടയിൽ ഇറച്ചിത്തരികൾ ബാക്കി നിൽക്കേ അവളുടെ മാറിടങ്ങളെ ഞെരിച്ചമർത്തും; വീരശൂരപരാക്രമിയായ ഒരു വേട്ടക്കാരനെ പോലെ...

അങ്ങനെ ആനന്ദത്തിന്റെ നിർവൃതിയിൽ തളർന്നുറങ്ങാൻ തുടങ്ങുമ്പോൾ അയാളുടെ കാതുകളിൽ അവൾ മുഖമമർത്തി വയ്ക്കും. വിറയാർന്ന ചുണ്ടുകളോടെ പതുക്കെ പറയും.

'നീ നിസ്സാരനല്ല... കൊതിയനാണ്. ഇറച്ചിക്കൊതിയൻ...'

'പോത്തച്ചൻ നാളെ പുലിയെ പിടിക്കും!'

'കെണിയൊരുക്കിയിട്ട്.'

'കാടിനെ കുറുകെയുള്ള ഇടവഴിയുടെ മൂലയിൽ'

ചായക്കടയിലെ ചർച്ചക്ക് ചൂടു പിടിച്ചു.

'അവറാച്ചൻ മുതലാളി മൂന്ന് മുട്ടനാടുകളെയാണ് പള്ളിക്ക് സംഭാവന ചെയ്തേ!'

'മാർക്സിന്റെ ആളോള് പറയും ബൂർഷ്വായാണ്, മറ്റേതാണ് മർച്ചതാണ് എന്നൊക്കെ. ഇപ്പോ നാട്ടാർക്ക് ഒരു സഹായത്തിന് മൊതലാളി തന്നെ വേണ്ടി വന്നില്ലേ?'

ചൂടുള്ള ചർച്ചകൾ ചായക്കടയിലെ തിളച്ച പാലിനോടൊപ്പം നരഞ്ഞുപൊന്തി.

'അപ്പോ അവറാച്ചൻ മുതലാളിയുടെ മുട്ടനാടിനെ പോത്തച്ചൻ നാളെ ചാവേറാക്കും. എന്നിട്ട് പുലീനെ പിടിക്കും.'

'അതൊന്നൊന്നര കാഴ്ച്ചാവും. ഏറുമാടത്തിന്റെ മോളില് എനിക്കും കേറണം. ഇത്തവണയെങ്കിലും എല്ലാം ശരിക്കൊന്ന് കാണണം.'

നാട്ടുകാർ നല്ല ഉത്സാഹത്തിലാണ്. ആവിപാറുന്ന ചായഗ്ലാസുകളുടെ എണ്ണവും ചായക്കടയിൽ കൂടിക്കൊണ്ടിരുന്നു.

കാടിനു കുറുകെയുള്ള ഇടവഴിയുടെ മൂലയിൽ ആടിനേയോ പട്ടിയേയോ കെട്ടിയിടും.

എന്നിട്ട് ഏറുമാടമുണ്ടാക്കി പോത്തച്ചനും കൂട്ടരും കാവലിരിക്കും. ആ ഇരുത്തം ചിലപ്പോൾ മണിക്കൂറുകൾ കടന്ന് രണ്ടുദിവസത്തോളം നീളുകയും ചെയ്യും. വെള്ളവും ഭക്ഷണവും

പള്ളികമ്മിറ്റി എത്തിക്കും. മാരകായുധങ്ങളും ഇരുമ്പുവടികളും എത്തിക്കേണ്ടത് ഇടവകക്കാരുടെ ചുമതലയാണ്. ആടിന്റെയോ പട്ടിയുടെയൊ ചൂര് മണത്തറിഞ്ഞ് പുലിയെത്താതിരിക്കില്ല.

അതുപോലെ പുലിയുടെ ഞെരക്കം കേട്ടാൽ മനുഷ്യരേക്കാളും വേഗത്തിൽ ഈ മിണ്ടാപ്രാണികൾക്കറിയാം. അവ അസ്വസ്ഥത പ്രകടിപ്പിച്ചു തുടങ്ങും.

ഏറുമാടത്തിന്റെ മുകളിലിരുന്ന് പോത്തച്ചൻ ഇരുമ്പുവടിയുടെ മുനരാകി മിനുക്കി.

പുലി ലക്ഷ്യസ്ഥാനത്തെത്തിയാൽ പോത്തച്ചൻ അതെടുത്തെറിയും. ആദ്യ ഏറിൽ തന്നെ പുലിയുടെ പള്ളക്കത് തറച്ചു കയറും. പിന്നീട് അധികം ദൂരം പുലി പോവില്ല. വൈകാതെതന്നെ ചത്തൊടുങ്ങും.

'ഇത്തവണ പണി പാളോ പോത്തച്ചാ?'

കപ്യാര് ഭക്ഷണപ്പൊതി പോത്തച്ചന് നീട്ടി.

'മലയിറങ്ങി വന്നവനല്ലേ... പോരാത്തതിന് കുറെനാൾ ഇവിടെ വെലസേം ചെയ്തു.

നല്ല ഉശിരു കാണം. സൂക്ഷിക്കണം...'

'നാളെ ഇരുട്ടുന്നേനു മുമ്പ് അവൻ എന്റെ കൈപ്പിടിയിൽ ഒതുങ്ങും. കപ്യാര് നോക്കിക്കോ'

മുറിബീഡി കടിച്ചുപിടിച്ച് പോത്തച്ചൻ പിന്നെയും അമർത്തി

രാകി.

പോത്തച്ചൻ പിടിക്കാനൊരു ങ്ങിയ പുലിയ്ക്ക് ഇത്തവണ അവറാ ച്ചൻ മുതലാളിയുടെ മുട്ടനാടുകളെ വേണ്ട.

അലഞ്ഞുതിരിയുന്ന പട്ടികളേ യും വേണ്ടാ.

മനുഷ്യന്റെ ചൂടുള്ള ചോരയുടെ മണം മാത്രം മതി.

വർഷങ്ങളായി അവിടെ പുലിയി റങ്ങാറുണ്ട്. കണ്ണിൽ കാണുന്ന ജീ വനുള്ള എന്തിനേയും കാടിറങ്ങിയ പുലി ആക്രമിക്കാറുണ്ട്.

എന്നാൽ ഇത്തവണ അത് സം ഭവിക്കുന്നില്ല.

പുലി മനുഷ്യനെ മാത്രം തിര ഞ്ഞുപിടിച്ച് ആക്രമിക്കുന്നു.

മനുഷ്യന്റെ ഇറച്ചി ചൂര തേടി പുഴക്കരയിലും കൃഷിയിടങ്ങളിലും കവലകളിലും പുലി അലഞ്ഞുനട ന്നു. ദിവസങ്ങൾ കഴിയുന്തോറും മരണങ്ങൾ കൂടിക്കൊണ്ടിരുന്നു. ജനങ്ങൾ

കൂടുതൽ പരിഭ്രാന്തരായി. അവർ വികാരിയച്ചനെയും പള്ളിക്കമ്മിറ്റി യേയും അഭയം പ്രാപിച്ചു.

നാട്ടിൽ പലയിടങ്ങളിലും പോ ത്തച്ചൻ ഏറുമാടമുണ്ടാക്കി. കയ്യിൽ വാരിക്കുന്തമേന്തി കാവലിരുന്നു. പുലി അടുക്കുന്നേയില്ലാ.

ആളുകൾ അത്ഭുതം വിടർത്തിയ മുഖവുമായി കൂടുതൽ ജാഗ്രതരായി. എന്നിട്ട് ഒറ്റ സ്വരത്തിൽ പറഞ്ഞു.

'മനുഷ്യന്റെ തലച്ചോറ് തിന്ന് ഓന് രസം പിടിച്ചു കാണും... ശരി ക്കും നരഭോജി തന്നെ'

'മുറ്റത്ത് കളിച്ചോണ്ടിരുന്ന ആറു വയസ്സുകാരിയെയാണ് കഴിഞ്ഞ ദിവസം പുലി കൊണ്ടുപോയേ...'

വികാരിയച്ചനോട് എല്ലാവരും സങ്കടം പറഞ്ഞു.

'ഇങ്ങനെപോയാ കുട്ടികളെയും കൊണ്ട് എങ്ങനെ പൊറത്തിറങ്ങും അച്ചോ...അച്ചൻ ഒരു പരിഹാരം കണ്ടേപറ്റൂ...'

നിസ്സഹായതയോടെ അച്ചൻ പോത്തച്ചനെ നോക്കി.

നാട്ടുകാരാരും പിന്നീട് വീട്ടീന്ന് പുറത്തിറങ്ങാതെയായി. കൂപ്പിലും മലയോരങ്ങളിലും പണിക്ക് പോ കുന്നവർ പോകാതെയായി. അവർ പിഞ്ചു കുഞ്ഞുങ്ങളെയും പ്രായമായ വരേയും ഓർത്ത് വീടിന്റെ അകത്ത ളങ്ങളിൽ ദുഃഖിച്ചിരുന്നു. പോത്ത ച്ചൻ പിന്നേയും ശ്രമങ്ങൾ നടത്തി. ഒരുതരത്തിലും പുലി പോത്തച്ചന്റെ പരിധിക്ക് ഒതുങ്ങുന്നില്ല. എല്ലാ ശ്ര മങ്ങളും പാളിക്കൊണ്ടിരുന്നു.

ഇടവകക്കാരോടും നാട്ടുകാരോ ടും വികാരിയച്ചനാണ് അതാദ്യം പറഞ്ഞത്. കേട്ടപാടെ എല്ലാവരും എതിർത്തു. പിന്നെ പേടിച്ച് പറ്റി ല്ലെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറി.

എല്ലാവരുടെയും മുഴുവൻ പ്രതീ ക്ഷയും ഇപ്പോഴും പോത്തച്ചനിൽ തന്നെയാണ്. ആ പ്രതീക്ഷയിൽ നെഞ്ചുവിരിച്ചു നിന്നു കൊണ്ട് തന്നെയാണ് വികാരിയച്ചനും അത് പറഞ്ഞത്.

'ആടിനും പട്ടിക്കും പകരം മനുഷ്യനിരിക്കണം. പുലിയേയും കാത്ത്. എന്നാലേ പുലി അടുത്തെ ത്തൂ. ബാക്കി കാര്യങ്ങൾ പോത്ത ച്ചൻ നോക്കിക്കോളും'

കേട്ടപാടെ എല്ലാവരും തല താഴ്ത്തിയിരുന്നു. സ്വന്തം ജീവൻ കൊ ടുത്ത് പുലിയെ പിടിക്കാൻ ആരും തയ്യാറല്ല; ഒരു പോറൽ പോലും ഏൽക്കില്ലെന്ന് അച്ചൻ ഉറപ്പു

കൊടുത്തിട്ടുപോലും. എല്ലാവരും പിൻവലിഞ്ഞു. മരണഭയം ഓർത്ത് അവർ അല്പം സ്വാർത്ഥരായി. പരാ തിയുമായി ഇനി പള്ളിയിലേക്ക് വരില്ല എന്നു പറഞ്ഞ് കുറെപ്പേര് പള്ളിയുടെ

പടിയിറങ്ങി.

കെണിയിലകപ്പെട്ട പെരുച്ചാഴി യെ പോലെ അച്ചൻ അങ്ങോട്ടുമി ങ്ങോട്ടും നടന്നു.

പോത്തച്ചന്റെ രണ്ടുകൈകളും ചേർത്ത് പിടിച്ചു പറഞ്ഞു.

'ഉടനെ ആരെങ്കിലും തയ്യാറാ വണം പോത്തച്ചാ... അല്ലെങ്കിലാ നരഭോജി...'

നിസ്സഹായതയുടെ കൊടുമുടിയി ലേറി രാത്രി അയാൾ ആലീസിന രികിലെത്തും.

വെള്ളത്തിൽ വീണ നായയെ പ്പോലെ നനഞ്ഞൊട്ടി അവൾക്കരി കെ ചുരുണ്ട് കിടന്നുറങ്ങും.

കുറച്ചുദിവസങ്ങളായി അങ്ങ നെയാണ് പതിവ്. എന്നാൽ ഇന്ന യാൾ ഏറെ ഉന്മേഷത്തിലാണ്.

മന്ദൻ കൈകൾ കൊണ്ട് വാരി പ്പുണരുമ്പോൾ അവൾ ചോദിച്ചു.

'എന്താ പതിവില്ലാത്തൊരു സ്നേഹം... ഇച്ചായൻ പുലിയെ പിടിച്ചോ...'

അവളുടെ ചുണ്ടുകളിലയാൾ അമർത്തി ചുംബിച്ചു. ഒരു നിശ്വാസ ത്തോടെ പറഞ്ഞു.

'ഞാനാ നരഭോജിയെ പിടി ക്കും. ഒട്ടും വൈകാതെ തന്നെ. ഇനി എനിക്കുറപ്പുണ്ട്.'

അയാളുടെ കണ്ണിൽ പതിവി ല്ലാത്ത ഒരു ആത്മവിശ്വാസത്തെ അവൾ കണ്ടു.

അവളെ കൈപ്പിടിയിലൊ തുക്കി, കണ്ണുകളിൽ ഉറ്റുനോക്കി അയാൾ പറഞ്ഞു.

'എന്റെ അഭിമാനം വീണ്ടെടു ക്കാൻ, ഈ നാട്ടാരെ രക്ഷിക്കാൻ ഇനി നിനക്ക് മാത്രേ കഴിയൂ ആലീസേ... നീ എന്നെ സഹായി ക്കില്ലേ...'

അവളുടെ മുഖം വിളറി വെളുത്തു

'ആലിസേ നീ തന്നെയാണ് എന്റെ ഉറപ്പുചീട്ട്. നാളെ പുലി യേയും കാത്ത് നീ കെണിയിൽ ഇരിക്കണം.'

അയാൾ എല്ലാം തിരുമാനി ച്ചുറപ്പിച്ചിട്ടുണ്ട്. ആലീസിനത് മനസ്സിലായി. ഇല്ലെങ്കിൽ അവളുടെ മറുപടികൾക്കയാൾ ചെവി കൊ ടുത്തേനേ. അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ തുള്ളികൾ ഉരുണ്ടു പുറത്തേക്ക് ചാടി. അവൾ ഒന്നും മിണ്ടിയില്ല. ജീവനില്ലാത്ത ശരീരം പോലെ അനങ്ങാതെ കി ടന്നു. അപ്പോഴും മാംസദാഹിയായ ഒരു മൃഗത്തെ പോലെ അയാൾ അവൾക്കരികിൽ കിടന്നു കിതച്ചു കൊണ്ടേയിരുന്നു.

സ്വന്തം ജീവൻ കൊടുത്ത്



പുലിയെ പിടിക്കാൻ ആലീസ് തയ്യാറാണ്. പിറ്റേന്ന് വാർത്തയായി. പോത്തച്ചന്റെ വാരിക്കുന്തത്തിനേക്കാളും വേഗത്തിൽ ആ വാർത്ത നാട്ടുകാരുടെ ചെവിയിലേക്ക് തറച്ചുകയറി. അവർ പോത്തച്ചനെയും ആലീസിനെയും വാനോളം വാഴ്ത്തി.

'നിനക്ക് എന്നായെങ്കിലും പറ്റിക്കഴിഞ്ഞാ പിന്നെ ഈ അമ്മച്ചിക്കാരാടീയുള്ളേ...'

അമ്മച്ചി കിടന്നകിടപ്പിൽ കണ്ണീരൊഴുക്കി.

തങ്കവും, കൊച്ചന്നവും പോകേണ്ടെന്ന് പറഞ്ഞ് വിലക്കി. ഇച്ചായൻ തന്നെ രക്ഷിക്കുമെന്ന് ആലീസ് കണ്ണീരിൽ കുതിർന്ന മറുപടി പറഞ്ഞു.

എന്നിരുന്നാലും ആലീസിന് നല്ല ഭയമുണ്ട്. എങ്ങാനുമൊന്ന് പിഴച്ചാൽ അവിടെ തീരും എല്ലാം. പിന്നെ വേണ്ടപ്പെട്ടവർക്ക് ഓർത്തു കരയാനുള്ള ഒരോർമ്മ മാത്രമായി മാറും.

ഇച്ചായൻ, അമ്മച്ചി, കൊച്ചന്നം, തങ്കം എല്ലാവരും തന്നെ ഓർത്ത് കരയുന്നതാലോചിച്ചപ്പോൾ ആലീസിന്റെ കണ്ണിൽ കണ്ണീര് പൊടിഞ്ഞു. എന്നിരുന്നാലും പ്രിയപ്പെട്ടവന്റെ അഭിമാനത്തിനു വേണ്ടി ആലീസിന്നാ ത്യാഗത്തിന് തയ്യാറാവും.

കാടിനോട് ചേർന്നുള്ള ഇടവഴിയുടെ മൂലയിൽ പുലിയേയും കാത്ത് ആലീസ് നിന്നു. ഏറുമാടത്തിനു മുകളിൽ മറ്റൊരു പുലിയെപ്പോലെ പോത്തച്ചനും പതുങ്ങിയിരുന്നു. എല്ലാ വെട്ടങ്ങളും അണച്ചു. വെളിച്ചത്തിന്റെ അവസാന പാളികൾ മുഖത്തുനിന്നു മായുമ്പോഴും അവളുടെ കണ്ണുകൾ പോത്തച്ചനേ തന്നെ ഉറ്റു നോക്കി. അവളുടെ കണ്ണുകളിൽ ദയനീയതയുടെ ഭാവങ്ങൾ നിഴലിച്ചു കിടന്നു. ശരീരത്തിലെ രോമകൂപങ്ങൾ ഓരോന്നായി എഴുന്നേറ്റു നിന്നു. പുലിയുടെ കണ്ണിൽപ്പെടരുതെന്ന് അവൾ മനസ്സുകൊണ്ടാശിച്ചു. കർത്താവിനെ വിളിച്ചു കരയാൻ തുടങ്ങി. വൈകാതെ അവളുടെ കാതുകളിലേക്കാ ശബ്ദം പാഞ്ഞെത്തി. ആലീസ് പേടിച്ചു വിറച്ചു. അകലെ നിന്ന് ഒരു നിഴൽ വെട്ടം പോലെ അവളത് കണ്ടു. തന്നെ ലക്ഷ്യം വെച്ച് അടുത്തേക്ക് പാഞ്ഞു വരികയാണ്. അവൾ ഏറുമാടത്തിന്റെ മുകളിലേക്ക് നോക്കി. ഇച്ചായാ എന്ന് അലറി വിളിച്ചു. പുലി ആലീസിനടുത്തെത്തി. പോത്തച്ചൻ സകല ശക്തിയും പുറത്തെടുത്ത് വാരിക്കുന്തമെറിഞ്ഞു. ഉന്നം പിഴച്ചിരിക്കുന്നു. ഏറുമാടത്തിന് മുകളിലുള്ളവർ വാ പിളർന്നു പകച്ചു നിന്നു. ആലിസിന് അഭിമുഖമായി മരണം ഇപ്പോൾ നെഞ്ചുവിരിച്ചു നിൽക്കുന്നുണ്ട്.

കണ്ണുകളടച്ച് ഒരു നിമിഷം അവളതിനെ മനസ്സിൽ കണ്ടു.

ആലീസ് ഇപ്പോൾ കരയുന്നില്ല. ഒച്ച വെയ്ക്കുന്നില്ല. നിശബ്ദമായി അനങ്ങാതെ നിൽക്കുകയാണ്. അവൾക്കറിയാം.

വൈകാതെ താൻ മരണപ്പെടും. അവളുടെ വിറയാർന്ന ചുണ്ടുകളിൽ പതിയെ ഒരു ചെറുപുഞ്ചിരി തെളിഞ്ഞു. പുലി അവളിലേക്ക് ചാടിവീണു. കൂർത്ത നഖങ്ങൾക്കിടയിൽ ഇറച്ചിത്തരികൾ ബാക്കി നിൽക്കുന്ന കൈകൾ അവളുടെ മാറിടങ്ങളിൽ അമർന്നു. അവൾ വീണു. ചോരമണമുള്ള പല്ലുകൾ കഴുത്തിലമരാൻ തുടങ്ങുമ്പോൾ അവൾ തല ഒരു ഭാഗത്തേക്ക് ചെരിച്ചുവച്ചു. എന്നിട്ട് വിറയാർന്ന ചുണ്ടുകളോടെ ആ നരഭോജിയുടെ കാതിൽ പറഞ്ഞു.

'നീയും നിസ്സാരനല്ല... കൊതിയനാണ്... ഇറച്ചിക്കൊതിയൻ...'

പുലി ഒരു നിമിഷം അവളെത്തന്നെ നോക്കിനിന്നു. എന്നിട്ട്, അവളുടെ കഴുത്തിലും മുഖത്തും വരണ്ടനാവുകൊണ്ട് നക്കുകയും നെറ്റിയിൽ തണുത്ത മൂക്കുകൊണ്ട് ഉരസുകയും ചെയ്തു.

അൽപനേരം കഴിഞ്ഞ് അവളേയുംകൊണ്ട് കാട്ടുകയറിയ ആ പുലി പിന്നിടൊരിക്കലും കാടിറങ്ങിവന്നില്ല.

കാട് അവരെ വിശ്വസ്തയോടെ മറച്ചുകളഞ്ഞു.

# വാക്സിൻ ചലഞ്ച് തുക കൈമാറൽ

കേന്ദ്ര സർക്കാർ കോവിഡ് വാക്സി ന് സംസ്ഥാനങ്ങളോട് ഭീമമായ വില ഈടാക്കുന്ന സാഹചര്യം ഉണ്ടായപ്പോൾ കേരളം ഒറ്റക്കെട്ടാ യി അതിനെ പ്രതിരോധിച്ചുകൊണ്ട് സമൂഹ മാധ്യമങ്ങളിലൂടെ വാക്സിൻ ചലഞ്ച് പ്രഖ്യാപിക്കുകയുണ്ടായി. അതിനകം സൗജന്യ വാക്സിൻ സ്വീ കരിച്ച ബഹു ഭൂരിപക്ഷം ആളുകളും കേന്ദ്ര സർക്കാർ ഈടാക്കും എന്ന് പ്രഖ്യാപിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകികൊണ്ട് വാക്സിൻ ചലഞ്ചിൽ പങ്കാളികളായി. ഔദ്യോഗികമായ അഭ്യർത്ഥനകളോ ആഹ്വാനമോ ഇല്ലാതെതന്നെ കേരള ജനത കേര ളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറാ യി വിജയൻറെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാരിൻറെ ജന ക്ഷേമ പദ്ധതികൾക്ക് നൽകിയ പിന്തുണകൂടിയായിരുന്നു അത്.

കോവിഡ് പ്രതിസന്ധിയുടെ തുടക്ക കാലത്ത് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിമൂലം ജീവനക്കാരു ടെയും അധ്യാപകരുടെയും ഒരു മാസത്തെ ശമ്പളം അഞ്ചുഗഡുക്ക ളായി മാറ്റിവയ്ക്കാൻ സർക്കാർ നിർ ബന്ധിതരായി. എന്നാൽ മാറ്റി വച്ച ശമ്പളം അഞ്ചു ഗഡുക്കളായി തന്നെ തിരിച്ച് നൽകും എന്ന പ്രഖ്യാപ നമാണ് ഒന്നാം പിണറായി സർ ക്കാർ ബജറ്റിലൂടെ നൽകിയത്. തു ടർഭരണത്തിലെത്തിയപ്പോൾ മാറ്റി വച്ച ശമ്പളം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളുമായി സർ ക്കാർ മുന്നോട്ട് പോയി. ഈ സാ ഹചര്യത്തിലാണ് അഞ്ചു ഗഡുക്ക ളായി മാറ്റി വച്ച ശമ്പളം തിരികെ ലഭിക്കുന്ന മുറയ്ക്ക് അതിലെ ഒരു ഗഡു എങ്കിലും വാക്സിൻ ചലഞ്ചിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസ നിധിയിലേക്ക് നൽകണം എന്ന ആഹ്വാനം എ കെ പി സി ടി എ മുന്നോട്ട് വച്ചത്. കേരളത്തിലെ എ കെ പി സി ടി എ അംഗങ്ങളായ എയ്ഡഡ് കോളേജ് അധ്യാപകർ ഈ ആഹ്വാനത്തെ സർവാത്മനാ സ്വാഗതം ചെയ്യുകയും ഇതിനകം തന്നെ നാല് കോടി ഇരുപത്തി ഒമ്പത് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി നാനൂറ്റി നാൽപ്പത്തി മൂന്ന് രൂപ CMDRF ലേക്ക് നൽകുന്ന തിന് ഉള്ള സമ്മത പത്രം സ്ഥാപന മേലധികാരികൾക്ക് നൽകുകയും ചെയ്തു. ബ്രാഞ്ച് തലം മുതൽ നട ത്തിയ കൃത്യമായ ഏകോപനത്തി ലൂടെ പരമാവധി ആളുകളെ ഇതിൽ പങ്കെടുപ്പിക്കാനും അംഗങ്ങൾ അല്ലാ ത്ത അധ്യാപക -അധ്യാപകേതര ജീവനക്കാരെ കൂടി ഇതിലേക്ക് ചേർക്കാനും നമുക്ക് സാധിച്ചു എന്നത് അഭിമാനകരമാണ്. അം ഗങ്ങളല്ലാത്തവരുടെ കണക്കുകൾ ഇവിടെ രേഖപ്പെടുത്തിയിട്ടില്ല.

നാല് കോടി ഇരുപത്തി ഒമ്പത് ലക്ഷത്തി നാൽപ്പത്തി ആറായി രത്തി നാനൂറ്റി നാൽപ്പത്തി മൂന്ന് രൂപ സംഭാവന ചെയ്ത സംഘട നാംഗങ്ങളെ എ കെ പി സി ടി എ ഹൃദയാഭിവാദനം ചെയ്യുന്നു.

# നവീകരിച്ച വെബ്സൈറ്റ് ഉദ്ഘാടനം

അധ്യാപക സംഘടന എന്ന നി ലയിൽ കേരളത്തിലെ എയ്ഡഡ് കോളേജ് അധ്യാപകരുടെ സേവന വേതന കാര്യങ്ങളിൽ ഇടപെടുന്ന തോടൊപ്പം വിവിധ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലും നമ്മുടെ സംഘടന സജീവ സാന്നി ധ്യമാണ്. നവ മാധ്യമങ്ങൾ സജീവ മായ ഈ കാലത്ത് സംഘടനയുടെ വെർച്വൽ പ്രെസൻസ് ഏറെ പ്രാധാന്യമുള്ള സംഗതിയാണ്. സാ മൂഹിക മാധ്യമങ്ങളിലൂടെ സാന്നിധ്യ മറിയിക്കാൻ നമുക്ക് ഇതിനകം സാ ധിച്ചിട്ടുണ്ട്. ഫേസ്ബുക്, വാട്ട്സ് ആപ്പ്, യൂട്യൂബ് തുടങ്ങിയ എല്ലാ നവ മാധ്യമ സങ്കേതങ്ങളിലും സംഘട നയുടെ ഔദ്യോഗിക സാന്നിധ്യം നമ്മൾ ഇതിനകം ഉറപ്പാക്കിക്കഴി ഞ്ഞു. കഴിഞ്ഞ കുറെ നാളുകളായി സവിശേഷ ശ്രദ്ധ കൊടുത്തുകൊ ണ്ട് സംഘടനയുടെ ഔദ്യോഗിക വെബ്സൈറ്റ് ക്രിയയാത്മകമായി ഉപയോഗിക്കാൻ നമുക്ക് സാധി ച്ചിരുന്നില്ല. കാലാനുസൃതമായി പരിഷ്കരിക്കാൻ സാധിക്കാതെ വന്ന തിനാൽ akpcta.in എന്ന നമ്മുടെ പഴയ വെബ് വിലാസം ഉപയോ ഗക്ഷമമല്ലാതെ വരികയും ചെയ്തു. ഈ സാഹചര്യത്തിൽ പുതുതായി രൂപീകരിച്ച IT Cell ൻറെ നേതൃത്വ ത്തിൽ പുതിയൊരു വെബ്സൈറ്റ് എന്ന ആശയം പ്രവർത്തക സമിതി ചർച്ച ചെയ്ത് അംഗീകരിക്ക കയും അതിൻറെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അങ്ങനെ akpcta.org എന്ന പുതിയ വിലാസ ത്തിൽ നമ്മൾ ഒരു വെബ്സൈറ്റ് ഇന്ന് ഉദ്ഘാടനം ചെയ്യുകയാണ്.

സംഘടനയുടെ ചരിത്രം, വിഷൻ ,മിഷൻ എന്നിവയ്ക്കൊപ്പം വിവിധ സബ് കമ്മിറ്റികളുടെ ലക്ഷ്യം, പ്രവർത്തന രീതികൾ, വിവിധ കാലങ്ങളിൽ സർക്കാർ പുറപ്പെടുവി ക്കുന്ന സുപ്രധാനമായ ഉത്തരവുകൾ , സംഘടനയുടെ ഔദ്യോഗിക അറി യിപ്പുകൾ, സർക്കുലറുകൾ , നോട്ടീ സുകൾ, കൂടാതെ സംഘടനയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ കോളേജ് ടീച്ചർ ജേർണലിന്റെ പഴയ ലക്കങ്ങൾ എന്നിവ പുതിയ വെബ്സൈറ്റിൽ ലഭ്യമാകും. സംഘ ടനയുടെ ഔദ്യോഗിക ഫേസ്ബുക്ക് , യൂട്യൂബ് ചാനൽ എന്നിവയിലേക്ക് നേരിട്ട് പ്രവേശിക്കാൻ കഴിയും വിധം ഉള്ള സംവിധാനവും വെ ബ്സൈറ്റിൽ ലഭിക്കും. രാജ്യത്തെ പ്രധാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ്സൈറ്റി ലേക്ക് പ്രവേശിക്കുന്നതിന് ആവ ശ്യമായ ലിങ്ക് വെബ്സൈറ്റിൽ ലഭിക്കും. സംഘടനാ അംഗത്വ രെജിസ്ട്രേഷൻ ഒരു ത്രീ ടയർ സം വിധാനത്തിലൂടെ ഓൺലൈൻ ആയി നടത്തുന്നതിന് സാധിക്കും വിധമുള്ള സംവിധാനവും വെ ബ്സൈറ്റിൽ നൽകിയിരിക്കുന്നു.

# അംഗത്വ കാമ്പയിൻ പ്രഖ്യാപനം 2021-22

നവലിബറൽ നയവൈകല്യങ്ങൾക്ക് എതിരെ ഉന്നത വിദ്യാഭ്യാസ പുരോഗതിക്കായി എകെ പി സി ടി എ യിൽ അണിചേരുക.

പൊതു മേഖലയും പൊതു സ്വത്തും വിറ്റഴിക്കുകയും കോർപ്പറേറ്റ് താല്പര്യങ്ങളിലൂന്നിയ നയ സമീപനങ്ങളിലൂടെ സമസ്ത മേഖലകളും കച്ചവടവൽക്കരിക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ ഏറ്റവും പുതിയ ലക്ഷ്യം വിദ്യാഭ്യാസ മേഖലയാണ്. പുത്തൻ ദേശീയ വിദ്യാഭ്യസ നയം പൂർണമായും നടപ്പിലാക്കുന്ന പക്ഷം രാജ്യത്തെ പൊതു വിദ്യാഭ്യാസ മേഖല തന്നെ ഇല്ലാതാവുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെടുന്നത്. ഇതിനകം തന്നെ പാഠപുസ്തകങ്ങളിലും സുപ്രധാന ചരിത്ര ഗവേഷണ കേന്ദ്രങ്ങളിലും ഉൾപ്പെടെ അവർ നടത്തിവരുന്ന ഇടപെടലുകൾ വ്യക്തമാക്കുന്നത് സമീപ ഭാവിയിൽ തന്നെ രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായം തച്ചു തകർക്കപ്പെടും എന്ന് തന്നെയാണ്. കോവിഡ് മഹാമാരിയുടെ മറപറ്റി രാജ്യത്ത് നടപ്പിലാക്കി കഴിഞ്ഞ പല പരിഷ്കാരങ്ങളും സാമൂഹിക നീതിയിലും തുല്യതയിലും പ്രാപ്യതയിലും ഒക്കെ അടിസ്ഥാനമാക്കി നിർമ്മിച്ച നമ്മുടെ വിദ്യാഭ്യാസ ക്രമത്തെ അട്ടിമറിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഉള്ളവയാണ്. കേരളം പോലെ വിദ്യാഭ്യാസ രംഗത്ത് തനത് മാതൃക സൃഷ്ടിച്ച സംസ്ഥാനത്തിൻറെ വിദ്യാഭ്യാസ നേട്ടങ്ങളെ ആകെ ഒറ്റയടിയ്ക്ക് ഇല്ലാതാക്കുന്നതിന് സാധിക്കും വിധം വിദ്യാഭ്യാസ സമ്പ്രദായത്തെ കേന്ദ്രീകൃതമായ രീതിയിൽ മാറ്റി തീർക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. എയ്ഡഡ് മേഖലയിൽ നിന്ന് സംസ്ഥാന സർക്കാരുകൾ പിൻവാങ്ങുന്ന വാർത്തകൾ ഇതിനകം തന്നെ രാജ്യത്തിൻറെ വിവിധ കോണുകളിൽ നിന്ന് നാം കേട്ടുകഴിഞ്ഞു . കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും വലിയ സംഭാവനകൾ നൽകി പോരുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ തുടർന്നും ഉണ്ടാവേണ്ടത് സാമൂഹിക നീതി ഉറപ്പാക്കുന്ന ഇടങ്ങൾ എന്ന നിലയിൽ കൂടിയാണ്. എല്ലാ വിഭാഗം ആളുകളെയും ഉൾക്കൊള്ളുന്ന , സാമ്പത്തിക പരിഗണനകൾക്ക് അപ്പുറം തുല്യതയും പ്രാപ്യതയും മുഖ്യ സന്ദേശങ്ങളായി ഉയർത്തിപ്പിടിക്കുന്ന ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് നാളെയുടെ ആവശ്യമാണ്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ ചരിത്രത്തിലെ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം ക്രിയാത്മക ഇടപെടലുകൾ നടത്തിയ സംഘടനയാണ് എ കെ പി സി ടി എ. അധ്യാപനത്തിന്റെ മാന്യത സംരക്ഷിക്കാൻ മാനേജ്മെന്റുകളോടും ശമ്പള തുല്യത ഉറപ്പാക്കാൻ ഭരണകൂടത്തോടും നിരന്തരം കലഹിച്ച ചരിത്രമാണ് എ കെ പി സി ടി എയ്ക്ക് ഉള്ളത് . അത്കൊണ്ട് തന്നെ നവ ലിബറൽ കാലത്തെ വിദ്യാഭ്യാസ കച്ചവടത്തെ എതിർക്കാനും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ അറിവിന്റെയും ചോദ്യം ചെയ്യലുകളുടെയും സർഗാത്മകതയുടെയും ഇടങ്ങളായി നിലനിർത്താൻ ആവശ്യമായ പ്രതിരോധങ്ങൾ തീർക്കുന്നതിനും ഇന്ന് സാധിക്കുന്ന ഏക സംഘടന എ കെ പി സി ടി എ യാണ് എന്ന് നിസ്സംശയം പറയാം. അറിവിടങ്ങളും അന്വേഷണങ്ങളും നിഷേധിക്കപ്പെടുന്ന ഈ കാലത്ത് നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം. നവലിബറൽ നയവൈകല്യങ്ങൾക്ക് എതിരെ ഉന്നത വിദ്യാഭ്യാസ പുരോഗതിക്കായി എകെ പി സി ടി എ യിൽ അണിചേരുക.

# മികച്ച കോളേജ് യൂണിയനുകൾക്ക് അഭിമന്യു അവാർഡ്

എറണാകുളം മഹാരാജാസ് കോളജിലെ വിദ്യാർത്ഥിയായിരിക്കേ വർഗീയ വാദികളുടെ കഠാരക്കിരയായി ധീര രക്തസാക്ഷിത്വം വഹിച്ച അഭിമന്യു ചുവരിൽ എഴുതിയ വർഗ്ഗീയത തുലയട്ടെ എന്ന മുദ്രാവാക്യം ഇന്ത്യയിൽ ഏറ്റവുമേറെ ഉച്ചത്തിൽ മുഴങ്ങുകയാണിന്ന്.വർഗ്ഗീയതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുമായി മുന്നോട്ട് പോയ അഭിമന്യുവിന്റെ ഓർമ്മകൾക്ക് മുന്നിൽ എ കെ പി സി ടി എ 63-ാം സംസ്ഥാന സമ്മേളനം പ്രണാമമർപ്പിക്കുന്നു. അഭിമന്യുവിന്റെ ഓർമ്മകൾക്ക് കരുത്തേകുന്ന സർഗ്ഗാത്മക വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങളിൽ കൂടിയാണ് നമ്മുടെ കാമ്പസുകളുടെ മതനിരപേക്ഷ- ജനാധിപത്യ ഇടങ്ങൾ നിലനിന്ന് പോരുന്നത്.അതിനാൽ തന്നെ, ഉത്തരവാദപ്പെട്ട ഒരു അധ്യാപക സംഘടന എന്ന നിലയിൽ എ കെ പി സി ടി എ അഭിമന്യു അവാർഡ് ഏർപ്പെടുത്തുന്നു.കേരളത്തിലെ മികച്ച കോളജ് യൂണിയനാണ് എല്ലാ വർഷവും അവാർഡ് നൽകുക.എല്ലാ വർഷത്തേയും സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി അവാർഡ് പ്രഖ്യാപിക്കും. ഓരോ വർഷവും അവാർഡ് നിശ്ചയിക്കുന്നതിന് പ്രത്യേക ജൂറി കമ്മിറ്റിയെ സംഘടന നിശ്ചയിക്കും.മെച്ചപ്പെട്ട റിപ്പോർട്ട് നൽകുന്ന 10 യൂനിയനുകളുടെ പ്രതിനിധികളുമായി ജൂറി കമ്മിറ്റി നേരിട്ടോ ഓൺലൈൻ ആയോ കൂടിക്കാഴ്ച നടത്തിയ ശേഷം വിജയികളെ പ്രഖ്യാപിക്കും.മികച്ച കോളജ് യൂണിയന് എവർ റോളിങ് ട്രോഫിയും, സ്ഥിരം ട്രോഫിയും ഏർപ്പെടുത്തും.അഭിമന്യു അവാർഡ് ഏർപ്പെടുത്താൻ ഉള്ള എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റിയുടെ തീരുമാനം ഈ സംസ്ഥാന സമ്മേളന വേദിയിൽ വെച്ച് അഭിമാനപൂർവ്വം പ്രഖ്യാപിക്കുന്നു.

## എ കെ പി സി ടി എ ഭാരവാഹികൾ









ജോജി അലക്സ് (പ്രസിഡന്റ്), ഡോ. സി. പത്മനാഭൻ (ജനറൽ സെക്രട്ടറി), ഡോ. കെ.ആർ. കവിത (ട്രഷറർ), ഡോ. നിഷ വി. (വൈസ് പ്രസിഡന്റ്), ഡോ. സി.എൽ. ജോഷി (വൈസ് പ്രസിഡന്റ്)


## സംസ്ഥാന സെക്രട്ടറിമാർ






എ. നിഷാന്ത് (കണ്ണൂർ സർവ്വകലാശാല), ഡോ. പി. ഹരിദാസ് (കാലിക്കറ്റ് സർവ്വകലാശാല), ഡോ. വി.പി. മാർക്കോസ് (എം.ജി. സർവ്വകലാശാല), ഡോ. മനോജ് ടി.ആർ. (കേരള സർവ്വകലാശാല)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ (സിണ്ടിക്കേറ്റ് അംഗങ്ങൾ)



പ്രമോദ് വെള്ളച്ചാൽ (കണ്ണൂർ സർവ്വകലാശാല), ഡോ. കെ.പി. വിനോദ് കുമാർ (കാലിക്കറ്റ് സർവ്വകലാശാല), ഹരികൃഷ്ണൻ പി. (മഹാത്മാഗാന്ധി സർവ്വകലാശാല), ഡോ. എം. വിജയൻപിള്ള (കേരള സർവ്വകലാശാല)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ




ഡോ. വിനോദ് കുമാർ ജേക്കബ്ബ്, ഡോ. ജെ. ഹരികൃഷ്ണപിള്ള, ഡോ. സോജു എസ്., ജിഷാ മേരി മാത്യു, ഡോ. കെ. വിജയകുമാരി, ഡോ. ടി. മുഹമ്മദ് സലീം, സഞ്ജീവ് ജി., ആശ പ്രഭാകരൻ

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ



ഡോ. എ.എസ്. സുമേഷ് (ജേർണൽ), ഡോ. പ്രദീപ് കെ. (അക്കാദമിക് കമ്മിറ്റി), ഡോ. പ്രമോദ് എൻ. (സർവ്വീസ് സെൽ), ഷാജിത എസ്. (വനിതാ കമ്മിറ്റി)



ഡോ. അനിൽകുമാർ കെ.എം. (ഐ.ടി. സെൽ)
ഡോ. എൻ. രേണുക (സാംസ്കാരിക വേദി)

## ജില്ലാ സെക്രട്ടറിമാർ



ഡോ. ബിജുകുമാർ (തിരുവനന്തപുരം), ഡോ. റോയ് ജോൺ (കൊല്ലം), ഡോ. റെയ്സൺ സാംരാജു (പത്തനംതിട്ട), ഡോ. എസ്. സുരേഷ് (ആലപ്പുഴ), ഡോ. ടോമി ജോസഫ് (കോട്ടയം-ഇടുക്കി), ഡോ. എ.യു. അരുൺ (എറണാകുളം), ഡോ. സുധീന്ദ്രൻ കെ. (തൃശ്ശൂർ), രാജേഷ് ആർ. (പാലക്കാട്), ഡോ. ബ്രിജേഷ് വി.കെ. (മലപ്പുറം), ഡോ. സുജേഷ് സി.പി. (കോഴിക്കോട്), സനൂപ് കുമാർ പി.വി. (വയനാട്), ഡോ. കെ. അജയകുമാർ (കണ്ണൂർ-കാസർഗോഡ്)




# യാത്രയയപ്പ് സമ്മേളനം

എ കെ പി സി ടി എ കൊല്ലം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 2020-21 വർഷത്തിൽ വിരമിച്ച അദ്ധ്യാപകർക്ക് യാത്രയയപ്പ് നൽകി. ടി.കെ.എം. എഞ്ചിനീയറിങ്ങ് കോളേജിൽ നടന്ന സമ്മേളനം ഡോ. സുജിത്ത് വിജയൻപിള്ള എം.എൽ.എ. ഉദ്ഘാടനം ചെയ്തു. എ.കെ. പി.സി.ടി.എ. മുൻ ജനറൽ സെക്രട്ടറി ഇന്ദുലാൽ ആർ. മുഖ്യപ്രഭാഷണം നടത്തി. ദേശീയ വിദ്യാഭ്യാസനയം 2020 ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെയും ബഹുസ്വരതയെയും അസ്ഥിരപ്പെടുത്തുന്നതും ഉന്നതവിദ്യാഭ്യാസമേഖലയെ തകർക്കുന്നതുമാണെന്നും എം.എൽ.എ. അഭിപ്രായപ്പെട്ടു. അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് ഇത്തരം നയങ്ങളെ ചെറുത്തുതോൽപിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. എ.കെ. പി.സി.ടി.എ. മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. എം. ശ്രീകുമാർ, മുൻ ജില്ലാ പ്രസിഡന്റ് ഡോ. സിറാജുദ്ദീൻ, മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. എം. ശ്രീകുമാർ, മുൻ ജില്ലാ വൈസ് പ്രസിഡന്റ് ഡോ. സിറാജുദ്ദീൻ, മുൻ ജില്ലാ വൈസ് പ്രസിഡന്റ് ഡോ. സജ്ജീവ് ഉൾപ്പെടെ 12 അദ്ധ്യാപകർക്ക് സമ്മേളനത്തിൽ യാത്രയയപ്പ് നൽകി. ജില്ലാ പ്രസിഡന്റ് ഡോ. മനോജ് എസ്. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ സെക്രട്ടറി റോയ് ജോൺ സ്വാഗതവും ജില്ലാ ട്രഷറർ ഡോ. കിഷോർ റാം നന്ദിയും രേഖപ്പെടുത്തി. ഡോ. നിഷ വി. (വൈസ് പ്രസിഡന്റ്, എ.കെ. പി.സി.ടി.എ.), ഡോ. എം. വിജയൻ പിള്ള (കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം), ഡോ. ഷാഹുൽ ഹമീദ് ടി.എ. (പ്രിൻസിപ്പൽ, ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്), ശ്രീമതി ഷാജിത എസ്. (കൺവീനർ, സംസ്ഥാന വനിതാ സെൽ) എന്നിവർ പ്രസംഗിച്ചു.

# എ കെ പി സി ടി എ മുദ്രാവാക്യ പ്രകാശനം




2021 ഒക്ടോബർ 14 ന് തിരുവനന്തപുരത്ത് മഹാത്മാ അയ്യങ്കാളി ഹാളിൽ വെച്ച് നടക്കുന്ന എ കെ പി സി ടി എ 63-ാം സംസ്ഥാന സമ്മേളനത്തിന്റെ മുദ്രാവാക്യം മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും , മുൻ സംസ്ഥാന വനംവകുപ്പ് മന്ത്രിയുമായ പ്രൊഫ.എൻ.എം. ജോസഫ് കോട്ടയം ജില്ലയിൽ പാലയിൽ അദ്ദേഹത്തിന്റെ വസതിയിൽ വെച്ച് പ്രകാശനം ചെയ്തു.

നവലിബറൽ നയ വൈകല്യങ്ങളെ ചെറുക്കുക - വിദ്യാഭ്യാസ പുരോഗതിക്കായി സാഭിമാനം അണിചേരുക എന്നതാണ് മുദ്രാവാക്യം.

എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ്, ജേർണൽ ചീഫ് എഡിറ്റർ ഡോ എ എസ് സുമേഷ് എന്നിവർ സമീപം.



63-ാമത് സംസ്ഥാന സമ്മേളന ലോഗോ പ്രൊഫ. എം.കെ. സാനു പ്രകാശനം ചെയ്തു. സംസ്ഥാന ഐ.ടി. സെൽ കൺവീനർ ഡോ. അനിൽകുമാർ, എറണാകുളം ജില്ലാ സെക്രട്ടറി ഡോ. എ.യു. അരുൺ, ജില്ലാ പ്രസിഡന്റ് ഡോ. വിനോദ് കുമാർ ജേക്കബ്, ആലപ്പുഴ ജില്ലാ വനിതാ സെൽ കൺവീനർ ഡോ. എൻ. രേണുക, ഡോ. കെ.പി. ജയകുമാർ തുടങ്ങിയവർ പങ്കെടുത്തു.

# എ കെ പി സി ടി എ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ സാഹിത്യമത്സര വിജയികൾ

## വിദ്യാർഥി വിഭാഗം >>> കവിത






**1** **റഹീമ തസ്നിം,** ഗവേഷക, ഇംഗ്ലീഷ് സാഹിത്യം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, തിരുച്ചിറപ്പള്ളി. **2** **തേജസ്വിനി പി**, എം.എസ്.സി.. ഫിസിക്സ്, എൻ എ എസ് കോളേജ്, കാഞ്ഞങ്ങാട്, കാസർഗോഡ് **3** **ഐശ്വര്യവിജയൻ,** എം.എ. സാഹിത്യ പഠനം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, തിരൂർ **3** **അഭിരാമി ഇ,** എം.എ. സൈക്കോളജി, ഇന്ദിരാഗാന്ധി നാഷണൽ ട്രൈബൽ യൂണിവേഴ്സിറ്റി, മധ്യപ്രദേശ്

## വിദ്യാർഥി വിഭാഗം >>> കഥ






**1** **രാഹുൽ രാധാകൃഷ്ണൻ,** എം.എ. സാഹിത്യരചന, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, തിരൂർ **2** **വൈശാഖ് എം.എസ്.,** നിർമല സദൻ ട്രെയിനിങ് ഫോർ സ്പെഷ്യൽ എഡ്യൂക്കേഷൻ, ബി.എഡ്. ഒന്നാംവർഷം ഇന്റലെക്ചൽ ഡിസെബിലിറ്റി മൂവാറ്റുപുഴ **3** **സുബിൻ അയ്യമ്പുഴ,** എം.എ. താരതമ്യ സാഹിത്യം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി


## വിദ്യാർഥി വിഭാഗം >>> ഉപന്യാസം






**1** **അശ്വതി കെ.,** ഒന്നാംവർഷ എം.എ. ഇംഗ്ലീഷ്, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്. **2** **അഥീന യു.പി.,** ഒന്നാം വർഷ എം.എസ്.സി. അഗ്രി. എക്സ്റ്റെൻഷൻ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, മണ്ണുത്തി, തൃശൂർ. **3** **അഷ്ടമി ശങ്കർ,** ബി.എ. ഇംഗ്ലീഷ്, എം.ജി. കോളേജ്, തിരുവനന്തപുരം


## അധ്യാപക വിഭാഗം >>> കവിത


**1** **ഡോ. ശ്രീപ്രിയ കെ,** മലയാളവിഭാഗം, ഗവ: കോളേജ്, ചിറ്റൂർ, പാലക്കാട്
**2** **ഡോ. പത്മനാഭൻ കാവുമ്പായി,** മലയാളവിഭാഗം, പയ്യന്നൂർ കോളേജ്, പയ്യന്നൂർ
**3** **ബബിത ബി,** ഇംഗ്ലീഷ് വിഭാഗം, എസ്.എൻ. കോളേജ്, നാട്ടിക

## അധ്യാപക വിഭാഗം >>> കഥ



**1** **രാജേഷ് മോൻജി,** മലയാളവിഭാഗം, എം.ഇ.എസ്. കോളേജ്, മമ്പാട്, മലപ്പുറം
**2** **ലിബ്യൂസ് ജേക്കബ് എബ്രഹാം,** മലയാള വിഭാഗം, സെന്റ്. തോമസ് കോളേജ് കോഴഞ്ചേരി **2** **ആര്യ വിശ്വനാഥ്,** മലയാള വിഭാഗം, എസ്.എൻ. കോളേജ് നാട്ടിക
**3** **ഷമിയത്ത് എ.,** സുവോളജി വിഭാഗം, എം.ഇ.എസ്. കോളേജ്, മമ്പാട്, മലപ്പുറം

KERALA PRIVATE
COLLEGE TEACHER

R.No. 36025/81 No.291

ISSN 2454-4795
Rs.11/-OCTOBER - 2021

# കേരള സർവ്വകലാശാല
# സെനറ്റ് തെരഞ്ഞെടുപ്പ്
# എ കെ പി സി ടി എ
# സ്ഥാനാർത്ഥികളെ
# വിജയിപ്പിക്കുക







പ്രിൻസിപ്പൽ,
എയ്ഡഡ് കോളേജ്
**ഡോ. എം.എസ്. ലത**
എസ്.എൻ. കോളേജ്,
ചാത്തന്നൂർ

**സ്വകാര്യ കോളേജ് അധ്യാപകർ**

**ഡോ. സോജു എസ്.**
എസ്.എൻ. കോളേജ്,
വർക്കല

**ഡോ. പ്രമോദ് എൻ**
എൻ.എസ്.എസ്.
കോളേജ്, നിലമേൽ

Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Editor : Dr. A.S. Sumesh**